അധികാരം ജനങ്ങളിലേക്ക്

പിറവന്തൂർ ഗ്രാമപഞ്ചായത്ത്

സമഗ്ര വികസന രേഖ

ഒമ്പതാംപദ്ധതി ജനകീയ പദ്ധതി

പിറവന്തൂർ ഗ്രാമ പഞ്ചായത്ത്

സമഗ്ര വികസന രേഖ

(1996 ഡിസംബറിൽ തയാറാക്കിയത്)

.....വെളിച്ചമേ നയിച്ചാലും.....

"എന്റെ ജീവിതമാണ്
എന്റെ സന്ദേശം"

"ശരിയെന്നു തോന്നുന്ന കാര്യം
നിർഭയമായി ചെയ്യുക
അതാണ് ഏറ്റവും ശ്രേഷ്ഠമായ നിയമം"

-ഗാന്ധിജി

"മതപീഡനങ്ങളും മതയുദ്ധങ്ങളും
ചരിത്രത്തിലെമ്പാടും നിറഞ്ഞുനിൽ
ക്കുന്നു. മതത്തിന്റെയും ദൈവത്തി
ന്റെയും പേരിലാണ് ലോകത്തിൽ
ഏറ്റവുമധികം ചോര ചിന്തിയിട്ടുള്ളത്"

-ജവഹരിലാൽ നെഹ്റു

"എല്ലാ മാറ്റങ്ങളുടെയും ഉറവിടം അദ്ധ്വാന
ശക്തിയാണ്. അദ്ധ്വാനം വിഭവങ്ങളിലും
അദ്ധ്വാന ശക്തി മനുഷ്യനിലും അടങ്ങിയിരിക്കുന്നു."

-കാറൽമാർക്സ്

"ഒരിയ്ക്കൽ അവകാശങ്ങൾക്കു
വേണ്ടിയുള്ള ഒരുനിയമനിർമ്മാ
ണം നടത്തിയാൽ അവകാശങ്ങ
ളെല്ലാം സുരക്ഷിതമായിരിക്കുമെ
ന്നൊരുധാരണയുണ്ട്. ഇത് അടി
സ്ഥാന രഹിതമായ ഒരു അനുമാന
മാണ്. അവകാശങ്ങൾ സംരക്ഷി
ക്കപ്പെടുന്നത് നിയമം കൊണ്ടുമാ
ത്രമല്ലെന്നും സമുദായത്തിന്റെ
സാമൂഹ്യവും ധാർമ്മികവുമായ മനഃ
സാക്ഷികൊണ്ടാണെന്നുമാണ് അനു
ഭവങ്ങൾ തെളിയിക്കുന്നത്.
നിയമനിർമ്മാണം മൂലമുണ്ടാകുന്ന അവകാശങ്ങൾ
അംഗീകരിയ്ക്കാൻസാമൂഹ്യ
മനഃസാക്ഷിതയ്യാറാണെങ്കിൽ
മാത്രമേ അവകാശങ്ങൾ ഭദ്രവും
സുരക്ഷിതവുമായിരിയ്ക്കയുള്ളൂ"

ഡോ. ബി. ആർ. അംബേദ്കർ

ചീഫ് എഡിറ്റർ
കെ. സുധാകരൻ, കഠവൂർ

എഡിറ്റേഴ്സ്
കെ. എൻ. ആർ. എലിക്കാട്ടൂർ
ബാവാഖാൻ, കൊച്ചയ്യം
വിജയൻ ആമ്പാടി
കെ. ഒ. മത്തായി

ഡി. റ്റി. പി
ഹൈടെക്ക് കമ്പ്യൂട്ടേഴ്സ്
പുനലൂർ

കമ്പ്യൂട്ടർലേഔട്ട്
അനിൽ, ഹൈടെക്ക്

ലേഔട്ട് & ഡിസൈൻ
സുരേഷ് ഇളമ്പൽ

പ്രൂഫ് റീഡിംഗ്
വിജയൻ ആമ്പാടി
ബാവാഖാൻകൊച്ചയ്യം
കെ. എൻ. ആർഎലിക്കാട്ടൂർ
കെ. ഒ. മത്തായി

പ്രിന്റിംഗ്
ഹൈടെക്ക് കമ്പ്യൂട്ടേഴ്സ്
പുനലൂർ

നമ്മുടെ ജനപ്രതിനിധികൾ

ശ്രീ. കൊടിക്കുന്നിൽ സുരേഷ് എം. പി

ശ്രീ. അഡ്വ: കെ. പ്രകാശ്ബാബു. എം. എൽ. എ.

ശ്രീമതി. വത്സലാ സോമരാജൻ (ജില്ലാപഞ്ചായത്ത് മെമ്പർ)

ശ്രീ. ബി. സോമൻ (ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്)

ശ്രീമതി. എം. ലീലാമ്മ (ബ്ലോക്ക് പഞ്ചായത്ത് മെമ്പർ)

പിറവന്തൂർ പഞ്ചായത്ത് ഭരണസമിതി



ആർ. ശ്രീനിവാസൻ
(പ്രസിഡന്റ്)

പി. കെ. രവീന്ദ്രൻ
(വൈ: പ്രസിഡന്റ്)



അഡ്വ. വർഗ്ഗീസ് മാളിയേക്കൽ
(സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ)

മെമ്പർമാർ

കെ. പുഷ്പലത



ഡി. രാജു

ഓമനാ രവീന്ദ്രൻ

പി. എസ്. ജോർജ്ജ്



സി. എച്ച് ആഗാഖാൻ



തോമസ് മാത്യു

എസ്. ഉഷാകുമാരി

എൻ. സുശീല

ഓമനാ രാജൻ



കെ. പി. അജിത്



പി. കെ. ചെല്ലപ്പൻ
(സെക്രട്ടറി)

വികസന രേഖ തയാറാക്കിയവർ
(കോർ ഗ്രൂപ്പ്)

ആർ. ശ്രീനിവാസൻ (ചെയർമാൻ)
കെ. സുധാകരൻ, കറവൂർ
(ജനറൽകൺവീനർ)
കെ. തങ്കപ്പൻപിള്ള
(കൺവീനർ)

കൃഷി ജലസേചനം
എസ്സ്. സുധാകരൻ (കൺവീനർ)
അനിൽകുമാർ
കെ. രാഘവൻ, കടശ്ശേരി
എം. കെ. വിശ്വനാഥൻ
ജയ്സിംഗ്.

മൃഗസംരക്ഷണവും മത്സ്യബന്ധനവും
ഹാജി. വി. എം. മസൂദ്റാവുത്തർ (കൺവീനർ)
ഡോ. സനൽകുമാർ
എൻ. ബി. ഓമന

വ്യവസായം
സജി തോമസ് (കൺവീനർ)
എസ്സ്. ആർ. ജയചന്ദ്രൻ
എ. പി. അലക്സ്.

വിദ്യാഭ്യാസം
കെ. ഓ. മത്തായി (കൺവീനർ)
കെ. ലക്ഷ്മണൻ
കെ. രാധാമണിയമ്മ

കുടിവെള്ളവും പൊതുജനാരോഗ്യവും
പി. സുധാകരൻ (കൺവീനർ)
കെ. പി. ദാനശീലൻ
ബിന്ദു. സി. ദേവൻ

ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
കെ. മധുമോഹൻ (കൺവീനർ)
ഇബ്രാഹിംകുട്ടി
റെജീന തോമസ്
കെ. കരുണാകരൻ
ശ്യാമവർണ്ണൻ

പാർപ്പിടവും സാമൂഹ്യക്ഷേമവും
ആർ. സോമരാജൻ (കൺവീനർ)
കൃഷ്ണാകുട്ടിപിള്ള
റ്റി. പി. ഐസക്ക്.
ശ്രീകുമാർ

സംസ്കാരം
വിജയൻ ആമ്പാടി (കൺവീനർ)
കെ. ഏബ്രഹാം
ശ്യാമപ്രസാദ്. എ. വി

വനിത
കെ. പുഷ്പലത (കൺവീനർ)
ഷൈമാസദാശിവൻ
രമാദേവി

സഹകരണം
ബാവാഖാൻ കൊച്ചയ്യം (കൺവീനർ)
പി. ജി. നടരാജൻ
റ്റി. സോമരാജൻ

പട്ടികജാതി – പട്ടികവർഗ്ഗക്ഷേമം
എം. ഏ. മുഹമ്മദ് (കൺവീനർ)
ബി. ഷാജി
ആർ. തങ്കപ്പൻ

വിഭവസമാഹരണം, ടൂറിസം,
കെ. എൻ. ആർ. എലിക്കാട്ടൂർ (കൺവീനർ)
ജി. ഗോവിന്ദൻനായർ, പിറമല
വി. ഡി. മത്തായി

ഭൂപ്രകൃതിയും കാലാവസ്ഥയും
ഏ. ബദറുദ്ദീൻ (പ്രോജക്റ്റ് സയന്റിസ്റ്റ്)
സി. ഇ. എസ്. എസ്

സാമൂഹ്യ സാംസ്കാരിക ചരിത്രം,
സ്ഥലനാമ പുരാണം
കെ. എൻ. ആർ. എലിക്കാട്ടൂർ

ഇന്ത്യ


കേരളം
കൊല്ലം ജില്ല
ചിറവന്തൂർ വക്കാവന്തൂർ

കൊല്ലം ജില്ല

പഞ്ചായത്തുകൾ



Source : PRM Programme. CESS

പിറവന്തൂർ പഞ്ചായത്ത്

ഭൂപടം (Motor scale)





ഉണരുവിൻ! പട്ടിണിയുടെ തടവുകാരേ!-
ഉണരുവിൻ, നിങ്ങളാരിത്ര ദീനലോകരേ!
ഇടിമുഴക്കമായുയരുന്നു കേൾപ്പിതാ
നീതി തന്റെ ദണ്ഡശാസനം!
പിറവികൊൾകയായി പുതിയ ലോകമൊന്നിതാ!
പഴമ തൻ വിലങ്ങുകൾഞ്ഞ് നാം വഴങ്ങുകില്ലിനി !
പാരിലുള്ളോരടിമകളേ, ഉണരുവിൻ!
പാരതന്ത്ര്യമസ്തിവാരമാർന്നീ-
യുലകമുയിർക്കൊണ്ടിടും!
ഒന്നുമൊന്നുമായിരുന്നതില്ല നമ്മളിതുവരെ!
നമ്മളാണിനി സമസ്തവും!
അന്ത്യസമരമായിതാ.....
സ്വന്തനിലയിലേവരും മുറുച്ചു നിൽക്കുക.....
അഖിലലോക ഗാനമിതോ
സകലലോക ഗാനമിതോ
സകല മർത്യ വിമോചനം!

താളുകളിൽ

ആമുഖം

I 1. പഞ്ചായത്ത്-പൊതുവിവരങ്ങൾ

II 1. ചരിത്രപശ്ചാത്തലം

1. സാമൂഹിക-സാംസ്കാരികചരിത്രം

2 ഭരണചരിത്രം

III 1. ഭൂപ്രകൃതിയും കാലാവസ്ഥയും, ജനപ്രകൃതി

IV വികസനമേഖലകൾ

1. കൃഷിയും ജലസേചനവും
2. മൃഗസംരക്ഷണവും മത്സ്യബന്ധനവും
3. വ്യവസായം
4. വിദ്യാഭ്യാസം
5. കുടിവെള്ളവും പൊതുജനാരോഗ്യവും
6. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
7. പാർപ്പിടവും സാമൂഹ്യക്ഷേമവും
8. സംസ്കാരം
9. വനിത
10. സഹകരണം
11. പട്ടികജാതിപട്ടികവർഗ്ഗക്ഷേമം
12. വിഭവസമാഹരണം
13. ടൂറിസം
14 വനം

V ഉപസംഹാരം



ആമുഖം

I

ഭരണഘടന ഉറപ്പുനൽകുന്ന ആസൂത്രണത്തിലുള്ള പങ്കാളിത്തം എന്ന കടമ 9-ാം പദ്ധതി രൂപീകരണത്തിനുള്ള സമയപരിധിയ്ക്കുള്ളിൽ നിന്നുകൊണ്ട് നിർവഹിക്കാൻ പഞ്ചായത്തിരാജ് നഗരപാലികാ സംവിധാനങ്ങൾക്ക് ഒട്ടേറെ പ്രായോഗിക തടസ്സങ്ങളും പരിമിതികളുമുണ്ട്. താഴേത്തട്ടിൽ നിന്നുള്ള ആസൂത്രണത്തിന്റെ മുൻ അനുഭവമില്ലായ്മ, വേണ്ടത്ര അധികാരങ്ങളോ ഉചിതമായ ചട്ടങ്ങളോ ഇല്ലാത്തത്, ഉദ്യോഗസ്ഥന്മാരുടെയും വിദഗ്ദ്ധരുടെയും അഭാവം, വികസനത്തെക്കുറിച്ചുള്ള വികലമായ അവബോധം തുടങ്ങിയ ഒട്ടേറെ കാര്യങ്ങൾ ഇവിടെ പ്രസക്തമാണ്. ഇവയെല്ലാം ചൂണ്ടിക്കാണിച്ച് ആസൂത്രണ വികേന്ദ്രീകരണ പ്രക്രിയയെ 10-ാം പദ്ധതിക്കാലത്തേക്കു നീട്ടിവയ്ക്കാതെ 9-ാം പദ്ധതിക്കാലത്തുതന്നെ പ്രായോഗികമാക്കുന്നതിനുള്ള സംസ്ഥാന ആസൂത്രണ ബോർഡിന്റെ തീരുമാനത്തിന്റെ ഭാഗമായാണ് ജനകീയ ആസൂത്രണ പ്രസ്ഥാനം രൂപംകൊണ്ടത്.

ആസൂത്രണ പ്രക്രിയയിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളെ സഹായിക്കുന്നതോടൊപ്പം, നാളെ എന്തായിരിക്കണമെന്നു തീരുമാനിക്കേണ്ടത് നമ്മളാണെന്ന തിരിച്ചറിവുനേടാൻ ജനകോടികളെ പ്രാപ്തരാക്കുന്ന പ്രക്രിയയും ഇതിന്റെ ഭാഗമായി നടക്കുന്നു.

ആസൂത്രണവും ആസൂത്രിത വികസനവും സോവിയറ്റു യൂണിയനോടൊപ്പം മുണ്ടായ നവീന ആശയമാണ്. വ്യാവസായിക വിപ്ലവത്തോടെ ഉരുത്തിരിഞ്ഞ, പരിവർത്തന ബോധത്തെ എങ്ങനെയെങ്കിലും മാറ്റുക എന്ന മത്സര സിദ്ധാന്തത്തിലൂടെ വികസിപ്പിച്ച്, മനുഷ്യന്റെ സ്വപ്നങ്ങളെയും ഭാവനയെപ്പോലും കച്ചവടച്ചരക്കാക്കി ചൂഷണത്തിനുപയോഗിക്കുന്ന ആസൂത്രണ ശൈലിയാണ് മുതലാളിത്തം സ്വീകരിച്ചത്. ഇതിനെ നിരാകരിച്ചുകൊണ്ട് ബഹുഭൂരിപക്ഷത്തിന്റെ താല്പര്യത്തിലൂന്നിയുള്ള ആസൂത്രിത വികസനം എന്ന ആശയമാണ് സോഷ്യലിസത്തിന്റെ സംഭാവന.

സോവിയറ്റുയൂണിയന്റെ ചുവടുപിടിച്ചാണ് ഇന്ത്യയിൽ ആസൂത്രണ പ്രക്രിയ ആരംഭിച്ചതെങ്കിലും സോഷ്യലിസ്റ്റു സാമൂഹ്യക്രമത്തിൽ കൈവരിക്കാൻ കഴിഞ്ഞ നേട്ടം സമ്മിശ്ര സമ്പദ് ഘടനയുള്ള ഇന്ത്യയിൽ കൈവരിക്കാൻ കഴിഞ്ഞില്ല. തീർച്ചയായും കഴിഞ്ഞ 8 പദ്ധതികളിലൂടെ രാജ്യത്ത് വളരെയേറെ നേട്ടങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ ആത്യന്തികമായി അവയെല്ലാം ഒരു ന്യൂനപക്ഷത്തിന്റെ ധനികവൽക്കരണത്തിലേയ്ക്കും മഹാഭൂരിപക്ഷത്തിന്റെ ദരിദ്രവൽക്കരണത്തിലേയ്ക്കുമാണ് എത്തിയത്. ഈ അപകടത്തെ മറികടക്കാൻ എന്ന രൂപത്തിൽ കാലാകാലങ്ങളിൽ അവതരിപ്പിച്ച നൂതനാശയങ്ങളൊന്നും തന്നെ ലക്ഷ്യം കണ്ടില്ല. 'ജനങ്ങൾക്ക് വേണ്ടി ജനങ്ങളാൽ ഭരിക്കപ്പെടുന്ന ജനങ്ങളുടെ സർക്കാർ' എന്ന ജനാധിപത്യ സങ്കല്പം. തെരഞ്ഞെടുപ്പ് എന്ന ഔപചാരിക പ്രക്രിയ മാത്രമായി ഒതുങ്ങിയ നമ്മുടെ രാജ്യത്ത് ഇത്ഇങ്ങനെതന്നെയായതിൽ അത്ഭുതപ്പെടേണ്ടതില്ല. അധികാരവും ആസൂത്രണവും മുകളിൽനിന്ന് കീഴോട്ടൊഴുകുന്ന ഒന്നുമാത്രമായിരുന്നു എന്നതാണ് മുഖ്യപ്രശ്നം. ഇത്തരം ഒരു സാഹചര്യത്തിന്റെ സ്വാഭാവിക പരിണാമം എന്ന നിലയിലാണ് താഴേത്തട്ടിൽനിന്നുള്ള ആസൂത്രണം എന്ന ആശയം ഉരുത്തിരിഞ്ഞുവന്നത്. ഭാഗ്യവശാൽ ആ ആശയത്തിന്റെ ആദ്യപ്ര

യോഗവേദിയും പരീക്ഷണ വേദിയും ആവുകയാണ്, ഇന്ത്യയ്ക്കും ലോകത്തിനു തന്നെയും പലകാര്യങ്ങളിലും മാതൃകയായ നമ്മുടെ സംസ്ഥാനം. ആ നിലയ്ക്കുള്ള പ്രവർത്തനം ജനകീയ ആസൂത്രണ പ്രസ്ഥാനത്തിലൂടെ നടന്നുവരുകയാണ്.

ജനാധിപത്യവും വികസനവും സംസ്കാരവും സംബന്ധിച്ച അന്വേഷണത്തിന്റെ പുതിയ പന്ഥാവാണിത്. അവഗണിക്കപ്പെട്ടിരുന്ന ജനങ്ങളുടെ ഇച്ഛാശക്തിയെ കെട്ടഴിച്ചു വിടുന്ന ബദൽ വികസന രീതിക്ക് ഊന്നൽക്കൊടുത്തുക്കൊണ്ട് മുന്നേറാനുള്ള ശ്രമമാണിത്. ഇവിടെ സമന്വയത്തിന്റെ പുതിയ സമീപനം ആവശ്യമാണ്. ഭിന്നതകൾക്കതീതമായ ജനേച്ഛയുടെ സമന്വയം. ജനേച്ഛയും ഭരണകൂടത്തിന്റെ ഇച്ഛാശക്തിയും തമ്മിലുള്ള സമന്വയം. അതിലൂടെ മാത്രമേ യഥാർത്ഥ ജനാധിപത്യം നാമ്പിടൂ.

ജനാധിപത്യപരമായ ഈ വികസനം കടുത്ത വെല്ലുവിളികളെ നേരിട്ടുകൊണ്ടുമാത്രമേ നേടി എടുക്കാനാവൂ. ജീവിതത്തിന്റെ സമസ്ത മേഖലകളേയും ഉരുക്കുമുഷ്ടിയിലമർത്തിയിരിക്കുന്ന സാമ്രാജ്യത്വത്തിനെതിരായ ചെറുത്തു നില്പിലൂടെയേ അതു സാദ്ധ്യമാവൂ. പൈതൃക സമ്പത്തിന്റെ മറവിൽനിന്നു കൊണ്ട് സാങ്കല്പിക ഭൂതത്തെ ആശ്ലേഷിക്കുന്ന പുനരുജ്ജീവന വാദത്തോടും, സാങ്കേതിക വിദ്യയും മൂലധനവും ഒന്നുകൊണ്ടുമാത്രം ഒരു ജനതയുടെ ജീവിതത്തെ വികസിപ്പിക്കുവാൻ കഴിയുമെന്ന ശാസ്ത്രവാദത്തോടും കണക്കു തീർത്തുകൊണ്ടുമാത്രമേ അതു സാദ്ധ്യമാവൂ. ജീർണ്ണിച്ച ഫ്യൂഡൽ പാരമ്പര്യങ്ങൾക്കെതിരെ, നവസാമ്രാജ്യത്വം വളർത്തുന്ന ഉപഭോഗ തൃഷ്ണകൾക്കും ജീർണ്ണതകൾക്കുമെതിരേ വിട്ടുവീഴ്ചയില്ലാത്ത സാംസ്കാരിക ജാഗ്രത പുലർത്തിക്കൊണ്ടുമാത്രമേ അതു നേടി എടുക്കാനാവൂ.

ഐശ്വര്യപൂർണ്ണമായ കേരളത്തെക്കുറിച്ചുള്ള മലയാളിയുടെ സങ്കല്പങ്ങൾ എന്തെന്നു വെളിവാക്കുന്ന മിത്തുകളിലെ ഉദാത്താശയങ്ങളെ ഇതുമായി സമന്വയിപ്പിക്കേണ്ടതുണ്ട്. കേവലം ഉല്പാദനത്തിന്റെ പെരുക്കലിൽ മാത്രം ഒതുങ്ങുന്ന ഒന്നല്ല ആ സങ്കല്പങ്ങൾ. ഉച്ചനീചത്വങ്ങളില്ലാതെ മനുഷ്യരെല്ലാരും ഒന്നുപോലെ വാഴുന്ന കാലമാണ് നമ്മുടെ മനസ്സിലെ സുവർണ്ണകാലം. ആധിയും വ്യാധിയും ശിശുമരണങ്ങളുമില്ലാത്ത, കള്ളപ്പറയ്ക്കും ചെറുനാഴിയ്ക്കും മറ്റു കള്ളത്തരങ്ങൾക്കും ഒരു സ്ഥാനവുമില്ലാത്ത ആ നല്ല കാലം എല്ലാവരെയും ആമോദത്തോടെയും ആപത് ശങ്കയില്ലാതെയും വസിക്കാൻ പ്രാപ്തരാക്കുന്ന കാലമാണ്.

മാവേലിനാട് എന്ന സുന്ദര സങ്കല്പത്തിൽ നിറഞ്ഞുനിൽക്കുന്ന ഈ സദ്ഭരണ സങ്കല്പങ്ങൾ, പിന്നീട്, വിവിധ ജനകീയ പ്രസ്ഥാനങ്ങളുടെ പ്രവർത്തനഫലമായി കൂടുതൽ സമ്പുഷ്ടമാക്കപ്പെടുകയും, അത് കേരളത്തിന്റെ സമീപകാല ചരിത്രഗതിയെ ആഴത്തിൽ സ്വാധീനിക്കുകയും ചെയ്തു എന്നതാണ് സത്യം. ഇന്നു വളരെ വിപുലമായി ചർച്ചചെയ്യപ്പെടുന്ന കേരള വികസന മാതൃക രൂപപ്പെടാൻ കാരണം സാമൂഹ്യനീതിയിൽ അധിഷ്ഠിതമായ ഈ വികസന സങ്കല്പവും അതുയാഥാർത്ഥ്യമാക്കാൻ ജനങ്ങൾ നടത്തിയ ബോധപൂർവ്വവും സംഘടിതവും ആയ ഇടപെടലുകളുമാണ്. അക്ഷരം പഠിക്കാൻ, ആരാധിക്കാൻ, വഴിനടക്കാൻ, കൃഷിഭൂമിയിൽ അവകാശം സ്ഥാപിക്കാൻ മാന്യമായി വസ്ത്രം ധരിക്കാൻ, വീട്ഓടുമേയാൻ, കുലത്തൊഴിലിന്റെ ബന്ധം അറുക്കാൻ, അഭിപ്രായ സ്വാതന്ത്ര്യത്തിന് എല്ലാം സംഘടിതമായ ജനമുന്നേറ്റങ്ങൾ വേണ്ടി വന്നു, ഉജ്വലമായ ഈ ജനാധിപത്യപാരമ്പര്യത്തിന്റെ തുടർച്ചയാണ് ജനകീയ ആസൂത്രണ പ്രസ്ഥാനത്തിലും കാണാൻകഴിയുന്നത്. കേരളത്തിന്റെ വികസനത്തിന് മുഖ്യവിലങ്ങുതടി ഈ ജനകീയ ഇടപെടലുകളും അവയ്ക്കു നേതൃത്വം കൊടുക്കുന്ന പ്രസ്ഥാനങ്ങളുമാണെന്നു വരുത്തി തീർക്കാനുള്ള ബോധപൂർവ്വവും ആസൂത്രിതവുമായ ശ്രമങ്ങളെ അർഹിക്കുന്ന അവജ്ഞയോടെ തള്ളിക്കളയാൻ നമുക്കു കഴിയണം.

സമൂഹത്തിന്റെ ചലനനിയമങ്ങളെ അതിന്റെ സ്വാഭാവിക പരിണതിക്കു വിടുന്നതിനുപകരം സംഘം ചേർന്നുള്ള ബോധപൂർവ്വമായ ഇടപെടലുകളിലൂടെ സമൂഹത്തിന്റെ പൊതുനന്മയ്ക്കനുഗുണമായ വിധത്തിൽ

മാറ്റിതീർക്കാൻ ജനങ്ങൾ നടത്തിയ എണ്ണമറ്റ സംഘടിത മുന്നേറ്റങ്ങളാണ് കേരളത്തിന്റെ വികസനാനുഭവങ്ങളെ ഇതര മൂന്നാം ലോക പ്രദേശങ്ങളുടേതിൽനിന്നും വ്യത്യസ്തമാക്കുന്നത്. ഈ ദിശയിൽ ഇനിയും ബഹുദൂരം മുന്നോട്ടുപൊയ്ക്കൊണ്ടുമാത്രമേ ജനകീയാധികാരത്തിന്റെ മുൻകൈ സ്ഥാപിച്ചെടുക്കാൻ നമുക്കുകഴിയൂ. ആഗോളവല്ക്കരണവും കമ്പോളാധിപത്യവും ശക്തിപ്രാപിക്കുന്ന ഇന്നത്തേതുപോലുള്ള ഒരു സാഹചര്യത്തിൽ ഇത് അത്ര എളുപ്പമുള്ള കാര്യമല്ല എന്ന തോന്നൽ നിലനിൽക്കുമ്പോൾ തന്നെ കേരളത്തിലെ ജനങ്ങളുടെ ഉന്നതമായ ജനാധിപത്യ ബോധത്തിൽ നിന്നും സംഘടിത ശക്തിയിൽ നിന്നും ഊർജ്ജം സംഭരിച്ചുകൊണ്ട് കേരളം നേരിടുന്ന പ്രതിസന്ധികൾക്കു പരിഹാരം കാണാൻ നമുക്കുകഴിയും. അതിനുള്ള ഏറ്റവും നല്ല ആയുധമെന്നനിലയിൽ ജനകീയ ആസൂത്രണ പ്രസ്ഥാനത്തെ നമുക്ക് ഉപയോഗപ്പെടുത്താം. എല്ലാ ഭിന്നതകളും മറന്ന് നമുക്ക് കൈകൾ കോർക്കാം.

II

പിറവന്തൂർ പഞ്ചായത്തിൽ ജനകീയാസൂത്രണ പ്രവർത്തനങ്ങൾക്കു തുടക്കം കുറിച്ചത് വിവിധ വാർഡുകളിൽ നിന്നും പഞ്ചായത്തു കമ്മറ്റി നിർദ്ദേശിച്ച 44 സന്നദ്ധ പ്രവർത്തകരെ പങ്കെടുപ്പിച്ചുകൊണ്ട് പഞ്ചായത്തുകോൺഫറൻസ് ഹാളിൽ വച്ച് 27-09-96 ന് നടന്ന ഏകദിന ശില്പശാലയോടെയാണ്. ശില്പശാലയിൽ പങ്കെടുത്തവരിൽ 20 പേർ വനിതകളായിരുന്നു. അതിനു മുമ്പ് സെപ്റ്റംബർ 8. 9. 10 തീയതികളിലായി പുനലൂർ നടന്ന ജില്ലാതല പരിശീലന പരിപാടിയിൽ 2 വനിതകളുൾപ്പടെ ഏഴുപേർ പങ്കെടുത്തിരുന്നു.

പഞ്ചായത്തുതല ശില്പശാലയെതുടർന്ന് ഒക്ടോബർ 2 മുതൽ 14 വരെ തീയ്യതികളിലായി തുടർച്ചയായി വിശേഷാൽ ഗ്രാമസഭായോഗങ്ങൾ നടത്താൻ തീരുമാനിച്ചു. 2-ാം വാർഡിലെ ഗ്രാമസഭായോഗം തീരുമാനപ്രകാരം നടക്കാതെപോയതുകൊണ്ട് 19-ാം തീയ്യതി ആണ് നടന്നത്. പഞ്ചായത്തുതല പരിശീലനം ലഭിച്ച സന്നദ്ധ പ്രവർത്തകരിൽ 30- ഓളംപേർ എല്ലാ ഗ്രാമസഭായോഗങ്ങളിലും സജീവമായി പങ്കെടുത്തിരുന്നു. തുടർന്ന് രണ്ടാം ഘട്ട മെന്നനിലയിൽ ദ്വിതീയ വിവരശേഖരണത്തിനുള്ള പ്രവർത്തങ്ങൾ നടത്തി. ഇതിനിടയിൽ നവം. 19 മുതൽ 21 വരെ പത്തനാപുരത്തുവച്ചു നടന്ന രണ്ടാംഘട്ട ജില്ലാതല പരിശീലനത്തിൽ 9 പേർ പങ്കെടുത്തു. തുടർന്ന് 27-11-96 ന് പഞ്ചായത്തു കോൺഫറൻസ് ഹാളിൽ വച്ച് രണ്ടാംഘട്ട പഞ്ചായത്തുതലപരിശീലനം നടന്നു. പുതുതായി ക്ഷണിക്കപ്പെട്ടവർ ഉൾപ്പടെ 44 പേരാണ് ഇതിൽ പങ്കെടുത്തത്. ശില്പശാലയിൽ വച്ചുതന്നെ വികസന റിപ്പോർട്ടു തയ്യാറാക്കുന്നതിനുള്ള ഓരോ ഗ്രൂപ്പുകൾക്കും തുടർന്നുള്ള പ്രവർത്തന പരിപാടികൾക്കും രൂപം കൊടുത്തു. വിവര ശേഖരണം പൂർത്തിയാക്കുന്നതിനായി കാരണവ സംഗമം, അങ്കണവാടി ജീവനക്കാരുടെ യോഗം, ഉദ്യോഗസ്ഥ സംഗമം എന്നിവ സംഘടിപ്പിച്ചു. പ്ലാനിംഗ് ബോർഡ് നിർദ്ദേശിച്ച സമയപരിധിക്കുള്ളിൽ നിന്നുകൊണ്ട് സമഗ്രമായ ഒരു വികസന റിപ്പോർട്ടു തയ്യാറാക്കുക എന്ന വളരെ ശ്രമകരമായ ഒരു ജോലിയാണ് ഞങ്ങൾ ഏറ്റെടുത്തത്. ആ ശ്രമം വിജയത്തിലെത്തിക്കാൻ നിരവധി ആളുകളുടെ അർപ്പണ ബോധത്തോടെയുള്ള അത്യദ്ധ്വാനം ഉണ്ടായിട്ടുണ്ട്. ആവശ്യമായ സ്ഥിതി വിവരക്കണക്കുകളുടെ ലഭ്യതക്കുറവാണ് ഞങ്ങൾക്കഭിമുഖീകരിക്കേണ്ടിവന്ന മുഖ്യ പ്രതിബന്ധം. സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ചു സൂക്ഷിക്കുന്നതിൽ നമ്മുടെ സർക്കാർ ആഫീസുകളിൽ നിലനിൽക്കുന്ന അലംഭാവം ഞങ്ങളെ വിസ്മയിപ്പിക്കുകതന്നെ ചെയ്തു. സ്ഥലങ്ങൾ സന്ദർശിച്ചും വീടാന്തരം കയറി ഇറങ്ങിയും വിശദമായ ഒരു സർവ്വേയുടെ അടിസ്ഥാനത്തിൽ കൂടുതൽ സമഗ്രവും കൃത്യവുമായ റിപ്പോർട്ടുതയ്യാറാക്കാൻ നിർദ്ദിഷ്ട സമയ പരിധിക്കുള്ളിൽ കഴിയില്ല എന്നതിനാലാണ് നിലവിൽലഭ്യമായ കണക്കുകളെ ആശ്രയിച്ചത്. ഫീൽഡുസന്ദർശനങ്ങളിലൂടെയും അറിയാവുന്നവരുമായുള്ള ചർച്ചകളിലൂടെയും കണക്കുകൾ കൂടുതൽ കൃത്യമാക്കാൻ ശ്രമിച്ചിട്ടുണ്ട്. നിരവധിപോരായ്മകളും പരിമിതികളും ഈ റിപ്പോർട്ടിനുണ്ടാവാം. എങ്കിലും പ്ലാനിംഗ് ബോർഡ്

നിർദ്ദേശിച്ച സമയപരിധിക്കുള്ളിൽ നിന്നുകൊണ്ട് ഒൻപതാം പദ്ധതിക്കുവേണ്ടി സമഗ്രമായ ഒരു വികസന രേഖ നമ്മുടെ പഞ്ചായത്തിനു തയ്യാറാക്കാൻ കഴിഞ്ഞതിൽ ഞങ്ങൾ കൃതാർത്ഥരാണ്. അതിനുവേണ്ടി രാപകൽ പണിയെടുക്കാൻ തയ്യാറായ മുഴുവൻ ആളുകളേയും ഹൃദയപൂർവ്വം സ്മരിക്കുന്നു.

ഈ വികസന രേഖ, സെമിനാർ ചർച്ചകളിലൂടെ കൂടുതൽ സമ്പുഷ്ടവും, കൃത്യതയും വ്യക്തതയും പ്രായോഗികതയും ഉള്ളതും ആക്കി മാറ്റുകയും അതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ പഞ്ചായത്തിന്റെ വികസന പദ്ധതിയാക്കി മാറ്റുകയും ചെയ്യുക എന്ന വളരെ ഭാരിച്ച കടമ നമ്മുടെ മുമ്പിൽ ബാക്കി നിൽക്കുന്നു. അത്തരത്തിൽ രൂപം കൊടുക്കപ്പെടുന്ന പദ്ധതിയുടെ നിർവഹണം എന്ന വലിയ ദൗത്യവും നമ്മുടെ കൈകളിലാണ്. ഇത് നാടിന്റെ ഉൾവിളിയാണ് കാലത്തിന്റെ വെല്ലുവിളിയാണ്. ഇതു നാം ഏറ്റെടുത്തേ മതിയാവു. എന്നും കാലത്തിനൊപ്പം ചുവടുറപ്പിക്കാൻ കഴിഞ്ഞിട്ടുള്ള നമുക്ക് ഇനി ചുവടുമുന്നോട്ടുതന്നെ വയ്ക്കാൻ കഴിയണം. അതിനുള്ള കരുത്തും സന്നദ്ധതയും അർപ്പണബോധവും തീർച്ചയായും നമുക്ക് കൈ മുതലായുണ്ട്. പിറവന്തൂർ ഗ്രാമപഞ്ചായത്തിന്റെ ഈ വികസന രേഖ നാളെയുടെ യാഥാർത്ഥ്യമാക്കാനുള്ള ദൃഢപ്രതിജ്ഞയോടെ ഈ റിപ്പോർട്ടിനെ നമുക്കു സ്വീകരിക്കാം.

ആർ ശ്രീനിവാസൻ (ചെയർമാൻ)

കെ. സുധാകരൻ, കറവൂർ (ജനറൽകൺവീനർ)

പിറവന്തൂർ

21-12-1996

വിശേഷാൽ ഗ്രാമസഭ – വിശദവിവരങ്ങൾ				
വാർഡ്	തീയ്യതി	പങ്കെടുത്തവർ		
		ആൺ	പെൺ	ആകെ
I ചേകം	02–10–96	113	73	186
II പിറവന്തൂർ	19–10–96	91	34	125
III എലിക്കാട്ടൂർ	04–10–96	103	38	141
IV ചാച്ചിപ്പുന്ന	05–10–96	139	73	212
V പുന്നല	06–10–96	136	82	218
VI കറവൂർ	07–10–96	186	67	253
VII വന്മള	08–10–96	80	31	111
VIII കിഴക്കേമുറി	09–10–96	73	14	87
IX കമുകുംചേരി	10–10–96	87	35	122
X ചെമ്പനരുവി	11–10–96	161	27	188
XI മുക്കടവ്	12–10–96	88	93	181
XII കടശ്ശേരി	13–10–96	138	49	187
XIII പെരുന്തോയിൽ	14–10–96	151	90	241
ആകെ		1546	706	2252

പിറവന്തൂർ ഗ്രാമ പഞ്ചായത്ത്



I പൊതുവിവരങ്ങൾ

പഞ്ചായത്തിന്റെ പേര്	:	പിറവന്തൂർ ഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജുകൾ	:	പിറവന്തൂർ, പുന്നല, പിടവൂർവില്ലേജിന്റെ കുറേഭാഗം, വാളക്കോട് വില്ലേജ് ഭാഗികമായി
ബ്ലോക്കു പഞ്ചായത്തു ഡിവിഷൻ	:	പത്തനാപുരം
താലൂക്ക്	:	പത്തനാപുരം
ജില്ല	:	കൊല്ലം
അസംബ്ലിമണ്ഡലം	:	പത്തനാപുരം
ലോക്സഭാമണ്ഡലം	:	അടൂർ (റിസർവേഷൻ)
വസ്തീർണ്ണം	:	129.85 ച. കി. മി
അതിരുകൾ	:	വടക്ക് അച്ചൻകോവിലാറ്, കിഴക്ക് ആര്യങ്കാവ് പഞ്ചായത്ത്, തെക്ക് കല്ലടയാറ്, പടിഞ്ഞാറ് പത്തനാപുരം പഞ്ചായത്ത്.
ജനസംഖ്യ	:	35613, പുരുഷൻ–17579, സ്ത്രീ–18034 (1991 ലെ സെൻസസ്)
ജനസാന്ദ്രത	:	435.37 ച. കി. മി ന് 35% വരുന്ന വനപ്രദേശം ഉൾപ്പടെ
ജനസാന്ദ്രത	:	274.27 ച. കി. മി ന്
വാർഡുകളുടെ എണ്ണം	:	13
പഞ്ചായത്തു പ്രസിഡന്റ്	:	ആർ. ശ്രീനിവാസൻ
വൈസ് പ്രസിഡന്റ്	:	പി. കെ. രവീന്ദ്രൻ
സ്റ്റാന്റിംഗ്കമ്മിറ്റിചെയർമാൻ	:	അഡ്വ. വർഗ്ഗീസ് മാളിയേക്കൽ
പഞ്ചായത്തുസെക്രട്ടറി	:	പി. കെ. ചെല്ലപ്പൻ

II-1 സാമൂഹിക സാംസ്കാരിക ചരിത്രരേഖ

I

ഈ പഞ്ചായത്തിനും പഞ്ചായത്തിലുൾക്കൊണ്ട പ്രദേശങ്ങൾക്കും തനതും ആധികാരികവുമായ ഒരു ലിഖിതചരിത്രമില്ല. ചിലാപുരാരേഖകൾ, പ്രമാണങ്ങൾ, കേട്ടുകേഴ്വികൾ, ഐതിഹ്യങ്ങൾ, സാഹചര്യത്തെളിവുകൾ, കാരണവസംഗമവേളകളിൽ വന്ദ്യവയോധികരിൽ നിന്നുശേഖരിക്കാൻ കഴിഞ്ഞ വിവരങ്ങൾ, എന്നിവയെ അടിസ്ഥാനമാക്കി അഭ്യൂഹങ്ങളുടെ വിരൽത്തുമ്പിൽ തൂങ്ങിമാത്രമേ പലതും പറയാനാകൂ.

ഇന്നാട്ടിൽ ഇന്നുകാണുന്ന ജനതയ്ക്ക് ഏറെ പാരമ്പര്യങ്ങളൊന്നും അവകാശപ്പെടാനില്ല. രണ്ടോമൂന്നോ മനുഷ്യായുസ്സിന്റെ പഴക്കമേ അതിനുള്ളൂ. അതിനു മുമ്പ് ഏറെനാൾ ഇവിടം മനുഷ്യവാസം ഉള്ളതായിരുന്നില്ല. കാട്ടുപത്തനാപുരത്തിന്റെ ഭാഗമായ വനപ്രദേശമായിരുന്നു ഇവിടം. എന്നാൽ അതിനും ഏറെ നാളുകൾക്കു മുമ്പ് സംഘകാലത്തോ അതിനുശേഷമോ ഇവിടെ മനുഷ്യർ പാർത്തിരുന്നു. എന്നതിനു തെളിവുകൾ ഉണ്ട്. നാരങ്ങാപ്പുറം, കണ്ണംകരപ്രദേശം (എലിക്കാട്ടൂർ) കമുകുംചേരി, എലിക്കാട്ടൂർ മൂന്നാമലപ്രദേശം, തടത്തിൽ ഭാഗം, പുന്നല കടശേരി, എന്നിവിടങ്ങളിൽ മണ്ണിനടിയിൽ നിന്ന് നന്നങ്ങാടികൾ ചെറുതും വലുതുമായ കലങ്ങൾ എന്നിവ കണ്ടുകിട്ടിയിട്ടുള്ളതിൽ നിന്നും ഇവിടെ അഞ്ഞൂറോ ആയിരമോ അതിലേറെയോ വർഷങ്ങൾക്കപ്പുറത്ത് മനുഷ്യർ കൂട്ടമായി താമസിച്ചിരുന്നു എന്ന് ഊഹിക്കാൻ ന്യായമുണ്ട്.. ഈ പഞ്ചായത്തിൽപ്പെട്ട വനങ്ങളിൽ വാണക്കാവ്, കുമരംകുടി, മാതേരുമണ്ണ് തുടങ്ങിയ സ്ഥലങ്ങളിൽ ക്ഷേത്രങ്ങളും മറ്റും ഉണ്ടായിരുന്നതിന്റെ അവശിഷ്ടങ്ങൾ ഇന്നുമുണ്ട്. വെരുകുഴി എന്ന സ്ഥലത്ത് കൂറ്റൻശിലാപാളികൾ കൊണ്ടു നിർമ്മിച്ച കല്ലറകൾ കണ്ടുകിട്ടിയിട്ടുണ്ട്. എലിക്കാട്ടൂർ ക്ഷേത്രത്തിനും, പിറവന്തൂർ, പുന്നല എന്നിവിടങ്ങളിലെ ക്ഷേത്രങ്ങൾക്കും ആയിരത്തോളം വർഷത്തെ പഴക്കം അവകാശപ്പെടാൻ കഴിയും. ഇന്ന് ഇവയിൽ പലതും പുനരുദ്ധരിച്ചതാണ് എലിക്കാട്ടൂർക്ഷേത്രക്കടവിൽ കൽത്തൂണിൽ താങ്ങിനിന്ന കുളിക്കടവും കല്ലിൽ കൊത്തിയപടിയും ഉണ്ടായിരുന്നു. ഇവയുടെ നഷ്ടാവശിഷ്ടങ്ങൾ ഇപ്പോഴുമുണ്ട്. എങ്കിലും ഇവിടങ്ങളിൽ പാർത്തിരുന്ന ജനതയുടെ കാലം ആചാരമര്യാദകൾ, ജീവിതരീതി, ഭക്ഷണക്രമം ഇവയൊന്നും ഇന്ന് നമുക്ക് വ്യക്തമല്ല. ആ കാലത്തിന്റെ ചില ശേഷിപ്പുകൾ കാണുന്നുണ്ടെന്നു മാത്രം. ഈ ശേഷിപ്പുകൾ ചരിത്രവിദ്യാർത്ഥികളുടെയും ഗവേഷകരുടെയും പഠനത്തിനും പരിഗണനയ്ക്കും വിധേയമാക്കേണ്ടവയാണ്. നമുക്ക് ഇന്നത്തെ ജനതയുടെ പഴയമുഖം ഒന്നു പരിശോധിക്കാം. അതും ഒരു രേഖാചിത്രം മാത്രം.

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലുയിർക്കൊണ്ട ദേശീയബോധത്തിന്റെ അലകൾ ഈ കൊച്ചുഗ്രാമത്തിലും പ്രതിഫലിക്കാതിരുന്നില്ല. പുത്തൂർ നിന്ന് കമുകുംചേരിയിൽ താമസമാക്കിയ ഒരു വൈദ്യകുടുംബത്തിലെ അംഗമായ ശ്രീ. പി.ആർ. നാരായണന്റെ പേര് സ്മരിക്കപ്പെടേണ്ടതാണ്. (അദ്ദേഹം ഇന്ന് ജീവിച്ചിരിക്കുന്നു, വയസ്സ് 78) ഗാന്ധിജി പുനലൂരിൽ വന്നപ്പോൾ പി.ആർ നാരായണനായിരുന്നു മുന്നിൽ. തുടർന്ന് കേരളത്തിന്റെ വിവിധഭാഗങ്ങളിൽ കോൺഗ്രസിന്റെ പ്രവർത്തകനായി നടന്നു. ജയിൽവാസവും അനുഭവിച്ചിട്ടുണ്ട്. ഗാന്ധിജിയുടെ അടൂർപ്രസംഗത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് കറുത്തകുഞ്ഞ് വഴങ്ങോട് പിന്നിട് സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിന്റെ സജ്ജീവപങ്കാളിയായി. 1934-ൽ ആണ് ഈ സംഭവം. ഇതോടൊപ്പം ഗാന്ധിഗോപാലപിള്ള എന്നു വിളിക്കപ്പെട്ടിരുന്ന പിറമല ഗോപാലപിള്ള, വി.പി. പത്മനാഭൻ, മുകളിലഴികം കൃഷ്ണൻ, വിളയിൽ കുഞ്ഞുരാമൻ, എസ്.കെ. തമ്പിറാവുത്തർ, നെല്ലിക്കൽ മത്തായി തുടങ്ങിയവർ ഈ പ്രദേശത്ത് ദേശീയബോധം ഉണർത്തുന്നതിന് നേതൃത്വം കൊടുത്തവരാണ്. ശ്രീനാരായണാദർശങ്ങളിൽ പ്രചോദനം ഉൾക്കൊണ്ട് ശ്രീ. പി.ആർ. നാരായണനും മറ്റും അയിത്തത്തിനും അനാചാരങ്ങൾക്കും എതിരായുള്ള പ്രവർത്തനങ്ങൾക്ക് എസ്.എൻ.ഡി.പി. ശാഖകൾ മുഖേന നേതൃത്വം കൊടുത്തിട്ടുണ്ട്. തുടർന്ന് അയിത്താചരണത്തിനെതിരായി 1940-കളുടെ ആരംഭത്തിൽ കറുത്തകുഞ്ഞ്, പി.സി. ആദിച്ചൻ എന്നിവർ രംഗത്തുവന്നു. തലക്കരവും, മുലക്കരവും കൊടുക്കാൻ വിധിക്കപ്പെട്ട ഒരു ജനതയുടെ നവോത്ഥാനത്തിന് ഈ പ്രവർത്തനങ്ങൾ വഴിമരുന്നിട്ടു.

1940-കളിൽ ഈ നാട്ടിലെ പലരും പുനലൂർ പേപ്പർമില്ലിലെ തൊഴിലാളികളായിരുന്നു. ചേർത്തലക്കാരനായ സി.ഒ. മാത്യു ഇവിടെ വന്ന് പേപ്പർമിൽ തൊഴിലാളികളിൽ പലരെയും ട്രേഡുയൂണിയനിൽ അംഗങ്ങളാക്കി. സോഷ്യലിസം എന്ന ആശയത്തിന്റെ വിത്ത് ഇന്നാട്ടിൽ ആദ്യമായി വിതയ്ക്കപ്പെട്ടു. (സി.ഒ. മാത്യു പിന്നിട് പോലീസ് മർദ്ദനമേറ്റ് ജയിലിൽ കിടന്നുമരിച്ചു. സ്മരണാഞ്ജലി)

ഈ നൂറ്റാണ്ടിന്റെ പ്രാരംഭം മുതൽ തന്നെ (അതിനു മുമ്പുള്ള കാര്യം വ്യക്തമല്ല) നായർ, ക്രിസ്ത്യൻ, ഈഴവൻ, കൊല്ലൻ, ആശാരി, തട്ടാൻ, മുസ്ലീം, മൂശാരി, വേളാൻ, വേലൻ, കുറവർ എന്നി ജാതിക്കാർ ഈ നാട്ടിൽ ഉണ്ടായിരുന്നു. ഇവരിൽ വിവിധ കുലത്തൊഴിലുകളിൽ ഏർപ്പെട്ടിരുന്ന വിഭാഗങ്ങളെ പാർപ്പിച്ചിരുന്നതാണ്.

'തൊട്ടുകൂടാത്തവർ, തീണ്ടിക്കൂടാത്തവർ
ദൃഷ്ടിയിൽപ്പെട്ടാലും ദോഷമുള്ളോർ'

എന്ന് ആശാൻ എഴുതിയത് ഈ നാടിനെ സംബന്ധിച്ചും ഏറെക്കുറെ ശരിയായിരുന്നു.

ഹിന്ദു, ക്രിസ്ത്യൻ, മുസ്ലീംദേവാലയങ്ങൾ ഇവിടെ ഉണ്ടായിരുന്നു. ഹിന്ദുക്കൾക്ക് ദേവാലയം(ക്ഷേത്രം) കൂടാതെ കാവുകളും ആരാധനാകേന്ദ്രങ്ങളായിരുന്നു. ഹൈന്ദവദേവാലയങ്ങളിൽ ആണ്ടിലൊരിക്കൽ

ഉത്സവങ്ങളുണ്ടായിരുന്നു. പല ദേവാലയങ്ങളിലെയും ഉത്സവപരിപാടികൾ വ്യത്യസ്തമായിരുന്നു. പുന്നലയിലെ പടയണിയും കമുകുംചേരിയിലെ കഥകളിയും ശ്രദ്ധേയമായിരുന്നു. ഹീനജാതിക്കാർ എന്നു മുദ്രകുത്തി ക്ഷേത്രങ്ങളിൽ പ്രവേശനം നിഷേധിച്ചിരുന്ന ചില വിഭാഗക്കാർ ചില മലകൾ അവരുടെ ആരാധനാകേന്ദ്രമാക്കി സങ്കല്പിച്ച് അവരുടേതായ പരിപാടികളും നടത്തിയിരുന്നു. കമുകുംചേരി കോട്ടറമലയും, എലിക്കാട്ടൂർ മുന്നാമലയും, പുന്നല കൊന്നമലയും ഇക്കൂട്ടത്തിൽപ്പെടും. ഊരാളി എന്നറിയപ്പെടുന്ന ഒരു മൂപ്പനായിരിക്കും അവിടുത്തെ മുഖ്യ പരികർമ്മി. സീതകളി(ചീതകളി) കമ്പടികളി എന്നിവ അവരുടെ അനുഷ്ഠാനകലകളിൽപ്പെടുന്നവയായിരുന്നു.

സാമാന്യജനങ്ങളുടെ ഇടയിൽ ജ്യോത്സ്യത്തിൽ ഏറെ വിശ്വാസമുണ്ടായിരുന്നു. ഭൂതഭാവി വർത്തമാനങ്ങളുടെ പ്രവാചകരായിരുന്നു. കല്യാണം, ചോറൂണ്, പുത്തരിയൂണ്, നിലംവിതയ്ക്കൽ, കൊയ്ത്ത്, യാത്ര എന്നിവയ്ക്കെല്ലാം ജ്യോത്സ്യൻമാർ വിധിക്കുന്ന മുഹൂർത്തങ്ങൾ നോക്കിയിരുന്നു. വയലിൽ ചാഴിവരാതിരിക്കാനും, പുഴു വീഴാതിരിക്കാനും മന്ത്രങ്ങൾ ഓലയിൽകുറിച്ച് വയലിൽ നാട്ടിവയ്ക്കുമായിരുന്നു. കണ്ണുപെടുക, നാക്കുപെടുക എന്നിത്യാദികാര്യങ്ങളിൽ ജനം നന്നേ വിശ്വസിച്ചിരുന്നു. മലദൈവങ്ങളായ കാളി, ചാത്തൻ, മുത്തപ്പൻ തുടങ്ങിയവരായിരുന്നു താഴ്ന്നജാതിക്കാരുടെ ആരാധനാമൂർത്തികൾ. പുന്നലയിലെ 'പുന്നലയമ്മൂമ്മ'യും, കല്ലേലി ഊരാളിയും, അവരുടെ ആരാധനാമൂർത്തികളായിരുന്നു. മുറുക്കാനും കള്ളും മറ്റുമാണ് അവിടെ നേർച്ചയായി കൊടുക്കുക. മലയാലപ്പുഴദേവി പൊതുവെ ആളുകൾക്ക് ഭയമുള്ള ഉഗ്രമൂർത്തിയായിരുന്നു. ദേവിയെ സ്മരിച്ച് കൃഷിയിടങ്ങളിൽ പാണൽത്തോൽ കെട്ടിയിട്ടാൽ (തൂപ്പുകെട്ടുക എന്നു പറയും) ആ കൃഷിമുതൽ മോഷ്ടാക്കൾക്കും ഭയമായിരുന്നു. മോഷ്ടിച്ചാൽ താമസംവിനാ മരിക്കും എന്നാണ് വിശ്വാസം. ഈ വിശ്വാസം ഇപ്പോഴും അപൂർവ്വമായി നിലനിൽക്കുന്നു.

മന്ത്രവാദം, മഷിനോട്ടം ആദിയായവയിലും ആളുകൾ പരക്കെ വിശ്വസിച്ചിരുന്നു. ഭൂതപ്രേതപിശാചുക്കളിലും, യക്ഷി, മറുത, മാടൻ, കുട്ടിച്ചാത്തൻ, ഈനാംപീച്ചി, ആദിയായവയിലും ജനങ്ങൾക്കു വലിയ വിശ്വാസമായിരുന്നു. ദുർമരണംകൊണ്ട് അറുകൊലയും ഗർഭിണികൾ മരിച്ചാൽ ഈനാംപീച്ചിയും ഉണ്ടാകുമെന്ന് പരക്കെ വിശ്വാസമുണ്ടായിരുന്നു. കമ്മ്യൂണിസ്റ്റു പ്രത്യയശാസ്ത്രത്തിന്റെ വരവോടുകൂടിയാണ് ഇത്തരം വിശ്വാസങ്ങൾക്കും ആചാരങ്ങൾക്കും ഉടവുതട്ടിയത്. ശ്രീനാരായണഗുരു, സഹോദരൻ അയ്യപ്പൻ, സി. കേശവൻ, എം.സി. ജോസഫ്, വി.ടി. ഭട്ടതിരിപ്പാട്, കുറ്റിപ്പുഴ കൃഷ്ണപിള്ള തുടങ്ങിയവരുടെ പത്രമാസികാദികളിൽ കൂടിയുള്ള ഉത്ബോധനങ്ങളും മുകളിൽപ്പറഞ്ഞ വിശ്വാസാചാരങ്ങളെ തകിടം മറിച്ചിട്ടുണ്ട്.

ഈ പ്രദേശത്തിലെ ഒട്ടുമുക്കാൽ കൃഷിഭൂമിയും, റായൂർമഠം, അടവൂർമന, ചെറുകരഇല്ലം, എണ്ണശ്ശേരിമഠം, നമ്പുമഠം എന്നീ നമ്പൂതിരിമഠങ്ങളുടെ വകയായിരുന്നു. നൂറുവർഷം മുമ്പ് തിരുവനന്തപുരത്തുനിന്നും ആദ്യമായി പാസ്പോർട്ടെടുത്ത ഇടവാസ്രാങ്കിന്റെ വകയായും ഭൂമി ഇവിടെയുണ്ടായിരുന്നു. ഒരു കിണ്ടി നിറയെ നെയ്യ് ഈ ജന്മിയ്ക്കു കാഴ്ചവച്ചിട്ട് 25ഉം 50ഉം നൂറും ഏക്കർ സ്ഥലം(സൗകര്യംപോലെ) നായർപ്രമാണിമാർ പാട്ടത്തിനു വാങ്ങിയിരുന്നു. ഈ പ്രമാണിമാർ കൃഷിപ്പണിക്കും മറ്റും ഈ വസ്തുവിൽ കുടിയാന്മാരെ കുടിയിരുത്തി. ഇവരെ കൂടാതെ ജോലിക്കാരും, അടിയാളന്മാരും, അടിമകളും ഉണ്ടായിരുന്നു. 60–70 വർഷം മുമ്പുവരെ ചെറിയതോതിൽ അടിമവ്യാപാരം ഇവിടെ നിലനിന്നിരുന്നു. ജന്മിയ്ക്ക് വസ്തുവിലെ കുടിയാനോടുകൂടിത്തന്നെ വസ്തു കൈമാറ്റം ചെയ്യാമായിരുന്നു. ഇടപ്രഭുക്കളായ കുടിയാൻമാരെ ഒഴിപ്പിക്കാൻ ജന്മിക്കു കഴിയുമായിരുന്നില്ല. ജന്മിക്ക് ആണ്ടോടാണ്ട് നെല്ല്, പണം, ആദിയായവിധത്തിൽ പാട്ടം കൊടുക്കണം. ഇന്നത്തെപ്പോലെ റോഡും വാഹനങ്ങളും സുലഭമല്ലാതിരുന്ന അക്കാലത്ത് കാളപ്പുറത്തു കയറ്റിയായിരുന്നു നെല്ലും മറ്റും കൊണ്ടു പൊയ്ക്കൊണ്ടിരുന്നു. ഈ കാളകളെ പൊതിമാട് എന്നു വിളിച്ചിരുന്നു. കാളയുടെ മുതുകിലിരുവശങ്ങളിലും ഇരുമുടിപോലെ തയ്യാർ ചെയ്ത ചാക്കിലായിരുന്നു നെല്ലു നിറച്ചിരുന്നത്. 1964–ൽ സർക്കാർ ജന്മിക്കരം നിറുത്തുകയും നേരിട്ട് കരം പിരിക്കുകയും ചെയ്തുതുടങ്ങുംവരെ ഈ നില തുടർന്നു.

നെല്ല്, മരച്ചീനി, പറങ്കിമാവ്, കൈത, തെങ്ങ്, കമുക് എന്നിവയായിരുന്നു മുഖ്യകൃഷി. പയറുവർഗ്ഗങ്ങൾ, ഉഴുന്ന്, കൂവരക്, ചാമ എന്നീ ധാന്യങ്ങളും, വാഴ, ചേന, ചേമ്പ്, കാച്ചിൽ, മത്തൻ, കുമ്പളം തുടങ്ങിയ മലക്കറികളും കൃഷി ചെയ്തിരുന്നു.

രാസവളപ്രയോഗം ഉണ്ടായിരുന്നില്ല. തോല് (പച്ചില) ചാണകം, ചാരം, കരിയില എന്നിവയായിരുന്നു വളമായി ഉപയോഗിച്ചത്. വളക്കൂറുള്ള കരയിലും നെല്ലുകൃഷി ചെയ്തിരുന്നു. കരയ്ക്ക് പടനവെള്ള, രാമരി, പൂക്കുലക്കുറുവ, പൂതാളി തുടങ്ങിയ നെല്ലിനങ്ങളും നിലത്തിൽ, ചേറാടി, ചെമ്മന്നാറംവെള്ള, വെളുത്തറാംവെള്ള, ആനക്കൊമ്പൻ, കൂരിച്ചമ്പാവ്, ചാരവെള്ള, ഞവരവിത്ത് തുടങ്ങിയ ഇനം നെല്ലുകളും കൃഷിചെയ്തിരുന്നു.

1914–ൽ കളത്താരടി കുടുംബാംഗമായ ശ്രീ. പത്മനാഭൻ ചാന്നാർ കളത്താരടി ഇംഗ്ഷനിൽ സ്വന്തനിലയിൽ ഒരു സ്കൂൾ തുടങ്ങിയതാണ് ഇന്നാട്ടിലെ ആദ്യത്തെ സ്കൂൾ. ഇതാണ് ഇന്നത്തെ പിറവന്തൂർ ഗവ: മോഡൽ യു.പി. സ്കൂൾ.

1992–ൽ പുന്നലയിൽ പള്ളിത്തൈക്കാവിൽ വച്ച് ഏതാനും ഹിന്ദുമുസ്ലീം സമുദായാംഗങ്ങളായ കുട്ടികളെച്ചേർത്ത് ശ്രീ. കൊച്ചയ്യത്ത് കെ.വി. മൈതീൻകുഞ്ഞ് ഒരു സ്കൂൾ തുടങ്ങി. പിന്നീടത് പുന്നല മുഹമ്മദൻ എൽ.പി.എസ്. എന്ന പേരിൽ എയിഡഡ് സ്കൂളായി. മാനേജരായി കല്പകവിലാസം ബാവാ

സാഹിബും പ്രഥമാദ്ധ്യാപകനായി കൊച്ചയ്യം മൈതീൻകുഞ്ഞ് സാറും പ്രവർത്തിച്ചു. ഈ സ്കൂളാണ് പുന്നല വി.എച്ച്.എസ്.എസ്.എസ്. തുടർന്ന് ചിറോട് എൽ.എം.എസ്. സഭയുടെ ആഭിമുഖ്യത്തിൽ ഒരു എൽ.പി. സ്കൂളും (ഒന്നും രണ്ടും ക്ലാസ്സുകൾ) ആരംഭിച്ചു. ഇന്ന് ആ സ്കൂൾ നിലവിലില്ല. ഇതിനു മുമ്പുതന്നെ എലിക്കാട്ടൂർ ക്ഷേത്രത്തിനോടുചേർന്ന് പേപ്പർമിൽ മാനേജരായിരുന്ന നരസിംഹ അയ്യർ മാനേജരായി ഒരു എൽ.പി. സ്കൂൾ ആരംഭിച്ചിരുന്നു. അതും ഇന്ന് നിലവിലില്ല. കുഞ്ഞാത്തൻ എന്ന വ്യക്തി പയൽസ്കൂൾ എന്ന പേരിൽ ആരംഭിച്ച വിദ്യാലയമാണ് ആദ്യത്തെ ഹരിജൻവിദ്യാലയം. ഇന്ന് അതൊരു ഹൈസ്കൂളാണ് – വലിയകാവ് ഗവ: ഹൈസ്കൂൾ.

കുട്ടികൾക്ക് പ്രാഥമികവിദ്യാഭ്യാസം നൽകുന്നതിൽ പഴയകാലം മുതൽ പ്രവർത്തിച്ച പലരേയും ഇവിടെ സ്മരിക്കുന്നത് നന്നായിരിക്കും. കമുകുംചേരി വട്ടവിള ഹരിജൻ കുടിപ്പള്ളിക്കൂടം നടത്തിയ വട്ടവിള ആശാൻ, പുന്നല ഉമ്മിണി ആശാൻ, ചാച്ചിപുന്നയിൽ ഇട്ടിമാപ്പിള ആശാൻ, കറവൂർ വേലൻ ആശാൻ, എലിക്കാട്ടൂർ പോരുവഴി ആശാൻ, പിറവന്തൂർ കോണുമൂലയിൽ മുടന്തൻ ആശാൻ, കമുകുംചേരി ചെട്ടികുന്നത്തു കൃഷ്ണപിള്ള എന്നിവർ ഇവരിൽ പ്രധാനികളാണ്.

ഈ ഗ്രാമത്തിലെ ആദ്യത്തെ ഗ്രന്ഥശാല കറവൂരിലെ ദേശാഭിവർദ്ധിനി ഗ്രന്ഥശാലയാണ്. അതിന്റെ കെട്ടിടം വിട്ടുകൊടുത്തതിലാണ് ഇന്നത്തെ എൽ.പി. സ്കൂൾ പ്രവർത്തിച്ചു തുടങ്ങിയത്. കമുകുംചേരി വിജ്ഞാനോദയം ഗ്രന്ഥശാല, എലിക്കാട്ടൂർ വായനശാല, പിറവന്തൂർ വൈ.എം.എ. ലൈബ്രറി (ഇപ്പോഴില്ല) അലിമുക്ക് ലൈബ്രറി എന്നിവ ഇക്കൂട്ടത്തിൽ ശ്രദ്ധേയങ്ങളാണ്.

നാല്പതുകളുടെ ഉത്തരാർദ്ധത്തിൽ, മലയാളരാജ്യം, പ്രഭാതം, ദേശബന്ധു, നവഭാരതം, കേരളകൗമുദി, മലയാളമനോരമ തുടങ്ങിയ പത്രങ്ങൾ ഇവിടെ പ്രചരിച്ചിരുന്നു. പത്രത്തിന്റെ സ്ഥിരം വരിക്കാരായി പലരും അന്നുണ്ടായിരുന്നു. ചേകത്ത് പുത്തൻവീട്ടിൽ നാരായണൻനായർ ഗവ: ഗസറ്റ് വരുത്തിയിരുന്നു.

പുനലൂർ, പത്തനാപുരം പണ്ടിക്മാർക്കറ്റിലേക്ക്, തലച്ചുമടായി കാർഷികവിളകൾ വിപണനത്തിനു കൊണ്ടുപോയിരുന്നു. നിത്യോപയോഗസാധനങ്ങൾ വാങ്ങിയിരുന്നതും അവിടെ നിന്നാണ്.

കർഷകതൊഴിലാളികൾ പണ്ട് സുലഭമായിരുന്നു.സ്വന്തമായി ഭൂമിയും ആദായവും ഇല്ലാതിരുന്ന കർഷകതൊഴിലാളികളുടെ അദ്ധ്വാനം ഭൂവുടമകൾ പരമാവധി ചൂഷണം ചെയ്തിരുന്നു. കൊയ്ത്തുകാർക്ക് പതം 1/15 ആയിരുന്നു. അന്നത്തെ ദാരിദ്ര്യം കാരണം അതിനും ഇഷ്ടം പോലെ കൊയ്ത്തുകാരെ കിട്ടുമായിരുന്നു.

ഇന്നത്തെ കീടനാശിനിപ്രയോഗം അന്നുണ്ടായിരുന്നില്ല. വയലിൽ പുഴുവിനും ചാഴിക്കും എരുമച്ചാണകം മണ്ണെണ്ണയിൽ കുഴച്ച് അതിൽ കയർ മുക്കി നെല്ലോലകളിലൂടെ വലിച്ചിരുന്നു. ഈറക്കുഴലിൽ കറുത്ത അട്ടയെ ഇട്ട് മണ്ണെണ്ണയൊഴിച്ച് കത്തിച്ച്പുകയ്ക്കുന്ന ഏർപ്പാടുമുണ്ടായിരുന്നു.എലിയെ ഓടിക്കാൻ പുലിമുളി എന്നൊരുപകരണം വഴി ശബ്ദമുണ്ടാക്കിയിരുന്നു. ചാഴിക്കെതിരെ കണമ്പുവ് ഉപയോഗിച്ചിരുന്നു.

50-കളുടെ ആരംഭത്തിൽ ഭൂമിയിലെ സ്ഥിരാവകാശം സ്ഥാപിച്ചുകിട്ടുവാൻ കർഷകസംഘങ്ങളുമായി എലിക്കാട്ടൂരിൽ ശ്രീ. തളയ്ക്കൽ നാണുപിള്ളയുടെ നേതൃത്വത്തിൽ ഒരു കർഷകസംഘം ഉണ്ടായി. പി.ആർ. നാരായണൻ, ആർ. അയ്യപ്പൻ മുതൽ പേർ അതിൽ പ്രവർത്തിച്ചിരുന്നു. തുടർന്ന് പുന്നലയിൽഎസ്സ്. രാഘവൻ, ആർ. തങ്കപ്പൻ നായർ എന്നിവരുടെ നേതൃത്വത്തിലും കർഷകസംഘങ്ങളുണ്ടായി. കടശ്ശേരി, കറവൂർ തുടങ്ങിയ ഇടങ്ങളിലും ഇതു വ്യാപിച്ചു.

കമുകുംചേരി പരസ്പരസഹായസഹകരണസംഘമാണ് ഈ ഇനത്തിൽ ആദ്യത്തേത്. 75 വർഷങ്ങൾക്കു മുമ്പ് എലിക്കാട്ടൂർ തളയ്ക്കൽ നാരായണപിള്ള, കണ്ണംകര പരമേശ്വരൻപിള്ള, ചക്കാലയിൽ നാരായണപിള്ള സാർ, നെടിയവിള കുഞ്ഞച്ചൻ മുതൽപേർ ഇതിന്റെ പ്രവർത്തകർ ആയിരുന്നു. ഈ സംഘമിപ്പോൾ നിലവിലില്ല. തുടർന്ന് ആദ്യമുണ്ടായ സഹകരണസ്ഥാപനം കൊല്ലവർഷം 1102-ൽ ശ്രീമാൻമാർ പി.എസ്. പരമേശ്വരക്കുറുപ്പ്, കൃഷ്ണൻ നായർ, പണിക്കർ സാർ, മൈതീൻകുഞ്ഞ് കൊച്ചയ്യം, വേലുപ്പിള്ള തേക്കിൻകാട്, എ. മത്തായി, കല്പകവിലാസം ബാവാ സാഹിബ്, പി. വർക്കി, കറുത്തകുഞ്ഞ് മുതലായവർ ചേർന്ന് പുന്നലയിൽ രൂപീകരിച്ച പരസ്പരസഹായസഹകരണസംഘമാണ്. ഇതാണ് ഇപ്പോഴത്തെ പുന്നല സർവ്വീസ് സഹകരണസംഘം (ക്ലിപ്തം) 1389. പിന്നീട് 1106-ൽ (കൊല്ലവർഷം) പിറവന്തൂർ സഹകരണസംഘം ഉണ്ടായി. കൃഷ്ണപുരത്ത് കൃഷ്ണൻവൈദ്യൻ എന്ന വ്യക്തിയായിരുന്നു ഇതിന്റെ സ്ഥാപകപ്രവർത്തകൻ. കളത്താരടി എൻ. വിശ്വംഭരൻ, എസ്. സുധാകരൻ ശാരദാമന്ദിരം കരുണാകരൻ തുടങ്ങിയവരും ഇതിന്റെ പ്രവർത്തനത്തിൽ മുഖ്യപങ്കുവഹിച്ചവരാണ്. അതാണ് 1471-ാം നമ്പർ സർവ്വീസ്സഹകരണബാങ്കായി ഇന്ന് നിലകൊള്ളുന്നത്.

60–70 വർഷങ്ങൾക്കു മുമ്പ് അധികമാരും ഷർട്ടു ധരിച്ചിരുന്നില്ല. ഒറ്റമുണ്ടും, മേൽമുണ്ടായി തോർത്ത് അഥവാ നേരിയത് ഇവ മാത്രമായിരുന്നു വേഷം. എല്ലാപുരുഷന്മാരും കൗപീനം അടിവസ്ത്രമായി ഉപയോഗിച്ചിരുന്നു. സ്ത്രീകൾ ഒറ്റമുണ്ടും ഉടുത്ത് തോർത്തുകൊണ്ട് മാറു മറച്ചിരുന്നു. താണജാതിയിൽപ്പെട്ട സ്ത്രീകൾക്ക് മാറുമറയ്ക്കാൻ അവകാശമുണ്ടായിരുന്നില്ല. (തിരുവിതാംകൂറിന്റെ തെക്കൻദിക്കിൽ മാറുമറയ്ക്കാനുള്ള അവകാശം നേടിയെടുക്കാൻ പ്രക്ഷോഭണവും നടന്നിട്ടുണ്ട്.)

സ്വന്തമായി കൃഷിചെയ്തുണ്ടാക്കിയിരുന്ന ഭക്ഷ്യവിളകളെ ആശ്രയിച്ചുള്ള ഒരു ആഹാരരീതിയാണ് മുഖ്യമായും നിലനിന്നിരുന്നത്. ഈ പ്രദേശത്ത് സുലഭമായി ലഭിച്ചിരുന്ന കാട്ടിറച്ചി, പുഴമത്സ്യം,

ഇലക്കറികൾ എന്നിവയും ഭക്ഷണത്തിന്റെ ഭാഗമായി ഉപയോഗിച്ചിരുന്നു.

പുന്നലയിൽ കുടിയേറിപ്പാർത്ത ജനത ഉദ്ദേശം മുക്കാൽ നൂറ്റാണ്ടിനുമുമ്പ്, നാടിന്റെ വികസനത്തിനുവേണ്ടി കൂട്ടായി ശ്രമദാനം നടത്തിയതിന്റെ സ്തുത്യർഹമായ ചരിത്രവും ഈ നാടിനുണ്ട്. പണ്ട് കൊട്ടാരക്കര തമ്പുരാൻ, മാമ്പഴത്തറ അമ്പലത്തിലേക്ക് കുതിരപ്പുറത്തു പോകുന്നതിനായി ഏനാർ മാമ്പഴത്തറ നടപ്പാത നിർമ്മിച്ചിരുന്നത് പുന്നല വഴിയായിരുന്നു കടന്നുപോയിരുന്നത്. 75 വർഷം മുമ്പ് പുന്നലവാസികൾ സംഘടിച്ച് ആബാലവൃദ്ധം ജനങ്ങൾ ശ്രമദാനം നടത്തിയതിന്റെ ഫലമായി ചാച്ചിപുന്ന വഴി പത്തനാപുരത്തേയ്ക്ക് 6 കിലോമീറ്റർ നീളത്തിലുള്ള പ്രസ്തുത പാത കാളവണ്ടിയ്ക്കും മറ്റും പോകത്തക്കവിധത്തിൽ വെട്ടി നല്ലൊരു റോഡാക്കി മാറ്റി. പുന്നലയിൽ നിന്ന് അലിമുക്കിലേക്കുള്ള റോഡും ശ്രമദാനമായി ഉണ്ടാക്കിയതാണ്. ഈ റോഡുകൾ പിന്നീട് ഗവണ്മെന്റ് ഏറ്റെടുത്തു. സ്കൂളിന് സ്ഥലം കണ്ടെത്തി നിരപ്പാക്കി സ്കൂൾകെട്ടിടം പുന്നലനിവാസികൾ നിർമ്മിച്ചതും ശ്രമദാനരൂപത്തിലായിരുന്നു. പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ (പെരുന്തോയിൽ, പിറവന്തൂർ, കമുകുംചേരി, എലിക്കാട്ടൂർ) സാമൂഹ്യ ആവശ്യങ്ങൾക്കുവേണ്ടിയുള്ള നിർമ്മാണപ്രവർത്തനങ്ങൾ ഇതുപോലെ ജനപങ്കാളിത്തത്തോടെ നടന്നിട്ടുണ്ട്. അഭിമാനാർഹമായ ഒരു സാമൂഹ്യബോധത്തിന്റെ ഉടമകളായിരുന്നു അന്നത്തെ ഗ്രാമവാസികൾ എന്നു പറയാതിരിക്കാൻ പറ്റില്ല. ഒപ്പം മതസൗഹാർദ്ദത്തിന്റെയും.

പ്രധാനസ്ഥലങ്ങളും, സ്ഥലനാമങ്ങളുടെ വ്യുൽപ്പത്തിയും

(അവലംബം: പുരാരേഖകൾ, ഐതിഹ്യം, കാരണവസംഗമത്തിലെ അഭിപ്രായങ്ങൾ, സാഹചര്യത്തെളിവുകൾ, ഫിലോളജി)

പല സ്ഥലപ്പേരുകളും എങ്ങനെയുണ്ടായി എന്ന് വ്യക്തമായിപ്പറയാൻ മതിയായ തെളിവുകളില്ല. കിട്ടിയതെളിവുകളുടെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയ നിഗമനങ്ങളാണിവ. അവയിൽ തെറ്റുപറ്റിക്കൂടെന്നില്ല. ലഭ്യമായ വിവരങ്ങളിൽ നിന്ന് എത്തിച്ചേർന്ന നിഗമനങ്ങൾ ചുവടെ ചേർക്കുന്നു.

1. പിറവന്തൂർ:

ഇതുവഴി കടന്നുപോയ വ്യാപാരസംഘങ്ങൾക്ക് ഒരിക്കൽ കറുത്തവാവിനുശേഷം 'പിറ' കാണാൻ കഴിഞ്ഞസ്ഥലം എന്നൊരുകഥ കേട്ടിട്ടുണ്ട്. ഇത് കെട്ടുകഥയാണ്. കാരണം ഈ സ്ഥലത്തിന്റെ പേര് കുറവന്തൂർ എന്നായിരുന്നു എന്നതിന് പഴയപ്രമാണരേഖകൾ ഉണ്ട്. രാജഭരണകാലത്ത് (ശ്രീമൂലം തിരുനാൾ) ചില നമ്പൂതിരിഇല്ലങ്ങൾക്ക് തുല്യം ചാർത്തികൊടുത്ത പ്രദേശമാണിത്. അങ്ങനെയുള്ള ചില രേഖകളിൽ കുറവന്തൂർ എന്നാണ് കാണുന്നത്. കുറവജാതിക്കാർ ഏറെ തിങ്ങിപ്പാർത്തിരുന്ന നാടായതിനാലാണ് ഈ പേരു വന്നതെന്ന വാദവും ശരിയല്ല. കാരണം കുറവർ ഇവിടെ കൃഷിപ്പണിക്കു വേണ്ടി കുടിയിരുത്തപ്പെട്ടതാണ്. അതിനു മുമ്പുതന്നെ ഈ പേരുണ്ട്. തന്നെയുമല്ല വ്യുൽപ്പത്തി നിയമം അനുസരിച്ച് കുറവരുടെ നാടാണെങ്കിൽ കുറവന്നൂർ എന്നോ കുറവരൂർ എന്നോ വരാനേ സാദ്ധ്യതയുള്ളൂ. പഴയമലയാളത്തിൽ 'കുറ' എന്ന വാക്കിന് ഉൽക്ക എന്ന് അർത്ഥമുണ്ട്. ആകാശത്തിലെ കുറക്കൊള്ളി എന്നും പറഞ്ഞിരുന്നു. പണ്ടെന്നോ അത്യുജ്ജ്വലപ്രഭയോടുകൂടി ഒരു കൊള്ളിമീൻ ഈ പ്രദേശത്ത് എരിഞ്ഞു താഴുന്നതായി കണ്ടിരിക്കാം. ചിലപ്പോൾ ഭൂമിയിൽ പതിച്ചു എന്നുംവരാം. അങ്ങനെയായാൽ കുറവന്തതായ ഊര് കുറവന്തൂർ ആയെന്നും വരാം. കുറവന്തൂരിലെ കുറവശബ്ദത്തിൽ പതിത്വം കണ്ട ആളുകൾ പിന്നീട് പരിഷ്കരിച്ച് പിറവന്തൂർ ആക്കിയെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു.

2. നാരങ്ങാപ്പുറം:

പിറവന്തൂർ എന്ന പേരുണ്ടാകുന്നതിനു മുമ്പുതന്നെ നാരങ്ങാപ്പുറം എന്ന വാക്കുണ്ടായതായി അനുമാനിക്കേണ്ടിയിരിക്കുന്നു. ഇന്ത്യയിലുള്ളമൊത്തം ഭൂമിയുടെ സർവ്വേമാപ്പ് കേന്ദ്രസെക്രട്ടേറിയേറ്റിൽ(ഡൽഹിയിൽ) ഉണ്ട്. ബ്രിട്ടീഷുകാർ ഭരിച്ചിരുന്ന കാലത്ത് തയ്യാറാക്കിയ മാപ്പാണ് ഇത്. അതിൽ പിറവന്തൂർ എന്നോ കുറവന്തൂർ എന്നോ ഉള്ള പേര് കാണാനില്ല. അതേസമയം നാരങ്ങാപ്പുറം എന്നു പേരുണ്ടുതാനും. നാരങ്ങാപ്പുറം പോലെ ഉരുണ്ട കുന്നുള്ളതു കൊണ്ടാവാം ഈ പേര് വന്നത്. അതോ അവിടെയുണ്ടായിരുന്നതും നാരങ്ങാപ്പുറം പോലെ ഉരുണ്ടതുമായ ഒരു പാറ അവിടെയുണ്ടായിരുന്നിരിക്കാനും മതി.

3.കടയ്ക്കാമൺ:

ഈ സ്ഥലത്തിന്റെ പഴയ പേര് അടയ്ക്കാമൺ എന്നായിരുന്നു എന്നു കേൾക്കുന്നു. ഒരു പക്ഷേ തോടിന്റെ തടങ്ങളിൽ അടയ്ക്കാ (കാട്ടടയ്ക്കായുമാകാം) ധാരാളം ഉണ്ടായിരുന്നതിനാലാകാം ഈ പേരുണ്ടായത്. കാട്ടുപത്തനാപുരം എന്നറിയപ്പെട്ടിരുന്ന പത്തനാപുരത്തിന്റെ ഭാഗമാണിവിടം എന്നതും സ്മർത്തവ്യമാണ്.

4. ചേകം:

മലബാറിലെ ചേകോർ വിഭാഗത്തിലെ ഏതോ ഒരുകുടുംബം ഇവിടെ വന്നു താമസമാക്കിയതിനാൽ ഈപേരുണ്ടായി എന്നൊരു അഭിപ്രായം ഉണ്ട്. ഇത് കേട്ടുകേഴ്വിയല്ലാതെ ആ കുടുംബത്തെക്കുറിച്ച് ഇന്നൊരു വിവരവുമില്ല. ചേകം എന്നവാക്കിന് രാജസേവ എന്നർത്ഥമുണ്ട്. പഴയകാലത്ത് ചെറിയചെറിയ നാട്ടുരാജ്യങ്ങളായിരുന്നു ഈ നാട്. വേണാടിന്റെ ഭാഗമായിതീർന്ന ഇളയിടത്തു സ്വരൂപത്തിലെ തമ്പുരാക്കന്മാരുടെ സേവ നടത്തിയിരുന്ന ചില നായർത്തറവാടുകളിവിടെയുണ്ടായിരുന്നെന്നും ചേകം നടത്തിയിരുന്നവരുടെ സ്ഥലം എന്നതരത്തിൽ ചേകം എന്ന പേര് സ്ഥലത്തിനു ലഭിച്ചു എന്നു വിശ്വസിക്കാൻന്യായമുണ്ട്. രാജാവിന്റെ മഞ്ചൽ ചുമട്ടുകാരുടെ നാടെന്നു വിശ്വസിക്കാവുന്ന മഞ്ചള്ളൂർ ഇതിനടുത്താണെന്നും ഓർമ്മിക്കുക.

5. കമുകുംചേരി:

കടയ്ക്കാമണ്ണിന്റെറതു പോലെ കമുകുകളുടെചേരിപ്രദേശമായിരുന്നിരിക്കണം ഇത്. ആറ്റുതീരങ്ങളിലും മറ്റും ധാരാളം കമുകുകൾ ഉണ്ടായിരുന്നിരിക്കാം.

6. എലിക്കാട്ടൂർ:

എലിക്കാട്ടൂർ എന്ന വീട്ടു പേരുള്ള ഒരു കുടുംബം കമുകുംചേരിഭാഗത്തുണ്ട്. അതിന്റെ ഒരു ശാഖ എലിക്കാട്ടൂരും താമസമാക്കി. നാട്ടുപേരിൽ നിന്ന് വീട്ടുപേരോ വീട്ടുപേരിൽ നിന്ന് നാട്ടുപേരോ ഏതാണുണ്ടായതെന്നറിവില്ല. എലിമുള്ള് എന്നചെടി ഇവിടെ സമൃദ്ധിയായി വളർന്നിരുന്നു എന്നും, എലിക്കാട്ടൂർ എന്ന പേര് ആവിധത്തിൽ വന്നതാണെന്നും പക്ഷമുണ്ട്. ഇന്നും ജീവിച്ചിരിക്കുന്നവരുടെ ഓർമ്മയിൽ ഇവിടം കാട്ടുപ്രദേശമായിരുന്നു. ഇലക്കാടുകൾ ധാരാളം ഉണ്ടായിരുന്നതിനാൽ ഇലക്കാട്ടൂരായും പിന്നീടത് എലിക്കാട്ടൂരായും പരിണമിച്ചു എന്നു വിശ്വസിക്കാം. എന്തായാലും ജനവാസം കുറവായതിനാൽ എലിയുടെ സാന്നിദ്ധ്യമാവില്ല കാരണം, ജനവാസമുള്ളിടത്തേ എലി കൂടുതലായി കാണൂ.

7. ചെറുപ്പാണ്ടറ:

ചെറുപ്പിൻ തറയാണ് ചെറുപ്പാണ്ടറയായത്. നായാട്ടിൽ മൃഗങ്ങളെ വെടിവയ്ക്കാനുള്ള കടവുകൾക്ക് പണ്ട് ചെറുപ്പ് എന്നുപറഞ്ഞിരുന്നു. (കേരള വർമ്മ വലിയകോയിതമ്പുരാന്റെ മൃഗയാസ്മരണകളിൽ ഈ വാക്ക് ഉപയോഗിച്ചുകാണുന്നു.) ചെറുപ്പിൻ തറ ചെറുപ്പാണ്ടറയായി.

8. മുക്കടവ്:

രണ്ട് ആറുകൾ ചേർന്ന് മൂന്നാമതൊരാറായിത്തീരുന്ന സ്ഥലമായതിനാൽ ഈ പേരു വന്നു. ഇത്തരം റോഡുസംഗമത്തിന് മുക്ക് എന്ന് പറയാറുണ്ടല്ലോ.

9. വന്മള:

വൻമലയാണ് വന്മളയായതെന്നൊരു പക്ഷമുണ്ട്. അടുത്തുള്ള വൻമലയ്ക്ക് ആളുകേറാമല എന്നു പ്രത്യേകം പേരുള്ളതിനാൽ ഈവാദഗതി നിലനിൽക്കുന്നില്ല. തൊട്ടുരുമ്മിയൊഴുകുന്ന ആറിന് ഈ ഭാഗത്ത് ഒരു വൻ വളവുണ്ട് – ഒന്നല്ല രണ്ട്. വൻ വളവുള്ള സ്ഥലം വന്മളയായതാകാൻ ന്യായമുണ്ട്. ആറ്റുതീരത്ത് വൻ മുളക്കൂട്ടം ഉണ്ടായിരുന്നതിനാൽ വൻമുളയായും പിന്നീട് വന്മളയായും പരിണമിച്ചെന്നും വരാം.

10. കറവൂർ:

പത്തനാപുരം പറക്കോട് ചന്തകളിലേക്ക് തമിഴ്നാട്ടിൽ നിന്നും കന്നുകാലികളെ കൊണ്ടുവരും വഴി ഒരുവയെ കുളിപ്പിക്കാനും കറക്കാനും സൗകര്യം ഉള്ളയിടമായതിനാൽ കറവ+ഊർ = കറവയൂർ എന്നാവുകയും പിന്നീട് കറവൂരാവുകയും ചെയ്തു എന്ന ഒരു വാദമുണ്ട്. ഇവിടെ ഒരു ഫാറസ്റ്റ് ഗാർഡ് സ്റ്റേഷൻ വളരെക്കാലം മുമ്പുമുതലേയുണ്ട്. (ആന കയറാതെ കിടങ്ങും മറ്റും കുഴിച്ചിരുന്നു.) കറവ് എന്ന വാക്കിന് നികുതി, തീരുവ എന്നൊക്കെയർത്ഥമുണ്ട്. മലബാരക്കുകൾ, പുല്ല് (പുരമേയുന്നതിന്) തെക്കാമൈനിൽ നിന്ന് മൈക്കാ എന്നിവ കടത്തിക്കൊണ്ടുപോകുന്നതിന്, 'കറവ്' കൊടുക്കേണ്ടിയിരുന്ന സ്ഥലം എന്നയർത്ഥത്തിൽ കറവൂരാകാൻ കൂടുതൽ ന്യായം കാണുന്നു.

11. പെരുന്തോയിൽ:

തോയം = വെള്ളം. കൂടുതൽ വെള്ളപ്പൊക്കമുള്ള (പുതയൽ) സ്ഥലം എന്ന അർത്ഥത്തിൽ തോയിൽ എന്ന പ്രയോഗവും പണ്ടുണ്ടായിരുന്നു. തൊയ്യിൽ എന്ന വാക്കിന് ഉഴുതിട്ട സ്ഥലം എന്നും അർത്ഥമുണ്ട്. ഇവിടെയുള്ള ഏലായ്ക്ക് ഒന്നര കിലോമീറ്ററോളം നീളമുണ്ട്. ഏലായിലേറെ പുതയുന്നിടമുണ്ടായിരുന്നു. പെരിയതോയിൽ പെരുന്തോയിൽ ആയിരിക്കാൻ സാദ്ധ്യതയുണ്ട്. ഉഴുതു

കൃഷിചെയ്യുന്നിടം എന്ന അർത്ഥത്തിൽ പെരുംതൊയ്യിൽ ക്രമേണ പെരുന്തോയിൽ ആകാനും മതി.

12. മൈക്കാമൈൻ:

മൈക്കാ ഖനനം ചെയ്തിരുന്നതിനാൽ ഈ പേരുണ്ടായി എന്നത് തർക്കമറ്റ കാര്യമാണ്. മൈക്കായ്ക്ക് മലയാളത്തിൽ കാക്കപ്പൊന്ന് എന്നു പറയും. ഈ സ്ഥലത്തിന് കാക്കപ്പൊന്ന് എന്നും പേരുണ്ട്.

13. മാതേരുമണ്ണ്:

മഹാദേവർ മണ്ണാണ് മാതേരുമണ്ണായത്. ഇവിടെ ഒരു പഴയ ശിവക്ഷേത്രമുണ്ടായിരുന്നത് സമീപകാലത്ത് പുനഃരുദ്ധരിച്ചു.

14. ചെമ്പനരുവി:

ആറ്റിൽ (തോട്ടിൽ) വെള്ളം കുറയുമ്പോൾ ഓരു കലർന്ന ചെമന്നപാട ഇലോപരിതലത്തിൽ കാണാനിടയായതിനാൽ ചെമ്പനരുവി എന്ന പേരു വന്നു.

15. കടശ്ശേരി:

പാട്ടക്കാരന് കൃഷിയിറക്കാൻ പണം തികയാതെ വന്നപ്പോൾ ആയിരം പണം കടംവാങ്ങി കൃഷിയിറക്കിയെന്നും ഈ കടംവീട്ടാൻ കഴിയായെ വന്നതിനാൽ കടശ്ശേരി എന്നു പേരുവന്നു എന്നും ഒരു ഐതീഹ്യം കേൾക്കുന്നു.

16. പുന്നല:

ഇവിടുത്തെ നിലങ്ങളിൽ സമൃദ്ധയായ വിളവുണ്ടായപ്പോൾ പൊന്നുവിളയുന്ന സ്ഥലം എന്ന അർത്ഥത്തിൽ പൊൻ നിലം എന്നു പറഞ്ഞു വന്നിരുന്നുവെന്നും അത് രൂപാന്തരം വന്ന് പുന്നലയായി എന്നും ആ നാട്ടുകാർ പരക്കെ വിശ്വസിക്കുന്നു. പുതുതായി വെട്ടിത്തെളിച്ചു കൃഷിയിറക്കിയയിടം എന്ന അർത്ഥത്തിൽ പുന്നിലം പുന്നല ആയി പരിണമിച്ചു എന്നു ചിന്തിക്കാനും സാംഗത്യമുണ്ട്.

17. ചാച്ചിപ്പുന്ന:

കൃഷിവിഭവങ്ങൾ തലച്ചുമടായി പുന്നലയിൽ നിന്നും പത്തനാപുരം മാർക്കറ്റിലേക്കു കൊണ്ടുപോകും വഴി, വഴിയോരത്ത് ചുമടിറക്കി വയ്ക്കാൻ പാകത്തിൽ ഒരു പുന്നമരം ചരിഞ്ഞു നിന്നിരുന്നതായി പഴമക്കാർ പറയുന്നു. ചാഞ്ഞ പുന്ന ചാച്ചിപ്പുന്ന ആയി എന്നു വിശ്വസിക്കപ്പെടുന്നു. (കിടക്കുന്നതിന് ചാച്ചുക എന്ന വാക്ക് കൊച്ചുകുട്ടികൾ പറയുന്നത് ഓർക്കുക.)

18. അലിമുക്ക്:

പണ്ട് ഒരു അലി റാവുത്തരുടെ ചായക്കട മാത്രമാണ് ഈ ജംഗ്ഷനിൽ ഉണ്ടായിരുന്നത്. അതാണ് അലിമുക്ക് എന്ന പേരിനടിസ്ഥാനം. ആ നാമം അനശ്വരമായി ഇന്നും നിലനിൽക്കുന്നു.

2

ഭരണപരമായ ചരിത്രം

പത്തനാപുരം പഞ്ചായത്തിന്റെ ഭാഗമായിരുന്ന ചേകം, പിറവന്തൂർ, എലിക്കാട്ടൂർ, പുന്നല. കറവൂർ, വന്മള പ്രദേശങ്ങൾ ഉൾപ്പെടുത്തി പിറവന്തൂർ പഞ്ചായത്ത് രൂപീകരിച്ചത് 1961-ൽ ആണ്. (28-12-1961 ലെ M.S. 191/ 61/ DD നമ്പർ സർക്കാർ വിജ്ഞാപനം) രൂപീകരണത്തെ തുടർന്ന് സ്പെഷ്യൽ ആഫീസറുടെ ഭരണത്തിലായ പഞ്ചായത്തിൽ ആദ്യത്തെ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി 1963 ഡിസംബർ 19ന് അധികാരത്തിൽ വന്നു.

ചേകം I, പിറവന്തൂർ II, എലിക്കാട്ടൂർ III, ചാച്ചിപ്പുന്ന IV, പുന്നല V, കറവൂർ VI, വന്മള VII, എന്നിങ്ങനെ ഏഴു വാർഡുകളും 8 മെമ്പർമാരും ആണ് ഉണ്ടായിരുന്നത്. പിറവന്തൂർ വാർഡിൽ ഒരു പൊതു മണ്ഡലവും ഒരു സംവരണ മണ്ഡലവും ഉണ്ടായിരുന്നതിനാലാണ് മെമ്പർമാരുടെ എണ്ണം 8 ആയത്. വാർഡുക്രമത്തിൽ വി.ആർ. കുമാരൻ, പി.ഒ. നാരായണൻ, കെ. ലൂക്കോസ്, പി.എൻ. തോമസ്, സി.എ. ഹമീദ്ഖാൻ, ഐ. കൊച്ചുകൃഷ്ണൻ, വി. രവീന്ദ്രൻ എന്നിവരും രണ്ടാംവാർഡിലെ സംവരണ മണ്ഡലത്തിൽ ഏ. കൊച്ചുകുഞ്ഞുമായിരുന്നു പ്രതിനിധികൾ.

ഒന്നാംവാർഡിലെ വി.ആർ. കുമാരൻ ആയിരുന്നു ആദ്യത്തെ പ്രസിഡന്റ്. മൂന്നാം വാർഡുമെമ്പർ കെ. ലൂക്കോസ് വൈസ്പ്രസിഡന്റും. വോട്ടിംഗിൽ സമനില വന്നതിനാൽ നറുക്കെടുപ്പിലൂടെയാണ് പ്രസിഡന്റിനെ തീരുമാനിച്ചത്.

1964 -ൽ ഒരു വനിതാമെമ്പറെ കൂടി നോമിനേറ്റു ചെയ്തതോടെ മെമ്പർമാരുടെ എണ്ണം 9 ആയി. പുന്നല കീരിക്കൽ മേരി ജോർജ്ജ് ആണ് നോമിനേറ്റു ചെയ്യപ്പെട്ട വനിതാമെമ്പർ. 8-6-1973-ൽ വി.ആർ. കുമാരൻ രാജിവച്ചതിനെ തുടർന്ന് വൈസ് പ്രസിഡന്റായിരുന്ന കെ. ലൂക്കോസ് പ്രസിഡന്റായി. സി.എ. ഹമീദ്ഖാനെ വൈസ്പ്രസിഡന്റായും തെരഞ്ഞെടുത്തു. പഞ്ചായത്ത് തെരഞ്ഞെടുപ്പ് യഥാകാലം നടക്കാതിരുന്നതിനാൽ 1963 മുതൽ 1979 വരെയുള്ള 16 വർ,ക്കാലം ഈ ഭരണ സമിതി നിലനിന്നു.

പത്തനാപുരം പഞ്ചായത്തിന്റെ ഭാഗമായി നിലനിന്ന കുമുകുംചേരി, കിളക്കേമുറി ഭാഗങ്ങൾ 1966-ൽ പിറവന്തൂർ പഞ്ചായത്തിനോട് ചേർത്ത് *പത്താമത്തെ വാർഡായി ചെമ്പനരുവി വാർഡും, എലിക്കാട്ടൂർ വാർഡിന്റെ ഭാഗങ്ങളായ മുന്നാമല, ചെറപ്പാറ്റ്ഭ, മുക്കടവ്, 2-ാം വാർഡിലെ ചീവോടിന്റെ ഒരു ഭാഗം ഇവ ചേർത്ത് പതിനൊന്നാമത്തെ വാർഡായി മുക്കടവ് വാർഡും രൂപീകരിച്ചു.

1979-ൽ നടന്ന പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ രണ്ടാംവാർഡിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട കെ.ജി. രവീന്ദ്രൻ പ്രസിഡന്റായി. എൻ.കെ. കൃഷ്ണൻ (1), കെ.പി. രാജൻ (3), ശോശാമ്മ ഉമ്മൻ (4), ഹാജി. എച്ച്. അബ്ദുൽ അസീസ് (5), കെ. നീലാംബരൻ (6), വി. രവീന്ദ്രൻ (7), ആർ. രാമചന്ദ്രൻ (9). വൈ. ജോർജ്ജ് (11), എൻ. പുരുഷോത്തമൻ നായർ (10), പി.വി. അലക്സാണ്ടർ (8) എന്നിവരായിരുന്നു മെമ്പർമാർ. ഒന്നാംവാർഡുമെമ്പർ എൻ.കെ. കൃഷ്ണൻ വൈസ് പ്രസിഡന്റായിരുന്നു.

കാലാവധി കഴിഞ്ഞതിനാൽ ഭരണ സമിതി സർക്കാർ പിരിച്ചുവിട്ടതിനെ തുടർന്ന് 20.10.84 മുതൽ സ്പെഷ്യൽ ആഫീസറുടെ ഭരണത്തിലായി. അതിനുമുമ്പ് കുറെക്കാലം പ്രസിഡന്റിന്റെ ചുമതല വഹിച്ചിരുന്നത് വൈസ്പ്രസിഡന്റ് എൻ.കെ. കൃഷ്ണനായിരുന്നു.

1984-ൽ പുന്നല വാർഡിന്റെ തോക്കോട്, ചാച്ചിപ്പുന്ന വാർഡിന്റെ തച്ചൻകോട്, ചെമ്പനരുവി വാർഡിന്റെ പടിഞ്ഞാറെ വെള്ളംതെറ്റി, കടശ്ശേരി ഭാഗങ്ങൾ ഉൾപ്പെടുത്തി 12-ാമത്തെ വാർഡായി കടശ്ശേരി വാർഡു രൂപീകരിച്ചു.

1988ലെ തെരഞ്ഞെടുപ്പിനെ തുടർന്ന് ഫെബ്രുവരിയിൽ നിലവിൽ വന്ന ഭരണസമിതിയിൽ 7-ാംവർഡുമെമ്പർ കെ.റ്റി. ഡാനിയൽ പ്രസിഡന്റായി. എൻ.കെ. കൃഷ്ണൻ (1), കെ. പൊന്നമ്മ (2), സി.എൻ. ദിലീപ് (3), മാത്യുതോമസ് (4), ത്രിവിക്രമൻ പോറ്റി (5), വി.എൻ. സരസ്സമ്മ (6), കെ. രവീന്ദ്രൻപിള്ള (8), പി. വാസുദേവൻ പിള്ള (9), എൻ. പുരുഷോത്തമൻ നായർ (10) പി. ഗോപാലകൃഷ്ണ പിള്ള (11), എം. എ. മുഹമ്മദ് (12) എന്നിവരായിരുന്നു മെമ്പർമാർ. 8-ാം വാർഡുമെമ്പർ കെ. രവീന്ദ്രൻ പിള്ള വൈസ് പ്രസിഡന്റായി.

1994-ൽ ചെമ്പനരുവി വാർഡിന്റെ ചണ്ണക്കാമൺ മഹാദേവർ മൺ, വെരുഴി കടശ്ശേരി വാർഡിന്റെ കിഴക്കേ വെള്ളംതെറ്റി പ്രദേശവും കറവൂർ വാർഡിന്റെ കുമരംകുടി, പെരുന്തോയിൽ പ്രദേശങ്ങളും ചേർത്ത് 13-ാമത്തെ വാർഡായി പെരുന്തോയിൽ വാർഡു രൂപീകരിച്ചു.

ഇപ്പോൾ നിലവിലുള്ള ഭരണസമിതി 1995 ഒക്ടോബറിലാണ് നിലവിൽ വന്നത്. 10-ാം വാർഡുമെമ്പർ ആർ. ശ്രീനിവാസൻ പ്രസിഡന്റും 11-ാം വാർഡുമെമ്പർ പി.കെ. രവീന്ദ്രൻ വൈസ്പ്രസിഡന്റുമാണ്. 8-ാം വാർഡുമെമ്പർ അഡ്വ: വർഗ്ഗീസ് മാളിയേക്കൽ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനുമാണ്. കെ. പുഷ്പലത (1), ഡി. രാജു (2), ഓമനാ രവീന്ദ്രൻ (3), പി.എസ്സ്. ജോർജ്ജ് (4), സി.എച്ച്. ആഗാഖാൻ (5), തോമസ് മാത്യു (6), എസ്സ്. ഉഷാകുമാരി (7), എൻ. സുശീല (9), ഓമനാ രാജൻ (12) കെ.പി. അജിത് (13) എന്നിവരാണ് മെമ്പർമാർ.

പഞ്ചായത്തു രൂപീകരണം മുതൽ 1967 വരെ പ്രതിമാസം 6 രൂപ വാടകയ്ക്ക് പിറവന്തൂർ പുത്തൻവീട്ടിൽ എം. നാരായണന്റെ കെട്ടിടത്തിൽ ഓഫീസ് പ്രവർത്തിച്ചു. വില്ലേജാഫീസിനു കെട്ടിടം പണിയുന്നതിനുവേണ്ടി പുത്തൻവിളയിൽ മുണ്ടൻ നാരായണൻ എന്നയാൾ അര ചക്രം ക്രയവില പറ്റി റവന്യൂ വകുപ്പിനു കൊടുത്ത സ്ഥലത്താണ് ഇപ്പോൾ പഞ്ചായത്താഫീസ് പ്രവർത്തിക്കുന്നത്. വില്ലേജാഫീസിനു കൂടി സൗകര്യം കൊടുക്കണമെന്ന വ്യവസ്ഥയിൽ റവന്യൂവകുപ്പിന്റെ 25-6-1964 ലെ MS 422/ 64/ Rev നമ്പർ ഉത്തരവുപ്രകാരം ടി സ്ഥലം പഞ്ചായത്തിനു കൈമാറിയതാണ്. ഇതിന്റെ മുൻവശത്ത് റോഡ്സൈഡിനുള്ള $2^1/_2$ സെന്റ് സ്ഥലം കെ. നാണു എന്നൊരാളിന്റെ വകയായിരുന്നു. ടി സ്ഥലം കൂടി വിലയ്ക്കു വാങ്ങാൻ പഞ്ചായത്ത് ഭരണസമിതി ശ്രമം നടത്തുന്നതിനിടയിൽ 1964-ൽ ഈമ്മി സ്ഥലം പഞ്ചായത്തിനു സൗജന്യമായി വിട്ടുകൊടുത്തു. തുടർന്ന് 18500രൂ എസ്റ്റിമേറ്റിൽ 1967-ൽ പണിതകെട്ടിടത്തിലാണ് ഇപ്പോൾ പഞ്ചായത്താഫീസും പിറവന്തൂർ വില്ലേജാഫീസും പ്രവർത്തിക്കുന്നത്. പുതിയ കോൺഫറൻസ് ഹാൾ 1988 – 1995 കാലഘട്ടത്തിൽ അധികാരത്തിലുണ്ടായിരുന്ന ഭരണസമിതി പണികഴിപ്പിച്ചതാണ്.

* 8, 9 വാർഡുകളും, പുന്നല വാർഡിന്റെ ഭാഗമായിരുന്ന കടശ്ശേരി, ചെമ്പനരുവി കിഴക്കുഭാഗ പ്രദേശങ്ങൾ ചേർത്ത്

III -1 ഭൂപ്രകൃതി, കാലാവസ്ഥ, ജനപ്രകൃതി

ആമുഖം:

കൊല്ലംജില്ലയിലെ മൂന്ന് മുനിസിപ്പാലിറ്റി പ്രദേശങ്ങളിലൊന്നായ പുനലൂരിന് തൊട്ട് വടക്ക്വശത്തായി 12985 ഹെക്ടർ പ്രദേശത്തായി വ്യാപിച്ച് കിടക്കുന്ന ഒരു പഞ്ചായത്താണ് പിറവന്തൂർ. ചിത്രം 1. ഈ പഞ്ചായത്തിന്റെ വടക്കേ അതിർത്തി അച്ചൻകോവിലാറും, തെക്കേ അതിർത്തി പുനലൂർ നഗരസഭയുമാവുമ്പോൾ, കിഴക്ക് ആര്യങ്കാവ് പഞ്ചായത്തും, തെക്ക്കിഴക്ക് തെന്മലപഞ്ചായത്തും അതിരിടുന്നു. പിറവന്തൂരിന്റെ പടിഞ്ഞാറ്ദിശയിൽ പത്തനാപുരവും തെക്ക്പടിഞ്ഞാറായി തലവൂർ, വിളക്കുടി എന്നീ പഞ്ചായത്തുകളും സ്ഥിതിചെയ്യുന്നു. അക്ഷാംശരേഖാംശങ്ങളുടെ അടിസ്ഥാനത്തിൽ സ്ഥാനനിർണ്ണയം നടത്തുമ്പോൾ അക്ഷാംശം 9°2' 6" N മുതൽ 9° 10' 44" N വരെയും രേഖാംശം 76° 52' 2" E 77° 3' 5" E വരെയുമായി പിറവന്തൂർ വ്യാപിച്ചു കിടക്കുന്നതായി കാണാം. പ്രകൃതിദത്തമായിത്തന്നെ മലകളും, ജലാശയങ്ങളുംകൊണ്ട് അനുഗൃഹീതമായ ഈ പഞ്ചായത്തിന്റെ വടക്കേ അതിർത്തിയായ അച്ചൻകോവിലാറും, തെക്കേ അതിർത്തിയാവുന്ന കല്ലടയാറും പിറവന്തൂരിന്റെ മനോഹാരിതയെ പതിന്മടങ്ങ് വർദ്ധിപ്പിക്കുന്നു

ഭൂപ്രകൃതി:

ഭൂപ്രകൃതിപരമായി പത്തനാപുരം താലൂക്കിന്റെ മൊത്തം വിസ്തൃതിയുടെ (1223.7 Km^2) സിംഹഭാഗവും മലനാടുകളാണ്. തീരപ്രദേശങ്ങൾ തീരെ ഇല്ലാത്ത ഈ താലൂക്കിൽ 146.1 Km^2 ഇടനാടുകളാണുള്ളത്. പത്തനാപുരം താലൂക്കിന്റെ പൊതുസ്വാഭാവംപോലെതന്നെ, പിറവന്തൂർ പഞ്ചായത്തിലും മലനാടുകളും, ഇടനാടുകളും ഇടകലർന്ന് കാണപ്പെടുന്നു. ഭൂപ്രകൃതിപരമായി ഈ പഞ്ചായത്തിനെ പ്രധാനമായും അഞ്ച് മേഖലകളായി താഴെപ്പറയുംവിധം തരംതിരിച്ചിരിക്കുന്നു.

പട്ടിക – 1 (CESS)

ക്രമനമ്പർ	ഭൂപ്രകൃതി മേഖലകൾ	വിസ്തൃതി ഹെക്ടറിൽ	ശതമാനം
1.	5° ൽ താഴെ ചരിവുള്ളപ്രദേശങ്ങൾ	2645.37	20.37
2.	5° മുതൽ 10°വരെ ചരിവുള്ളപ്രദേശങ്ങൾ	3612.38	27.82
3.	10° മുതൽ 18°താഴെ ചരിവുള്ളപ്രദേശങ്ങൾ	3137.75	24.15
4.	18° മുതൽ 27°വരെ ചരിവുള്ളപ്രദേശങ്ങൾ	1993.0	15.34
5.	27° യിൽ കൂടുതൽകുത്തനെ ചരിവുള്ളപ്രദേശങ്ങൾ	1596.5	12.32
	മൊത്തം	1,2985	100

മേലുദ്ധരിച്ച പട്ടികയിൽ നിന്നും ഈ പഞ്ചായത്തിന്റെ ഭൂപ്രകൃതി മേഖലകളിൽ ഏറ്റവും കൂടുതലായി കാണപ്പെടുന്നത് 5°മുതൽ 10°വരെ ചരിഞ്ഞ (ചെറുതായി ചരിഞ്ഞ) പ്രദേശങ്ങളാണെന്ന് കാണാം. ഇവ പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയുടെ 27 ശതമാനം ഭാഗങ്ങൾ കയ്യടക്കി ഏകദേശം 3612 ഹെക്ടർ പ്രദേശത്തായി വ്യാപിച്ച് കാണുന്നു. ഭൂപ്രകൃതിപരമായി രണ്ടാംസ്ഥാനത്ത് നിൽക്കുന്നത് 3137 ഹെക്ടർ വിസ്തൃതിയിൽ 10°ക്കും 18°ക്കും മദ്ധ്യേ ചരിവുള്ള പ്രദേശങ്ങളാണ്. താഴ്വാരങ്ങൾ (വയലുകളുൾപ്പെടെ) എന്ന് വിശേഷിപ്പിക്കാവുന്ന ഭൂതലങ്ങൾ പഞ്ചായത്തിന്റെ മൊത്ത വിസ്തൃതിയുടെ 20.37% വരുന്നുണ്ട്. എന്നാൽ 18°യിൽ കൂടുതൽ ഉയരമുള്ള പ്രദേശങ്ങൾ ഉദ്ദേശം 3589.56 ഹെക്ടർ പ്രദേശത്തായി വ്യാപിച്ച് കാണുന്നു. 10°ക്ക് മുകളിൽ ചരിവുള്ള പ്രദേശങ്ങൾ റബ്ബർകൃഷിക്ക് ഏറ്റവും അനുയോജ്യമായവയാണെന്ന് അടുത്തകാലത്തെ ചില പഠനങ്ങൾ തെളിയിച്ചിരിക്കുന്നു. കുത്തനെ ചരിവുള്ള പ്രദേശങ്ങൾ, മൊത്തം വിസ്തൃതിയുടെ 12.32% മാത്രമേ ആവുന്നുള്ളൂ. 5° - 10° മദ്ധ്യേ ചരിവുള്ള പ്രദേശങ്ങളും, 10° - 18° വരെ ചരിവുള്ള പ്രദേശങ്ങളും കുത്തനെ ചരിവുള്ള പ്രദേശങ്ങളെ അപേക്ഷിച്ച് 2 മടങ്ങിൽ കൂടുതലുണ്ടെന്ന് കാണാം. ഒറ്റ നോട്ടത്തിൽ പഞ്ചായത്തിന്റെ ചരിവ്, വടക്ക്-കിഴക്ക് നിന്നും തെക്ക്-പടിഞ്ഞാറോട്ടാണെന്ന് മനസ്സിലാക്കാം. പിറവന്തൂരിന്റെ വിവിധ ഭൂപ്രകൃതി മേഖലകൾ കൂടുതൽ മനസ്സിലാക്കുന്നതിന് ചിത്രം 3 ശ്രദ്ധിക്കുക. ഓരോ മേഖലയും പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയുടെ എത്രഭാഗം വരുന്നു എന്നത് ശതമാനരേഖയിൽ നിന്നു മനസ്സിലാക്കാം.

നിമ്നോന്നത മേഖലകൾ:

വിവിധ നിമ്നോന്നത മേഖലകളാൽ ആവരണം ചെയ്യപ്പെട്ട് കിടക്കുന്നു എന്നുള്ളത് ഭൂമിശാസ്ത്രപരമായി തന്നെ പിറവന്തൂരിന്റെ ഒരു പ്രത്യേകതയാണ്. നിമ്നോന്നതിയെ കുറിച്ച് കൂടുതൽ മനസ്സിലാക്കുന്നതിന് ചിത്രം 4-ൽ കൊടുത്തിരിക്കുന്നതുപോലെ പഞ്ചായത്തിന്റെ തെക്കു-വടക്കായും,

കൊല്ലം ജില്ല

പഞ്ചായത്തുകൾ

Source : PRM Programme. CESS

ചിത്രം – 1.


ചിന്നവന്തൂർ പഞ്ചായത്തിലെ പ്രധാന നോഡുകളും സ്ഥലനാമങ്ങളും രേഖപ്പെടുത്തിയ ഭൂപടം.
N
1000 500 0 500 1000
തോണി
അരുവൻ കാവ് പഞ്ചായത്ത്
പത്തനാപുരം പഞ്ചായത്ത്
കടയ്ക്കൂരി
തെൻമല പഞ്ചായത്ത്
തലവൂർ പഞ്ചായത്ത്
To പത്തനാപുരം
To കൊട്ടാരക്കര
ചിത്രം - 2.

പിറവന്തൂർ പഞ്ചായത്തിലെ വിവിധ ഭൂപ്രകൃതി മേഖലകൾ.



അവലംബം : പഞ്ചായത്തിന്റെ വിഭവ ഭൂപടം സെറ്റ്.

ചിത്രം - 3

ചിറവന്തൂർ പഞ്ചായത്തിന്റെ നിംനോന്നത മേഖലകൾ.



ചിത്രം - 4


പിറവന്തൂർ പഞ്ചായത്തിലെ തെക്ക് വടക്ക് ദിശയിലൂടെയുള്ള നിംനോന്നതിയുടെ പരിഛേദനം.
500
400
300
200
100
വടക്ക്
തെക്ക്.

ചിത്രം - 5


ചിറവന്തൂർ പഞ്ചായത്തിലെ കിഴക്ക്-പടിഞ്ഞാറ് ദിശയിലൂടെയുള്ള നിംനോന്നതിയുടെ പരിഛേദനം.
500
400
300
200
100
ഓപ്പൺ ഫുൾ - ലെവൽ ഡിഫറൻസിലെ ഉയരവ്യത്യാസങ്ങൾ
പടിഞ്ഞാറ്
കിഴക്ക്.

ചിത്രം- 6

കിഴക്കു-പടിഞ്ഞാറായും 'ട്രാൻസെക്ട് വാക്ക്' (Transect walk) നടത്തിയാൽമതി. ചിത്രം 5ഉം 6ഉം പിറവന്തൂരിന്റെ തെക്കു-വടക്കായും, കിഴക്കു-പടിഞ്ഞാറായുമുള്ള നിമ്നോന്നതിയുടെ പരിച്ഛേദത്തെ സൂചിപ്പിക്കുന്നു. മുകളിൽ കൊടുത്തിട്ടുള്ള പരിച്ഛേദ ചിത്രത്തിൽ നിന്നും, ശരാശരി സമുദ്രനിരപ്പിൽ നിന്ന് വ്യത്യസ്ത ഉയരങ്ങളിൽ സ്ഥിതിചെയ്യുന്ന പ്രദേശങ്ങളെക്കുറിച്ച് എളുപ്പത്തിൽ മനസ്സിലാക്കാൻ സാധിക്കും. വടക്കു നിന്ന് തെക്കോട്ടുള്ള പരിച്ഛേദത്തിൽ 500M ൽ കൂടുതൽ ഉയരമുള്ള പ്രദേശങ്ങളും 300Mനും 500Mനും മദ്ധ്യേ ഉയരമുള്ള ആനപ്പാറമുടിയും 100M ൽ താഴെ ഉയരമുള്ള തൊടിക്കണ്ടം പ്രദേശങ്ങളും കാണാം. അതുപോലെ പടിഞ്ഞാറു നിന്നും കിഴക്കോട്ടുള്ള പരിച്ഛേദത്തിൽ ശരാശരി സമുദ്രനിരപ്പിൽ നിന്നും 100Mനും 300Mനും മദ്ധ്യേ ഉയരമുള്ള ഭാഗങ്ങളായ ചുടലക്കുന്ന് ചെരിപ്പിട്ടകാവ് എന്നീ സ്ഥലങ്ങൾക്കൊപ്പം 300Mനും 500Mനും ഇടയിൽ സ്ഥിതിചെയ്യുന്ന 'കയ്കുന്നം മലകളും' തുടർന്ന് കിഴക്ക് ദിശയിലേക്ക് കടക്കുമ്പോൾ വയലുകളുൾപ്പെടുന്ന താഴ്വാരപ്രദേശങ്ങളും വീക്ഷിക്കാം. നിമ്നോന്നതിയെ അടിസ്ഥാനപ്പെടുത്തി, ഈ പഞ്ചായത്തിനെ പ്രധാനമായും 4 മേഖലകളായി തരംതിരിച്ച് ചുവടെ കൊടുത്തിരിക്കുന്നു.

പട്ടിക – 2 (CESS)

ക്രമനമ്പർ	നിമ്നോന്നത മേഖലകൾ	വിസ്തീർണ്ണം ഹെക്ടറിൽ	ശതമാനം
1.	100Mൽ താഴെ ഉയരമുള്ളപ്രദേശങ്ങൾ	8236.13	63.42
2.	100Mനും 300Mനും മദ്ധ്യേ ഉയരമുള്ള പ്രദേശങ്ങൾ	4159.37	32.03
3.	300Mനും 500Mനും മദ്ധ്യേ ഉയരമുള്ളപ്രദേശങ്ങൾ	555.5	4.28
4.	500M ൽ കൂടുതൽ ഉയരമുള്ള പ്രദേശങ്ങൾ	34.0	.26
	ആകെ	12985	99.99

പട്ടിക 2-ൽ നിന്നും, പിറവന്തൂർ പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും (63.42%) 100Mൽ താഴെ ഉയരമുള്ളവയാണെന്നും അവ 8236 ഹെക്ടർ പ്രദേശങ്ങളിലായി വ്യാപിച്ചാണ് കിടക്കുന്നതെന്നും മനസ്സിലാക്കാം. 100Mനും 300Mനും മദ്ധ്യേ ഉയരമുള്ള പ്രദേശങ്ങൾ 100Mൽ താഴെ ഉയരമുള്ള പ്രദേശങ്ങളേക്കാൾ 2 മടങ്ങ് കുറവാണ് ഈ പ്രദേശങ്ങൾ, ഉദ്ദേശം 4159 ഹെക്ടർ സ്ഥലത്തായി പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയുടെ 32% ഭാഗം കൈയ്യടക്കി കാണുന്നു. എന്നാൽ 300Mനും 500Mനും മദ്ധ്യേ ഉയരമുള്ള പ്രദേശങ്ങൾ വെറും 555.5 ഹെക്ടർ പ്രദേശത്തു മാത്രമാണുള്ളത്. ഈ പ്രദേശങ്ങൾ 100Mൽ താഴെ ഉയരമുള്ള പ്രദേശങ്ങളെ അപേക്ഷിച്ച് 14 മടങ്ങും, 100Mനും 300Mനും മദ്ധ്യേ പൊക്കമുള്ള ഭാഗങ്ങളെ അപേക്ഷിച്ച് 7 മടങ്ങും കുറവാണെന്നു കാണാം. 500M ൽ കൂടുതൽ ഉയരമുള്ള പ്രദേശങ്ങളെ മേൽ വിവരിച്ച മറ്റു മൂന്നു നിമ്നോന്നത മേഖലകളുമായി തട്ടിച്ചു നോക്കുമ്പോൾ 500M ൽ കൂടുതൽ ഉയരമുള്ള പ്രദേശങ്ങൾ പിറവന്തൂർ പഞ്ചായത്തിൽ നന്നേ കുറവാണെന്നു കാണാം.

മൺതരങ്ങൾ:

ഭൂപ്രകൃതിയിലെ വ്യത്യാസത്തിനനുസരിച്ച് പിറവന്തൂരിലെ മൺപ്രകൃതിയും വ്യത്യാസപ്പെട്ടിരിക്കുന്നു. വയലുകളിലും, താഴ്വരകളിലും താരതമ്യേന മറ്റു താഴ്ന്ന പ്രദേശങ്ങളിലും നദീജന്യ എക്കൽ മണ്ണാണ് പ്രധാനഇനം. ഇന്നു നാം കാണുന്ന വയൽ പ്രദേശങ്ങളെല്ലാം പുരാതനകാലത്തെ നദീതടങ്ങളാണ് (Flood Plains). ജലത്തിനൊപ്പം ഒഴുകിയെത്തുന്ന മണൽ കലർന്ന അവക്ഷിപ്തത്തെ അവയുടെ വലിപ്പത്തിനനുസരിച്ച് പ്രകൃതിജലം തന്നെ അരിച്ചെടുക്കുന്നു. അങ്ങനെ താരതമ്യേന വലിയ മണൽത്തരികളെ ഒഴുകുന്ന ജലത്തിന്റെ ഊർജ്ജത്തിനനുസരിച്ച് അരിച്ചുമാറ്റുകയും സിൽറ്റ് (Silt), ക്ലേ (Clay) വിഭാഗത്തിൽപ്പെട്ട (അതായത് 0.06MM ൽ താഴെയുള്ള) പദാർത്ഥങ്ങളെ മാത്രം നിക്ഷേപിക്കുകയും ചെയ്യുന്നു. ഇങ്ങനെയാണ് നദീജന്യ എക്കൽമണ്ണ് രൂപാന്തരം കൊള്ളുന്നത്.

കുന്നിൻചരിവുകളിലും കുന്നിൻ മണ്ടകളിലും പ്രധാനമൺവിഭാഗമായി കണ്ടുവരുന്നത് വെട്ടുകല്ലിൽ നിന്ന് രൂപാന്തരപ്പെടുന്ന ലാറ്ററൈറ്റ് സോയിൽ (Laterite Soil) അഥവാ വെട്ടുകൽ മണ്ണാണ്. ഭൂമിക്കടിയിലെ പാറക്കെട്ടുകളിലെ അപക്ഷയ (Weathering) ഫലമായാണ് പ്രധാനമായും വെട്ടുകൽ രൂപംകൊള്ളുന്നത്. വെട്ടുകല്ലിന്റെ അവിടെത്തന്നെയിരുന്ന അപക്ഷയം (Insitu Weathering) മൂലമുണ്ടാകുന്ന മണ്ണിനൊപ്പം ജൈവദ്രവ്യങ്ങളും മറ്റും വീണടിയുന്നതുകൊണ്ടാണ് ഈ മൺതരങ്ങൾ ഇരുണ്ടനിറത്തിൽ കാണപ്പെടുന്നത്. നിക്ഷിപ്ത വനമേഖലയിലെ പ്രധാന മൺതരം മണൽ കലർന്ന മണ്ണാണ് (Sandy Loam). ഇവയുടെ തരിവിന്യാസം (Texture) പരിശോധിക്കുകയാണെങ്കിൽ പ്രധാനമായും മണൽ കലർന്ന ചെളി (Sandy Clay) മുതൽ സിൽറ്റ് കലർന്ന ചെളി (Silty Clay) വരെയുള്ളവയാണെന്നു കാണാം. പഞ്ചായത്തിലെ മറ്റു മൺതരങ്ങളെ അപേക്ഷിച്ച് മണൽ കലർന്ന മണ്ണ് (Sandy Clay) വളരെ ഫലഭൂയിഷ്ഠമായി കാണാനുള്ള

പ്രധാന കാരണം ജൈവദ്രവ്യങ്ങളുടെ സാന്നിദ്ധ്യമാണ്. നിക്ഷിപ്ത വനമേഖലകളിൽ മണ്ണൊലിപ്പ് സാധ്യതകൾ വളരെ കുറവായതിനാൽ, വീണടിയുന്ന ജൈവദ്രവ്യങ്ങൾ അവിടെത്തന്നെ സൂക്ഷിക്കപ്പെടുകയും തൽഫലമായി മഴ മുഖേനയും മറ്റും ഉപരിതലത്തിലെത്തുന്ന ജലം ഭൂമിയ്ക്കടിയിലേക്ക് ആഴ്ന്നിറങ്ങുന്നതിന് സഹായകമാവുകയും ചെയ്യുന്നു.

മൺതരങ്ങളുടെ സ്വഭാവത്തേയും, ഫലഭൂയിഷ്ഠതയേയും സ്വാധീനിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ഒരു അതിപ്രധാന ഘടകമാണ് P^H അഥവാ ഹൈഡ്രജൻ അയോണുകളുടെ സാന്നിദ്ധ്യം. P^Hനെ നിയന്ത്രിക്കുന്ന പ്രധാനഘടകങ്ങൾ മണ്ണിലും അന്തരീക്ഷത്തിലുമുള്ള കാർബണികാവസ്ഥാഘടകങ്ങളായ (Carbonate System) കാർബൺഡയോക്സൈഡ്, കാർബോണിക് ആസിഡ്, കാർബണേറ്റ് അയോണുകൾ, ബൈകാർബണേറ്റ് അയോണുകൾ എന്നിവയാണ്. P^H വിലകളുടെ ഏറ്റക്കുറച്ചിലാണ്. മണ്ണിന്റെ ക്ഷാര/അമ്ലഗുണത്തെ നിശ്ചയിക്കുന്നത്. ചില പ്രത്യേക വിളകളുടെ ഉത്പാദനശേഷി മൺതരങ്ങളുടെ ക്ഷാര/അമ്ല (Acid/Alkali) ഗുണങ്ങളെ ആശ്രയിച്ചിരിക്കുന്നു. ഉദാഹരണമായി നെല്ലിന്റെ സമൃദ്ധമായ വളർച്ചയ്ക്ക് നേരിയ അമ്ലഗുണമുള്ള മണ്ണ് അനിവാര്യമാണെന്ന് ഗവേഷണങ്ങൾ തെളിയിക്കുന്നു. പിറവന്തൂർ പഞ്ചായത്തിലെ മൺതരങ്ങൾ പൊതുവെ അമ്ലഗുണമുള്ളവയാണ്. ഈ പഞ്ചായത്തിലെ മൺതരങ്ങളുടെ P^H വിലകൾ പൊതുവെ 5.4നും 6.38നും മദ്ധ്യേയാണ്. കുന്നിൻ ചരിവുകളേയും കുന്നിൻ മണ്ടകളേയും അപേക്ഷിച്ച് താഴ്വാരങ്ങളിലും മറ്റു താരതമ്യേന താഴ്ന്ന പ്രദേശങ്ങളിലും അമ്ലത കൂടുതലായി കണ്ടുവരുന്നു. ഇതിനുള്ള പ്രധാന കാരണം കുന്നിൻ ചരിവുകളിൽ പ്രയോഗിക്കുന്ന വളങ്ങളും, അവിടെയുള്ള അപക്ഷയ ഉത്പന്നങ്ങളും നിക്ഷേപിക്കപ്പെടുന്നത് താഴ്വരകളിൽ ആയതിനാലാണ്. മാത്രമല്ല നാം ഉപയോഗിക്കുന്ന വളങ്ങൾ മണ്ണിൽ യഥാവിധം അലിഞ്ഞുചേരുന്നതിന് P^H അതിപ്രധാന പങ്കുവഹിക്കുന്നു.

പിറവന്തൂർ പഞ്ചായത്തിലെ പ്രധാനശിലകൾ കായന്തരിത (Metamorphic) ശിലാവിഭാഗത്തിൽപ്പെട്ട ചാർണൈക്കൈറ്റുകളും (Charnokhites) ഇടയ്ക്കിടെ കാണപ്പെടുന്ന കോൺഡലൈറ്റുകളു (Khondalites) മാണ്. ഇവയിൽ അടങ്ങിയിരിക്കുന്ന പ്രധാന ധാതുക്കൾ (Minerals) ക്വാർട്ട്സ് (Quarts), ഫെൽസ്പാർ (Feldspar), ബയോട്ടൈറ്റ് (Biotite), ഗാർണറ്റ് (Garnet), സില്ലിമൈനൈറ്റ് (Sillimanite), ഗ്രാഫൈറ്റ് (Graphite) എന്നിവയാണ്. ഇടയ്ക്കിടെ കൃഷ്ണശില (Dolerite) യുടെ അന്തർവേധങ്ങളും (Dykes) പ്രത്യക്ഷപ്പെട്ട് കാണുന്നുണ്ട്. പിറവന്തൂർ പഞ്ചായത്തിലെ കറവൂർ, വൻമള, ചെമ്പനരുവി, മുക്കടവ്, കടശ്ശേരി, പെരുന്തോയിൽ എന്നീ വാർഡുകളിലും, മുക്കടവ്, വെട്ടിത്തിട്ട, മുള്ളുമല എന്നീ പ്രദേശങ്ങളിലും പാറക്കെട്ടുകൾ കാണാം.

ജലലഭ്യത:

ഭൗമോപരിതലത്തിൽ മൊത്തത്തൽ നടക്കുന്ന ജലചംക്രമണത്തെക്കുറിച്ചുള്ള അറിവ് ഏതൊരു പ്രദേശത്തിന്റെയും ജലലഭ്യതയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാൻ സഹായിക്കും. ജലചക്രം (Hydrologic Cycle) അതിസങ്കീർണ്ണമായ പ്രക്രിയകളായ ബാഷ്പീകരണം, ഘനീഭവിക്കൽ, സസ്യസ്വേദനം, ആഗിരണം, ഭൂമിക്കടിയിലേക്ക് ഊർന്നിറങ്ങൽ (Infiltration and Percolation), ഉപരിതല സംഭരണം (Surface Storage), ഒഴുകിപ്പോകൽ എന്നിവയിലൂടെ കടന്ന് പൊയ്ക്കൊണ്ടിരിക്കുന്നു. മാത്രവുമല്ല, ജലപരിക്രമണപരിധി ഭൂമിയിലെ മൂന്ന് പ്രധാനമേഖലകളായ അന്തരീക്ഷം (Atmosphere), ജലമണ്ഡലം (Hydrosphere), ശിലാമണ്ഡലം (Lithosphere) എന്നിവയെ പല അളവുകളിൽ കയ്യടക്കിയിരിക്കുകയാണ്. ജലചക്രം വളരെ ലളിതമായ രീതിയിൽ ചിത്രം 7-ൽ കൊടുത്തിരിക്കുന്നത് ശ്രദ്ധിക്കുക. ശിലാമണ്ഡലത്തിനുള്ളിൽ ഉദ്ദേശം 800M മുതൽ അന്തരീക്ഷത്തിൽ ഏകദേശം 16Km വരെ ജലപരിധി എത്തിനിൽക്കുന്നു. കടലിൽ നിന്നും, കരയിൽ നിന്നും ജലം നീരാവിയായി പൊങ്ങി, അന്തരീക്ഷത്തിന്റെ ഭാഗമായിത്തീർന്ന് അവ തിരികെ ഭൗമോപരിതലത്തിൽ എത്തുന്നതുവരെയുള്ള പ്രവർത്തനം അനസ്യൂതം നടന്നുകൊണ്ടിരിക്കുന്നു. അങ്ങനെ നോക്കുമ്പോൾ ജലചക്രത്തിന് ഒരു തുടക്കമോ, ഒടുക്കമോ ഇല്ലായെന്നു പറയാം. ഭൗമോപരിതലത്തിലെ ശുദ്ധജലസമ്പത്ത് താഴെ കാണുന്നവിധമാണ് വിന്യസിച്ചിരിക്കുന്നത്.

പട്ടിക – 3 (CESS)

ക്രമനമ്പർ	ജലസ്രോതസ്സുകൾ	ശതമാനം
1.	ഹിമാനികളിലും ധ്രുവപ്രദേശത്തെ മഞ്ഞുപാളികളിലും	75
2.	ഭൂഗർഭജലം 2500 അടി മുതൽ 12500 അടിവരെ	14
3.	2500 അടി താഴെയുള്ള ഭൂഗർഭജലം	10.5
4.	ശുദ്ധജലതടാകങ്ങൾ	0.3
5.	മണ്ണിലെ ഈർപ്പം	0.06
6.	അന്തരീക്ഷം	0.035
7.	നദികൾ	0.03


ജല ചക്രം
മഴമേഘങ്ങൾ
മഴ
മേഘരൂപീകരണം.
നീരാവിയിടുന്നു
ഉപരിതല ജലം
സസ്യങ്ങളിൽ നിന്ന്
ഭൂഗർഭ ജലം
കടൽ
ചിത്രം - 7.

കൊല്ലം ജില്ലയിലെ പ്രധാനഭൂജല പ്രവിശ്യകൾ ചിത്രം 8-ൽ കൊടുത്തിരിക്കുന്നത് ശ്രദ്ധിക്കുക.

ജലലഭ്യതയുടെ കാര്യത്തിൽ പിറവന്തൂർ പഞ്ചായത്ത് പ്രകൃതിദത്തമായിത്തന്നെ അനുഗൃഹീതമാണ്. പിറവന്തൂരിലെ പ്രധാനജലസ്രോതസ്സുകളിൽ കിണറുകളും, കുളങ്ങളും, തോടുകളും, ഉള്ളതിന് പുറമേ, കല്ലടയാറിന്റെയും, അച്ചൻകോവിലാറിന്റെയും നല്ലൊരുഭാഗം ഈ പ്രദേശത്തെ ജലലഭ്യതയിൽ സ്വയംപര്യാപ്തമാക്കാൻ സഹായിക്കുന്നു. ഭൗമശാസ്ത്രപഠനകേന്ദ്രത്തിലെ പദ്ധതിശാസ്ത്രജ്ഞരുടെ മേൽനോട്ടത്തിൽ പഞ്ചായത്തിലെ തന്നെ സന്നദ്ധസേവകർ തയ്യാറാക്കിയ വിഭവഭൂപടം പരിശോധിച്ചാൽ ഈ പഞ്ചായത്തിൽ ഏകദേശം 763 കിണറുകൾ ഉള്ളതിൽ 79 എണ്ണം മാത്രം കടുത്ത വേനലിൽ വറ്റിപ്പോകുന്നവയാണെന്നു കാണാം. അതായത് മൊത്തം കിണറുകളുടെ വെറും 10% മാത്രമേ കടുത്ത വേനൽ സമയങ്ങളിൽ ഉപയോഗശൂന്യമാകുന്നുള്ളൂ. കേരളത്തിലെ വടക്കൻജില്ലയായ പാലക്കാട്ടെ കിണറുകളുടെ സ്ഥിതിയുമായി തട്ടിച്ചുനോക്കിയാൽ ഈ ജലക്ഷാമം വെറും നിസ്സാരമാണെന്നു മനസ്സിലാകും. അതിശക്തമായ വരൾച്ചയിൽ മാത്രം വറ്റിപ്പോകുന്ന ഇത്തരം കിണറുകൾ പഞ്ചായത്തിലെ 1,2, 3 വാർഡുകളായ ചേകം, പിറവന്തൂർ, എലിക്കാട്ടൂർ എന്നീ പ്രദേശങ്ങളിൽ കേന്ദ്രീകരിച്ചു കാണപ്പെടുന്നു.

കുളങ്ങൾ ഈ പഞ്ചായത്തിലെ മറ്റു പ്രധാന ജലസ്രോതസ്സാണ്. കടുത്ത വേനലിൽപ്പോലും വറ്റാത്ത ഈ കുളങ്ങൾ പഞ്ചായത്തിന്റെ പെരുന്തോയിൽ, മൈക്കാമൈൻ, അഞ്ചുപറപ്പടി എന്നീ പ്രദേശങ്ങളിലാണ് കാണപ്പെടുന്നത്. വേണ്ടരീതിയിലുള്ള സംരക്ഷണം ലഭിക്കാത്ത ഈ കുളങ്ങളെ പ്രധാനമായും ജലസേചനത്തിനും മറ്റു ഗാർഹികേതര ആവശ്യങ്ങൾക്കുമായി ജനങ്ങൾ ഉപയോഗിക്കുന്നു. പിറവന്തൂരിന്റെ പ്രധാന ജലസ്രോതസ്സുകളെ പട്ടിക 4-ൽ കൊടുത്തിരിക്കുന്നു.

പട്ടിക - 4 (CESS)

ക്രമനമ്പർ	ജലസ്രോതസ്സുകൾ	വറ്റുന്നവ	വറ്റാത്തവ	ഉപയോഗം
1.	കിണറുകൾ	79 എണ്ണം	684 എണ്ണം	ഗാർഹികാവശ്യത്തിന്
2.	കുളങ്ങൾ	-	3 എണ്ണം	പ്രധാനമായും ജലസേചനത്തിന്
3.	തോടുകൾ	-	40.92Km	ജലസേചനത്തിനും ഗാർഹികേതരആവശ്യങ്ങൾക്കും
4.	കല്ലടയാറ്	-	9.25Km	പ്രധാനമായും ശുദ്ധജലവിതരണത്തിനും ജലസേചനത്തിനും
5.	ചിറ്റാറ്	-	5Km	ശുദ്ധജലവിതരണത്തിനും ജലസേചനത്തിനും
6.	അച്ചൻകോവിലാറ്	-	16Km	ശുദ്ധജലവിതരണത്തിനും ജലസേചനത്തിനും

പഞ്ചായത്തിന്റെ വിഭവഭൂപടം വിശദമായി പരിശോധിച്ച് കണക്കുകൾ ശേഖരിച്ചാൽ മൊത്തം 40.92Km നീളത്തിൽ ഈ പഞ്ചായത്തിനകത്ത് കൂടി തോടുകൾ ഒഴുകുന്നതായി കാണാം. ജലസേചനത്തിനും, മറ്റ് ഗാർഹികേതര ആവശ്യങ്ങൾക്കും വേണ്ടി ജനങ്ങൾ ഉപയോഗിക്കുന്ന തോടുകളിൽ പ്രധാനപ്പെട്ടവ കരിപ്പാൻതോട്, ഞണ്ടുതോട്, ആനപ്പാറതോട്, മൂലപ്പച്ചത്തോട്, തിരുത്താക്കരത്തോട്, മണ്ണാറപാറത്തോട് എന്നിവയാണ് പിറവന്തൂരിന്റെ തെക്കേ അതിർത്തിയിലൂടെ 9.25 Km നീളത്തിൽ കല്ലടയാറും, 5Km നീളത്തിൽ ചിറ്റാറും ഒഴുകുന്നതിനു പുറമേ 16 Km നീളത്തിൽ അച്ചൻകോവിലാറും ഈ പഞ്ചായത്തിലൂടെ ഒഴുകുന്നുണ്ട്.

വൃഷ്ടിപ്രദേശങ്ങൾ: (Catchment Areas)

ഒരു പ്രധാന ജലാശയത്തിലേക്ക് ജലം എത്തിക്കുന്ന പ്രദേശങ്ങളെയാണ് വൃഷ്ടിമേഖലകൾ കൊണ്ടുദ്ദേശിക്കുന്നത്. വൃഷ്ടിപ്രദേശങ്ങൾ പൊതുവെ അതാതു ദേശത്തിന്റെ അഭിവൃദ്ധിപ്രദേശങ്ങളാണ്. പിറവന്തൂർ പഞ്ചായത്തിൽ പ്രധാനമായും അഞ്ചു വൃഷ്ടിമേഖലകളാണുള്ളത്. അവ ചുവടെ ചേർക്കുന്നു.

വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഒന്നാംസ്ഥാനം നിൽക്കുന്നത് കടയ്ക്കാമണ്ണ്, പിറവന്തൂർ, ചെമ്പ്രാമൺ, ചുടലക്കുന്ന്, പുന്നല എന്നീ മേഖലകളുടെ നീർമറിപ്രദേശങ്ങൾ (Drainage Divides) 4353.75 ഹെക്ടറുകളിലായി പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയുടെ 33% വ്യാപിച്ചു കാണുന്നു. 2575 ഹെക്ടർ (19.83%) പ്രദേശങ്ങളിലായി തിരുത്താക്കരത്തോട്, കോട്ടക്കയം, അമ്പനാട് ആറ് എന്നീ പ്രദേശങ്ങളുടെ നീർമറി മേഖലകൾ രണ്ടാംസ്ഥാനത്തു നിൽക്കുമ്പോൾ മൊത്തം വിസ്തൃതിയുടെ 16 ശതമാനത്തോളം (2187 ഹെക്ടർ) ഭാഗങ്ങളിലായി കറവൂർ കരിപ്പാൻതോട്, ഞണ്ടുതോട്, ആനപ്പാറത്തോട്, മൂലപ്പച്ച, എന്നീ പ്രദേശങ്ങളിൽ മറ്റൊരു നീർമറി മേഖല മൂന്നാംസ്ഥാനത്തു നിൽക്കുന്നു. ഇതുകൂടാതെ പറക്കുളം, മണ്ണാറപാറത്തോട്, കൈകുന്നം എന്നീ സ്ഥലങ്ങളേയും മുള്ളുമല, ചെരിപ്പിട്ടകാവ്, തുറത്തോട്


കൊല്ലം ജില്ലയിലെ പ്രധാന മൂലധന വിഭവങ്ങൾ - ഒരെത്തിനോട്ടം.
വിദ്യാഭ്യാസത്തിനായുള്ള മാർഗ്ഗം ലഭിക്കുന്നതിന് അനുയോജ്യമായ സ്ഥലം.
വിനോദസഞ്ചാരകേന്ദ്രങ്ങൾ കണ്ടെത്തുന്നതിന് അനുയോജ്യമായ സ്ഥലം.
കുടുതൽ ധാതുക്കൾക്കനുയോജ്യമായ സ്ഥലം.
കൊല്ലം ജില്ല.

ചിത്രം - 8.

പട്ടിക – 5 (CESS)

ക്രമനമ്പർ	നീർമറി പ്രദേശങ്ങൾ	വിസ്തൃതി ഹെക്ടറിൽ	ശതമാനം
1.	പറക്കുളം, മണ്ണാറപാറത്തോട്, കൈകുന്നം	1975	15.21
2.	കറവൂർ, കരിപ്പാൻതോട്, ഞണ്ടുതോട്, ആനപ്പാറതോട്, മൂലപ്പച്ചത്തോട്	2187.5	16.84
3.	തിർത്താക്കരത്തോട്,കോട്ടക്കയം, അമ്പനാട് ആറ്	2575	19.83
4.	മുള്ളുമല, ചെരുപ്പിട്ടകാവ്, തുറതോട്	1893	14.55
5.	പിറവന്തൂർ, കടയ്ക്കാമൺ, ചെമ്പ്രാമൺ, ചുടലക്കുന്ന്, പുന്നല, കടശ്ശേരി	4353	33.56

എന്നീ പ്രദേശങ്ങളേയും ഉൾക്കൊള്ളിച്ചുകൊണ്ട് യഥാക്രമം 1975 ഹെക്ടറുകളിലായും 1893 ഹെക്ടറുകളിലായും മറ്റു രണ്ടു വൃഷ്ടിപ്രദേശങ്ങൾ പിറവന്തൂർ പഞ്ചായത്തിന് സ്വന്തമായുണ്ട്. ഈ പഞ്ചായത്തിന്റെ പ്രധാന നീർമറി മേഖലകളുടെ വിവരം ചിത്രം 9–ൽ കൊടുത്തിരിക്കുന്നു.

വൃഷ്ടിപ്രദേശങ്ങളുടെ (Catchment Area) സംരക്ഷണം അതിപ്രധാനമാണ്. ഭൂപ്രകൃതിയുടെ വ്യത്യാസത്തിനനുസൃതമായി നീർമറിപ്രദേശങ്ങളുടെ സ്വഭാവവും ശേഷിയും മാറുന്നു. അങ്ങനെ വരുമ്പോൾ ഇവയുടെ പരിപാലനം അതിസങ്കീർണ്ണമാകുന്നു. നീർമറിപ്രദേശങ്ങളുടെ പരിപാലനത്തിന് യാഥാർത്ഥ്യങ്ങളുടെ വ്യക്തത അതിപ്രധാനമാണ്. നിലവിലുള്ള അവസ്ഥയെ ശാസ്ത്രീയമായി അപഗ്രഥിച്ച് വേണം നീർമറി പരിപാലനം നടത്തേണ്ടത്. അവ മനസ്സിലാക്കാതെയുള്ള അതിസമ്മർദ്ദം പല വൃഷ്ടിമേഖലകളുടേയും നശീകരണത്തിനു വഴിതെളിച്ചിട്ടുണ്ട്. കുത്തനെ ചരിഞ്ഞപ്രദേശങ്ങളിൽ കുഴികൾ (Trenches or Pits) കുഴിച്ച് മഴവെള്ളം ഭൂമിക്കടിയിലേക്ക് ഊർന്നിറങ്ങാൻ സഹായിക്കൽ, ചരിവിനനുസരിച്ച് തിട്ടകൾ കെട്ടൽ (Contour bunding)ചരിഞ്ഞപ്രദേശങ്ങളെ പടിപടിയായി നിരത്തൽ (Terracing), ഓരോചരിവിനും യോജ്ജിച്ച രീതിയിലുള്ള കൃഷിചെയ്യൽ, തുറസ്സായസ്ഥലങ്ങളിൽ പുല്ല്വർഗ്ഗത്തിൽപ്പെട്ട സസ്യങ്ങൾ വച്ച്പിടിപ്പിക്കൽ എന്നിവയെല്ലാം നീർമറിപരിപാലനത്തിന് അവശ്യം വേണ്ട ചില ഘടകങ്ങളാണ്.

ഭൂവിനിയോഗം:

ഒരു പ്രദേശത്തിന്റെ ഭൂമി കൃഷിയാവശ്യങ്ങൾക്കുവേണ്ടി എങ്ങനെ വിനിയോഗിച്ചിരിക്കുന്നു എന്നതാണ് ഭൂവിനിയോഗംകൊണ്ട് നാം ഇവിടെ വിവക്ഷിക്കുന്നത്. പിറവന്തൂർ പഞ്ചായത്തിന്റെ വിഭവ ഭൂപടത്തിൽ നിന്ന് മൊത്തം വിസ്തൃതിയുടെ 50 ശതമാനത്തിൽ കൂടുതൽ റബ്ബറാണെന്നു കാണാം. 4912.5 ഹെക്ടർ പ്രദേശത്തായി ഈ പഞ്ചായത്തിലുള്ള നിക്ഷിപ്ത വനങ്ങൾ മൊത്തം വിസ്തൃതിയുടെ 37 ശതമാനത്തിൽ കൂടുതലാണെന്ന് കാണാം. ഈ നിക്ഷിപ്ത വനങ്ങൾ പ്രധാനമായി പെരുന്തോയിൽ, കടശ്ശേരി, ചെമ്പനരുവി, ചേകം, പിറവന്തൂർ എന്നീ വാർഡുകളിലായി വ്യാപിച്ചു കിടക്കുന്നു. ഭൂവിനിയോഗത്തിൽ തേക്കിൻതോട്ടങ്ങൾ 875 ഹെക്ടറുകളിലായി വ്യാപിച്ചു മൂന്നാംസ്ഥാനം നിൽക്കുമ്പോൾ 4ഉം, 5ഉം സ്ഥാനങ്ങൾ യഥാക്രമം വയലുകളും (328 ഹെക്ടർ) മിശ്രിതവിളകളും, മരങ്ങളും (224 ഹെക്ടർ) കാണപ്പെടുന്നു. കൃഷിക്കുപയുക്തമായതും അല്ലാത്തതുമായ തരിശുഭൂമി മൊത്തം വിസ്തൃതിയുടെ 0.064% മാത്രമേ ആകുന്നുള്ളൂ. ക്രമാതീതമായി വർദ്ധിച്ചു വരുന്ന വയൽ നികത്തൽ മൂലം **(Paddy Reclamation)** ഏകദേശം 105 ഏക്കർ (42 ഹെക്ടർ) പ്രദേശം ആ ഇനത്തിൽ പഞ്ചായത്തിനു നഷ്ടമായതായി വിഭവഭൂപടവും മറ്റു കണക്കുകളും സൂചിപ്പിക്കുന്നു. ഈ പഞ്ചായത്തിന്റെ മറ്റു പ്രധാനവിളകളായ നെല്ല്, മരച്ചീനി, തെങ്ങ്, വെറ്റില എന്നിവ റബ്ബറിന്റെ അളവുമായി തട്ടിച്ചു നോക്കുമ്പോൾ തുലോം കുറവാണ്. വിഭവഭൂപടം വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ, പിറവന്തൂർ പഞ്ചായത്തിൽ ഇപ്പോൾ നിലനിൽക്കുന്ന ഭൂവിനിയോഗം ചുവടെ ചേർക്കുന്നു.

പട്ടിക – 6 (CESS)

ക്രമനമ്പർ	ഭൂവിനിയോഗം	വിസ്തൃതി ഹെക്ടറിൽ	ശതമാനം
1.	നിക്ഷിപ്തവനങ്ങൾ	4912	37.83
2.	മിശ്രിതവിളകളും മരങ്ങളും	224.04	1.73
3.	വയലുകൾ	328.12	2.53
4.	മരച്ചീനി	0.48	0.004
5.	തെങ്ങ്	10.08	0.078
6.	വെറ്റില	3.8	0.03
7.	റബ്ബർ	6621.62	50.99
8.	കൃഷിക്കുപയുക്തമായ തരിശുഭൂമി	8.84	0.06
9.	തരിശുഭൂമി	0.52	0.004
10.	തേക്കിൻതോട്ടം	875	6.73

പിറവന്തൂർ പഞ്ചായത്തിലെ പ്രധാന
നീർമറിപ്രദേശങ്ങൾ.





ചിത്രം-9

എന്നാൽ പഞ്ചായത്തിലുള്ള നിക്ഷിപ്തവനങ്ങളും തേക്കിൻതോട്ടപ്രദേശങ്ങളും സാധാരണ കൃഷിയിടങ്ങളായി കണക്കാക്കുക പ്രായസമാണ്. അങ്ങനെ നോക്കുമ്പോൾ മൊത്തം കൃഷിക്ക് ലഭ്യമായ ഭൂമി 7197.5 ഹെക്ടർ പ്രദേശം മാത്രമേ ആവുന്നുള്ളൂ. ഇതനുസരിച്ച് പഞ്ചായത്തിൽ നിലനിൽക്കുന്ന കൃഷിയിനങ്ങളും അവയുടെ വിസ്തൃതിയും ചുവടെ ചേർക്കുന്നു.

പട്ടിക – 7 (CESS)

ക്രമനമ്പർ	കൃഷിയിനങ്ങൾ	വിസ്തൃതി /ഹെക്ടറിൽ	ശതമാനം
1.	മിശ്രിതവിളകളും മരങ്ങളും	224.04	3.11
2.	വയലുകൾ	328.12	4.56
3.	മരച്ചീനി	0.48	0.006
4.	തെങ്ങ്	10.08	0.14
5.	വെറ്റില	3.8	0.05
6.	റബ്ബർ	6621.62	91.99

(റബ്ബർ SFCK പ്ലാന്റേഷൻ ഉൾപ്പെടെ)

1984–ൽ ഈ പഞ്ചായത്തിൽ നിലനിന്നിരുന്ന ഭൂവിനിയോഗരീതിയെക്കുറിച്ച് കൃഷിഭവനിൽ നിന്ന് ശേഖരിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക – 8 (CESS)

ക്രമനമ്പർ	കൃഷിയിനങ്ങൾ	വിസ്തീർണ്ണം ഹെക്ടറിൽ
1.	തെങ്ങ്	382
2.	മരച്ചീനി	743
3.	പച്ചക്കറികൾ	21
4.	വാഴപ്പഴം	46
5.	റബ്ബർ	1553
6.	കുരുമുളക്	124
7.	അടയ്ക്ക	30
8.	പയറുവർഗ്ഗങ്ങൾ	36
9.	എണ്ണക്കുരുക്കൾ	5.0
10.	സുഗന്ധദ്രവ്യങ്ങൾ	5.0
11.	പഴവർഗ്ഗങ്ങൾ	10
12.	തേയില /കോഫി	1.0
13.	നെല്ല്	1146
14.	ഇഞ്ചി	13.5
15.	മറ്റുള്ളവ	10

എന്നാൽ 1996 മാർച്ച് 31 വരെയുള്ള കണക്കനുസരിച്ച് പിറവന്തൂർ പഞ്ചായത്തിലെ ഭൂവിനിയോഗരീതിയെക്കുറിച്ച് വില്ലേജോഫീസിൽ നിന്നു ലഭിച്ച വിവരം ചുവടെ ചേർക്കുന്നു.

പട്ടിക – 9 (CESS)

വില്ലേജിന്റെ പേര്	പഞ്ചായത്ത് വാർഡുകൾ	വിവിധ കൃഷിയിടങ്ങൾ	വിസ്തീർണ്ണം		
			ഏക്കർ	സെന്റ്	ച.ലിങ്ക്സ്
പുന്നല	IV, V, VI, VII, X, XII	നിലം	540	9	250
		പുരയിടം	1618	9	692
		പുറംപോക്ക്	84	88	559
		തരിശ്	12813	39	749
പിറവന്തൂർ	I, II, III VIII, IX, XI	നിലം	175	42	120
		പുരയിടം	2083	51	603
		പുറംപോക്ക്	65	32	18
		തരിശ്	750	18	233
			18133	88	224



ചിത്രം - 10

ഈ പട്ടികയിൽ നിന്നും പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയുടെ 6.92 ശതമാനം വയലുകളും 20.41% പുരയിടവും ബാക്കി പ്രദേശം (72.67%) പുറംപോക്കും, തരിശും (നിക്ഷിപ്തവനങ്ങളും തേക്കിൻതോട്ടങ്ങളും ഉൾപ്പെടെ) ആണെന്നു കാണാം.

കാലാവസ്ഥ:

കേരളത്തിന്റെ വിവിധ കാർഷികമേഖലകളെ തരംതിരിക്കാൻ 1974-ൽ രൂപംകൊണ്ട സമിതി നമ്മുടെ സംസ്ഥാനത്തെ 13 കാർഷികമേഖലകളായി തരംതിരിച്ചിട്ടുണ്ട്. ഭൂപ്രകൃതിപരമായി മലനാട്ടിൽ സ്ഥിതിചെയ്യുന്ന പിറവന്തൂർ പഞ്ചായത്തും പരിസരപ്രദേശങ്ങളും ദക്ഷിണമേഖല എന്ന കാലാവസ്ഥാ വിഭാഗത്തിൽ ഉൾപ്പെടുന്നു. ഇത്തരത്തിലുള്ള പ്രദേശങ്ങൾ കേരളത്തിന്റെ മൊത്തം കാർഷികമേഖലാ വിസ്തൃതിയുടെ വെറും 10% മാത്രമേ ആവുന്നുള്ളൂ. നെല്ല്, തെങ്ങ്, റബ്ബർ, മരച്ചീനി, അടയ്ക്ക എന്നിവയാണ് ഈ മേഖലകളിൽ പ്രധാനമായും കണ്ടുവരുന്ന കൃഷിയിനങ്ങൾ. പിറവന്തൂർ പഞ്ചായത്തും പരിസരപ്രദേശങ്ങളും ഉൾക്കൊണ്ട കാർഷിക കാലാവസ്ഥാമേഖലയെ ചിത്രം 10-ൽ കൊടുത്തിരിക്കുന്നു.

ഓരോ പ്രദേശത്തിന്റെയും കാലാവസ്ഥ അതാത് സ്ഥലങ്ങളുടെ അന്തരീക്ഷ ഊഷ്മാവ്, ലഭിക്കുന്ന മഴ, ആപേക്ഷിക ആർദ്രത എന്നീ ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നു. പത്തനാപുരം പഞ്ചായത്തിന്റെ പരിസരപ്രദേശമായ പുനലൂർ കാലാവസ്ഥാനിരീക്ഷണകേന്ദ്രത്തിൽ 90 ജനുവരി മുതൽ 1994 ഡിസംബർ വരെ രേഖപ്പെടുത്തിയ ഏറ്റവും കൂടിയതും കുറഞ്ഞതുമായ അന്തരീക്ഷ ഊഷ്മാവ് താഴെ ചേർക്കുന്നു.

പട്ടിക - 10 (CESS)

വർഷങ്ങൾ	കൂടിയത് കുറഞ്ഞത്	ജനുവരി	ഫെബ്രുവരി	മാർച്ച്	ഏപ്രിൽ	മെയ്	ജൂൺ	ജൂലൈ	ആഗസ്റ്റ്	സെപ്തം:	ഒക്ടോബർ	നവംബർ	ഡിസംബർ
1990	കൂടിയ	32.2	35.4	36.5	36.7	32.5	31.1	30.1	30.8	32.9	32.6	32.3	33.1
	കുറഞ്ഞ	19.8	22.8	23.3	25.9	23.3	24.2	23.6	23.3	23.6	24.2	21.8	20.2
1991	കൂടിയ	34	36.1	36.6	36.4	35.8	29.7	30.4	30.2	33.7	30.8	32.4	32.9
	കുറഞ്ഞ	—	—	—	—	—	—	—	—	—	—	—	20.5
1992	കൂടിയ	33.7	36.4	38.5	37.5	33.6	30.5	29.7	30.1	31.3	31.7	31.5	32.5
	കുറഞ്ഞ	19.8	21.4	21.6	24.2	23.8	23.3	22.5	22.9	22.8	22.5	22.1	20.6
1993	കൂടിയ	33.9	35.8	36.6	36.7	33.9	30.7	29.4	30.6	32.1	31.3	31.5	31.6
	കുറഞ്ഞ	19.6	20.4	22	23.7	23.7	23.4	22.3	23.1	22.9	22.8	22.5	21.6
1993	കൂടിയ	34	35.9	37.1	35.4	33.6	30.7	30.3	30.6	32.7	31.9	32.4	34.2
	കുറഞ്ഞ	—	—	—	—	—	—	—	—	—	—	—	—

ഈ പട്ടിക വിശദമായി പരിശോധിക്കുകയാണെങ്കിൽ 1990, 92, 93, 94 വർഷങ്ങളിൽ പഞ്ചായത്തിലും പരിസരപ്രദേശങ്ങളിലും ഫെബ്രുവരി മുതൽ ഏപ്രിൽ വരെ ഏറ്റവും കൂടുതൽ ഊഷ്മാവ് അനുഭവപ്പെട്ടിരുന്നു എന്നും അവ 35.4 °Cനും 37.1 °Cനും മദ്ധ്യേ ആയിരുന്നുവെന്നും കാണാം. എന്നാൽ 1991 ഫെബ്രുവരിമാസം മുതൽ മെയ്മാസം വരെ ഉയർന്ന താപനിലയായിരുന്നു. (35.8 °Cനും 36.1 °Cനും ഇടയിൽ) ഇത്തരത്തിൽ ഊഷ്മാവിലും മറ്റും ഉണ്ടാകുന്ന വ്യതിയാനങ്ങളെ ചിത്രം 11-ൽ നിന്നും വ്യക്തതയോടെ മനസ്സിലാക്കാൻ സാധിക്കും.

അന്തരീക്ഷത്തിൽ അടങ്ങിയിരിക്കുന്ന ഈർപ്പത്തിന്റെ അളവിനെയാണ് ആപേക്ഷിക ആർദ്രത എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. 1990 മുതൽ 94 വരെ പിറവന്തൂർ പഞ്ചായത്തിലും പരിസരങ്ങളിലും രേഖപ്പെടുത്തിയ ആപേക്ഷിക ആർദ്രത ചുവടെ ചേർക്കുന്നു.

പിറവന്തൂർ പഞ്ചായത്തിലും പരിസരപ്രദേശങ്ങളിലും 1993 ൽ രേഖപ്പെടുത്തിയ ഏറ്റവും കൂടിയതും കുറഞ്ഞതുമായ താപനിലകൾ ഉൾപ്പെടുന്നു.



ചിത്രം - 11

കടപ്പാട് - പൂനലൂർ കാലാവസ്ഥാ നിരീക്ഷണകേന്ദ്രം.

പട്ടിക –11 (CESS)

വർഷങ്ങൾ	സമയം IST യിൽ	ജനുവരി	ഫെബ്രുവരി	മാർച്ച്	ഏപ്രിൽ	മെയ്	ജൂൺ	ജൂലൈ	ആഗസ്റ്റ്	സെപ്തം:	ഒക്ടോബർ	നവംബർ	ഡിസംബർ
1990	8.30	77	72	78	71	88	92	92	88	86	87	85	77
	5.30	44	41	41	54	75	78	77	76	70	74	70	55
1991	8.30	76	71	83	81	85	95	93	92	85	92	89	79
	5.30	50	37	53	63	65	89	80	75	61	80	71	59
1992	8.30	71	82	75	76	84	90	93	92	90	91	93	85
	5.30	39	48	45	51	68	79	81	77	76	78	81	61
1993	8.30	77	81	85	84	89	94	95	94	90	93	93	91
	5.30	44	43	49	62	72	77	82	75	72	79	75	71
1993	8.30	90	92	92	91	88	94	94	95	93	93	91	88
	5.30	60	61	57	69	70	79	82	78	69	82	71	59

ഈ പട്ടികയിൽ നിന്ന് രാവിലെയുള്ള സമയങ്ങളിൽ അന്തരീക്ഷ ഈർപ്പത്തിന്റെ അളവ് വൈകുന്നേരത്തെക്കാൾ വളരെ കൂടുതലാണെന്നു കാണാം. ഉദാഹരണമായി 1994–ൽ പിറവന്തൂരും പരിസരപ്രദേശങ്ങളിലും ഓരോമാസവും അനുഭവപ്പെട്ട ഏറ്റവും കൂടിയതും, കുറഞ്ഞതുമായ ഈർപ്പത്തിന്റെ അളവിനെ ചിത്രം 12–ൽ കൊടുത്തിരിക്കുന്നത് നോക്കുക.

ഭൗമോപരിതലത്തിലെ ജലസ്രോതസ്സുകളെ ജീവസ്സുറ്റതാക്കുന്നത് അതാത് പ്രദേശത്ത് ലഭിക്കുന്ന മഴയുടെ തോതിനും ശക്തിക്കും അനുസരിച്ചാണ്. ഇന്ത്യയിലെ മറ്റു ചില സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ പൊതുവെ നല്ല മഴ ലഭിക്കുന്നുണ്ട്. 1994 കൊല്ലം ജില്ലയിൽ ലഭിച്ച മഴയെ കേരളത്തിൽ മൊത്തമായി ലഭിച്ച മഴയുമായി തട്ടിച്ചു നോക്കിയാൽ (ചിത്രം – 13) ഏപ്രിൽ മുതൽ സെപ്തംബർ മാസം വരെ സംസ്ഥാനത്ത് ലഭിച്ച ശരാശരി മഴ, കൊല്ലംജില്ലാ ശരാശരിയെക്കാൾ കൂടുതലാണെന്നു കാണാം. 1990 മുതൽ 1996 ഒക്ടോബർ 13–ാം തീയതി വരെ പിറവന്തൂരിലും പരിസരങ്ങളിലും ലഭിച്ച ശരാശരി മഴയുടെ തോതിനെ ചിത്രം–14ൽ കൊടുത്തിരിക്കുന്നു. കഴിഞ്ഞ ഏഴുവർഷത്തെ കണക്കുകളിൽ നിന്ന് 1992ലാണ് പിറവന്തൂരിൽ ഏറ്റവും കൂടുതൽ (ശരാശരി 268.78മി.മി.) മഴ ലഭിച്ചതെന്ന് കാണാം. 1990ലും 1993ലും തുല്യഅളവു വീതം മഴ ലഭിച്ചപ്പോൾ (188മി.മി.) 1991ലും 1994ലും യഥാക്രമം 205 മി.മി.ഉം 213 മി.മി.ഉം മഴ ലഭിച്ചു എന്നുകാണാം. ചിത്രങ്ങൾ 15ഉം 16ഉം നിരീക്ഷിക്കുകയാണെങ്കിൽ ഈ പഞ്ചായത്തിന് 1990 മുതൽ 1996 ഒക്ടോബർ 13 വരെ ഉണ്ടായ ഓരോ മാസത്തിലേയും മഴയുടെ ഏറ്റക്കുറച്ചിലുകൾ വ്യക്തമാകും. ഇതിൽ നിന്നും പ്രകടമാകുന്ന ഏറ്റവും പ്രധാനകാര്യം, കഴിഞ്ഞ ഏഴുവർഷത്തിനുള്ളിൽ 1991 ജൂൺമാസത്തിലാണ് ഏറ്റവും കൂടുതൽ മഴ (892.7മി.മി) പിറവന്തൂരിൽ ലഭിച്ചതെന്നു കാണാം. 1990 മുതൽ 1996 ഒക്ടോബർ 13 വരെ പിറവന്തൂർ പഞ്ചായത്തിലും ചുറ്റുമുള്ള പ്രദേശങ്ങളിലും ഓരോ മാസവും ലഭിച്ച ശരാശരി മഴയുടെ തോത് ചുവടെ ചേർക്കുന്നു.

മാസങ്ങൾ	1990	1991	1992	1993	1994	1995	1996
ജനുവരി	40.2	7.6	2.20	0.00	0.00	20.0	16.6
ഫെബ്രുവരി	0.00	0.00	0.00	84.6	128.8	0.0	38.2
മാർച്ച്	48.7	116.8	0.00	19.8	11.2	136.4	159.6
ഏപ്രിൽ	19.7	115.8	45.8	185.6	160	216.4	66
മേയ്	476.62	94	379.6	267.6	181	292.4	377.2
ജൂൺ	366.4	892.7	614.6	480.8	501	284.4	809.2
ജൂലായ്	410.4	386.4	465.2	384.4	352	435.4	283.4
ആഗസ്റ്റ്	124.8	148.6	242.4	89.6	440.6	253.4	815
സെപ്റ്റംബർ	65.4	66	319	61.4	189.2	260	364.4
ഒക്ടോബർ	422.2	273.6	688	415.3	456.4	811.6	73.5
നവംബർ	280.4	394.4	468.6	250.3	143.8	350.2	ലഭ്യമല്ല
ഡിസംബർ	2.20	0.00	0.00	28	10.0	5.00	ലഭ്യമല്ല
ശരാശരി	188.9	204.99	268.78	188.95	212.83	196.67	190.66

പീറ്റവന്തൂരിലും പരിസരപ്രദേശങ്ങളിലും
1994 ലെ ക്രമക്കേടുസരിച്ച് ഓരോ മാസത്തിലെയും
അന്തരീക്ഷ ആപേക്ഷിക ഈർപ്പത്തിന്റെ അളവ്.
രാവിലെ 8.30 നും വൈകുന്നേരം 5.30 നും രേഖപ്പെടുത്തിയത്.



ചിത്രം-12

കടപ്പാട്: പൂനലൂർ കാലാവസ്ഥാനിരീക്ഷണ കേന്ദ്രം.

1994-ൽ കോഴിക്കോടും കൊല്ലം ജില്ലയിലും ലഭിച്ച മഴയുടെ ഒരു താരതമ്യപഠനം.



ചിത്രം- 13.

1990 മുതൽ 1996 ഒക്ടോബർ 13 വരെയുള്ള വർഷകാലത്തിലും പരിസരങ്ങളിലും ഓരോവർഷവും രേഖപ്പെടുത്തിയ ശരാശരി മഴയുടെ തോത്.



ആവലംബം- ജില്ലാഭൂഗർഭജലവകുപ്പ്, കോഴിക്കോട്.

ചിത്രം - 14

1990 മുതൽ 1994 വരെ പിറവന്തൂർ പഞ്ചായത്തിലും പരിസരപ്രദേശങ്ങളിലും ഓരോ മാസവും ലഭിച്ച മഴയുടെ തോത് തമ്മിലുള്ള വ്യത്യാസം കാണിക്കുന്ന ചിത്രം.



മഴയുടെതോത് മില്ലിമീറ്ററിൽ

മാസങ്ങൾ

ചിത്രം - 15.

കടപ്പാട് - ജില്ലാസ്ഥിതിവിവരവകുപ്പ്

1994 മുതൽ 1996 ഡിസംബർ 13 വരെ പിറവന്തൂർ പഞ്ചായത്തിലും പരിസരപ്രദേശങ്ങളിലും ഓരോ മാസവും ലഭിച്ച മഴയുടെതോത് തമ്മിലുള്ള വ്യത്യാസം കാണിക്കുന്ന ചിത്രം.



മഴയുടെതോത് - മില്ലിമീറ്ററിൽ.

മാസങ്ങൾ

ചിത്രം - 16

കടപ്പാട് - ജില്ലാ സ്ഥിതിവിവരവകുപ്പ്.

ധാതു നിക്ഷേപങ്ങൾ

1. അഭ്രം (Mica)

നമുക്ക് വളരെ സുപരിചിതമായ അഭ്രം എന്ന പേരിലറിയപ്പെടുന്ന ധാതു സമ്പത്ത്, പിറവന്തൂർ പഞ്ചായത്തിലും (പെരിന്തോയിൽ പ്രദേശം) പരിസരങ്ങലിലും ധാരാളമായി കണ്ടുവരുന്നു ഈ അഭ്ര നിക്ഷേപങ്ങൾ ഒരു കൂട്ടം ധാതുക്കളുടെ സമാഹാരമാണ്. ഇംഗ്ലീഷ് ഭാഷയിൽ മൈക്ക എന്നറിയപ്പെടുന്ന ഇത്തരം ധാതുക്കളുടെ, ഏറ്റവും പ്രധാനവും, ആകർഷണീയവുമായ ഭൗതീക സ്വഭാവം (Physical Property) ചില പ്രത്യേക ഉപരിതലത്തിലൂടെ അവയ്ക്ക് വളരെ നേർത്തതും സുധാര്യവുമായ പാളികളായി ഇളകിവരാനുള്ള കഴിവാണ്. ശാസ്ത്രീയമായി നിർവ്വചിക്കുകയാണെങ്കിൽ, അഭ്രങ്ങളെല്ലാംതന്നെ ജലകണികകൾ അടങ്ങിയിട്ടുള്ള അലുമിനോ സിലിക്കേറ്റുകളാണ്. (Hydrous Alumino Silicates) ഇവയ്ക്കൊപ്പം പല അളവുകളിലായി ഇരുമ്പും പൊട്ടാസ്യം, ലിത്തിയം, എന്നീ ധാതുക്കളും കണ്ടുവരുന്നു. പ്രധാനപ്പെട്ട അഭ്ര ധാതുക്കൾ ചുവടെ പട്ടിക 13 കൊടുത്തിരിക്കുന്നു.

ക്ര.നമ്പർ	ധാതുവിന്റെ പേര്	വ്യാവസായിക നാമം	അലുമിനിയത്തിനും, സിലിക്കണും പുറമേ കാണപ്പെടുന്ന മറ്റ് ധാതുക്കൾ
1	മസ്ക്കൊവൈറ്റ് (Muscovite)	വെള്ളമൈക്ക	പൊട്ടാഷ്യം
2	ഫ്ളോഗോപൈറ്റ് (Plogopite)	ആമ്പർമൈക്ക	മെഗ്നീഷ്യം, പൊട്ടാഷ്
3	ബയോട്ടൈറ്റ് (Biotite)	കറുത്ത അഭ്രം	മെഗ്നീഷ്യം, ഇരുമ്പ്, പൊട്ടാഷ്യം
4	വെർമിക്കുലൈറ്റ് (Vermiculite)	ജെഫർസൈറ്റ്	മഗ്നീഷ്യം, പൊട്ടാഷ്യം, ഇരുമ്പ്
5	ലെപ്പിഡൊലൈറ്റ് (Lepidolite)	ലിത്തിയ മൈക്ക	ലിത്തിയം, ഫ്ളൂരിൻ, പൊട്ടാഷ്
6	റോസ്കൊലൈറ്റ് (Roscoelite)	വനേഡിയം മൈക്ക	വനേഡിയം മെഗ്നീഷ്യം അയൺ
7	സിൻവാൾഡൈറ്റ് (Zinnwaldite)	ലിത്തിയം അയൺമൈക്ക	ലിത്തിയം, അയൺ, പൊട്ടാഷ്യം,ഫ്ളൂറിൻ
8	ഫ്ളൂഷൈറ്റ് (Flushsite)	ക്രോം മൈക്ക	ക്രോമിയം.

പട്ടിക 13 ൽ വിവരിച്ച അഭ്രധാതുക്കളിൽ ആദ്യം പ്രതിപാദിച്ച 3 വിഭാഗങ്ങൾ വ്യാവസായികമായി വളരെയധികം പ്രാധാന്യമർഹിക്കുന്നു. ലിത്തിയ- അയൺ മൈക്കയും, വനേഡിയം മൈക്കയും ലിത്തിയം, വനേഡിയം എന്നീ ധാതുക്കളുടെ അയിരുകളാണ്. എന്നാൽ വെർമിക്കുലേറ്റ് എന്ന അഭ്രം, ശബ്ദത്തിന്റെയും , ഊഷ്മാവിന്റെയും ഇൻസുലേറ്ററുകളായി ഉപയോഗിക്കുന്നു. പിറവന്തൂർ പഞ്ചായത്തിൽ ധാരാളമായി കണ്ടുവരുന്ന രണ്ട് അഭ്ര ധാതുക്കളാണ് മസ്കവൈറ്റും ഫ്ളോഗപ്പൈറ്റും ഇവ രണ്ടും ശരാശരി 0.025mm കനത്തിലുള്ള പാളികളായി ചില പ്രത്യേക ഉപരിതലത്തിലൂടെ (Cleavage Surface) ഇളകി വരുന്നു. എന്നാൽ കറുത്ത മൈക്ക എന്നറിയപ്പെടുന്ന ബയോട്ടൈറ്റ് അത്ര എളുപ്പത്തിൽ പൊട്ടുന്നില്ല. മേൽ വിവരിച്ച രണ്ടു വിഭാഗങ്ങളെ ബയോട്ടൈറ്റിൽ നിന്നും എളുപ്പത്തിൽ തിരിച്ചറിയാനുള്ള ഒരു മാർഗ്ഗം കൂടിയാണിത്. വെള്ള മൈക്കയുടെയും ആമ്പർമൈക്കയുടെയും , കുറഞ്ഞ താപ പ്രവാഹശേഷിയും (Low heat conductivity), -ഉയർന്ന ദൃഡതയും അവയുടെ തനതായ ആകൃതി നിലനിർത്താനുള്ള കഴിവും (Resilience) കൊണ്ട് ഇവകളെ അറിയപ്പെടുന്ന വൈദ്യുത ഇൻസുലേറ്ററുകളായി ഉപയോഗിക്കുന്നു. ഇതിൽ തന്നെ മസ്ക്കവൈറ്റിന് 550 0c വരെയും ഫ്ളോഗോപ്പൈറ്റിന് 100 0c വരെയും ഊഷ്മാവ് താങ്ങാനുള്ള കഴിവുണ്ട്. ഇതു മൂലം ഇൻസുലോറ്ററായി ഇവയെ, കണ്ടൻസറുകൾ, ട്യൂബുകൾ, റേഡിയോ, ടിവി, റഡാർ, ഇലക്ട്രിക്കൽ ഹീറ്റർ എന്നിവയിലുപയോഗിക്കുന്നു. വിമാനത്തിന്റെ സ്പാർക്ക് പ്ലഗ് (Spark plug) നിർമ്മിക്കുന്നതിന് ഫ്ളോഗപ്പൈറ്റ് മൈക്കാ ഉപയോഗിക്കുന്നു. ഇതു കൂടാതെ അഭ്ര ധാതുക്കളെ പെയിന്റ് നിർമ്മാണത്തിനും, സൗന്ദര്യവർദ്ധക വസ്തുക്കളുടെ നിർമ്മാണത്തിനും ഉപയോഗിക്കുന്നു. പലതരത്തിലുള്ള പാറകളിലും അഭ്ര നിക്ഷേപങ്ങൾ കാണുന്നുവെങ്കിലും പെഗ്മറൈറ്റ് അന്തർവേധങ്ങളാണ് വ്യാവസായികമായി മുൻതുക്കം നിൽക്കുന്ന അഭ്ര നിക്ഷേപങ്ങൾ തരുന്നത്. പിറവന്തൂർപഞ്ചായത്തിലും പരിസരങ്ങളിലുമുള്ള അഭ്ര നിക്ഷേപങ്ങളുടെ അളവിനെക്കുറിച്ചുള്ള പഠ

നം ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയിലെ ശാസ്ത്രജ്ഞൻമാർ നടത്തിവരുകയാണ്.

2. ഗ്രാഫൈറ്റ് (Graphite) "കറുത്ത ലെഡ്" (Black lead) എന്നറിയപ്പെടുന്ന ഗ്രാഫൈറ്റ് പിറവന്തൂർ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലായി കണ്ടു വരുന്നു. ഇവയിൽ അടങ്ങിയിരിക്കുന്ന പ്രധാന ധാതു കാർബൺ ആണ്. ഗ്രാഫൈറ്റ് പ്രധാനമായും ക്രിസ്റ്റലീയവും അക്രിസ്റ്റലീയവുംമായ രൂപത്തിലും കണ്ടു വരുന്നു. ഭൗതീകപരമായി ,ഇവ കറുത്തതും, മൃദുലവും ഉപരിതലത്തിൽ സ്പർശിച്ചാൽ വഴുകുന്ന (Greary Fed) സ്വഭാവമുള്ളവയുമാണ്. ഇവ ഉപയോഗിച്ച് പേപ്പറിലെഴുതാവുന്നതുകൊണ്ടാണ് എഴുതുന്ന എന്നർത്ഥമുള്ള ഇംഗ്ലീഷ് പദമായ "Grapho' യിൽ നിന്ന് ഈ ധാതുവിന്റെ നാമം ഉരുത്തിരിഞ്ഞിട്ടുള്ളത്. കായാന്തര ശിലകളിലാണ് സാധാരണമായി ഗ്രാഫൈറ്റ് കണ്ടു വരുന്നത്. ഗ്രാഫൈറ്റ് നിക്ഷേപങ്ങൾ എത്ര തന്നെ വലുതായിരുന്നാലും അവയിൽ 7% ൽ കൂടുതൽ ഗ്രാഫൈറ്റ് കാണാറില്ല. എന്നാൽ 30% മുതൽ 98% വരെ ശുദ്ധിയുള്ളവ പ്രകൃതിയിൽ കണ്ടു വരുന്നു ഇവയുമായി ബന്ധപ്പെട്ട് കാണുന്ന മറ്റ് പ്രധാന ധാതുക്കളാണ് ക്വാർട്സ്, ക്ലോറൈറ്റ്, റൂട്ടൈൽ, സിലിമണൈറ്റ് എന്നിവ പിറവന്തൂരിൽ ഇവ അങ്ങിങ്ങായി പരന്ന് (Disseminated , Deposits) അന്തർവേധങ്ങളായി കണ്ടുവരുന്നു. ഇവയുടെ ഉല്പത്തിയെക്കുറിച്ച് ശാസ്ത്രകാരന്മാരുടെ ഇടയിൽ രണ്ടഭിപ്രായമാണുള്ളത്.

1. അവസാദശിലകളിൽ അടങ്ങിയിരിക്കുന്ന ജൈവ ദ്രവ്യങ്ങൾ, കായാന്തര ശിലാരൂപത്തിലേക്ക് മാറ്റപ്പെടുമ്പോഴാണ് ഗ്രാഫൈറ്റ് രൂപം കൊള്ളുന്നത്.

2. അതല്ല, കാർബനിക സംയുക്തമായ കാൽസ്യം കാർബണൈറ്റിൽ രാസപ്രവർത്തനം നടന്നാണ് ഇവ ഉണ്ടാകുന്നതെന്നുമാണ്. ബാറ്ററികളിലും ബാൾപെയറിംഗുകളിലും, കാർബൺ ബ്രഷുകളിലും, പെൻസിൽ നിർമ്മാണത്തിനും, പെയിന്റുകളും, പോളീഷുകളും നിർമ്മിക്കുന്നതിനും റിഫ്രാക്ടറികളിലും റബ്ബർ ഉല്പന്നങ്ങളിലും സ്റ്റീൽ ഉല്പാദനത്തിലും ലൂബ്രിക്കന്റായും ന്യൂക്ലിയർ റിയാക്ടറുകളിൽ മോഡറേറ്ററുകളായും ഗ്രാഫൈറ്റ് സർവ്വസാധാരണമായി ഉപയോഗിച്ചു വരുന്നു.

പരിസ്ഥിതിപ്രശ്നങ്ങൾ:

മണ്ണൊലിപ്പ്:

പിറവന്തൂർ പഞ്ചായത്തിന്റെ 10, 12, 13 വാർഡുകളായ ചെമ്പനരുവി, കടശ്ശേരി, പെരുന്തോയിൽ എന്നീ പ്രദേശങ്ങളിൽ മണ്ണൊലിപ്പ് അതിരൂക്ഷമായി കാണുന്നു. കുത്തനെ ചരിവുള്ള പ്രദേശങ്ങളെ മൺതിട്ടകൾ കെട്ടിയും (Terracing) കല്ലുകൊണ്ട് അതിരുകൾ നിർമ്മിച്ചും മണ്ണൊലിപ്പു തടയാം. കൂടാതെ ചരിഞ്ഞ പ്രദേശങ്ങളിൽ കൂടി ജലത്തിന്റെ കുത്തിയൊഴുക്ക് തടയുന്നതിനും മഴവെള്ളം ഭൂമിക്കടിയിലേക്ക് ഊർന്നിറങ്ങുന്നതിനും സഹായകമായ രീതിയിൽ കുഴികൾ നിർമ്മിച്ചും മണ്ണൊലിപ്പ് തടയാം. കുന്നിൻചരിവുകൾ സസ്യാവരണമില്ലാതെ തുറന്ന് കിടക്കുന്ന അവസ്ഥ ഒഴിവാക്കുക. കിഴങ്ങുവർഗ്ഗത്തിൽപ്പെട്ട വിളകൾ കുന്നിൻ ചരുവുകളിൽ കൃഷിചെയ്യുന്നത് നിരുത്സാഹപ്പെടുത്തുക. തുടങ്ങിയവയെല്ലാം മണ്ണൊലിപ്പ് തടയുന്നതിന് സഹായകമാണ്.

2. മണൽവാരൽ:-

പിറവന്തൂരിൽ കല്ലടയാറിന്റെയും അച്ചൻകോവിലാറിന്റെയും പരിസര പ്രദേശങ്ങളിൽ നിന്ന് അനതികൃത മണൽ ഖനനം നടത്തുന്നുണ്ട്. ഈ പ്രദേശങ്ങളിൽ ഒട്ടനവധി ആളുകളുടെ ജീവിതമാർഗ്ഗം തന്നെ മണൽ ഖനനമായി മാറിയിരിക്കുന്നു. ഇത് മൂലമുണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കേണ്ട കാലം അതിക്രമിച്ച് കഴിഞ്ഞിരിക്കുന്നു. ഭൗമോപരിതലത്തിലുള്ള ഉയർച്ച, താഴ്ച്ചയ്ക്കനുസരിച്ച് ഭൂഗർഭ ജലനിരപ്പും ഉയരുകയും, താഴുകയും ചെയ്യുന്നു. മാത്രമല്ല, വറ്റിപ്പോകാത്ത ജല സ്രോതസ്സുകൾ അങ്ങിനെ തന്നെ നിലനിൽക്കുന്നതിന് കാരണം, ജല സ്രോതസ്സുകളുടെ താഴെ പരിധി ഭൂഗർഭ ജലപരിധിയുമായി സന്ധിച്ച് നിൽക്കുന്നത് കൊണ്ടാണ്. ഒരു പ്രദേശത്ത് നിന്ന് സ്ഥിരമായി മണൽ നീക്കം ചെയ്യുമ്പോൾ സമീപ പ്രദേശങ്ങളെ അപേക്ഷിച്ച്, ആ പ്രദേശം താഴാനിടയാവുകയും തൽഫലമായി ഭൂഗർഭ ജലനിരപ്പ് താഴ്ത്തപ്പെടുകയും ചെയ്യുന്നു. ഇക്കാരണങ്ങൾകൊണ്ട് പരിസരപ്രദേശങ്ങളിലെ, കിണറുകളിലേയും കുളങ്ങളിലേയും ജലനിരപ്പും താഴുന്നു. മണൽവാരൽ മൂലമുള്ള അതിപ്രധാനമായ ദൃഷ്യഫലമാണ് നദീ തീരങ്ങളുടെ തിട്ട ഇടിയൽ. അതിരൂഷമായ മണൽവാരൽ ചുറ്റുമുള്ള പ്രദേശങ്ങളുടെ ശക്തി ക്ഷയിപ്പിക്കുകയും, തൽഫലമായി നദിക്കരക്ക് ഇടിച്ചിൽ സംഭവിക്കുകയും ചുറ്റുമുള്ള കൃഷിയോഗ്യമായ സ്ഥലങ്ങൾ നശിക്കുകയും ചെയ്യുന്നു. ഉദാഹരണമായി, പിറവന്തൂരിന്റെ സമീപ പഞ്ചായത്തുകളിലൊന്നായ 'കുളക്കടയിൽ' കുളക്കട കിഴക്ക്, കുറ്ററ, ഏറത്ത് കുളക്കട, താഴത്ത് കുടക്കട എന്നീ വാർഡുകളിൽ കല്ലടയാറിൽ നിന്നുള്ള മണൽ വാരൽ മൂലം ഭീമമായ തോതിൽ കൃഷിയോഗ്യമായ സ്ഥലങ്ങൾ നശിച്ച്കൊണ്ടിരിക്കുന്നു. പ്രത്യേക്ഷമായ മറ്റൊരു ദൃഷ്യഫലം,

മണൽവാരൽ മൂലം ചുറ്റുപാടുമുള്ള ജലം കലങ്ങുന്നത് കൊണ്ട് മൽസ്യ സമ്പത്തിന്റെ ആവാസ വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുന്നു. മാത്രവുമല്ല, മണൽ മാത്രം അരിച്ചെടുക്കുന്നതുകൊണ്ട്, താരതമ്യേനസിൽറ്റ് ക്ലേ, വിഭാഗത്തിൽപ്പെടുന്ന അവക്ഷിപ്തങ്ങൾ അടിഞ്ഞ് കൂടി,ഒറ്റപ്പെട്ട ചെളിദ്വീപുകൾ രൂപാന്തരപ്പെടുന്നത് മൂലം അത് വരെ നിലനിന്നിരുന്ന ജലത്തിന്റെ ഒഴുക്കിന്റെ ദിശയും, ശക്തിയും മാറ്റപ്പെടുന്നു. ഇത് ജലഗതാഗതത്തെ പ്രതികൂലമായി ബാധിക്കുന്നു. നദികളും മറ്റ് ജലാശയങ്ങളും കടലിൽനിക്ഷോപിക്കുന്ന അപക്ഷിപ്തങ്ങളിൽ നിന്ന് വേർ തിരിയുന്ന മണലാണ് നാം കടൽ തീരങ്ങളിൽ കാണുന്നത്. കടൽ തീരത്തുള്ള ഈ മണ്ൽപ്പരവതാനി തിരമാലകളുടെ ശക്തിയെ ക്ഷയിപ്പിക്കുകയും, അത് മൂലം കടൽത്തിട്ട ഇടിയൽ (Beach erosion) തടയുകയും ചെയ്യുന്നു. പ്രകൃതി ദത്തമായിത്തന്നെ കടൽ തീരങ്ങളിൽ എത്തപ്പെടേണ്ട മണൽ നദികളിൽ വച്ചുതന്നെ നാം മാറ്റുമ്പോൾ അവ നമ്മുടെ പരിസ്ഥിതി സന്തുലിതാവസ്തയെ കുറച്ചൊന്നുമല്ല മാറ്റിമറിക്കുന്നത്.

3. വെള്ളപ്പൊക്കം

ഈ അധ്യായത്തിന്റെ ആരംഭത്തിൽ വിവരിച്ചതുപോലെ ഈ പഞ്ചായത്തിനെ ഗണ്യമായരീതിയിൽ വയലുകൾ കുറഞ്ഞുവരികയാണ്. നമ്മുടെ വയൽ പ്രദേശങ്ങൾക്ക് പഴയകാല നദീതട പ്രദേശങ്ങളായിരുന്നുവെന്നതിന് മകുടോദാഹരണമാണ്, അവ തുടർച്ചയായി കാണപ്പെടുന്നു എന്നുള്ളതും മിക്ക പാടശേഖരവുമായി ബന്ധപ്പെട്ട് ഒരു ചെറിയ തോടെങ്കിലും ഇപ്പോഴും നിലനിൽക്കുന്നുവെന്നുള്ളതും. അങ്ങെനെ നോക്കുമ്പോൾ പാടശേഖരങ്ങൾ പ്രകൃതി ദത്തമായിതന്നെയുള്ള ഒഴിക്കുചാലുകളാണ്. (Natural dranage systems) വയൽ പ്രദേശങ്ങൽ നികത്തുന്നത് വഴി, ഈ പ്രകൃതി സംവിധാനം തകിടം മറിയുകയും, വെള്ളപ്പൊക്കം തുടങ്ങിയ പ്രകൃതിക്ഷോപങ്ങൾക്ക് നാമിരയാവുകയും ചെയ്യുന്നു. ഇതിന് ഉത്തമ ഉദാഹരണമാണ് തിരുവനന്തപുരം നഗരം. നഗരത്തിലും, പ്രാന്ത പ്രദേശങ്ങളിലുമുണ്ടായിരുന്ന വയലുകൾ മുഴുവൻ നികത്തിയതിന്റെ ഫലമായി, ഇവിടെലഭിക്കുന്ന ഒരു ചെറിയ മഴയിൽപോലും വെള്ളപ്പൊക്കമുണ്ടാകുന്നു. ഒരു മേഖല അതിന്റെ നാലതിരുകൾക്കകത്തെ പ്രകൃതിദത്തവും, അല്ലാത്തതുമായ വിഭവങ്ങളെ പൂർണ്ണവും സാങ്കേതികവുമായി ചൂഷണം ചെയ്യുന്ന അവസ്ഥയിലെത്തുമ്പോഴാണ് അതിനെ സ്വാശ്രയ മേഖല എന്ന് വിളിക്കാവുന്നത്. അങ്ങിനെ സ്വയം പര്യാപ്തയിലേക്കുള്ള നമ്മുടെ കുതിപ്പിൽ, നിലവിലുള്ള വിഭവങ്ങളുടെ സമഗ്രമായ ഉപഭോഗം ലക്ഷ്യമാക്കുന്നതിന് പകരം, സാങ്കേതികത്വത്തിന്റെ പേര് പറഞ്ഞ് നാമിവിടെ വയലുകൾ നികത്തുന്നു. തൻമൂലം കൃഷിയുടെ ഉല്പാദനത്തെ ദോഷകരമായി ബാധിക്കുന്നതോടൊപ്പം പരമ്പരാഗത തൊഴിലാളികളെ തൊഴിലില്ലായ്മയിലേക്ക് നയിക്കുകയും ചെയ്യുന്നു. പിറവന്തൂർ പഞ്ചായത്തിന്റെ കറവൂർ, വൻമള, മുക്കടവ് എലിക്കാട്ടൂർ, കമുകും ചേരിഎന്നീ വാർഡുകൾക്ക് പുറമേ, ചേകം വാർഡിന്റെ കുറേഭാഗങ്ങളിലും മഴക്കാലത്ത് വെള്ളപ്പൊക്കം അനുഭവപ്പെടുന്നു.

4. പാറപൊട്ടിക്കൽ:-

ഈ പഞ്ചായത്തിന്റെ വൻമള മുക്കടവ്, എന്നീവാർഡുകളിൽ നിന്ന് പാറപ്പൊട്ടിച്ച് കെട്ടിടാവശ്യങ്ങൾക്കും മറ്റുമായി പഞ്ചായത്തിനകത്തും പുറത്തും ഉപയോഗിക്കുന്നുണ്ട്. ഭൂഗർഭ ജലത്തിന്റെ ഒഴുക്ക്, ഭൂമിക്കടിയിലെ പാറക്കെട്ടുകളിലെ അടുക്കുകളിൽ (Joints) കൂടിയും നടക്കുന്നുണ്ട്. പാറക്കെട്ട്കളിലേ അടുക്കുകൾ വ്യസ്തൃതമായി മറ്റു പ്രദേശങ്ങളിലേക്കും വ്യാപിച്ചിരിക്കും. അശാസ്ത്രീയമായ പാറപ്പൊട്ടിക്കൽ മൂലം, ഈ അടുക്കുകളുടെ തുടർച്ച (Continuity) നഷ്ടപ്പെടുകയും തൻമൂലം പാറകെട്ടുകളിലെ ഭൂഗർഭ നീരൊഴുക്കിനെ ഇത് തടസ്സപ്പെടുത്തുകയും ചെയ്യുന്നു. ജലദൗർലഭ്യ മേഖലകൾ രൂപംകൊള്ളുന്നതിന് ഇതും ഒരു കാരണമാണ്. പാറപൊട്ടിക്കൽ സാഹസികമായ ഒരു തൊഴിലാണ്. ഇത് മൂലം അന്തരീക്ഷമലിനീകരണവും ശബ്ദമലിനീകരണവും രേഖപ്പെടുത്തിയിട്ടുണ്ട്.

5. കളിമണ്ണ് ഖനനം

പിറവന്തൂർ പഞ്ചായത്തിലെ പുന്നല, പൊരിന്തോയിൽ, എലിക്കാട്ടൂർ എന്നീ വാർഡുകളിൽ നിന്നും പഞ്ചായത്തിന്റെ അനുവാദത്തോടെയും അല്ലാതെയും കളിമണ്ണ് ഖനനം നടത്തുന്നുണ്ട്. നേരത്തെ പ്രതിപാദിച്ചതുപോലെ ജല ദൗർലഭ്യത്തിനും നെല്ല് തുടങ്ങിയ വിളകളുടെ ഉല്പാദനത്തിൽ മകുറവുണ്ടാക്കുന്നതിനും ഇത് കാരണമാകുന്നു.

6. ഉരുൾപൊട്ടൽ

ഈ പഞ്ചായത്തിൽ ഉരുൾ പൊട്ടൽ സാർവ്വത്രികമല്ലെങ്കിലും, 1992 ലെ വെള്ളപ്പൊക്കത്തിൽ പത്താം വാർഡായ ചെമ്പനരുവിയിൽ ഉരുൾപൊട്ടിയത് രണ്ട് പേരുടെ മരണത്തിനിടയാക്കി. ഈ മേഖലയിൽ ഉരുൾപൊ

ട്ടൽ സാദ്ധ്യതയെക്കുറിച്ച് വിശദമായ പഠനം അദ്ധ്യാവശ്യമാണ്.

7. കാട്ടു പന്നിശല്യം

കാട്ടു പന്നികൾ കൂട്ടത്തോടെ ഇറങ്ങി കൃഷികൾ നശിപ്പിക്കുന്നത് തടയേണ്ടത് അത്യാവശ്യമാണ്.

ജനപ്രകൃതി

1991 ലെ സെൻസസ് കണക്കുകൾ പ്രകാരം പിറവന്തൂർ പഞ്ചായത്തിലെ ജനസംഖ്യ 35613 ആണ്. ഇതിൽ 17579 പുരുഷൻമാരും 18034 സ്ത്രീകളുമാണ്. പുരുഷ സ്ത്രീ അനുപാതം 1:1.03 ആണ്. ആകെ വീടുകൾ 7992. അതായത് വീടൊന്നിന് ശരാശരി 4.46 ആളുകൾ വീതമുണ്ട്. ജനസാന്ദ്രത മൊത്തം വിസ്തൃതിയുടെ അടിസ്ഥാനത്തിൽ ചതുരശ്ര കി. മീറ്ററിന് 274.27 ആണ്. 129.85 ച.കി.മീ. വിസ്തൃതിയുള്ള ഈ പഞ്ചായത്തിൽ മൊത്തം വിസ്തൃതിയുടെ 37% അതായത് 48 ച.കി.മീ. നിക്ഷിപ്ത വനങ്ങളാണ്. അവശേഷിക്കുന്ന 81.8 ച.കി.മീ. മാത്രമാണ് ജനവാസമുള്ള പ്രദേശങ്ങൾ. അതിന്റെ അടിസ്ഥാനത്തിൽ ജന സാന്ദ്രത ച.കി.മീ 435.37 ആണ്.

6 വയസ്സിന് താഴെയുള്ളകുട്ടികളുടെ എണ്ണം 4186 ആണ്. ആൺകുട്ടികൾ 2149ഉം പെൺകുട്ടികൾ 2370 ഉം പട്ടികജാതി ജനസംഖ്യ 6357 ആണ്. 3201 പുരുഷൻമാരും 3156 സ്ത്രീകളും പട്ടികവർഗ്ഗക്കാർ പ്രധാനമായും ഉള്ളത് 10,13 വാർഡുകളിലാണ്. മറ്റു ചില വാർഡുകളിൽ ഒന്നോ രണ്ടോ കുടുംബങ്ങൾ മാത്രം കാണപ്പെടുന്നു. 173 പുരുഷൻമാരും 158 സ്ത്രീകളും മായി ആകെ 331 പട്ടികവർഗ്ഗക്കാരാണ് പഞ്ചായത്തിൽ ഉള്ളത്. പട്ടികവർഗ്ഗക്കാരിൽ ഭൂരിപക്ഷവും മലമ്പണ്ടാരം സമുദായത്തിൽപെട്ടവരാണ്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽ സ്ത്രീകളുടെ എണ്ണം കുറവായി കാണുന്നത് മറ്റു വിഭാഗങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഒരു സവിശേഷതയായി കാണാം.

വാർഡു തിരിച്ചുള്ള ജനസംഖ്യക്കണക്ക് പട്ടിക 1 ൽ കൊടുത്തിട്ടുണ്ട്.

പഞ്ചായത്തിൽ ആകെയുള്ള നിരക്ഷരരുടെ എണ്ണം 7356 ആണ്. ഇതിൽ 4003 സ്ത്രീകളും 3353 പുരുഷൻമാരും ഉണ്ട്. പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ഇടയിലാണ് നിരക്ഷരതാ നിരക്ക് ഏറ്റവും കൂടുതൽ. ഇതിൽത്തന്നെ പട്ടികവർഗ്ഗക്കാരാണ് മുന്നിൽ. പട്ടികജാതി വിഭാഗത്തിൽ 2058 പേരും പട്ടികവർഗ്ഗ വിഭാഗത്തിൽ 247 പേരും നിരക്ഷരരാണ്. നിരക്ഷരരുടെ വാർഡ് തിരിച്ചുള്ള കണക്ക് പട്ടിക 2 ൽ. രണ്ടാം ഘട്ട സാക്ഷരത പ്രവർത്തനങ്ങളിലൂടെ ഇവരിൽ കൂറേപ്പേർ കഷ്ടിച്ച് പേരെഴുതാനും മറ്റും പഠിച്ചുവെന്നല്ലാതെ സാക്ഷരരായി എന്നു പറഞ്ഞു കൂടാ. രണ്ടാം ഘട്ട സാക്ഷരതാ പ്രവർത്തനം വേണ്ടത്ര ശുഷ്കാന്തിയോടെ നടത്താൻ കഴിയാത്തതാണ് കാരണം.

1991 നുശേഷം ജനസംഖ്യയിലുണ്ടായ വർദ്ധനവിന്റെ അടിസ്ഥാനത്തിൽ കാലികമായ കണക്കുകൾ ശേഖരിച്ചിട്ടില്ല. അങ്കണവാടികളിൽ ലഭ്യമായ കണക്കുകൾ റേഷൻ കടകളിലെ ഗുണഭോക്താക്കളുടെ എണ്ണം എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചാൽ ജനസംഖ്യ വർദ്ധനവിന്റെ ഏകദേശ രൂപം മനസ്സിലാക്കാം. റേഷൻകടകളിലെ കണക്കുകളനുസരിച്ച് 41237 പേർ ഈ പഞ്ചായത്തിലുണ്ട്. കാർഡ് ലഭിച്ചിട്ടാത്തവരും കാർഡിൽ പേര് ചേർത്തിട്ടില്ലാത്ത കുട്ടികളും ഇതിന് പുറമേയാണ്. അങ്ങനെ നോക്കുമ്പോൾ കാലികമായ ഒരു സർവ്വേ നടത്തിയാൽ ജനസംഖ്യയിൽ 6500 എങ്കിലും വർദ്ധിച്ചിണ്ടാകും ജനസംഖ്യ 42000 കവിഞ്ഞിട്ടുണ്ടാകും. ഒവൈദ്യുതകമ്പി ലൈനിന്റെ കീഴിലുള്ള സ്ഥങ്ങളിലും കല്ലട പദ്ധതി കനാലിന്റെ പുരമ്പോക്കു ഭൂമികളിലും മറ്റു പ്രദേശങ്ങളിൽ നിന്ന് കുടിയേറ്റമുണ്ടായതും ഈ വർദ്ധനവിനുള്ള കാരണങ്ങളാണ്.

വിദ്യഭ്യാസരംഗത്തെ ജില്ലയിലെ പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിലൊന്നാണ് പിറവന്തൂർപഞ്ചായത്ത്. വിദ്യാഭ്യാസം നേടുന്നവരുടെ കാര്യത്തിൽ കാലാനുക്രമമായി വർദ്ധനയുണ്ടാകുന്നുവെങ്കിലും പഠന നിലവാരം വളരെ പിന്നോക്കാമാണ്. ഈ പിന്നോക്കാവസ്ഥ ഏറ്റവും കൂടുതൽ പ്രകടമായുള്ളത് പഞ്ചായത്തിന്റെ കിഴക്കൻ വാർഡുകളിലാണ്.

അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പ്രധാന പ്രശ്നമാണ്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും തൊഴിലിനോട് ആഭിമുഖ്യം വളർത്താനുള്ള ശ്രമങ്ങളും അനിവാര്യമാണ്. കാർഷിക മേഖല ആദായകരമല്ലെങ്കിലും മറ്റ് തൊഴിലുകൾ കണ്ടെത്താൻ കഴിയാത്തത് കൊണ്ട് മാത്രം കൃഷിയിൽ തുടർന്നു പോകുന്നവരാണധികവും. കൃഷിപ്പണികൾ മിക്കവാറും സ്വന്തമായി തന്നെ ചെയ്യുന്നു. മറ്റ് തൊഴിൽമേഖലകൾ വളരെ പരിമിതമാണ്. തൊഴിൽ ചെയ്ത് ജീവിക്കുന്നവരിൽ ഭൂരിഭാഗവും ഭാഗികമായി മാത്രം തൊഴിൽ ലഭിക്കുന്നവരാണ്. തൊഴിലില്ലായ്മ ഏറ്റവും രൂക്ഷമായിരിക്കുന്നത് സ്ത്രീകൾക്കാണ്. കൃഷ്ത്തൊഴിലാളികൾ എന്ന നിലയിൽമാത്രം പണിയെടുത്തു ജീവിക്കുന്നവർ 4000 ത്തോളം വരും. കാർഷികമേഖലയും വനംവകുപ്പിന്റെ പണികളും ആണ് ഈ പ്രദേശത്ത് കൂടുതൽ തൊഴിൽ അവസരങ്ങൾ നൽകുന്നത്. കാടുവെട്ട് ,തലച്ചുമട് തുട

ങ്ങിയ ജോലികളിൽ സ്ത്രീകൾ കൂടുതലായി ഏർപ്പെടുന്നു. സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷന്റെ റബ്ബർ പ്ലാന്റേഷനിൽ സ്ഥിരം ജോലി ലഭിച്ചിട്ടുള്ളവർ വളരെ കുറവാണ്. സീസൺ ജോലികളിൽ വർഷങ്ങളായി ഏർപ്പെടുന്നവരുണ്ട്. 1991 ലെ സെൻസസ് കണക്കുകൾ പ്രകാരം തന്നെ 23000 ത്തിൽ അധികം പേർ തൊഴിൽരഹിതരായിട്ടുണ്ട്. അവശേഷിക്കുന്നവരിൽ ഭാഗികമായി മാത്രം തൊഴിൽ ലഭിക്കുന്നവരാണ്. കൃഷി, മൃഗസംരക്ഷണമേഖലകൾക്ക് മാത്രമേ ഈ പഞ്ചായത്ത് നേരിടുന്ന രൂക്ഷമായ തൊഴിലില്ലായ്മാ പ്രശ്നം- വിശേഷിച്ചും സ്ത്രീകളുടേത് പരിഹരിക്കാൻ കഴിയു.

പട്ടിക 1

വാർഡ് തിരിച്ചുള്ള ജനസംഖ്യക്കണക്കുകൾ (1991 സെൻസസ്)

		ആകെ		പട്ടി:വർഗ്ഗം			കുട്ടികൾ (6 വയസിനുതാഴെ		
വാർഡ്	പു	സ്ത്രീ	ആകെ	പു	സ്ത്രീ	പു	സ്ത്രീ	ആൺ	പെൺ	ആകെ
I	1759	1846	3605	738	705	3	1	207	220	427
II	1252	1295	2547	236	246	–	–	149	100	429
III	1128	1162	2290	191	191	–	–	121	133	254
IV	1576	1584	3160	204	225	–	–	189	159	348
V	1810	1761	3571	249	232	3	2	219	209	428
VI	2369	2262	4631	394	365	8	5	303	266	569
VII	1312	1417	2729	300	314	3	2	174	170	344
VIII	928	1039	1967	76	69	4	2	93	104	197
IX	1144	1245	2389	56	53	–	–	128	127	225
X	1511	1514	3025	351	330	112	114	223	237	460
XI	1172	1268	2440	86	94	2	1	128	131	259
XII	1618	1641	3259	320	332	38	31	215	181	396
ആകെ	17579	18034	35613	3201	3156	173	158	2149	2037	4186

പട്ടിക 2

നിരക്ഷരരുടെ വാർഡ് തിരിച്ചുള്ള കണക്ക്.

വാർഡ്	നിരക്ഷരർ			നിരക്ഷരർ (പ്പടികജാതി)			നിരക്ഷരർ പട്ടിക വർഗ്ഗം			
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ		ആകെ
I	401	484	385	128	163	291	1	1	2	
II	164	175	339	68	77	145	–	–	–	
III	162	234	396	43	72	115	–	–	–	
IV	297	330	627	77	86	163	–	–	–	
V	370	471	841	52	57	109	1	1	2	
VI	432	492	924	115	118	233	2	1	3	
VII	262	303	565	86	92	178	1	1	2	
VIII	145	163	308	33	47	80	2	1	3	
IX	149	191	340	27	32	59	–	–	–	
X	442	545	987	147	153	300	66	83	159	
XI	165	203	368	29	33	62	1	1	2	
XII	364	412	776	151	172	323	26	27	53	
ആകെ	3353	4003	7356	956	1102	2058	121	126	247	

"ഓരോരുത്തരും അവരവരുടെ നെറ്റി വിയർക്കെ
പടിയെടുത്ത് ജീവിച്ചെങ്കിൽ ഭൂമി സ്വർഗ്ഗമായി മാറുമായിരുന്നു
-ഗാന്ധിജി-
വികസന മേഖലകൾ
"എല്ലാവരുടെയും ആത്യാവശ്യങ്ങൾ നിറവേറ്റാൻ വേണ്ട വിഭവങ്ങൾ ഈ പ്രകൃതിയിലുണ്ട്
എന്നാൽ ആരുടെയും ദുരെയെ തൃപ്തിപ്പെടുത്തുവാൻ വിഭവങ്ങൾഇല്ലതാനും"
-ഗാന്ധിജി-

IV - 1 കൃഷിയും ജലസേചനവും

അറബിക്കടലിനു നാല്പത്തഞ്ചു കിലോമീറ്റർ കിഴക്ക് സഹ്യാദ്രിയുടെ പടിഞ്ഞാറൻ താഴ്വരയിൽ ഇടനാടും മലനാടും ചേർന്ന പ്രദേശമാണ് പിറവന്തൂർ പഞ്ചായത്ത്. ഇത് ഒരു സംപൂർണ്ണ കാർഷിക പ്രദേശമാണ്. കുന്നുകളും ചരിവുകളും ചതുപ്പുനിലങ്ങളും നേർനിലങ്ങളുമാണ് ഭൂപ്രകൃതി. ഈ പഞ്ചായത്തിലെ ഭൂരിപക്ഷം വാർഡുകളും വനത്താൽ ചുറ്റപ്പെട്ടവയാണ്. ആകെ വിസ്തീർണ്ണത്തിന്റെ മുന്നിൽ ഒന്നിലധികം ഭാഗവും വനമാണ്. മുഖ്യകൃഷി റബ്ബർ, നെല്ല്, തെങ്ങ്, വാഴ, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ, ഇഞ്ചി, മഞ്ഞൾ, വെറ്റില, കമുക്, കൈത, തുടങ്ങിയവയാണ്. ജനങ്ങളുടെ മുഖ്യജീവനോപാധി കൃഷിയാണ്.

പണ്ടുകാലത്ത് വനമദ്ധ്യത്തിലുള്ള ചതുപ്പുസ്ഥലങ്ങൾ വെട്ടിത്തെളിച്ച് പാർപ്പിടസൗകര്യവും കൃഷിഭൂമികളും ഉണ്ടാക്കിയിരുന്നു. അങ്ങനെയാണ് പല വാർഡുകളും വനത്താൽ ചുറ്റപ്പെട്ടവയായത്. കടശ്ശേരി- ചെമ്പനരുവി കറവൂർ-പെരുന്തോയിൽ തുടങ്ങിയ വാർഡുകൾ അതിൽപ്പെടും. കരിമണ്ണും, ചെമ്മണ്ണും ചേർന്ന ഫലപുഷ്ടിയുള്ളമണ്ണായിരുന്നു. കാലാകാലങ്ങളിൽ മണ്ണു സംരക്ഷണപ്രവർത്തനം നടത്താത്തതുമൂലം ഫലപുഷ്ടി വളരെ കുറഞ്ഞിട്ടുണ്ട്.

പഞ്ചായത്തിന്റെ തെക്കുഭാഗത്തുകൂടി കല്ലടയാറ് ഒഴുകുന്നു. കിഴക്കുഭാഗത്തുകൂടി മുക്കടവിലാറും, കടശ്ശേരി, ഉമ്മന്നൂർ, വഴങ്ങോട് മുതലായ സ്ഥലങ്ങളിൽ നിന്നും ഉത്ഭവിച്ച് പുന്നല,ചാച്ചിപുന്ന, ചേകം വാർഡുകളിൽ കൂടി ഒഴുകുന്ന കടക്കാമൺ തോടാണ് ഈ പഞ്ചായത്തിലെ പ്രധാന തോട്.

കല്ലട ജലസേചനപദ്ധതിയുടെ വലതുകനാൽ പഞ്ചായത്തിന്റെ വടക്കുഭാഗത്തുകൂടി പോകുന്നു. പെരുന്തോയിൽ, കറവൂർ, പുന്നല,ചാച്ചിപുന്ന, ചേകം, പിറവന്തൂർ, കിഴക്കേമുറി തുടങ്ങിയ വാർഡുകളിൽ ഇതിന്റെ പ്രയോജനം ലഭിക്കും.

ഭൂരിഭാഗം ഭൂഉടമകളും ഒരുഹെക്റ്ററിനു താഴെ കൃഷിഭൂമി കൈവശമുള്ളവരാണ്. ഇതുസംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

പട്ടിക 1

ഭൂമി സംബന്ധിച്ച വിവരങ്ങൾ (കൃഷിഭവൻ രേഖ)

ന:	ഇനം	വിസ്തീർണ്ണം (ഹെക്)
1	നിലം	1981.5
2	പുരയിടം	5136
3	പുറംമ്പോക്ക്	35
4	കൃഷിയോഗ്യതരശ്	35
5	കൃഷിയോഗ്യമല്ലാത്ത തരശ്	10
6	വനപ്രദേശം	491.5
7	തേക്കിൻ തോട്ടം	875.00
	ആകെ	12985.00

പട്ടിക 2

(വില്ലേജു രേഖകൾ)

ന:	ഇനം	കുടുംബങ്ങളുടെ എണ്ണം
1	ഒരു ഹെക്: താഴെ	6490
2	ഒരു ഹെക്: നും രണ്ടു ഹെക്:നും മദ്ധ്യേ	2582
3	രണ്ടു ഹെക്:നു മുകളിൽ	151

ആദ്യകാലത്ത് എറ്റവും കൂടുതൽ ശ്രദ്ധയും പരിചരണവും നൽകിയിരുന്നത് നെൽകൃഷിക്കും മരച്ചീനിക്കുമായിരുന്നു.മഴയെ മാത്രം ആശ്രയിച്ചായിരുന്നു കൃഷി. വേനൽക്കാലത്തു് എല്ലാ തോടുകളും വറ്റിയിരിക്കും. മരച്ചീനി മുതലായ കൃഷിയേക്കാൾ ആദായകരമായ കൃഷിയാണ് റബ്ബർ എന്നു കണ്ടതോടുകൂടിയും റബ്ബർ കൃഷി ഈ പ്രദേശത്തെ മണ്ണും കാലാവസ്ഥയും അനുകൂലമാകയാലും പുരയിടങ്ങളിൽ റബ്ബർ കൃഷി ചെയ്യാൻ തുടങ്ങി. ഇന്നു പുരയിടങ്ങളുടെ 90% വും റബ്ബർ കൃഷിയ്ക്ക് സ്ഥാനം പിടിച്ചു കഴിഞ്ഞു.

പടിഞ്ഞാറൻ പ്രദേശത്തുനിന്നും വന്നു് കൃഷി ചെയ്തു ഉപജീവനം നടത്തണം എന്ന ഉദ്ദേശത്തിൽ കൃഷിയ്ക്കുപയുക്തമായ വനഭൂമികൾ വെട്ടിത്തെളിച്ചു സ്വന്തമാക്കിയ കൃഷിക്കാരാണ് ആദ്യകാലത്തുണ്ടായിരുന്നത്. പത്തും നൂറും വരെ ഹെക്ടർ കൈവശപ്പെടുത്തിയ ജന്മിമാരും ഉണ്ടായിരുന്നു. ഇവയിൽ കൂടുതലും ഇന്ന് തുണ്ടുഭൂമികളായി മാറി.

ആകെ ഭൂമിയുടെ 25% നെൽകൃഷി ചെയ്തിരുന്ന വയലുകളായിരുന്നു. പഴയക്കാലത്തു വിളവു കുറഞ്ഞ നാടൻ വിത്തിനങ്ങളായ ചമ്പാവ്, അരിക്കിരാഴി, കൂരിചമ്പാവ്, പടനുവെളള വെളുത്തിഞ്ചക്കാടൻ തുടങ്ങിയ വിത്തുകൾ കൃഷി ചെയ്തിരുന്നു. വിളവ് കൃഷി ചെലവിനുപോലും ലഭിച്ചിരുന്നില്ല. ഇപ്പോൾ അത്യുല്പാദനശേഷിയുളളതും ഈ നാടിന്റെ കാലാവസ്ഥയക്കു യോജിച്ചതുമായ ജ്യോതി - ജയ, 8-8-56, തിരുവോണം, ഭാരതി, ത്രിവേണി, H4, PTB,ശബരി തുടങ്ങിയ വിത്തിനങ്ങൾ കൃഷി ചെയ്യുന്നുണ്ട്.

പഴയകാലത്ത് പച്ചില, ചാണകം ചാരം തുടങ്ങിയ ജൈവവളങ്ങൾ മാത്രമേ ഉപയോഗിച്ചിരുന്നുള്ളൂ.

പാടങ്ങളിൽ ഇടവിളയായി പയർ, പച്ചക്കറികൾ, വാഴ, ചേന, ചേമ്പു്, ചീനി, വെറ്റില മുതലായവ കൃഷി ചെയ്തുവരുന്നു.

ജലസേചനത്തിനായി തോടുകളിൽനിന്നും നിലത്തിലേക്ക് വെളളം തിരിച്ചുവിടുന്നതിനു മുൻപ് നിർമ്മിച്ച എല്ലാ ബണ്ടുകളും പൊളിഞ്ഞു നശിച്ചു. K. I. P കനാലിലെ ജലം കൃഷിക്ക് ഉപയുക്തമായ രീതിയിൽ ലഭിക്കുന്നില്ല.

പുരയിടങ്ങൾ റബ്ബർ കയ്യടക്കിയതോടെ തെങ്ങു കൃഷി കുറഞ്ഞു വരുന്നു. എന്നാൽ വയൽ നികത്തിയും തോടുവരമ്പുകളിലും തെങ്ങു ധാരാളമായി കൃഷി ചെയ്തു വരുന്നു.

കാർഷിക ഉല്പന്നങ്ങുടെ പ്രധാന വിപണകേന്ദ്രം പുനലൂർ - പത്തനാപുരം മാർക്കറ്റുകളാണ്. എതാനം വർഷം മുൻപുവരെ തലച്ചുമടായും പിന്നീട് കാളവണ്ടിയിലും ഇപ്പോൾ ജീപ്പ് മുതലായ വാഹനങ്ങളിലും എത്തിക്കുന്നു. നെൽകൃഷി വൻനഷ്ടവും ബുദ്ധിമുട്ടും ആയതോടെ കർഷകർ നിലം നികത്തി വീടു വയ്ക്കുവാനും വൻപരിചരണമാവശ്യമില്ലാത്ത തെങ്ങ് തുടങ്ങിയവ കൃഷി ചെയ്യുവാനും തുടങ്ങി. വർദ്ധിച്ചുവരുന്നകൂലിച്ചെലവ് കർഷകതൊഴിലാളികളുടെ ലഭ്യതകുറവ്, അദ്ധ്വാനമനുസരിച്ചുളള ആദായമില്ലായ്മ തുടങ്ങിയ കാരണങ്ങളാൽ നെൽവയലുകൾ നികത്തുന്നതിനും മറ്റ് ആദായകരമായ കൃഷിക്കും മാറ്റിക്കൊണ്ടിരിക്കുന്നു.

നെൽകൃഷി ലാഭകരമല്ലാതായതും ആധുനിക വിദ്യാഭ്യാസം സാർവത്രികമായതും കർഷക തൊഴിലാളികളുടെ പിൻതലമുറക്കാരെ കൂലികൂടുതൽ കിട്ടുന്ന ഇതര തൊഴിൽ മേഖലകളിലേയ്ക്കു് ആകർഷിച്ചു. ഇത് കർഷക തൊഴിലാളികളുടെ എണ്ണം കുറയുന്നതിനു കാരണമായി.

തന്മൂലം കർഷകർ പരമ്പരാഗതമായി ചെയ്തിരുന്ന നെല്ല്, മരച്ചീനി പച്ചക്കറികൾ മുതലായവയുടെ ഉല്പാദനം ഗണ്യമായി കുറച്ചു. ആ സ്ഥാനത്ത് നാണ്യവിളയായ റബ്ബർ അവരോധിക്കപ്പെട്ടു. മറ്റു എതു കൃഷിയെക്കാളും ലാഭകരവും കർഷക തൊഴിലാളികളെ എന്നും ആശ്രയിക്കേണ്ട കാര്യമില്ലാത്തതുമാണ് ഇതിനു കാരണം.

മുൻകാലങ്ങളെ അപേക്ഷിച്ച് ഭക്ഷ്യവിളകൾ സംരക്ഷിക്കുന്നതിനു കർഷകർ യാതനകൾ അനുഭവിക്കേണ്ടി വരുന്നു. പഞ്ചായത്തിലെ എലിക്കാട്ടൂർ കമുകുംചേരി എന്നീ രണ്ടു വാർഡുകൾ ഒഴികെ മറ്റെല്ലാ വാർഡുകളിലെ കൃഷികളും നശിപ്പിക്കുന്ന കാട്ടുപന്നിയുടെ എണ്ണം വർദ്ധിച്ചിരിക്കുകയാണ്. കാട്ടുപന്നകൾക്കാവശ്യമായ ആഹാര സാധനങ്ങളായ കാട്ടുകിഴങ്ങ്, പഴവർഗ്ഗങ്ങൾ തുടങ്ങിയവ വനത്തിൽ ഉണ്ടായിരുന്നു. വനനശീകരണത്തിന്റെ ഫലമായി കാട്ടു മൃഗങ്ങൾ ആഹാരം തേടി കൃഷിയിടങ്ങളിൽ കൂട്ടമായി എത്തി കൃഷി നശിപ്പിക്കുന്നു. ഇതും നമ്മുടെ ഭക്ഷ്യവിള കുറയാൻ ഒരു കാരണമാകുന്നു.

കർഷകരുടെ വിനോദോപാധികളിൽ ഒന്നായിരുന്നു കാളപുട്ട്. വർഷം തോറും പുന്നല നടത്തി കൊണ്ടിരുന്ന മരമടി മത്സരം രേഖകളിൽ ഒതുങ്ങികഴിഞ്ഞു.

കൃഷിയുമായി ബന്ധപ്പെട്ട കുളങ്ങൾ ഈ പഞ്ചായത്തിൽ ഇല്ല. വയലുകളിൽ നീർച്ചാലുകളുടെ സംരക്ഷണക്കുറവുമൂലവും മലയിൽനിന്നുള്ള മഴ വെള്ളപ്പാച്ചിൽ മൂലവും തോട്ടു വരമ്പുകൾ നശിച്ചുകൊണ്ടിരിക്കുന്നു.

ഭൂവിനിയോഗം

പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 12985 ഹെക്ടറാണ്. ഇത് നിലം താഴ്വര ഉയർന്ന പ്രദേശം എന്നിങ്ങനെയൊക്കെയാണ് കാണപ്പെടുന്നത്.

ചരിവു പ്രദേശങ്ങളുടെ തരം തിരിവ് ഭൂപ്രകൃതി പട്ടിക 1 - ൽ കാണിച്ചിട്ടുണ്ട്. വളവിസ്തീർണ്ണം സംബന്ധിച്ചിട്ടുള്ള അടിസ്ഥാന വിവരങ്ങൾ പട്ടിക മൂന്നിൽ കൊടുത്തിട്ടുണ്ട്

പട്ടിക മൂന്ന്

(Ref വിള വിസ്തീർണ്ണം അടിസ്ഥാന വിവരങ്ങൾ

വിള	വിസ്തീർണ്ണം ഹെക്ടർ	മൊത്തം ഉല്പാദനം	ഉല്പാദനക്ഷമത ഹെക്ടർ
നെല്ല് ഒന്നാംവിള	1291	3425 MT	2.8MT
നെല്ല് രണ്ടാം വിള	1178	2962.5	2.5MT
നെല്ല് മൂന്നാം വിള			
പയർ	50	860MT	98 Kg
എള്ള്	25	2.4MT	600 Kg
പച്ചക്കറികൾ	21	42MT	2
തെങ്ങ്	382	1,3510000	4725
വാഴ	140	1420MT	9
മരച്ചീനി	493	11060MT	22MT
കുരുമുളക്	124	106MT	85 MT
കശുമാവ്	15	300MT	2000 Kg
റബ്ബർ	4349	21745000	5000 KG
കമുക്	750	5063 MT	6.75 MT
ഇഞ്ചി	50	47 MT	2 MT
കൈത	20	2000 MT	100 MT
മഞ്ഞൾ	3	3 MT	1 MT
വെറ്റില	12	വില മാറിവരുന്നു	

വർദ്ധിച്ചുവരുന്ന രാസവള പ്രയോഗം മൂലം മണ്ണിന്റെ അമ്ള സ്വഭാവം വർദ്ധിച്ചു വരുന്നതായിട്ടാണ് കാണപ്പെടുന്നതു്.കൃഷിഭവൻ രേഖകൾ പ്രകാരം 90 -91 ൽ PH 5.7 മുതൽ 6.4 വരെയായിരുന്നത് 95 -96 ആയപ്പോഴേക്കും 5 മുതൽ 4 വരെയായികുറഞ്ഞു.

നെൽകൃഷി

പട്ടിക 4

(വിളവിസ്തീർണ്ണം) കൃഷിഭവൻ രേഖ

ന:	വിള	വിസ്തീർണ്ണം
1	നെല്ല് ഒന്നാം വിള	1291
2	നെല്ല് രണ്ടാം വിള	1178
3	നെല്ല് മൂന്നാം വിള	Nill

കഷ്ടിച്ചു പത്തുമേനി വിളവു കിട്ടിയിരുന്ന നാടൻ വിത്തുകൾക്കു പകരം അത്യുല്പാദന ശേഷിയുള്ള നെൽവിത്തുകൾ കർഷകർ ഉപയോഗിക്കുന്നു. 30 -4 0 മേനിവരെ വിളവുകിട്ടുന്ന മൂപ്പ് കുറഞ്ഞതും മൂപ്പ് കൂടിയതുമായ വിത്തിനങ്ങൾ കൃഷി ഭവൻ വഴി വിതരണം ചെയ്യുന്നതു് കൃഷിക്കാർ വാങ്ങി ഉപയോഗിച്ചു വരുന്നു. നെൽകൃഷിയ്ക്കു ശേഷം വയലുകൾ പലപ്പോഴും തരിശായിട്ടിടുകയാണ് പതിവ്. പയറും എള്ളും പച്ചക്കറികളും കൃഷി ചെയ്യുന്ന പാടങ്ങളും ഉണ്ട്.

പട്ടിക 5

ഇടവിളകൾ

ന	ഇനം	വിസ്തീർണ്ണം(ഹെ)
1	പയറ്	50
2	എള്ള്	5
3	പച്ചക്കറി	21
4	തെങ്ങ്	382
5	വാഴ	493
6	മരച്ചീനി	140
7	കുരുമുളക്	124
8	ഇഞ്ചി	50
9	മഞ്ഞൾ	3
10	വെറ്റില	12
11	കൈത	20

മുഖ്യ വിളയായ റബ്ബറിന്റെ ഉല്പാദനക്ഷമത 5000 Kg ആണ്. മുഖ്യകാർഷിക വരുമാനത്തിൽ ഒന്നാം സ്ഥാനം റബ്ബറിനുതന്നെ.

തെങ്ങ്

വയൽവരമ്പുകളിലും നിലം നികത്തിയും തെങ്ങ്കൃഷി വ്യാപകമാക്കാൻ കർഷകർ ശ്രദ്ധിക്കുന്നു. തെങ്ങിനെക്കാൾ ആദായം റബ്ബറിനായതുകൊണ്ട് തെങ്ങ്കൃഷി ചെയ്തിട്ടുള്ള സ്ഥലങ്ങളിൽ റബർകൃഷി ചെയ്യാനും കർഷകർ താൽപര്യം കാണിക്കുന്നു. എന്നാലും ഈ പഞ്ചായത്തിൽ 382 ഹെക്ടർ സ്ഥലത്ത് തെങ്ങുണ്ട്. ഉല്പാദനക്ഷമത ശരാശരി 47.25 ആണ്. ജലം മണ്ണിൽ തങ്ങിനിൽക്കുന്ന പ്രദേശത്താണ് ഉല്പാദനക്ഷമത കൂടുതലായിട്ടുള്ളത്.

വളം

സഹകരണമേഖലയിലുള്ള രണ്ടും സ്വകാര്യമേഖലയിലുള്ള ആറും ഉൾപ്പടെ എട്ട് വളം വിപണന കേന്ദ്രങ്ങളാണ് പഞ്ചായത്തിൽ ഉള്ളത്. കൃഷിക്കുപയോഗിക്കുന്നത് എൺപതു ശതമാനവും രാസവളമാണ്. jഇതു ശാസ്ത്രീയമായ രീതിയിലല്ല ഉപയോഗിക്കുന്നത്. തന്മൂലം കൃഷിച്ചെലവ് അനാവശ്യമായി വർദ്ധിക്കുന്നു. മണ്ണുപരിശോധന കാര്യമായി ഇവിടെ നടന്നിട്ടില്ല. മണ്ണുപരിശോധന നടത്തി വളപ്രയോഗത്തിനു നിർദ്ദേശം നൽകിയിരുന്നെങ്കിൽ കൃഷിച്ചെലവ് കുറക്കുന്നതിനും മണ്ണിന്റെ ഗുണനിലവാരം പിടിച്ചു നിർത്തുന്നതിനും സാധിക്കുമായിരുന്നു. ജൈവ വളങ്ങൾ പഴയതുപോലെ ഉപയോഗിക്കാറില്ല. ശാസ്ത്രീയവശത്തെക്കുറിച്ച് അവബോധം കർഷകരിൽ ഇല്ലാത്തതാണ് കാരണം.

പട്ടിക 6

വളത്തിന്റെ ഉപയോഗം

വർഷം	നൈട്രഷൻ(N2) ടൺ	ഫോസ്ഫേറ്റ് (P) ടൺ	പൊട്ടാഷ് (K) ടൺ	
1993 94	390 ടൺ	410 ടൺ	480 ടൺ	
94 95	395 ടൺ	425 ടൺ	500 ടൺ	
95 96	400 ടൺ	450 ടൺ	500 ടൺ	

കീടനാശിനികൾ

നെല്ല് പച്ചക്കറികൾ വാഴ ഇഞ്ചി മുതലായ കൃഷികൾക്കാണ് കീടനാശിനികൾ പ്രധാനമായും ഉപയോഗിക്കുന്നത്. കീടനാശിനി ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ മുൻകരുതലുകൾ ശാസ്ത്രീയമായ രീതി എന്നിവയിൽ അധികം കർഷകരും ശ്രദ്ധിക്കാറില്ല. അറിവില്ലായ്മ ആണ് അതിനു കാരണം.

കാർഷികോപകരണങ്ങൾ

പാടശേഖര കമ്മറ്റിക്കായി കൃഷിഭവൻ മുഖേന ആഗ്രോ സർവ്വീസ് സംഘങ്ങൾക്കും വ്യക്തികൾക്കും കൂടി ഈ പഞ്ചായത്തിൽ 9 പവ്വർ ടില്ലറുകളുണ്ട്. കടയക്കാമൺ ആഗ്രോ സെന്ററിനു ഒരു ട്രാക്ടർ ലഭിച്ചിട്ടുളളത് കാര്യമായ് പ്രവർത്തിക്കുന്നില്ല. ഒറ്റപ്പെട്ട പാടശേഖരങ്ങളിൽ ട്രിലർ ഇറക്കുന്നതിന് വഴിയും വരമ്പ് ഇല്ലാത്തതിനൽ ഉഴവുയന്ത്രങ്ങൾ എല്ലാ പാടങ്ങളിലും ഉപയോഗിക്കാൻ സാധിക്കുന്നില്ല. ഒരു കാലത്ത് കൃഷിക്ക് പൂർണ്ണമായ് ഉപയോഗിച്ചുകൊണ്ടിരുന്ന നാടൻ കലപ്പ അപ്രത്യക്ഷമായി കൊണ്ടിരിക്കുന്നു.

പട്ടിക 7

കാർഷിക ഉപകരണങ്ങൾ

1	നാടൻ കലപ്പുഴവുമാടുകൾ	ട്രാക്ടർ	പവ്വർട്രില്ലർ	റോക്കർ സ്റ്റെയർ	നായ്പൊക്കംപ്പയർ	മെതിയന്ത്രം	പാറ്റ് യന്ത്രം	
എണ്ണം	30	1	9	116	189	1	ഇല്ല	

പട്ടിക എട്ട്

ന	പാടശേഖര സമതിയുടെ പേര്	വിസ്തീർണ്ണം ഹെക്ടർ	കർഷകകുടുംബങ്ങളുടെ എണ്ണം.
1	പുന്നല കൃഷിഭവൻ വന്മള- പ്ലാവന പാടശേഖര സമിതി	18.75	64
2	തലപ്പനാം കുളം	42.35	125
3	കരിമ്പാലൂർ വാഴമൺ	32.53	114
4	പെരുന്തോലിൽ - കുരിയിനയം	27.30	65
5	കുറ്റിക്കാട്	14.20	37
6	ആയിരത്തുമൺ - കടശ്ശേരി	39.72	135
7	പുന്നല	87	268
8	കടശ്ശേരി -പാടം	17	44
9	ആനക്കുളം - അലിമുക്ക്	22	45
10	പിറവന്തൂർ കൃഷിഭവൻ, ചേകം,നെട്ടയം	34	114
11	കുളത്താരടി - വെട്ടിത്തിട്ട	30	103
12	നാരങ്ങാപുറം കായ്ക്കാമൺ	11	30
13	കണ്ണംകര നിലമേൽ	15	108
14	എലിക്കാട്ടൂർ	11	104
15	ഇഞ്ചിക്കുഴി	5	27

9223 കർഷകകുടുംബങ്ങൾ ഉളളതിൽ 8212 കുടുംബങ്ങളും കൃഷിയെ മാത്രം ആശ്രയിച്ചു കഴിയുന്നവരാണ്.

കൂലിനിരക്ക്

കാർഷികമേഖലയിൽ തൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരുന്നു. മറ്റു പണികൾ ചെയ്യതാൽ കിട്ടുന്ന കൂലി കർഷകതൊഴിലാളികൾക്ക് കിട്ടുന്നില്ല. കൂടാതെ കൃഷിയോടുളള ആഭിമുഖ്യകുറവും. പുരുഷന്മാർക്കു RS 90/- സ്ത്രീകൾക്കു് RS 60/- മാണ് ശരാശരി കൂലി.

പട്ടിക 9

ബാങ്കുവായ്പ സംബന്ധിച്ച വിവരങ്ങൾ

നമ്പർ	ബാങ്ക്	95-96 ഹ്രസ്വകാല	ദീർഘകാലവായ്പ
1	പിറവന്തൂർ സഹകരണ ബാങ്ക്	19 ലക്ഷം	11 ലക്ഷം
2	പുന്നല സർവ്വീസ് സഹകരണ ബാങ്ക്	12 ലക്ഷം	2 ലക്ഷം
3	കാർഷിക വികസന ബാങ്ക്	34,76000	

ജലസേചനം

പ്രധാനമായും മഴയെ മാത്രം ആശ്രയിച്ച് കൃഷി നടത്തിയിരുന്ന പഞ്ചായത്തിൽ 7 വാർഡുകളിൽ K.I.P യുടെ വലതു കനാൽ വഴി കൃഷിക്ക് വെളളം ലഭിക്കുവാൻ തുടങ്ങിയെങ്കിലും മഴയെമാത്രം ആശ്രയിച്ച് കൃഷി ചെയ്യേണ്ട സ്ഥിതിയാണ് ഇന്നുളളത്. കനാലിന്റെ കൈവഴികൾക്കുളള ചോർച്ചയും കേടുപാടുകൾ മൂലം ജലവിതരണം നടക്കുന്നില്ല. മൊത്തം നിലത്തിന്റെ 1/3 ഭാഗത്തു ജലം എത്തതക്ക രീതിയിൽ കനാൽ കൈവഴി നിർമ്മിച്ചിട്ടുമില്ല.

തോടുകൾ

പഞ്ചായത്തിൽ ആകെയുളള തോടുകളുടെ നീളം 123 കി.മീ. പ്രധാനതോട് കടക്കമൺ തോട് നീളം 15 കി. മീ. കടശ്ശേരി ഉമ്മന്നൂർ വഴങ്ങോട് പുന്നല തുടങ്ങ സ്ഥലങ്ങളിലെ മലമ്പ്രദേശത്തുനിന്നും ഉത്ഭവിച്ച് പുന്നല ചാച്ചിപുന്ന കിഴക്കേമുറി ചേകം വാർഡുകൾ വഴി ഒഴുകി കല്ലടയാറിൽ ചേരുന്നു. ഈ തോട്ടിലെ വെളളം ഉപയോഗിച്ച് കൃഷി ചെയ്യുന്നതിനുമായി പുന്നല വാർഡിൽ രണ്ടു ബണ്ടുകൾ ഉണ്ട്. ഇന്ന് അവ ഉപയോഗശൂന്യമാണ്. കൂടാതെ വേനൽക്കാലം ആരംഭിക്കുന്നതോടെ തോട്ടിലെ വെളളം വറ്റുകയും ചെയ്യും. കരിപ്പാൻതോട്, അത്തിക്കാൽതോട് ഇവയും പ്രധാനപ്പെട്ട ചെറിയ തോടുകൾ തന്നെ.

കുളങ്ങൾ

കൃഷിക്ക് ഉപയുക്തമായ കുളങ്ങൾ ഒന്നും തന്നെ ഈ പഞ്ചായത്തിൽ ഇല്ല.

മണ്ണ് ജല സംരക്ഷണം

മണ്ണു സംരക്ഷണ പ്രവർത്തനം ആദ്യകാലം മുതലെ ഇവിടെ നടത്തി വരുന്നു. ഉയർന്നകുന്നുകളിൽ മഴപെയ്യുമ്പോൾ കുത്തനെ ഒഴുകിവരുന്ന ജലം മണ്ണു കുത്തിയെടുത്തുകൊണ്ടുപോകുന്നു. തന്മൂലം വളക്കുറുളള മേൽമണ്ണു നഷ്ടപ്പെടുന്നു. മഴവെളളം പൂർണ്ണമായും ഒഴുകിപ്പോകുന്നതുമൂലം ഭൂമിക്കടിയിലെ ജലസ്രോതസ് നിലനില്കുന്നില്ല. പഞ്ചായത്തിലെ 1,2,5,8,12,6 എന്നി വാർഡുകൾക്ക് പ്രയോചനമാകും പ്രകാരം 8-)0 പദ്ധതിക്കാലത്തു് ഈഭാഗം ദേശീയ വികസന നീർമതി പദ്ധതിയിൽ ഉൾപ്പെടുത്തി കടയ്ക്കാമൺ നീർമറി പദ്ധതി (NWDPRA) മണ്ണുസംരഷണ തുടങ്ങി ജനങ്ങളുടെ വികസനം ലക്ഷ്യമാക്കിയുളള പല പ്രവർത്തനവും ഇതിനകം നചന്നു കഴിഞ്ഞു. മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ പലഭാഗങ്ങളിലും നടന്നു കഴിഞ്ഞിറ്റുണ്ട്. ജനക്ഷേമം ലക്ഷ്യമാക്കി തയ്യിൽ മെഷീൻ കോഴിക്കുഞ്ഞു് കന്നുകാലിതീറ്റ പച്ചക്കറികിറ്റ് തുടങ്ങിയവ സൗജന്യനിരക്കിൽ വിതരണം ചെയ്തു വരുന്നു. മണ്ണൊലിപ്പ് നിവാരണപണികൾ ശേഷിക്കുന്നു.

നഴ്സറികൾ

കർഷകന് ആവശ്യമായ നടീൽ വസ്തുക്കൾ നിർമ്മിക്കുന്ന നഴ്സറികൾ ഇവിടെയില്ല.

കൃഷിഭവൻ

ഈ പഞ്ചായത്തിൽ പുന്നല കൃഷിഭവൻ പിറവന്തൂർ കൃഷിഭവൻ എന്നീ രണ്ട് കൃഷിഭവനുകളും അവിടെ ഉദ്യോഗസ്ഥന്മാരും ഉണ്ട്. കല്ലട ജലസേചന പദ്ധതിയുടെ പ്രയോജനം ജനങ്ങളിൽ എത്തിച്ച് വിള അഭിവൃദ്ധിപ്പെടുത്തുക എന്നതാണ് മുഖ്യ ലക്ഷ്യം. ഭൂ വിസ്തൃതിയുടെ വലിപ്പം കണക്കിലെടുത്താണ് രണ്ട് കൃഷിഭവനുകൾ അനുവദിച്ചിട്ടുള്ളത്. കൃഷിഭവനുകളുടെ പ്രവർത്തനം ഈ പ്രദേശങ്ങളിൽ കാര്യമായ മാറ്റം വരുത്തിയിട്ടുണ്ട്. വിദൂര ഗ്രാമമായ ചെമ്പനരുവി പോലുള്ള പ്രദേശം അവഗണിക്കപ്പെടുന്നു എന്ന പരാതി നിലനിൽക്കുന്നു.

പട്ടിക 10

കൃഷിഭവനുകൾ വഴി വിതരണം നടത്തിയിട്ടുള്ള നടീൽ വസ്തുക്കൾ

ന	ഇനം	എണ്ണം	ന	ഇനം	എണ്ണം
1	തെങ്ങുംതൈ	748	10	നാരകം	70
2	കമുക്	6000	11	കറുവപ്പട്ട	35
3	മംഗളഅടയ്ക്ക	507	12	ഗ്രാമ്പൂവ്	214
4	അൽബീസിയ	10000	13	ചാമ്പ	90
5	കശുമാവ്	5850	14	തേക്ക്	13650
6	റബ്ബർപോളികവർ	10250	15	ജാതിതൈ	90
7	മാവ്	112			
8	പ്ലാവ്	79			
9	ലവലോലി	78			

പ്രശ്നങ്ങൾ

ഈ പ്രദേശത്തെ കൃഷിവികസനം ലക്ഷ്യമാക്കിയുള്ള KIP കനാലിന്റെ ജലവിതരണക്രമം കർഷകർക്ക് ഉപകാരപ്രദമല്ല. ചിലപ്പോൾ ഗുണത്തെക്കാൾ കൂടുതൽ ദോഷവും ചെയ്യുന്നുണ്ട്.

വനത്താൽ ചുറ്റപ്പെട്ട വാർഡുകളിലെ കൃഷി നശിപ്പിക്കുന്ന വന്യജീവികളുടെ (കാട്ടുപന്നി) ഉപദ്രവം ക്രമാധീതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. തന്മൂലം കിഴങ്ങു വർഗ്ഗ കൃഷികൾ തുലോം കുറഞ്ഞു കൊണ്ടിരിക്കുന്നു.

വനത്തിൽ നിന്നുള്ള മഴക്കാലത്തെ വെള്ളപാച്ചിൽ മൂലം നിലത്തിന്റെ തോടുകൾ നികരുകയും വരമ്പുകൾ നശിച്ചുപോകയും ചെയ്യുന്നു. ഇത് നെൽ കൃഷിയുടെ അഭിവൃദ്ധിക്കു ബുദ്ധിമുട്ടുണ്ടാക്കുന്നു.

ആധുനികരീതിയിലുള്ള കൃഷി യന്ത്രങ്ങളായ ട്രാക്റ്റർ ട്രില്ലർ നിലങ്ങളിൽ ഇറക്കുന്നതിനു വേണ്ടത്ര വഴിയോ റോഡോ ഇല്ല.

പാടശേഖരങ്ങൾക്ക് ഒന്നിനും തലക്കുളങ്ങൾ ഇല്ലാത്തതും തോടുകളിൽ ബണ്ടുകളില്ലാത്തതും ജലസേചന സൗകര്യം കുറക്കുന്നു.

ഉല്പാദനച്ചിലവിൽ വന്ന വർദ്ധനവ് തൊഴിലാളികളുടെ ലഭ്യത കുറവ് ഉല്പന്നങ്ങൾക്ക് ഉല്പാദന ചെലവിനനുസൃതമായ വില കിട്ടായ്ക കാലവർഷ വ്യതിയാനങ്ങൾ കൃഷി ഉപജീവനമായി സ്വീകരിച്ചവരുടെ എണ്ണക്കുറവ് തുടങ്ങിയവയൊക്കെ നെൽകൃഷി ഉല്പാദനം കുറക്കുന്നതിനിടയാക്കി

മുഖ്യ കൃഷിയായ റബ്ബർ കൃഷി ദിനംപ്രതി അഭിവൃദ്ധിപ്പെടുന്നു. നിലം നികുത്തി റബ്ബർ നടുന്നതിനും കർഷകർ വഗ്രതകാണിക്കുന്നു. റബ്ബർ കൃഷി മറ്റു കൃഷികളെ അപേക്ഷിച്ച് ലാഭകരമായതാണ് കാരണം. തന്മൂലം നെൽപ്പാടങ്ങളുടെ വിസ്തൃതി കുറയുന്നു.

തെങ്ങിനു പരിമിതമായ സംരക്ഷണമേ നൽകുന്നുള്ളു. നാളീകേരത്തിന്റെ വിലക്കുറവ് നല്ലയിനം തൈകൾ ലഭിക്കായ്ക രോഗം ഇവയൊക്കെ തെങ്ങു ഉല്പാദനത്തെ ബാധിച്ചിട്ടുണ്ട്.

രാസവളത്തിന്റെ പ്രയോഗം എൺപത്തിയഞ്ചു ശതമാനത്തോളമാണ്. ശാസ്ത്രീയമായ രീതിയിൽ വള പ്രയോഗം നടത്തുന്നത് ഉല്പാദനക്ഷമതകുറക്കുന്നതിനു കാരണമാകും. ജൈവ വളത്തിന്റെ ഉപയോഗക്കുറവ് മണ്ണിന്റെ ഘടനയെത്തന്നെ പലയിടങ്ങളിലും ബാധിച്ചിട്ടുണ്ട്.

പെരുന്തോയിൽ ചെമ്പനരുവി കറവൂർ കടശ്ശേരി തുടങ്ങി വനത്താൽ ചുറ്റപ്പെട്ട സ്ഥലങ്ങളിൽ മണ്ണൊലിപ്പ് കൂടുതലായി കാണുന്നു.

ഒരുകാലത്തു് നെൽപ്പാടങ്ങളിൽ വേനൽകാല ഇടവിളയായി കൃഷി ചെയ്തിരുന്ന പയർ എള്ള്

പച്ചക്കറികൾ തുടങ്ങിയവ കുറഞ്ഞു വരികയാണ്. ജലസേചന സൗകര്യമില്ലായ്മ പ്രതീഷിക്കാത്ത രോഗം കീടശല്യം ഉല്പന്നങ്ങളുടെ വിലക്കുറവ് ഇവയാണ് കാരണം.

മുഖ്യമായും തെങ്ങുകൃഷിക്കു കൂമ്പു ചീയലും തെങ്ങോലപ്പുഴുവും എന്നിവ കണ്ടുവരുന്നു.

നെല്ലിനു മുഞ്ഞരോഗം, പോളരോഗം, ഗാളീച്ചരോഗം മുതലായവ കണ്ടുവരുന്നു.

ആവശ്യത്തിനും യഥാസമയത്തും സങ്കരയിനം വിത്തുകൾ ലഭിക്കായ്ക, വിദഗ്ധോപദേശങ്ങൾ ലഭിക്കാനുള്ള തടസ്സം സർക്കാരിന്റെ ആനുകൂല്യങ്ങളെ കുറിച്ചുള്ള അജ്ഞത തുടങ്ങിയവയും കൃഷിയുടെ പുരോഗതിയെ സാരമായി ബാധിക്കുന്നു. അമിതമായ കീടനാശിനിപ്രയോഗം മൂലം കീടങ്ങളുടെ എതിർ പ്രാണികളെ നശപ്പിക്കുന്നു.

കേരളത്തിലെ ജനങ്ങൾ പച്ചക്കറിക്ക് വേണ്ടി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്നു. പഴയകാലത്ത് വീട്ടുവളപ്പിലും ധാരാളമായി പച്ചക്കറികൾ നട്ടുപിടിപ്പിച്ചിരുന്നു. ഇന്ന് അതിനു വേണ്ടി ആരും ശ്രമിക്കാറില്ല. നമ്മുടെ കാലാവസ്ഥയിൽ ധാരാളം വിളവ് തരുന്ന വെണ്ട വഴുതന, പയർ, ചീര തുടങ്ങിയവയുടെ വീട്ടുവളപ്പിലെ കൃഷി കുറയുന്നു.

നെൽ കൃഷി സബ്സിഡിപദ്ധതി

ഈ പദ്ധതിയിൻ കീഴിൽ വിതരണം ചെയ്യപ്പെടുന്ന നാമ മാത്രമായ ധനസഹായം പണമായിട്ടാണ് നൽകപ്പെടുന്നത്. എന്നാൽ ഭൂരിഭക്ഷം കേസുകളിലും ഈ തുക നെൽകൃഷിയുടെ വികസനകാര്യങ്ങൾക്കായി ഉപയോഗിക്കുന്നില്ല. ഒരോ വിളകൾക്കുമുള്ള സഹായം യഥാസമയം നൽകുവാനുള്ള നടപടികൾ ഉണ്ടാകാത്തതാണു കാരണം.

പ്രകൃതിക്ഷോഭംദുരിതാശ്വസപദ്ധതി

പെട്ടെന്നുണ്ടാകുന്ന പ്രകൃതിക്ഷോഭം മുലമുള്ള നാശനഷ്ടങ്ങൾക്കു ദുരിതാശ്വസ തുക ലഭ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. എന്നാൽ ദുരിതാശ്വസം കിട്ടുന്നത് തുലോം തുച്ഛമായ ഒരു അംശംമായീരിക്കും.

നിർദ്ദേശങ്ങൾ

1 1. K.I.P കനാലിന്റെ കൈവഴികൾ അറ്റകുറ്റപ്പണികൾ ചെയ്തു് എല്ലാസ്ഥലങ്ങളിലും കൃഷിക്കു് ഉപയുക്തമാംവിധം ജലസേചനസൗകര്യം ഉണ്ടാവാൻ കഴിയണം.

2. പഞ്ചായത്തിലെ എല്ലാ എലാകൾക്കും ഉപയോഗപ്രദമാകുമാറ് തലക്കുളങ്ങൾ നിർമ്മിച്ചാൽ ജലസേചന സൗകര്യം വർദ്ധിക്കും.

3. പണ്ടുകെട്ടിയിരുന്നതും ഉപയോഗശൂന്യമായി കിടക്കുന്നതുമായ ബണ്ടുകൾ പുനർനിർമ്മിക്കണം അത്യാവശ്യം വേണ്ട സ്ഥലങ്ങളിൽ പുതിയതു നിർമ്മിക്കുന്നതിന് കർഷകരുടെ സഹകരണം തേടണം.

4. കർഷകരുടെ സഹകരണത്തോടെ മലവെള്ളപ്പാച്ചിലിൽ പൊട്ടിപോകാൻ സാദ്ധ്യതയുള്ള വരമ്പുകൾ കരിങ്കൽ ഉപയോഗിച്ച് കെട്ടാൻ പദ്ധതി ഉണ്ടാവണം.

5. പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലെ മണ്ണിന്റെ സാമ്പിളുകൾ എടുത്ത് പരിശോധനനടത്തി ആവശ്യമായ വളപ്രയോഗങ്ങളെപ്പറ്റി കർഷകർക്ക് ധാരണ നൽകുവാൻ കഴിയണം.

6. ഗ്രൂപ്പ് ഫാമിംഗ് സമതികൾ തെങ്ങു സംരക്ഷണസമതികൾ പുനർജ്ജീവിപ്പിച്ച് സജീവമാക്കണം. സമതികളുടെ അടിത്തറ രാഷ്ടീയപരിഗണകൾക്കപ്പുറം ബലവത്താക്കണം. കർഷകരുടെ കൂട്ടായ പ്രവർത്തനത്തിന് ആക്കം കൂട്ടണം.

7. പൗവർടില്ലർ ട്രാക്റ്റർ എന്നിവ ഇറക്കുന്നതിനു വഴിയും റാബും അനിവാര്യമാണ്.

8. വേനൽക്കാലത്ത് പച്ചക്കറികൾ സഹകരണാടിസ്ഥാനത്തിലും കൃഷി ചെയ്യുവാൻ കഴിയും. കൃഷിഭവന്റെ മാർഗ്ഗനിർദ്ദേശങ്ങൾ ഫലപ്രദമായി ഉണ്ടാകണം.

9. ഇനി ശേഷിക്കുന്ന നെൽപ്പാടങ്ങൾ നെൽകൃഷിക്കായി ഉപയോഗിക്കാൻ കഴിയുമാറ് സംരഷിക്കുക എന്നതു പ്രധാന്യമർഗ്ഗിക്കുന്ന കാര്യമാണ്.

10. അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾ നെല്ല്, പച്ചക്കറി, വൃക്ഷവിള തൈകൾ കർഷകർക്ക് യഥാസമയം ലഭിക്കുവാനുള്ള സൗകര്യവും ഉണ്ടാകണം.

11. പ്രദേശികമായി വിത്തുകൾ ഉല്പാദിപ്പിച്ച് സംഭരിച്ചു വിതരണം ചെയ്യാൻ കർഷകസമതികളെ ഉപയോഗപ്പെടുത്താം.

12. ന ടീൽ വസ്തുക്കൾ പ്രാദേശികമായി നിർമ്മാക്കാനുള്ള നേഴ്സറികൾ സമതിക്കു അനുവദിച്ചു പ്രാവർത്തികമാക്കാം.

13. ഔഷധസസ്യങ്ങൾ

പ്രത്യേകിച്ചു വനങ്ങളിൽ അപൂർവ്വമായി കണ്ടുവരുന്ന ഔഷധസസ്യങ്ങൾ കണ്ടെത്തി അതു നട്ടു പിടിപ്പിച്ച് വ്യാപകമാക്കൻ കഴിയണം. കച്ചോലം ഇഞ്ചി - മഞ്ഞൾ മുതലായവയുടെ ഉത്പാദനം വർദ്ധിപ്പിക്കണം.

14. കീടനാശിനി പ്രയോഗം, ജൈവകീടനാശിനി പ്രയോഗം ഇവയുടെ ഉപയോഗപ്രയോഗത്തെ കുറിച്ച് കർഷകർക്കു് ബോധവത്ക്കരണം നടത്തണം.

15. രാസവള വിതരണത്തിനു് ആവശ്യമുള്ള വിതരണകേന്ദ്രങ്ങൾ പഞ്ചായത്തിലുണ്ട്. പച്ചിലവളത്തിന്റെ കുറവ് നികത്തുന്നതിന് കുരുമുളക് വച്ചുപിടിപ്പിക്കുന്നതിനുമായി ശീമകൊന്ന നട്ടുപിടിപ്പിക്കുന്നത് നന്നായിരിക്കും ജൈവാണുവളം മണ്ണിര കമ്പോസ്റ്റ് രീതി കർഷകർക്കു് പരിചയപ്പെടുത്തി വ്യാപകമാക്കാം.

16. റിക്കാർഡിൽ മാത്രം നിലനിൽക്കുന്ന അലിമുക്ക് ചന്തയ്ക്കു പുതുജീവൻ നൽകണം.

17. കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വിലലഭിക്കുന്നതിനു സഹകരണാടിസ്ഥാനത്തിൽ സംഭരണവും വിപണനവും നടത്താൻ കർഷകർ കൂട്ടായി ചിന്തിച്ച് നടപടി സ്വീകരിക്കാം.

18. പൂകൃഷി - ധാരാളം വിപണന സാദ്ധ്യതയുള്ള ഓർക്കിഡ് - ആന്തൂറിയം - കുറ്റിമുല്ല എന്നിവയുടെ നേഴ്സറികൾക്കും കൃഷിക്കും സാദ്ധ്യതയുണ്ട്. പ്രോത്സാഹിപ്പിക്കാം.

1 19. കാർഷിക സെമിനാറുകൾ

വർഷം തോറും കാർഷിക സെമിനാറുകളും വിളമത്സരവും പഞ്ചായത്തുതലത്തിൽ നടത്തി വിജയികളെ സംസ്ഥാനതല മത്സരത്തിൽ പങ്കെടുപ്പിച്ചാൽ കർഷകരുടെ കൃഷിയിലുള്ള മാത്സര്യം വർദ്ധിപ്പിക്കാൻ സഹായിക്കും.

20. ഈ പഞ്ചായത്തിലെ കൃഷിക്കാരുടെ മുഖ്യശത്രുവായ കാട്ടുപന്നിയുടെ ഉപദ്രവം ഒഴിവായാൽ ഇടവിളയായ മരച്ചീനി തുടങ്ങിയ കിഴങ്ങുവർഗ്ഗ കൃഷികൾ ഗണ്യമായി വർദ്ധിക്കും. വാർഡുകൾക്ക് ചുറ്റുമുള്ള വനം ഇന്ന് യൂക്കാലി പ്ലാൻറ് ചെയ്തിരിക്കുകയാണ്. തോട്ടവിളകളായ റബറോ എണ്ണപനയോ കൃഷിചെയ്യുതാൽ ജനങ്ങൾക്കു് സ്ഥിരം തൊഴിലവസരങ്ങൾ വർദ്ധിക്കുകയും പന്നി ശല്യം ഒഴുവാകുകയും ചെയ്യും.
പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായുള്ള കുട്ടിവനങ്ങൾ തെളിച്ചു കൃഷിക്കു ഉപയുക്തമാക്കുന്നതും പരിഗണാർഹമായ കാര്യമാണ്. പന്നിശല്യം ഒഴിവാക്കുന്നതിനു ഇതു സഹായകമാണ്.ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

21. യന്ത്രവത്ക്കരണം

കൃഷിപ്പണിക്കു് സമയത്തിനും ആവശ്യത്തിനും തൊഴിലാളികളെ കിട്ടാത്ത സ്ഥിതിയാണ് നിലവിലുള്ളത്. ഉഴുന്നതിനും മെതിക്കുന്നതിനും മറ്റും യന്ത്രങ്ങൾ വേണം. പവർ ട്രില്ലർ, മെതിയന്ത്രം മുതലായവ വാങ്ങുന്നതിന് സൗജന്യനിരക്കും പലിശയില്ലാക്കടവും സമതികൾക്കും കർഷകർക്കും ലഭ്യമാക്കണം.

22. പെരുന്തോയിൽ വാർഡിൽ വർഷങ്ങളായി നെൽകൃഷി നടത്താതെ തരിശട്ടിരിക്കുന്ന ഉദ്ദേശം 28 ഹെക്ടർ നിലം സർക്കാർ എറ്റെടുത്തു കൃഷിക്കുവേണ്ടി കൃഷിക്കാർക്കും കർഷക തൊഴിലാളികൾക്കുമായി നൽകുന്നതിന് നടപടി ഉണ്ടാകണം.

23. പുന്നല കൃഷിഭവന്റെ പരിധിയിൽപ്പെട്ട ചെമ്പനരുവി വാർഡിൽ കൃഷിഭവനിൽ നിന്നുള്ള ആനുകൂല്യങ്ങൾ എത്താറില്ല. മറ്റുള്ള വാർഡുകൾക്കു ലഭിക്കുന്ന ആനുകൂല്യം അവിടെയുമെത്താൻ പ്രത്യേകശ്രദ്ധയുണ്ടാവണം.

24. മണ്ണു സംരഷണ പ്രവർത്തനം ഊർജ്ജിതമാക്കണം.

25. നെൽകൃഷിക്ക് ഇന്ന് നൽകിക്കൊണ്ടിരിക്കുന്ന സബ്സിഡി വർദ്ധിപ്പിക്കുകയും ആയതു് വിത്ത് - വളം കീടനാശിനി എന്നീ ഇനങ്ങളിലായ് കൃഷിക്കാർക്ക് നൽകുകയും ചെയ്യുക.

26. പ്രകൃതിക്ഷോഭം മൂലം കർഷകർക്ക് ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്കു് നാമമാത്രമായ പരിഹാര തുകയെ കിട്ടുന്നുള്ളു. നഷ്ടം തിട്ടപ്പെടുത്തി പരിശോധനാ ഉദ്യോഗസ്ഥൻ ശുപാർശ ചെയ്യുന്ന തുക അനുവദിച്ചാൽ മാത്രമെ പദ്ധതി വിജയപ്രദമാകുകയുള്ളു.

27. അത്യുല്പാദനശേഷിയുള്ള തെങ്ങിൻതൈ മറ്റു നടീൽവസ്തുക്കൾ കർഷകന്റെ ആവശ്യമനുസരിച്ച് ഉല്പാദിപ്പിക്കുകയും യഥാസമയം വിതരണം ചെയ്യുകയും ചെയ്യ്താൽ സർക്കാരുനു നഷ്ടമുണ്ടാകാതെ യും കൃഷിഉദ്യോഗസ്ഥന്മാർക്കു് ബാദ്ധ്യത വരാതെയുമിരിക്കും.

28. വിള ഇൻഷ്വറൻസ്പദ്ധതി:-

ഉദ്ദേശലക്ഷ്യമനുസരിച്ചു നടപ്പിലാക്കണം. കർഷകർക്ക് ആത്മവിശ്വാസം തരുന്ന ഒരു പദ്ധതിയാണിത്. പ്രകൃതിക്ഷോഭം മൂലം വിളനാശം സംഭവിച്ചാൽ ഉടനടി നേരിട്ടു പരിശോധന നടത്തി ഇൻഷ്വറൻസ് തുക നൽകാൻ ബദ്ധപ്പെട്ട ജില്ലാ കൃഷിആഫീസിൽ പ്രത്യേക സെൽ രൂപികരിക്കണം.

29. ആഗ്രോ ക്ലിനിക്കുകൾ കാര്യക്ഷമമായും ചിട്ടയായും രൂപപ്പെടുത്തണം.

30. യുവജനങ്ങൾക്കുള്ള തൊഴിൽദാനപദ്ധതിയിൽ ലക്ഷ്യങ്ങൾക്കനുസരിച്ചല്ലാത്തവരെ ഉൾപ്പെടുത്തിയിട്ടുണ്ടങ്ങിൽ ലിസ്റ്റ് പുനപരിശോധിക്കേണ്ടതാണ്.

31. നാളീകേര കൃഷിക്കാവശ്യമായ ജലസേചനസൗകര്യങ്ങൾ തുടങ്ങിയവയ്ക്കു ധനസഹായം നൽകുമ്പോൾ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തിരിക്കണം എന്ന വ്യവസ്ഥമാറ്റിയാൽ കർഷകർക്ക് അത്യാവശ്യമല്ലാത്ത ബുദ്ധിമുട്ട് ഒഴിവാക്കാം.

32. കൂൺകൃഷി വികസനം നടപ്പിലാക്കാൻ കർഷകർക്കു ട്രയിനിംഗ് നൽകുകയും സാമ്പത്തിക സഹായം

ഉറപ്പു വരുത്തുകയും വേണം.

33. കൃഷിഭവനുകൾക്കു ഇന്നുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കണം.

ജലസേചനസൗകര്യം വാർഡുകൾ തോറും നടത്തേണ്ട പണികൾക്കുള്ള പട്ടിക ഇതോടപ്പം ചേർത്തിട്ടുണ്ട്.

കാർഷികപുരോഗതിയിൽ ഗണ്യമായ സ്വധീനം ചെലത്താൻ പുത്തൻവികസന സംസക്കാരം ഉൾക്കൊളളുവാൻ നാം തയ്യാറാകേണ്ടതാണ്.

34. പച്ചക്കറി കൃഷി

വിവിധ കാലങ്ങളിൽ ചെയ്യാവുന്ന പച്ചക്കറികളുടെ കൃഷിക്കനുയോജ്യമായ സൗകര്യങ്ങൾ പഞ്ചായത്തിലുണ്ട്. കടശ്ശേരി തുടങ്ങിയ വാർഡുകളിൽ ചിലയിനം പച്ചക്കറികൾ ഉല്പാദിപ്പിച്ച് വിൽക്കുന്ന കർഷകരുണ്ടെങ്കിലും വ്യാപകമായ ഒരു പച്ചക്കറി വികസന പരിപാടി വിജയകരമായി നടത്തുവാനുളള സാദ്ധ്യത ഇവിടെ ഉണ്ട്.

പഞ്ചായത്തിൽ മിക്കവാറും എല്ലാ വീടുകളിലും അവരവരുടെ ആവശ്യത്തിനുള്ള പച്ചക്കറി ഉല്പാദിപ്പിക്കുവാനുളള ഒരു സമഗ്രപരിപാടിക്കു പഞ്ചായത്ത് കൃഷിവകുപ്പ് കാർഷികസമതികൾ, സഹകരണസ്ഥാപനങ്ങൾ, ബഹുജനയുവജന സംഘടനകൾ തുടങ്ങിയവയുടെ സഹായത്തോടെ ഒരു പദ്ധതിയുണ്ടാകണം.

കർഷകരുടെ സഹകരണാടിസ്ഥാനത്തിലുളള ഉല്പാദന-വിതരണ വിപണന പദ്ധതികളുടെ ആസൂത്രിത മായ ആവിഷക്കാരം പ്രദേശത്തിന്റെ മുഴുവൻ പച്ചക്കറി ആവശ്യവും പൂർത്തീകരിക്കുന്നതോടപ്പം പ്രദേശത്തെ കാർഷിക സാമ്പത്തിക വ്യവസ്ഥയുടെ ഉയർച്ചയും ഉറപ്പുവരുത്തും.



ചിറവന്നൂർ ഗ്രാമപഞ്ചായത്ത്

ജൂലൈമാസം സ്വീകരിക്കുവാൻ വാർഡുകളിലെ തൈകിടുന്നതിൽചെയ്യേണ്ടവണ്ണങ്ങൾ ഗ്രാമസഭാതീരുമാനിക്കുന്നു)

വാർഡ്	നിലവിലുള്ള തൈകൾ	തൈകൾ കൂടുതൽ ആവശ്യമായ സ്ഥലം	പൈതൃക K.I.P തൈകൾ	വനസംരക്ഷണം	മറ്റുള്ളവ
1 ചേകം	ഇല്ല	1. കരിമ്പലംതോട് 2. നെടിയം 3. ചെരിക്കംതോട് 4. പൊതുകര കുളിപ്രദേശങ്ങൾ	1. മിടുക്കുള്ള തോട്ടിൽ തൈകൾ	ഞെങ്ങിക്കൽ തൈ വയ്പ്.	—
2. ചിറവന്നൂർ	അഞ്ചുവയസ്സിനു താഴെയുള്ള തൈകൾ	1. കരിമ്പലത്തോട് കുളിപ്രദേശങ്ങൾ 2. ശാസ്ത്രാംപടിക്കൽ ആൽമരത്തിനു സമീപം	K.I.P തൈകൾ കൈവഴികൾ ഉപയുക്തമാക്കണം.	1. തൈകൾ വെട്ടിക്കിട്ടുന്ന കുളിപ്രദേശങ്ങളിൽ കുഴിയെടുക്കുന്നതിനു മുൻപായി തൈകൾ കൊണ്ടുവരണം 2. തൈവയ്ക്കുന്ന കുഴിയിൽ വളം ചേർത്തിളക്കി വയ്ക്കുക 3. തൈകൾ നനയ്ക്കുന്നതിൽ ജാഗ്രത പുലർത്തുക	1. കുടുംബശ്രീയുടെ സഹായം ഉറപ്പാക്കുക 2. ശാസ്ത്രാംപടിക്കൽ 3. തൈകൾ കുഴിയിൽ
3 കൈതക്കാട്ടിൽ	—	1. കൈതക്കാട്ടിൽ കുളി 2. ഇഞ്ചക്കുഴി കുളി 3. പൊട്ടുചാൽ കുളി തൈകൾ കൂടുതൽ വേണം	നെല്ലിക്കുഴിതോട് ഇരുവശത്തും തൈകൾ വെച്ചുപിടിപ്പിക്കണം	കുളി, കുളത്തിലും വരമ്പ് കെട്ടണം	—
4 ചാത്തിനൂഴ	—	തെങ്ങിൻതൈ കൂടുതൽ നൽകണം ഇഞ്ചിയാൽ - തെങ്ങിൻതോട് ഇടവോട് - കുന്നിയോട്, ചാലോട് - കരിമ്പാലൂർ, തലക്കുളം	K.I.P. തൈകൾ ഉപയുക്തമാക്കണം ആവശ്യമായ തൈകൾ കൂടി ചേർത്ത് ബണ്ടുകളുടെ ചുണ്ടിൽ നടണം	ചാത്തിനൂഴയിലെ കുളി, കുളത്തിലേയും വരമ്പുകൾ കെട്ടണം	
5 പുന്നല	—	പഞ്ചിയുടെ വടക്ക് ഭാഗത്ത് കൂടുതൽ തൈകൾ വേണം. തിരുത്തിൽ ചടിക്കാൽ ഒരു കുളം വേണം	പുന്നല അങ്ങാടിയിലെ കടവിനുകൾ പുനർനിർമ്മിക്കണം. നടന്നാൽ ഭാഗത്ത് ഒരു പുതിയ കടവ് വേണം	ചാലേരി - വടക്കേക്ക് - ചാത്തിനി തോണം - തെക്കേക്ക് വരമ്പ് സംരക്ഷണം ചെയ്യുക. അതിനു മേൽ പുൽ കൂടിയും മുളവച്ചുപിടിപ്പിക്കുക - വടക്കുഭാഗത്തുവേലി കൂടിയും മുളവച്ചുപിടിപ്പിക്കണം. നടന്നാൽ കുളപ്രദേശം കിഴക്കുഭാഗം കുളിയുടെ തെക്കുഭാഗമായി തൈകൾ	—

6. കൈപ്പൂർ	—	പൂക്കോണം തലയ്ക്കൽ - കാഞ്ഞിക്കുഴിക്കുന്നേൽ തോൺ കുലുക്കല തലക്കുളം നിർമ്മിക്കണം	—	കല്ലുകലായി റോഡ് വരമ്പുകൾ കെട്ടണം	—
7. വടമൺ	—	തൈമണ്ണിൽ കുഴുവത്തൂർ വടമൺ കുളം തലക്കുളം	വണ്ടുകൾ ഇല്ല.	കുഴുവത്തൂർ ആനക്കുളം അഴിമുഖത്ത് തൈമണ്ണിൽ കുലുവരമ്പുകൾ കെട്ടണം	തൈമണ്ണിൽ വടമൺ - കുഴുവത്തൂർ കുലുകളിൽ വാവ്
8. കിടങ്ങേഴി	—		വടക്കേക്കിവാവ് വാതുക്കൽതോട്ടിൽ വെണ്ട് വേണം	ചിലതൈമരങ്ങൾ മുറിച്ചുമാറ്റുകൾ കടലുകാലൻ തോട്ടിലെ കിടങ്ങേഴി ഭാഗവരമ്പത്തുണ്ടാക്കിയ ഷട്ടർ തുറന്നുവിടുന്നതിന് തടസ്സമായി നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റണം	ഇടമൺ വഴിയിൽ ഇറങ്ങുന്നതിന് സ്ത്രീകൾക്കായി ഒരു വഴിയും വാവും വേണം
9. കുടുക്കേരി	—	കണ്ണംകര-നിലമേൽ കുലവിൽ തലക്കുളം	K.I.P. വെള്ളം കിടങ്ങക്കാരിക്കിവിൽ വരെ കനാൽ വേണം	കണ്ണംകര-നടവഴി കുലകളുടെ വരമ്പ് കെട്ടണം	നിലമേൽ പഞ്ചായത്തിൽ വാഴിയും വാവും ഉണ്ടാക്കണം. കുടുവിളവിള - വടക്കേണ്ടാരി തെക്കേ കുലാ - തൈമണ്ണിൽ വാവ്
10. തൈമണ്ണിൽ	—	മുണ്ടമല-കടമ്പുചാരു കുലാകളിൽ തലക്കുളം	കടമ്പുചാരുതോട്ടിൽ തിരുവൻകുട്ടി ഇല്ലം വരെ കനാൽ സൗകര്യം ഉണ്ടാക്കണം	തൈമണ്ണിൽ - കടമ്പുചാരു കുലാ തെക്ക് കെട്ടണം	—

11. മൃഗാടവ്	–	—	അങ്കിമുക്ക് - മൃഗാടവ് റോഡിൽ ഇടതുഭാഗത്ത് കരിങ്കൽ വെട്ടിത്തിട്ട ഭാഗത്ത് ഓവുചാലിന്റെ വിടവ് അടയ്ക്കണം	ചെളിപൊങ്ങുന്നതിനാലും മണ്ണിടിഞ്ഞും പൂർണ്ണമായും വെള്ളം തിങ്കൽ റോഡിലൂടെ ഒഴുകുന്നതിനാൽ ഓവുചാലിന്റെ ഉയരം കൂട്ടണം	അങ്കിമുക്ക് - മൃഗാടവ് റോഡിലെ വെള്ളം ഒഴുകുന്നതിലേക്കു ഓവുചാൽ നിർമ്മിക്കുന്നതിനായി മണ്ണ് നീക്കം ചെയ്യണം.
12. കടശ്ശേരി	–	കടശ്ശേരി കൈതക്കോട് വെള്ളം തെറ്റിയൊഴുകുന്നതിനായി കലുങ്ക് വേണം	ചെന്നമൺകുളയിൽ നിന്ന് തോട്ടിൽ വെള്ളം നിർമ്മിക്കണം	താൽക്കാലിക പ്രവൃത്തിയെന്നും കുറച്ചു കൂടി മുകളിൽ കൂടി ചെയ്യണം. കല്ല്, കുളയിലുള്ള വരമ്പ് തിരുത്തണം	കൃത്രിമവെള്ളക്കെട്ടിന് കാരണമാകുന്നു
13. ചെരും - അരിൽ	–	ചെരുംതോടിൽ ചാണയ്ക്കാവൻ ഭാഗത്തുള്ള കലുങ്കിൽ തടസ്സം വേണം	ചെരുംതോടിൽ കുളയിൽ കൈവഴി വിടിന്റെ വടക്കുഭാഗത്തുള്ള കിടക്കുന്ന വരമ്പ് തിരുത്തണം	പെരുഞ്ഞാലിൻ കുളകളുടെ തെക്ക് വരമ്പ് തിരുത്തണം വലയലഞ്ചാലത്തിന്റെ തെക്ക് വരമ്പ് തിരുത്തണം	ചാണയ്ക്കാവണ്ണിൽ കിഴക്കിടിയുന്ന ഭാഗത്ത് കരകെട്ടി വെള്ളമെടുക്കുന്നു.

IV-2

മൃഗസംരക്ഷണവും മത്സ്യബന്ധനവും

കാർഷിക ഗ്രാമമായ പിറവന്തൂർ പഞ്ചായത്തിൽ കൃഷിയുടെ അവിഭാജ്യ ഘടകമാണ് കന്നുകാലി വളർത്തലും അനുബന്ധ പ്രവർത്തനങ്ങളും. കൃഷിക്കാവശ്യമായ ജൈവവളം ഉല്പാദിപ്പിക്കാൻ ഉഴവുകാളകൾ, വണ്ടിക്കാളകൾ എന്നിങ്ങനെ കൃഷിയുമായി നേരിട്ടുബന്ധപ്പെടുന്ന കാര്യങ്ങളിലും, കൃഷിയുടെ ഉപോല്പന്നങ്ങളായ വൈക്കോൽ, പിണ്ണാക്ക് തുടങ്ങിയവ ഉപയോഗപ്പെടുത്തി പോഷക സമൃദ്ധമായ പാൽ, മാംസം, മുട്ട എന്നിവ ഉല്പാദിപ്പിക്കുന്നതിലും കന്നുകാലി വളർത്തലിലും അനുബന്ധ മേഖലകൾക്കുമുള്ള പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ടുള്ള ആസൂത്രണം അനിവാര്യമാണ്. ഗാർഹികാവശ്യത്തിനുള്ള ഊർജ്ജസ്രോതസ്സ് എന്ന നിലയിലിൽ ഗോബർ ഗ്യാസ് പ്ലാന്റുകളുടെ പ്രാധാന്യവും ഈ രംഗത്ത് പരിഗണിക്കപ്പെടേണ്ടതുണ്ട്. ജന്തുജന്യരോഗങ്ങളുടെ പ്രത്യേകിച്ച് പേ വിഷബാധ തടയൽ തുടങ്ങിയ പ്രവർത്തനങ്ങളും ഈ രംഗത്ത് പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടവയാണ്.

ചെറുകിട നാമമാത്ര കർഷകർ ഭൂരിപക്ഷമുള്ള പഞ്ചായത്താണ് പിറവന്തൂർ. നമ്മുടെ മൃഗസമ്പത്തിൽ ഭൂരിഭാഗവും ഈ കർഷകരുടെ കൈവശമാണ്. അതിനാൽ മൃഗസംരക്ഷണമേഖലയുടെ ശക്തിപ്പെടുത്തൽ ഗ്രാമീണ സമ്പത്ത് വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നു.

വളരെയധികം ഭൂവിസ്തൃതിയുള്ള പഞ്ചായത്താണ് പിറവന്തൂർ. കന്നുകാലികളെ മേയ്ക്കാനുള്ള സ്ഥലങ്ങളും ആഹാരമാക്കാനുള്ള പച്ചപുല്ലും സമൃദ്ധമായുണ്ട്. കന്നുകാലി വളർത്തലിനുള്ള ഈ അനുകൂല സാഹചര്യം വേണ്ടത്ര പ്രയോജനപ്പെടുത്താൻ നമുക്ക് സാധിച്ചിട്ടില്ല.

ഇന്നു ഈ പഞ്ചായത്തിന്റെ ഭൂരിഭാഗം വരുന്ന മലയോര മേഖലകളിൽ അശാസ്ത്രീയമായ ഒരു കന്നുകാലി വളർത്തൽ രീതി നിലനിൽക്കുന്നു. കറവ വറ്റുമ്പോൾ പശുക്കളെ കാട്ടിൽ മേയാൻ വിടുന്നു. ഇവ പ്രകൃത്യാ ഉള്ള രീതിയിൽ ചെന പിടിക്കുന്നു. പ്രസവകാലമടുക്കുമ്പോഴോ പ്രസവത്തിനു ശേഷമോ തിരികെ പിടിച്ചുകൊണ്ടു വരുന്നു. ഇതു കാരണം ഒരു പശുവിന് ഏറ്റവും അത്യാവശ്യം വേണ്ട ഗർഭകാല സംരക്ഷണം ലഭിക്കുന്നില്ല. ഫലം പാലുല്പാദനം വളരെ കുറയുന്നു എന്നതാണ്. ഇങ്ങനെ ജനിക്കുന്ന കന്നുകുട്ടികൾ ജനിതകമേന്മയുള്ളവയുമല്ല. വന്യമൃഗങ്ങളുടെ ആക്രമണത്തിൽ കുറെ എണ്ണം നശിച്ചുപോകുന്നു. ശാസ്ത്രീയമായ രീതിയിൽ പരിചരണം നൽകി കന്നുകാലികളെ വളർത്തുന്ന കർഷകർ ഈ പഞ്ചായത്തിൽ വളരെ കുറവാണ്. പഞ്ചായത്തിൽ നാലായിരത്തിലോളം പശുക്കളുണ്ടെങ്കിലും അതിൽ പകുതിപോലും കറവയുള്ളവയല്ല. അതിൽതന്നെ അത്യുല്പാദനശേഷിയുള്ളവ 10% ൽ താഴെയാണ്.

കന്നുകാലികളുടെ ഇനംതിരിച്ചുള്ള ഏകദേശ കണക്ക് പട്ടിക ഒന്നിൽ കൊടുക്കുന്നു.

പട്ടിക1 (അവലംബം: ഗ്രാമസഭാ റിപ്പോർട്ടുകൾ)

കാള				പശു		എരുമ				പോത്ത്	ആട്
നാടൻ		സങ്കരം		നാടൻ	സങ്കരം						
വംശ വർദ്ധനയ്ക്ക്	മറ്റുള്ളവ	വംശ വർദ്ധനയ്ക്ക്	മറ്റുള്ളവ	കറവ് ഉള്ളത്	കറ. ഇല്ലാത്തത്	കറവ് ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്		
–	310	–	1105	250	500	1600	1500	29	21	60	.3500

ആടുവളർത്തൽ ഈ പഞ്ചായത്തിൽ വ്യാപകമായി നടക്കുന്നുണ്ട്. പ്രധാനമായും മാംസത്തിനു വേണ്ടിയാണ് ആടിനെ വളർത്തുന്നത്. വനപ്രദേശങ്ങളും യൂക്കാലിപ്റ്റ്സ് തോട്ടങ്ങളിലെ കുറ്റിക്കാടുകളും ആടുവളർത്തൽ ലാഭകരമാക്കുന്നതിനു സഹായകരമായ ഘടകങ്ങളാണ്. ഈ സാദ്ധ്യതകൾ പൂർണ്ണമായി ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല എന്നപോരായ്മ നിലനിൽക്കുന്നു. വന്യമൃഗങ്ങളുടെ ശല്യം ആടുവളർത്തലി

നെ കുറഞ്ഞതോതിലെങ്കിലും ഭീക്ഷണിയാകുന്നുണ്ട്. പാലുല്പാദനത്തിനു വേണ്ടിയുള്ള പോലെ നല്ല യിനം ആടുകളെ വളർത്താനുള്ള സാഹചര്യവുമുണ്ട്.

പാലുല്പാദനത്തിൽ വിപണന സൗകര്യം പ്രധാന പ്രശ്നമാണ്. പഞ്ചായത്തിൽ നിലവിൽ ഒരു പാൽ സൊസൈറ്റിമാത്രമേ പ്രവർത്തിക്കുന്നുള്ളു. ഇത് മുക്കടവ് വാർഡിൽ വെട്ടിത്തിട്ടയിലാണ്. ഇതിന്റെ പ്രവർത്തനം ഒരു ചെറിയ മേഖലയിൽ ഒതുങ്ങിനിൽക്കുന്നു. മുൻമ്പ് പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ (പുന്നല, കടശ്ശേരി, കറവൂർ, എലിക്കാട്ടൂർ) പാൽ സൊസൈറ്റികൾ പ്രവർത്തിച്ചിരുന്നു. അന്നും ഈ പ്രദേശങ്ങളിൽ കന്നുകാലി വളർത്തൽ ആദായകരമായി നടത്തിവന്നിരുന്നു. പലവിധകാരണങ്ങളാൽ ഈ സൊസൈറ്റികളുടെ പ്രവർത്തനം നിലച്ചുപോയത് ഈ രംഗത്തെ വളർച്ചക്ക് തിരിച്ചടിയായി. ഇപ്പോൾ വെട്ടിത്തിട്ട പാൽസൊസൈറ്റിയിൽ ശേഖരിക്കുന്ന പാലിന്റെ വിവരങ്ങൾ പട്ടിക 2 ൽ കൊടുക്കുന്നു.

പട്ടിക 2 (സൊസൈറ്റികണക്ക്)

വർഷം	ആകെ ശേഖരിച്ച പാൽ (ലിറ്റർ)	പ്രാദേശിക വില്പന (ലിറ്റർ)	മിൽമക്ക്കൊടുത്തത്
1994–95	38320.9	38320.9	ഇല്ല
1995–96	70802.25	70802.25	ഇല്ല
1996–97	60000	60000	ഇല്ല

ഫലപ്രദമായി പ്രവർത്തിക്കുന്ന മിൽക്ക് സൊസൈറ്റികളുടെ അഭാവത്തിൽ പഞ്ചായത്തിൽ ഏറിയ ഭാഗത്തും പാൽവിപണനത്തിന് വിഷമം നേരിടുന്നു. ഗുണമേന്മയുള്ള കന്നുകാലിതീറ്റയുടെ അഭാവം കാലിതീറ്റ, ഉല്പാദന രംഗത്തെ കുത്തകകളുടെ ഉല്പന്നങ്ങൾക്കുള്ള അമിത വില വൈക്കോലിന്റെയും പുല്ലിന്റെയും ലഭ്യതക്കുറവ് ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത തുടങ്ങിയവയും കാലിവളർത്തലിനെ നിരുത്സാഹപ്പെടുത്തുന്ന ഘടകങ്ങളാണ്.

വളരെ വിസ്തൃതമായ ഈ മലയോര പഞ്ചായത്തിൽ കറവൂർ സ്ഥിതിചെയ്യുന്ന ഒരു വെറ്റിനറി ഡിസ്പൻസറിയും, അലിമുക്ക്, പുന്നല, കമുകുംചേരി എന്നീസ്ഥലങ്ങലിൽ പ്രവർത്തിക്കുന്ന ഐ സി. ഡി. പി ഉപകേന്ദ്രങ്ങളുമാണ് മൃഗസംരക്ഷണ വകുപ്പിന്റെ സ്ഥാപനങ്ങൾ. വെറ്റിനറി ഡിസ്പൻസറിയുടെ സേവനം 6, 10, 11 12, 13 വാർഡുകളിലുള്ളവർക്കുമാത്രമേ പൂർണ്ണമായും ഉപയോഗപ്പെടുത്താൻ കഴിയുന്നുള്ളു. 5, 7 വാർഡിലുള്ളവർ ഭാഗികമായും ഈ ആശുപത്രിയുടെ സേവനം പ്രയോജനപ്പെടുത്തുന്നു. 1, 2, 4, 8, 9 വാർഡുകളിലുള്ളവർ പത്തനാപുരം മൃഗാശുപത്രിയേയും 3, 7, വാർഡുകളിലുള്ളവർ ഭാഗികമായി പുനലൂർ വെറ്റിറിനറി പോളിക്ലിനിക്കിനേയുമാണ് പ്രധാനമായുംആശ്രയിക്കുന്നത്. ഈ സ്ഥാപനങ്ങളിലേക്ക് 3 മുതൽ 6 കി.മി വരെ ദൂരമുണ്ട്.

ഈ പ്രദേശത്ത് കന്നുകാലികളിൽ കണ്ടുവരുന്ന പ്രധാന രോഗങ്ങൾ അകിടുവീക്കം, കുളമ്പുപനി, കരൾവീക്കം, പനി മുതലായവയാണ്. വിരശല്യം, ഈച്ച, കൊതുക്, ചെള്ള്, ഉണ്ണി തുടങ്ങിയ പരാദങ്ങലുടെ ശല്യവും വ്യാപകമായുണ്ട്. ഇതൊക്കെ പാലുല്പാദനത്തിനെ ദോഷകരമായി ബാധിക്കുന്നു. പഞ്ചായത്തിലാകെ 9 ഗോബർഗ്യാസ് പ്ലാന്റുകൾ ഉണ്ട്. ഗോബർ ഗ്യാസിന്റെ ഉപയോഗത്തെയും സാധ്യതകളേയും പറ്റി വ്യക്തമായ അവബോധം ഈ പ്രദേശങ്ങളിലില്ല. ചില പ്രദേശങ്ങളിൽ വിറക് ധാരാളം ലഭിക്കുന്നതുകൊണ്ട് ഗോബർ ഗ്യാസിനെക്കുറിച്ച് ചിന്തിക്കുന്ന അവസ്ഥപോലുമില്ല ഗോബർ ഗ്യാസിന്റെ ഉപയോഗ സാധ്യതകളേപറ്റിയും പരിസ്ഥിതി സംരക്ഷണത്തിൽ അതിലുള്ള പങ്കിനെപറ്റിയും ജനങ്ങൾക്കുള്ള അജ്ഞത മാറ്റിയെടുക്കേണ്ടതുണ്ട്. സാധ്യതയുള്ള എല്ലാവീടുകളിലും ഗോബർഗ്യാസ് പ്ലാന്റ് സ്ഥാപിച്ചാൽ വീട്ടാവശ്യത്തിനുള്ള ഇന്ധനം കുറഞ്ഞചിലവിൽ ലഭ്യമാകുന്നതിനുപുറമേ, വിലയേറിയ മരങ്ങൾ വിറകിനുവേണ്ടി വെട്ടി നശിപ്പിക്കുന്നത് തടയാനും പരിസ്ഥിതി പ്രശ്നങ്ങൾ ഒരു പരിധിവരെ നിയന്ത്രിക്കാനും കഴിയും

കുര്യോട്ടുമല ബഫല്ലോ ബ്രീഡിംഗ് ഫാം.

പഞ്ചായത്തിന്റെ 11–ം വാർഡിൽ കുര്യോട്ടുമലയിൽ പ്രവർത്തിക്കുന്ന ബഫല്ലോ ബ്രീഡിംഗ് ഫാം മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ 1974 ൽ പ്രവർത്തനമാരംഭിച്ച സ്ഥാപനമാണ് ഫാമിന്റെ അധീനതയിൽ 258 ഏക്കർ സ്ഥലമുണ്ട്. ഒരു ലൈവ് സ്റ്റോക്ക് ഫാം ആയി പ്രവർത്തനമാരംഭിച്ച ഈ സ്ഥാപനം പിന്നീട് നല്ല എരുമകളെ നിലനിർത്താനും കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കാനുമുള്ള ഒരു കേന്ദ്രമാക്കി മാറ്റുകയാണുണ്ടായത്. ഫാം വക സ്ഥലത്ത് വിവിധ വൃക്ഷ വിളകളും കുരുമുളക് തീറ്റപ്പുല്ല് ഇവയും കൃഷിചെയ്ത് വരുന്നുണ്ട്. നാല്പ

ത്തി നാല് തൊഴിലാളികൾ ഉൾപ്പെടെ 60 ജീവനക്കാർ ഫാമിൽ ജോലിചെയ്യുന്നുണ്ട്. ഫലഭൂയിഷ്ഠമായ മണ്ണ്, ധാരാളം ജലലഭ്യത തുടങ്ങി ഒട്ടേറെ അനുകൂല ഘടകങ്ങൾ ഉണ്ടായിട്ടും ഫാമിന്റെ സാദ്ധ്യതകൾ ഒട്ടും ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. ഇപ്പോൾ ഫാം നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

ഫാമിലെ വിളകളുടെയും വിവിധ ഇനത്തിലുള്ള വരുമാനത്തിന്റെയും കഴിഞ്ഞ 5 വർഷങ്ങളിലെ കണക്ക് പട്ടിക 3 ൽ കൊടുക്കുന്നു.

പട്ടിക 3

വർഷം	ഇനം	വിള എണ്ണം അളവ്	ഉല്പാദനം എണ്ണം അളവ്	വില്പന എണ്ണം അളവ്	വരുമാനം രൂപ	ആകെ
1992	തെങ്ങ്	245	4855 തേങ്ങ	4855	16860	
1993	തെങ്ങ്	245	2533	2533	7179	
1994	തെങ്ങ്	245	2660	2660	7980	
1995	തെങ്ങ്	245	6341	6341	20376	
	കുരുമുളക്					
1992		65	100 കിലോ	100 കി	1161	
1993		65	100	ലേലം	1850	
1994		65	100	ലേലം	200	
1995		65	100	ലേലം	998	
	കശുമാവ്					
1992		200	100	ലേലം		
1993		200	100	ലേലം	95300	
1994		200	100	ലേലം	125700	
1995		200	100	ലേലം	100200	
1996		200	100	ലേലം	153300	
	പ്ലാവ്					
1992		55	100 ചക്ക	ലേലം		
1993		55	100	ലേലം	876	
1994		55	100	ലേലം		
1995		55	100	ലേലം	280	
1996		55	100	ലേലം	500	
	മാവ്					
1992		103	100 മാങ്ങ	ലേലം		
1993		103	100	ലേലം	309	
1994		103	100	ലേലം	213	
1995		103	100	ലേലം	325	
1996		103	100	ലേലം	525	
	വിറക്					
1992			350 കി	350 കി	383	
1993			310 കി	310 കി	309	
1994			10000 കി	10000 കി	11363	
1995			1500 കി	1500 കി	1799	
1996			8000 കി	8000 കി	4015	

	ചാണകം			
1992		500 ടൺ	500 ടൺ	
1993		446 ടൺ	446 ടൺ	
1994		420 ടൺ	420 ടൺ	
1995		219 ടൺ	153.75 ടൺ	16312
1996		216 ടൺ	141.44 ടൺ (ഫാമിൽ ഉപയോഗിച്ചു)	18640
	പുൽകൃഷി			
1992			418.65 ടൺ	418.65
1993			528.95 ടൺ	528.95
1994			489.67 ടൺ	489.67
1995		75.75 ഏക്കർ	339.8 ടൺ	339.8
1996		75.75 ഏക്കർ	331.36 ടൺ	331.36 (ഫാമിൽ ഉപയോഗിച്ചത്)

		ആകെ വരുമാനം –		
1992	1993	1994	1995	1996
17243രൂ	105134രൂ	147106രൂ	139492രൂ	156470രൂ

ഫാമിലെ ഉരുക്കളുടെ കഴിഞ്ഞ അഞ്ചു വർഷത്തെ വിവരങ്ങൾ പട്ടിക 4 ൽ കൊടുക്കുന്നു

പട്ടിക 4

വർഷം	എരുമ		പോത്ത്	ആട്	എരുമകുട്ടികൾ
	കറവിയുള്ളത്	കറവയില്ലാത്തത്			
1992	24	102	8	–	12
1993	31	83	8	–	8
1994	45	65	7	–	11
1995	22	36	3	40	4
1996	16	41	3	30	4

പഞ്ചായത്തിലെ ഏറിയ വീടുകളിലും വീട്ടു വളപ്പിൽ കോഴികളെ വളർത്തുന്നുണ്ടെങ്കിലും ആവശ്യത്തിന്റെ 25% ൽ താഴെമാത്രമാണ് മുട്ട ഉത്പാദനം. ഇതിന്റെ പ്രധാനകാരണം കാലാകാലങ്ങളിൽ പടർന്നു പിടിക്കുന്ന പകർച്ചവ്യാധികൾ, പ്രത്യേകിച്ച് കോഴി വസന്ത, കോഴികളെ കൊന്നൊടുക്കുന്നതാണ്. ഈ പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും യഥാസമയം പ്രതിരോധകുത്തിവെയ്പ് നടത്താൻ മൃഗസംരക്ഷണവകുപ്പ് സ്ഥാപനങ്ങൾക്കു കഴിയുന്നില്ല. അത് പൂർണ്ണമായും പ്രായോഗികവുമല്ല. സന്നദ്ധപ്രവർത്തകരെ തെരെഞ്ഞെടുത്ത് പരിശീലനം നൽകി പ്രതിരോധ കുത്തിവെയ്പ് വ്യാപകമാക്കാവുന്നതാണ്.

ഇറച്ചിക്കോഴി യൂണിറ്റുകൾ കറവൂർ, പുന്നല വാർഡുകളിൽ പ്രവർത്തിച്ചു വരുന്നു. പഞ്ചായത്തിലെ തന്നെ ഇറച്ചിയുപയോഗത്തിന്റെയും അടുത്തുള്ള പത്തനാപുരം, പുനലൂർ പട്ടണങ്ങളുടെയും വിപണനസാധ്യതകൾ കണക്കിലെടുത്താൽ ഇറച്ചിക്കോഴി വളർത്തൽ വളരെ വ്യാപകമായും വിജയകരമായും ഈ പഞ്ചായത്തിൽ നടത്താവുന്നതാണ്.

പഞ്ചായത്തിൽ നിലവിൽ പന്നിവളർത്തൽ, മുയൽ വളർത്തൽ, കാട വളർത്തൽ തുടങ്ങിയവ ഇല്ല. മുയലിന് ആഹാരമായി നൽകാവുന്ന പച്ചിലകൾ ധാരാളം ലഭിക്കുന്നതുകൊണ്ട് മുയൽ വളർത്തൽ ലാഭകരമായി നടത്താനുള്ള സാധ്യത ഉണ്ട്. വളരെ പരിമിതമായ സ്ഥലമുപയോഗിച്ചും വളരെ കുറഞ്ഞ അധ്വാനത്തിലും നടത്താവുന്ന ഒരു പദ്ധതിയാണിത്. വീട്ടമ്മമാർക്ക് ഒരു ഉപതൊഴിൽ എന്ന നിലയിൽ വളരെ പ്രായോഗി

കവുമാണ്. മുയലിറച്ചി രുചികരവും പോഷകസമൃദ്ധവും, ഹൃദ്രോഗികൾക്കു പോലും ഉപയോഗിക്കാവുന്നതുമാണ്. ഇറച്ചിക്ക് പുറമേ മുയൽ രോമവും വ്യവസായികപ്രാധാന്യമുള്ള ഒരു ഉല്പന്നമാണ്. കയ്യുറ, തൊപ്പി, ബാഗ്, വസ്ത്രങ്ങൾ, മറ്റു കൗതുക വസ്തുക്കൾ. എന്നിവ ഉണ്ടാക്കുന്നതിന് മുയൽ രോമം ഉപയോഗിക്കുന്നുണ്ട്. നല്ലയിനം മുയൽ കുഞ്ഞുങ്ങളെ കിട്ടാനില്ല എന്നതും മുയൽ വളർത്തലിനെക്കുറിച്ച് ശരിയായ അവബോധം ഇല്ലായെന്നതും ഈ രംഗത്തെ പ്രധാന പോരായ്മയാണ്.

പന്നിവളർത്തലിനുള്ള സാദ്ധ്യതകളും പരിശോധിക്കേണ്ടതുണ്ട്. ചുരുങ്ങിയ ചിലവിൽ മാംസം ഉല്പാദിപ്പിക്കാൻ കഴിയുന്ന ഒരു പദ്ധതിയാണ്. പന്നിവളർത്തലിനുള്ള വിപുലമായ സാദ്ധ്യതകൾ പഞ്ചായത്തിന്റെ എല്ലാഭാഗത്തും നിലവിലുണ്ട്. ഹോട്ടൽ അവശിഷ്ടങ്ങൾ പച്ചക്കറി അവശിഷ്ടങ്ങൾ, അറവുശാലയിലെ അവശിഷ്ടങ്ങളെന്നിവ തീറ്റയായികൊടുത്താൽമതിയാവും. പുനലൂർ, പത്തനാപുരം പട്ടണങ്ങളുടെ സാമീപ്യം തീറ്റയുടെ ലഭ്യതയ്ക്കും അതുപോലെ മാംസത്തിന്റെ വിപണനത്തിനും അനുകൂലഘടകങ്ങളാണ്. നിലവിലുള്ള ചില പദ്ധതികൾ സംബന്ധിച്ച ചില വിലയിരുത്തൽ താഴെ കൊടുക്കുന്നു.

1 പേവിഷ നിർമ്മാജ്ജന പദ്ധതി.–ഘട്ടംഘട്ടമായി പേവിഷ നിർമ്മാർജ്ജനം എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിവരുന്നു. സൗജന്യനിരക്കിൽ ഗുണമേന്മയുള്ള വാക്സിൻ ലഭ്യമാണ്. നായ്ക്കളെ കുത്തിവയ്പ്പിക്കുന്ന കാര്യം വേണ്ടത്ര ഗൗരവത്തോടെ എടുക്കാൻ ജനങ്ങൾ തയ്യാറാവാത്തതും, കുത്തിവയ്ക്കാത്തവയേയും അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെയും നശിപ്പിക്കാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ശ്രദ്ധകാണിക്കാത്തതും ഈ പദ്ധതിയുടെ വിജയത്തിന് തടസ്സമാണ്.

2 പഞ്ചായത്തിലുള്ള മൃഗാശുപത്രിയിൽ വാക്സിൻ സൂക്ഷിക്കുന്നതിനുള്ള സംവിധാനം(ശീതീകരണി) ഇല്ലാത്തതിനാൽ പ്രതിരോധകുത്തിവയ്പ് കാലാകാലങ്ങളിൽ നടത്താൻ കഴിയുന്നില്ല

3 അടുക്കളമുറ്റത്തെ കോഴിവളർത്തൽ– എല്ലാ വീടുകളിലും ഏകദേശം 2മാസം പ്രായമായതും പ്രതിരോധകുത്തിവയ്പുനടത്തിയതുമായ 3 വീതം മുട്ടക്കോഴികളെ സൗജന്യനിരക്കിൽ വിതരണം ചെയ്യുന്ന പദ്ധതിയാണിത്.ആവശ്യമായ നല്ലയിനം മുട്ടക്കോഴിക്കുഞ്ഞുങ്ങളുടെ ദൗർലഭ്യം ഒരു പ്രശ്നമാണ്. ഇതിനായി പഞ്ചായത്തിൽ ഒരു എഗ്ഗർ നേഴ്സറി തുടങ്ങണം.

4 മൃഗചികിൽസ– മൃഗചികിൽസക്കു കൂടുതൽ പ്രാധാന്യം നൽകേണ്ടിയിരിക്കുന്നു. നിലവിലുള്ള മൃഗാശുപത്രികളിൽ അടിസ്ഥാന സൗകര്യങ്ങൽ മെച്ചപ്പെടുത്തേണ്ടതുണ്ട്.

പ്രത്യേക കന്നുകാലി പരിപാലനപദ്ധതി–7 മുതൽ 9മാസം വരെ പ്രായമുള്ള സങ്കരയിനം കന്നുകുട്ടികളെ തെരെഞ്ഞെടുത്ത് അവയ്ക്ക് മരുന്നുകളും വളർച്ചയ്ക്കാവശ്യമായ തീറ്റയും സൗജന്യനിരക്കിൽ ലഭ്യമാക്കുന്ന പദ്ധതിയാണിത്. ഫണ്ടിന്റെ അപര്യാപ്തത മൂലം വളരെ ചെറിയ ഒരു വിഭാഗത്തിനേ ഇതിന്റെ പ്രയോജനം ലഭിക്കുന്നുള്ളു. എല്ലാ സങ്കരം ഇനം പശുക്കുട്ടികൾക്കും ഇതിന്റെ പ്രയോജനം ലഭ്യമാക്കണം.

5 ഊർജ്ജിത വന്ധ്യതാ നിവാരണ പദ്ധതി– വന്ധ്യതാനിവാരണ ക്യാമ്പുകളും സെമിനാറുകളും നടത്തുകയാണ് ലക്ഷ്യം. ഇതിനാവശ്യമായ മരുന്നുകൾക്കുള്ള തുക പോലും അനുവദിക്കുന്നില്ല.

6 വിജ്ഞാനവ്യാപന പരിശീലനം– ഈ പദ്ധതി വിജയകരമായി നടപ്പിലാക്കാൻ മൃഗസംരക്ഷണവകുപ്പിനുള്ള സംവിധാനങ്ങൾ അപര്യാപ്തമാണ്. ദൃശ്യശ്രാവ്യമാധ്യമങ്ങളുടെ അലഭ്യത, ഫണ്ടിന്റെ അപര്യാപ്തത തുടങ്ങിയവയും പ്രശ്നങ്ങളാണ്.

2000 ആണ്ടിൽ സമ്പൂർണആരോഗ്യം എന്ന ലക്ഷ്യം കൈവരിക്കുന്നതിൽ സമീകൃതാഹാരത്തിന്റെ പങ്ക് പരമ പ്രധാനമാണ്. പാൽ, മുട്ട, മാംസം ഏന്നിവയുടെ ഉല്പാദനവും ഉപഭോഗവും വർദ്ധിക്കേണ്ടതുണ്ട്. ആധുനിക രീതിയിലുള്ള അറവുശാലയുടെ ആവശ്യവും വളരെ പ്രധാനപ്പെട്ടതാണ്.

പ്രധാന പ്രശ്നങ്ങളും പോരായ്മകളും

1. പാൽ ഉല്പാദനത്തിന് ഏറ്റവും വലിയ സാധ്യത ഉണ്ടെങ്കിലും വിപണനത്തിനുള്ള സാധ്യത കുറവ്.
2. മൃഗ ചികിൽസയുടെയും അനുബന്ധസേവനങ്ങളുടെയും അപര്യാപ്തത
3. ജനിതകമേന്മയും അത്യുല്പാദന ശേഷിയുള്ള കന്നുകാലികളുടെ അഭാവം.
4. ശാസ്ത്രീയ പരിചരണത്തിന്റെ അഭാവത്തിലുള്ള കന്നുകാലികളുടെ ഉല്പാദന ശേഷി പൂർണ്ണമായും ചൂഷണം ചെയ്യപ്പെടുന്നില്ല.
5. പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും അനുഭവപ്പെടുന്ന വന്യമൃഗങ്ങളുടെ ശല്യം മറ്റു കൃഷികൾക്കെന്നപോലെ മൃഗ സമ്പത്തിനേയും ദോഷകരമായി ബാധിക്കുന്നു.
6. ഗുണമേന്മയുള്ള കാലിതീറ്റയുടെ ലഭ്യതക്കുറവ് ലഭിക്കുന്നവയുടെ താങ്ങാനാവാത്തവില
7. തീറ്റപ്പുല്ലിന്റെ ലഭ്യതക്കുറവ്.
8. നെൽകൃഷികുറഞ്ഞതോടെ വൈക്കോലിന്റെ ലഭ്യതയിൽ വന്ന കുറവ്.
9. കോഴികളെ കൊന്നൊടുക്കുന്ന പകർച്ചവ്യാധികളെ നിയന്ത്രിക്കാൻ സാധിച്ചിട്ടില്ല.

10. നല്ലയിനം പന്നിക്കുഞ്ഞുങ്ങൾ മുയൽ കുഞ്ഞുങ്ങൾ ഇവലഭിക്കാനുള്ള ബുദ്ധിമുട്ടും, കർഷകർക്ക് ഇവയെക്കുറിച്ച് വ്യക്തമായ ധാരണ ഇല്ലാത്തതും.
11. ശാസ്ത്രീയ മൃഗപരിപാലനത്തിൽ കർഷകർക്കുള്ള അജ്ഞത.
12. പേവിഷബാധയും അലഞ്ഞുതിരിയുന്ന നായ്ക്കളെയും പ്രതിരോധകുത്തിവെപ്പ് നടത്താത്തവയേയും നശിപ്പിക്കാനുള്ള സംവിധാനമില്ലായ്മ.

സാധ്യതകളും നിർദ്ദേശങ്ങളും

1. മൃഗ സംരക്ഷണ പ്രവർത്തനങ്ങൾക്ക് വളരെ അനുകൂല സാഹചര്യങ്ങൾ പഞ്ചായത്തിൽ നിലവിലുള്ളത് ഉപയോഗപ്പെടുത്തണം. പുൽകൃഷി നടത്താനും കാലികളെ മേയ്ക്കാനും കഴിയുന്ന തരത്തിലുള്ള യൂക്കാലിപ്റ്റസ്, തേക്ക് തോട്ടങ്ങൾ, കശുമാവ് തോട്ടങ്ങൾ വനം ഇവയുണ്ട്. യൂക്കാലിപ്റ്റസ്, തേക്ക്, കശുമാവ് തോട്ടങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകൾ/ഏജൻസികൾ തീറ്റപ്പുല്ല് കൃഷിചെയ്ത് ശേഖരണാവകാശം കർഷകർക്കോ അവരുടെ സഹകരണ സംഘങ്ങൾക്കോ ലേലം ചെയ്ത് കൊടുത്താൽ തീറ്റപ്പുല്ല് ലഭ്യതയുടെ അഭാവം വലിയ ഒരളവുവരെ പരിഹരിക്കാൻ കഴിയും.
2. പഞ്ചായത്തുമുഴുവൻ പ്രവർത്തന പരിതിയുള്ള ഒരു പാൽസൊസൈറ്റി രൂപീകരിച്ച് ഓരോ വാർഡിലും സൗകര്യ പ്രദമായ സംഭരണ കേന്ദ്രങ്ങൾ വഴി പാൽ സംഭരിക്കണം. ഇത്തരത്തിൽ പഞ്ചായത്ത് കേന്ദ്രീകരിച്ചുള്ള ഒരു സൊസൈറ്റി ഭദ്രമായ സാമ്പത്തിക അടിത്തറയുള്ളവയാകുന്നതിന് വിപുലീകരണ പദ്ധതികൾ ഏറ്റെടുക്കാൻ കഴിയുന്നതുമായിരിക്കും ഇത്തരത്തിലുള്ള ഒരു പാൽ സൊസൈറ്റിക്ക് താഴെപ്പറയുന്ന കാര്യങ്ങൾ ഏറ്റെടുക്കാൻ കഴിയും.
    1. പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്ന മുഴുവൻ പാലിന്റെയും സംഭരണം.
    2. പ്രാദേശിക വില്പന
    3. പാലിനെ സംസ്കരിച്ച് പാലുല്പന്നങ്ങളാക്കി വിറ്റഴിക്കുന്നതിനുള്ള പദ്ധതികൾ.
    4. പ്രാദേശികമായി ലഭ്യമാകുന്ന അസംസ്കൃത വിഭവങ്ങൾ ഉപയോഗിച്ച് കാലിതീറ്റ നിർമ്മിക്കുകയും ക്ഷീര കർഷകർക്ക് നിയന്ത്രിത വിലക്ക് നല്കുകയും ചെയ്യുക.
    5. കർഷകർക്കാവശ്യമായ ധനസഹായങ്ങൾ ലഭ്യമാക്കുക.
    6. ശാസ്ത്രീയ മൃഗപരിപാലനത്തിൽ കർഷകർക്ക് പരിശീലനവും നിർദ്ദേശവും നൽകുക
    7. പുൽകൃഷി വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക
3. പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന കുര്യോട്ട്മല ബഫല്ലോ ബ്രീഡിംഗ്ഫാം ഒരു വിവിധോദ്ദേശ ഫാമാക്കി വികസിപ്പിക്കുകയും അവിടെ ജനിതക മേന്മയുള്ള പന്നികുഞ്ഞുങ്ങൾ, മുയൽ കുഞ്ഞുങ്ങൾ, കോഴിക്കുഞ്ഞുങ്ങൾ മുതലായവയെ ഉല്പാദിപ്പിച്ച് കർഷകർക്ക് ന്യായവിലക്ക് വിതരണം ചെയ്യുകയും ചെയ്യുക.
4. വീട്ടു വളപ്പിൽ വളർത്തുന്ന കോഴികൾക്ക് പ്രതിരോധ കുത്തിവെപ്പ്നടത്തുക. സന്നദ്ധ പ്രവർത്തകരെ പരിശീലിപ്പിച്ച് ഈ പദ്ധതി നടപ്പാക്കുന്ന കാര്യം പരിഗണിക്കണം.
5. മൃഗ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിലുള്ള മൃഗാശുപത്രി കൂടുതൽ സൗകര്യപ്രദമായ സ്ഥലത്തേക്ക് മാറ്റുകയും സ്വന്തമായി കെട്ടിടം ഉണ്ടാക്കുകയും വേണം. കറവൂർ ജംഗ്ഷന് സമീപം ഇതിനായി 50 ഏക്കർസ്ഥലം നീക്കിവച്ചിട്ടുണ്ട്. ഈ സ്ഥലത്ത് മൃഗാശുപത്രികെട്ടിടം പണിയണം. ഒരു ആശുപത്രി വികസന സമിതി രൂപീകരിച്ച് ആശുപത്രിക്കാവശ്യമായ സൗകര്യങ്ങൾ – ഒരു ചെറിയ ക്ലിനിക്കൽ ലബോറട്ടറി ഉൾപ്പെടെ സ്ഥാപിക്കുക, ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തണം.
6. ആധുനിക രീതിയിലുള്ള ഒരറുവുശാല സഹകരണ മേഖലയിൽ സ്ഥാപിച്ച് കർഷകരിൽ നിന്നും ഇറച്ചിമൃഗങ്ങളെ നേരിട്ടുവാങ്ങി സംസ്കരിച്ച് ഗുണമേന്മയുള്ള മാംസം വിപണനം നടത്തുവാനുള്ള സംവിധാനം ഉണ്ടാക്കണം. ഇതുമൂലം കർഷകർക്ക് ന്യായവില ലഭിക്കുകയും പൊതുജനങ്ങൾക്ക് രോഗബാധയില്ലാത്തതും ഗുണമേനമയുള്ളതുമായ മാംസം ലഭിക്കുകയുംചെയ്യും.

    ലാഭകരമായ പശുവളർത്തലിന് അത്യുല്പാദന ശേഷിയുള്ള കാലികളെ നിലനിർത്തുന്നതുപോലെതന്നെ പ്രധാനമാണ് കുറഞ്ഞ ഉല്പാദന ക്ഷമതയുള്ളവയും മറ്റും ഇല്ലാതാക്കുകയെന്നുള്ളത്. ന്യായമായ വില ലഭിക്കുന്ന സാഹചര്യത്തിൽ കർഷകർ ഇവയെ വിറ്റഴിക്കാൻ തയ്യാറാകും. കൂടാതെ അതിവേഗം വളരുന്ന സങ്കര വർഗ്ഗം മൂരികിടാങ്ങളെ ഇറച്ചിക്കായി വളർത്താൻ പ്രോത്സാഹനമാകുകയുംചെയ്യും.
7. മുയൽവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി നല്ലയിനം മുയൽകുഞ്ഞുങ്ങളെ വിതരണം നടത്തണം.മുയൽ രോമം ഉപയോഗിച്ചുള്ള ചെറുകിട ഉല്പന്നങ്ങളുടെ നിർമ്മാണത്തിൽ വീട്ടമ്മമാർക്ക് പരിശീലനംകൊടുക്കുകയും ചെറുകിട യൂണിറ്റുകൾ സ്ഥാപിക്കുകയും വേണം.

8. പേവിഷബാധ തടയാൻ എല്ലാ വളർത്തു നായകൾക്കും പേവിഷബാധയ്ക്കെതിരായ കുത്തിവയ്പും ലൈസൻസും നിർബന്ധമാക്കണം. ലൈസൻസ് ഇല്ലാത്തവയെ നശിപ്പിക്കാൻ നടപടി വേണം.

9 അത്യുല്പാദനശേഷിയുള്ള കന്നുകാലികളെ സൗജന്യമായി ഇൻഷർ ചെയ്യാനുള്ള പദ്ധതി.

10 ഏറ്റവും കൂടുതൽ പാൽ ഉത്പാദിപ്പിക്കുന്ന കർഷകന് അവാർഡ് ഏർപ്പെടുത്തുക.

11 തെങ്ങിൻതോപ്പുകളിലും മറ്റ് സ്ഥലങ്ങളിലും തീറ്റപ്പുൽ കൃഷിചെയ്യുന്നതിന് പുൽ വിത്തിനങ്ങൾ നൽകുക. വനംവികസ കോർപ്പറേഷന്റെ യൂക്കാലിതോട്ടങ്ങളിലും മറ്റും തീറ്റപ്പുൽ വളർത്തി ശേഖരണാവകാശം ലേലത്തിൽകൊടുക്കുക. കല്ലട ഇറിഗേഷൻ കാനാലിന്റെ ഇരു ഭാഗത്തും തരിശായി കിടക്കുന്ന അനുയോജ്യമായ സ്ഥലങ്ങളിൽ തീറ്റപ്പുൽ കൃഷിചെയ്യുക.

12. വന്യ മൃഗങ്ങളിൽ നിന്നുള്ള ശല്യം ഒഴിവാക്കാൻ ആവശ്യമായ പദ്ധതികൾ

13. പഞ്ചായത്തിലെ എല്ലാ സങ്കരവർഗ്ഗ പശുക്കിടാങ്ങൾക്കും ആവശ്യമായ വിരമരുന്ന്, ധാതുലവണ മിശ്രിതം, കാലിതീറ്റ ഇവ സൗജന്യനിരക്കിൽ ലഭ്യമാക്കണം

14. താല്പര്യമുള്ള കർഷകർക്ക് ആധുനിക കന്നുകാലിപരിചരണത്തെപ്പറ്റി കാലാകാലങ്ങളിൽ പരിശീലനം കൊടുക്കുന്നതിന് പുന്നല വി. എച്ച്. എസ് സ്കൂളിൽ സൗകര്യമുണ്ടാക്കുക

15. അത്യുല്പാദനശേഷിയുള്ള 500 പശുക്കൾക്ക് ഒന്ന് എന്ന തോതിൽ കൃത്രിമ ബീജദാനകേന്ദ്രം തുറക്കുക.

16. നിലവിലുള്ള ആശുപത്രിക്ക് അനുബന്ധമായി പുന്നല, പിറവന്തൂർ ഭാഗങ്ങളിൽ ഓരോ ക്യാമ്പ് ഡിസ്പൻസറികൾ തുറക്കുക.

17. കുര്യോട്ടു ബഫല്ലോ ബ്രീഡിംഗ് ഫാം പവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ.

ഫാമിന്റെ അധീനതയിൽ 258 ഏക്കർസ്ഥലവും 60 ഓളം ജീവനക്കാരും ഉണ്ടായിട്ടും ആർക്കും പ്രയോജനമില്ലാത്ത നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനമായി നിലനിൽക്കുന്നു. ഈ സാഹചര്യത്തിൽ ഫാമിന്റെ ആസ്തികളും സാദ്ധ്യതകളും പരമാവധി ഉപയോഗപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടാകേണ്ടതുണ്ട്. ഇതിലേക്ക് ഗ്രാമസഭാ യോഗങ്ങളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ താഴെകൊടുക്കുന്നു.

1. ഫാമിലെ ജീവനക്കാരുടെ പ്രതിനിധികൾ, കർഷകരുടെ പ്രതിനിധികൾ, ജനപ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി ഒരു വികസന സമിതി രൂപീകരിക്കുക.
2. ഫാമിൽ വ്യാപകമായ തീറ്റപ്പുൽ കൃഷിനടത്തി ക്ഷീരകർഷകർക്ക് സൗജന്യവിലക്ക് നൽകുക.
3. ഫാമിൽ നല്ലയിനം പന്നി, ആട്, മുയൽ കോഴി മുതലായവയുടെ കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് സൗജന്യനിരക്കിൽ വിതരണം ചെയ്ത് ഈ മേഖലകളെ പ്രോത്സാഹിപ്പിക്കുക.
4. ഫാമിൽ ഒരു ബീജസങ്കലന കേന്ദ്രം സ്ഥാപിക്കുക.
5. ഫാമിൽ ഒരു കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുക.
6. ഫാമിലെ ചതുപ്പു ഭാഗങ്ങളിൽ കുളങ്ങൾ നിർമ്മിച്ച് മത്സ്യകൃഷി, താറാവുവളർത്തൽ ഇവ നടത്തുക.
7. ഫാമിൽ ഉള്ള തെങ്ങുകൾക്ക്, മതിയായ പരിചരണം നൽകുക, തെങ്ങുകൃഷിവ്യാപിപ്പിക്കുക, ഇടവിളയായി കുരുമുളക് കൃഷിചെയ്യുക

മത്സ്യബന്ധനം

കായലോ കടലോ ഇല്ലാത്ത നമ്മുടെ നാട്ടിൽ കടൽ കായൽ മത്സ്യബന്ധനം സാധ്യമല്ലെങ്കിലും ഉൾനാടൻ ശുദ്ധജലമത്സ്യബന്ധനത്തിനുള്ള സാദ്ധ്യതകൾ കുറെയൊക്കെയുണ്ട്. അവയിലേക്ക് അല്പം ശ്രദ്ധ വയ്ക്കേണ്ടിയിരിക്കുന്നു.

സാധ്യതകൾ

1 നമ്മുടെ പഞ്ചായത്ത് തെക്കും വടക്കും രണ്ടു നദികളെ തൊട്ടുരുമ്മിയാണ് കിടക്കുന്നത്. ഈ നദികളിൽ പ്രകൃതിജന്യമായ മത്സ്യസമ്പത്തുണ്ട്.ഇവ നാട്ടുകാർ വലവീശിയും ,ചൂണ്ടയിട്ടും, വിഷം കലക്കിയും , തോട്ടാ പൊട്ടിച്ചും പിടിക്കുന്നുണ്ട്.കരയിടിച്ചിലിനും മറ്റുപകടങ്ങൾക്കും കാരണമാകുമെന്നതിനാൽ തോട്ടയിടൽ കർശനമായി തടയണം. തോട്ടായിട്ടു കിട്ടുന്നതിലിരട്ടിയിലും കൂടുതൽ മത്സ്യം തോട്ടായിടൽ കൊണ്ട് ചത്തുപോകുന്നു എന്നത് മറ്റൊരുകാര്യം.ജലമലിനീകരണം നടക്കുന്നതിനാൽ നഞ്ചു കലക്കുന്നതും തടയണം.ചൂണ്ടയിട്ടും വലവീശിയും വലവച്ചും മീൻ പിടിക്കുന്നത് പ്രോത്സാഹിപ്പിക്കാം. ഈ പഞ്ചായത്തതിർത്തിയിൽ നിന്ന് വലയുപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നതിന് വലയുടമകൾക്ക് ലൈസൻസ് ഏർപ്പെടുത്താവുന്നതാണ്. ആയത് അനധികൃതമായി അന്യനാട്ടുകാർ വന്ന് മീൻപിടിക്കുന്നത് തടയാൻ സഹായിക്കും. വലയുടമകൾ തന്നെ തോട്ടയിടൽ ,നഞ്ചുകലക്ക് എന്നീ സംരഭകരെ തടഞ്ഞുകൊള്ളുകയും ചെയ്യും..

2. കുര്യോട്ടു മലയിൽ കുളം വെട്ടി മത്സ്യം വളർത്താൻ സംകര്യമുള്ള രണ്ട് നല്ല പ്ലോട്ടുകൾ ഉണ്ട് അവിടെ സമിശ്ര കൃഷിക്ക് ഉള്ള നിർദ്ദേശവും പൊന്തിവന്നിട്ടുണ്ട്. ഇവിടെ മത്സ്യം വളർത്തുന്നതോടൊപ്പം ഭക്ഷ്യയോഗ്യമായ വളർത്തു മത്സ്യങ്ങളെ ഉല്പാദിപ്പിക്കാനും സാദ്ധ്യതയുണ്ട്. ഒരു ഫിഷ് ബ്രീഡിംഗ്ഫാം ഇവിടെ തുടങ്ങി

യാൽ വിപണന സാദ്ധ്യത വളരെ കൂടുതലുണ്ട്. ഈ രംഗത്ത് സജീവ ശ്രദ്ധയുണ്ടാവണം.

3. പിറവന്തൂർ ക്ഷേത്രത്തിനടുത്ത് ജലസേജന ലക്ഷ്യത്തോടെ ഗവ. നിന്നും നിർമ്മിച്ചകുളം ജലസേചന ക്ഷമമല്ലാതെ കിടക്കുകയാണിപ്പോൾ ആ കുളം പുനരുദ്ധരിച്ച് മത്സ്യകൃഷി നടത്താവുന്നതാണ്.

4. വിജയപ്രദമായി കൃഷിനടത്താനാവാത്ത നിലങ്ങൾ കുളങ്ങളാക്കി പരിവർത്തിപ്പിച്ച് മത്സ്യം വളർത്താനുള്ള സാദ്ധ്യതകൾ ആരായുകയും, ആ നിലമുടമകളെ ആയതിനു പ്രേരിപ്പിക്കുകയും ആകാം. അവർക്ക് ആവശ്യമുണ്ടെങ്കിൽ സാമ്പത്തിക സഹായവും മറ്റ് ഒത്താശകളും ചെയ്തുകൊടുക്കണം.

5. പുതുമഴപെയ്ത് വെള്ളം ആറ്റിലുയർന്നിട്ട് നിലങ്ങളിലേക്കും തോടുകളിലേക്കും കയറാറുണ്ട്. അതോടൊപ്പം മത്സ്യങ്ങളും കയറിവരും ആറ്റിൽ നിന്ന് നിലത്തിലേക്ക് വെള്ളം കയറുന്ന ഇടുങ്ങിയ ഇടങ്ങൾ ഉള്ളിടത്ത് (ഉദ. മുക്കടവ് ആറ്റിൽ നിന്നും തോടുവഴി വെട്ടിത്തിട്ട ഏലായിലേക്കു വെള്ളം കയറുന്നത് ഇടുങ്ങിയ ഒരു തോടുവഴിയാണ്.) ഇത്തരം സ്ഥലങ്ങളിൽ മീൻതിരിച്ചിറങ്ങിപ്പോകാനാവാത്തവിധം ചീപ്പ് ഫിഷ് ഫിൽട്ടർ ഇട്ടാൽ കയറിയ മത്സ്യത്തെ സൗകര്യപൂർവ്വം പിടിക്കാൻ കഴിയും. ചെറുകിട മത്സ്യവ്യാപാരംകൊണ്ട് ഉപജീവനം കഴിക്കുന്നവർക്ക് വ്യാപാരത്തിനുള്ള സ്ഥലസൗകര്യങ്ങളും മറ്റുസഹായങ്ങളും നൽകിപ്രോത്സാഹിപ്പിക്കേണ്ടതാണ്.

ഭക്ഷ്യയോഗ്യമായതെന്നു മാത്രമല്ല. പോഷക പ്രാധാന്യമായ മത്സ്യം പരമാവധി ശേഖരിക്കുകയും ജനതക്ക് ലഭിക്കുമാറാക്കുകയും ചെയ്യുന്നത് നല്ലൊരു കാര്യമാണ്. കടൽ മത്സ്യത്തെ മാത്രം ആശ്രയിക്കാതെ ഇക്കാര്യത്തിലും നാം ശ്രദ്ധവയ്ക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.



IV- 3 വ്യവസായം

വ്യവസായ മേഖലയിൽ കാര്യമായ ഒരു നേട്ടവും അവകാശപ്പെടാനില്ലാത്ത പഞ്ചായത്താണ് പിറവന്തൂർ. 1950 കളിൽ പഞ്ചായത്തിന്റെ കിഴക്കൻ മലമ്പ്രദേശമായ മഹാദേവർമണ്ണിൽ (പഴയപത്തനാപുരം പഞ്ചായത്ത്) നടന്നിരുന്ന അഭ്രഖനനമാണ് പഞ്ചായത്തിലെ വ്യവസായരംഗത്തെ ആദ്യസംരംഭമെന്നു പറയാം. അഭ്രപാളികളുടെ വൻ നിക്ഷേപമുള്ള ഈ പ്രദേശത്തെ മൈക്കാ മൈൻ എന്ന് അറിയപ്പെടുന്നു. തിരുവനന്തപുരം സ്വദേശിയായ അഡ്വക്കേറ്റ് മൊറൈസ് എന്നയാളാണ് വനം വകുപ്പിൽ നിന്നും അഞ്ചേക്കർ ഭൂമി പാട്ടിത്തിനെടുത്ത് ഖനനം ആരംഭിച്ചത്. 34 വർഷങ്ങൾക്കുമുമ്പ് ഖനനം നിർത്തിവച്ചു.

പൊതുമേഖലയിൽ ആരംഭിച്ച ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് ആണ് മറ്റൊരു വ്യവസായം. ഈ സ്ഥാപനം കഴിഞ്ഞ ഒരു വർഷത്തിലേറെയായി സ്തംഭനാവസ്ഥയിലാണ്. വ്യവസായത്തിനാവശ്യമായി തടി ഗവൺമെന്റ് കുറഞ്ഞ നിരക്കിൽ കൊടുത്തിരുന്നത് നിർത്തിവയ്ക്കുകയും തുടർന്ന് അസംസ്കൃത വസ്തുവിനു വേണ്ടി കമ്പോളത്തിൽ മത്സരിക്കേണ്ടിവരികയും ചെയ്ത സാഹചര്യവും, മാനേജ്മെന്റിന്റെ പിടിപ്പുകേടും കമ്പനിയെ വൻ നഷ്ടത്തിലെത്തിച്ചതിനെത്തുടർന്നാണ് പ്രതിസന്ധി ഉളവായത്. ഈ പഞ്ചായത്തിൽ താമസക്കാരായ 141 പേർ (135 പുരുഷന്മാരും 16 സ്ത്രീകളും) ഈ സ്ഥാപനത്തിൽ പണിയെടുക്കുന്നു.

സ്വകാര്യമേഖലയിൽ വൻകിട വ്യവസായങ്ങൾ ഒന്നും ഇല്ല. പരമ്പരാഗത കുടിൽ വ്യവസായങ്ങൾ എന്നുപറയുവാൻ വന വിഭങ്ങളായ ഈറ്റ, മുള, ചൂരൽ ഇവ ഉപയോഗിച്ചുള്ള കുട്ട വട്ടി പരമ്പ് തുടങ്ങിയവയുടെ നിർമ്മാണം മാത്രമേ ഉള്ളു. അസംസ്കൃത സാധനങ്ങളുടെ ലഭ്യത കുറവുമൂലം ഇതും പ്രതിസന്ധിയിലാണ്. സ്വകാര്യ മേഖലയിൽ, വ്യവസായ യൂണിറ്റുകൾ എന്നു പറയാൻ കഴിയില്ലെങ്കിലും തൊഴിൽ സംരംഭങ്ങൾ എന്ന നിലയിൽ ഫർണിച്ചർ നിർമ്മാണം സാമില്ലുകൾ റൈസ്മില്ലുകൾ ഹോളോബ്രിക്സ് നിർമ്മാണ യൂണിറ്റുകൾ കറിപൗഡർ നിർമ്മാണ യൂണിറ്റ് തുടങ്ങിയവ നിലവിലുണ്ട്. സഹകരണ മേഖലയിൽ ഒരു സ്ഥാപനവും പ്രവർത്തിക്കുന്നില്ല.

മേൽ പറഞ്ഞ തൊഴിൽ സ്ഥാപനങ്ങളും തൊഴിലാളികളുടെ എണ്ണം കൂലിനിരക്ക് എന്നിവയും പട്ടിക 2 ൽകൊടുക്കുന്നു.

പട്ടിക1

ക്രമ	ഇനം	ആകെ വ്യവസായങ്ങൾ	തൊഴിലാളികളുടെ എണ്ണം പു	സ്ത്രീ	ആകെ	കൂലിനിരക്ക് പു	സ്ത്രീ	വർഷത്തിൽലഭിക്കുന്ന ശരാശരി തൊഴിൽദിനം
1	സാമിൽ	4	12	–	12	150	–	300
2	റൈസ്മിൽ	16	–	–	–	–	–	–
3	കറിപൗഡർ	1	–	–	–	–	–	–
4	ഹോളോബ്രിക്സ്	2	7	2	9	ഓരോയിനംജോലിക്കും പ്രത്യേകംകരാർനിരക്ക്		150
5	ചൂടുകട്ട	6	36	24	60	„		150
6	ഫർണിച്ചർ	1	1	–	–	150	–	–
7.	അലൂമിനിയം പാത്രം	1	3	–	1	–	–	150
8	കൈത്തറി നെയ്ത്ത് (ഖാദിബോർഡ്)	1	–	12	12	–	15	250
9.	പാലുല്പന്നങ്ങൾ	4	–	12	12	–	–	

കുട്ട വട്ടി നെയ്ത്ത് തൊഴിൽ ഏർപ്പെട്ടിരിക്കുന്നവരെല്ലാം തന്നെ സ്വന്തം നിലയിൽ ഈ തൊഴിൽ ചെയ്യുന്ന വരാണ്. അതും ഇപ്പോൾ ഒരു ഉപതൊഴിൽ എന്ന നിലയിലേക്കു ചുരുങ്ങി കൊണ്ടിരിക്കുന്നു.

പ്രാഥമിക മേഖലകളായ മരം, നെല്ലുല്പാദനം എന്നിവയെ ആശ്രയിച്ചുള്ള സാമില്ലുകൾ, തടി ഫർണിച്ചർ റൈസ്മില്ലുകൾ എന്നിവയും പ്രതിസന്ധിയിലാണ്. തടിയുടെ ലഭ്യതകുറവ് നെല്ലുല്പാദനത്തിലെ കുറവ് എന്നിവയാണ് കാരണം. നാടൻ ഇഷ്ടികനിർമ്മാണമാകട്ടെ സ്ഥായിയായി നിർത്തിക്കൊണ്ടുപോകുവാൻ കഴിയുന്ന ഒരു സംരഭമല്ലതാനും.

കാർഷികരംഗത്തും മൃഗപരിപാലനരംഗത്തും ഈ പഞ്ചായത്തിന് വലിയ സാധ്യതകളാണ് ഉള്ളത്. ആ സാദ്ധ്യതകൾ പരമാവധി ഉപയോഗപ്പെടുത്താൻ ശ്രമിക്കുകയും അതോടൊപ്പം ഈ മേഖലകളെ അടിസ്ഥാനപ്പെടുത്തിയുള്ള വ്യവസായ സംരഭങ്ങളെക്കുറിച്ച് ചിന്തിക്കുകയും വേണ്ടിയിരിക്കുന്നു. ഈ പഞ്ചായത്തിൽ ലഭ്യമായ കൃഷിഭൂമിയിൽ സിംഹഭാഗവും (6621 ഹെക്ടർ 91.99%) റബ്ബർ കൃഷിയാണ്. റബ്ബർ തടിയെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൽക്ക് ഉള്ള സാദ്ധ്യത പരിശോധിക്കേണ്ടതുണ്ട്.

പ്രശ്നങ്ങൾ

വ്യവസായ രംഗത്ത് ഈ പഞ്ചായത്ത് നേരിടുന്ന പ്രശ്നങ്ങളെ താഴെപ്പറയുന്ന തരത്തിൽ സംഗ്രഹിക്കാം.

1. കാർഷികമേഖലയെ അടിസ്ഥാനമാക്കിയുള്ള ഭക്ഷ്യസംസ്കരണ വ്യവസായങ്ങൾക്കുള്ള സാധ്യത ഉപയോഗപ്പെടുത്തുന്നില്ല. (പഴം, പച്ചക്കറി, പാൽ, മാംസം മുതലായവ)
2. റബ്ബർ-റബ്ബർതടി അധിഷ്ഠിത വ്യവസായങ്ങൾക്കുള്ള സാധ്യത ഉപയോഗപ്പെടുത്തുന്നില്ല.
3. പ്ലൈവുഡ് ഫാക്ടറിയുടെ പ്രതിസന്ധി പരിഹരിച്ച് വിപുലീകരിക്കാൻ കഴിയണം.
4. അബ്രഖനനത്തിനുള്ള സാധ്യത ഉപയോഗപ്പെടുത്താത്തത്
5. മരവ്യവസായത്തിനാവശ്യമായ തടി ലഭിക്കാത്തത്
6. വ്യവസായ സംസ്കാരത്തിന്റെ അഭാവം
7. സംരംഭകത്വത്തിന്റെ അഭാവം
8. സാങ്കേതിക പരിജ്ഞാനമില്ലായ്മ
9. ധനസഹായം സാങ്കേതിക സഹായം ഇവ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്.
10. വൈദ്യുതി ക്ഷാമം.
11. വിപണനത്തിന്റെ പ്രശ്നങ്ങൾ.
12. വനിതകൾക്ക് തൊഴിലവസരം തീരെ ഇല്ല.
13. സാങ്കേതിക പരിശീലനം ലഭിച്ച തൊഴിൽ രഹിതർക്ക് തൊഴിൽ നൽകുവാനുള്ള സാധ്യത ഇല്ല.
14. പരമ്പരാഗത കൈതൊഴിലുകളായ കുട്ട, വട്ടി, പരമ്പ് നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ്.
15. കൂട്ടായ സംരഭങ്ങൾക്ക് മുൻകൈ എടുക്കാൻ കഴിയാത്തത്

സാധ്യതകളും നിർദ്ദേശങ്ങളും

1. കാർഷികമേഖലയെ അടിസ്ഥാനമാക്കിയുള്ള ഭക്ഷ്യസംസ്കരണ യൂണിറ്റുകൾ ആരംഭിക്കുക.(1) സഹകരണമേഖലയിൽ പഴം, പച്ചക്കറി സംസ്കരണയൂണിറ്റുകൾക്ക് സാധ്യതയുണ്ട്. (11) പാൽ ഉല്പന്നങ്ങൾ ഉണ്ടാക്കൽ, പാൽ ശീതീകരണ പ്ലാന്റ്, മാംസസംസ്കരണം തുടങ്ങിയവയ്ക്കുള്ള പദ്ധതികൾ സഹകരണമേഖലയിൽ ആരംഭിക്കാം.
2. റബ്ബർ തടി സംസ്കരിച്ച്, ഫർണിച്ചർ, ഗൃഹനിർമ്മാണത്തിനുള്ള ഉരുപ്പടികൾ ഇവ നിർമ്മിക്കുന്നതിനുള്ള ഒരു വ്യവസായം ആരംഭീക്കാവുന്നതാണ്. ഇക്കാര്യത്തിൽ മൂന്ന് സാധ്യതകൾ പരിശോധിക്കാം.

(i). ട്രാവൻകൂർ പ്ലൈവുഡ് ഫാക്ടറിയുടെ അനുബന്ധ യൂണിറ്റെന്ന നിലയിൽ റബ്ബർ തടി സംസ്കരണവും ഉരുപ്പടിയായി രൂപപ്പെടുത്തലും നടത്താവുന്നതാണ്.

(ii). സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷന്റെ ഒരു വ്യവസായ സംരഭമെന്ന നിലയിൽ ഇക്കാര്യം പരിഗണിക്കാം

(iii) സ്വകാര്യമേഖലയിലുള്ള സാധ്യതകൾ പരിഗണിക്കാം.

3. പ്ലൈവുഡ് ഫാക്ടറികളെ ബാധ്യതകൾ തീർത്ത് പ്രവർത്തനക്ഷമമാക്കാനുള്ള നടപടികൾ സർക്കാർ ഭാഗത്തുനിന്ന് ഉണ്ടാകണം. ഫാക്ടറിക്ക് ആവശ്യമായ അസംസ്കൃത വസ്തു (തടി) വനം വകുപ്പിൽ നിന്നും നിയന്ത്രിത വിലക്ക് ലഭ്യമാക്കണം.

പരിഗണിക്കാവുന്ന മറ്റു പദ്ധതികൾ

പട്ടിക II

വിഭാഗം	നമ്പർ	ഇനം
വനിത (വ്യക്തി ഗതസംരംഭങ്ങൾ)	1	പഴം ജാമുകൾ–കൈതച്ചക്ക, മാങ്ങ ചക്ക, നേന്ത്രപ്പഴം മുതലായവ
	2	ചിപ്സ്– നേന്ത്രക്കായ, മരച്ചീനി മുതലായവ
	3	പർപ്പടക നിർമ്മാണം
	4	പേപ്പർ കവർ നിരമ്മാണം
	5	റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം വനിതകൾക്കുള്ള അടിവസ്ത്രങ്ങൾ
	6	അവിൽ വ്യവസായം
	7	കെയിൻ വർക്സ് (പ്ലാസ്ററിക്ക് കൊണ്ടുള്ള കരകൗശല വസ്തുക്കൾ

പട്ടിക III

ജനറൽ S. S I	1	മരം ഫർണ്ണിച്ചർ
	2	ജനറൽ എഞ്ചിനീയറിംഗ്
	3	ബേക്കറി വ്യവസായം
	4	അലക്കു സോപ്പ്, സോപ്പുപൊടി
	5	അപ്പോൾസ്ററി വർക്സ്
	6	ഇരുചക്രവാഹനങ്ങളുടെ വർക്സ് ഷോപ്പ്
	7	ഇരുമ്പുപണി (കാർഷികാവശ്യത്തിനുള്ള പണിയായുധങ്ങളും മറ്റും)
	8	കറി പൗഡർ
വനിത സഹകരണസംഘം	1	നോട്ടു ബുക്ക് നിർമ്മാണം
	2	കുട നിർമ്മാണം
	3	മെറ്റൽ നിർമ്മാണം (കരിങ്കല്ല്)
	4	കിടക്ക നിർമ്മാണം
	5	റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം
	6	കറി പൗഡർ , അച്ചാറുകൾ മുതലായവ
	7	മെഴുകിതിരി നിർമ്മാണം
സഹകരണസംഘം ജനറൽ	1	ഇഷ്ടിക നിർമ്മാണം (നാടൻ ഇഷ്ടികയും, കമ്പനി ഇഷ്ടികയും)
	2	ഹോളോ ബ്രിക്സ്
	3	കോൺക്രീറ്റ് ഗ്രിൽ, വെന്റിലേറററുകൾ മുതലായവ
	4	ക്രഷർ മെറ്റൽ
	5	മോട്ടോർ വർക്സ് ഷോപ്പ്
	6	സ്റ്റീൽ, ഫർണണിച്ചർ
	7	കന്നുകാലിത്തീറ്റ ഉല്പാദനം
	8	ഖാദി ബോർഡിന്റെ പദ്ധതിയിൽപ്പെടുത്തി തേനീച്ച വളർത്തൽ ഈ പഞ്ചായത്തിൽ വ്യാപകമാക്കുകയും സഹകരണമേഖലയിൽ തേൻസംഭരണത്തിനും സംസ്കരണത്തിനും വിപണനത്തിനുമുള്ള സംവിധാനം ഉണ്ടാക്കുകയും വേണം.

4. പ്ലൈവുഡ് ഫാക്ടറി, സമീപപ്രദേശങ്ങളിലുള്ള സാമില്ലുകൾ തുടങ്ങിയവയിൽ വേസ്റ്ററായി കളയുന്നതും പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതുമായ അറക്കപ്പൊടി ഉപയോഗീച്ച് ഹാർഡ്ബോർഡ്, ആർട്ടിഫിഷ്യൽ വുഡ് എന്നിവ നിർമ്മിക്കാൻ കഴിയും. ഇതിനുള്ള സാധ്യത ആരായണം. പ്ലൈവുഡ് ഫാക്ടറിയുടെ അനുബന്ധ യൂണിറ്റായോ സഹകരണമേഖലയിലോ സ്വകാര്യമേഖലയിലോ പ്രത്യേക സംരംഭമായോ ഇക്കാര്യം പരിഗണിക്കാം.

5. പെരിന്തോയിൽ വാർഡിൽ ധാരാളമായുള്ള അഭ്ര നിക്ഷേപം ലാഭകരമായി ഖനനം ചെയ്ത് വിപണനം നടത്തുന്നതിനുള്ള സാധ്യതകൾ ആരായണം.

6. പഞ്ചായത്തിന്റെ കിഴക്കൻ മെഖലകളിൽ, വിശേഷിച്ച് പെരിന്തോയിൽ ഏലായോട് ചേർന്നു കിടക്കുന്ന ഗ്രാഫൈറ്റ് നിക്ഷേപം ഉള്ളതായി കാണുന്നു. ഇതിന്റെ ഖനനത്തിനുള്ള സാധ്യതകൾ പരിശോധിക്കണം. സമഗ്രമായ ഒരു പര്യവേഷണം ഈ പ്രദേശത്ത് നടത്തി ഇവിടെയുള്ള ധാതു സമ്പത്തുകളെയും സാധ്യതകളെയും പഠിച്ച് നടപടികൾ സ്വീകരിക്കണം.

7. പരമ്പരാഗത കൈത്തൊഴിലായ കുട്ട, വട്ടി, പരമ്പ് നിർമ്മാണം അറിയാവുന്നവരും തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുമായ 100 ൽ അധികം ആളുകൾ ഈ പഞ്ചായത്തിലുണ്ട്. ഇവരെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് ധനസഹായം നൽകിയും അസംസ്കൃത വിഭവങ്ങൾ സൗജന്യ നിരക്കിൽ ലഭ്യമാക്കിയും തൊഴിലിൽ നിലനിർത്തണം.

8. പഞ്ചായത്തിന്റെ അധീനതയിലുള്ള കുര്യോട്ട് മല ബഫല്ലോ ബ്രീഡിംഗ് ഫാമിൽ വൻ തോതിലുള്ള ഗ്രാനൈറ്റ് നിക്ഷേപം(പാറ) ഉപയോഗപ്പെടുത്തി നിരമ്മാണ ആവശ്യങ്ങൾക്കുള്ള പാറ, മെറ്റൽ , ചിപ്സ് തുടങ്ങിയവ നിർമ്മിക്കുന്നതിന് ഒരു ക്രഷർ യൂണിറ് സ്ഥാപിക്കാം. സമീപത്ത് ആൾ പാർപ്പില്ലാത്തതിനാൽ പരിസരമലിനീകരണം വലിയ പ്രശ്നമാവില്ല. പഞ്ചായത്ത് നേരിട്ടോ സഹകരണമേഖലയിലോ ഇതിന്റെ സാധ്യത ഉപയോഗപ്പെടുത്തണം.പഞ്ചായത്തിന് ഒരു വരുമാന മാർഗ്ഗം കൂടിയാവും.

9. ചിരട്ടയിൽ നിന്ന് ആക്റ്റിവേറ്റഡ് കാർബണും ചിരട്ടപ്പൊടിയും നിർമ്മിക്കുന്നതിനുള്ള യൂണിറുകൾ ആരംഭിക്കാനുള്ള സാധ്യത ആരായണം. അന്താരാഷ്ട്ര വിപണിയിൽ വലിയ ഡിമാന്റുള്ള ഉല്പന്നങ്ങളാണിവ.

10. ചെറുകിട വയവസായ യൂണിറ്റുകൾ നടത്തുന്നതിന് സാങ്കേതിക പരിജ്ഞാനമില്ലായ്മ പരിഹരിക്കുന്നതിന് അഭിരുചിയും താല്പര്യവുമുള്ള യുവതീയുവാക്കളെ തെരെഞ്ഞെടുത്ത് , ഹൃസ്വകാലം കൊണ്ട് പരിശീലനം നൽകാൻ കഴിയുന്ന കാര്യങ്ങളിൽ പരിശീലനം നൽകണം. ഇതിന് പഞ്ചായത്ത് മുൻകൈയ്യെടുക്കണം.

11. വ്യവസായയൂണിറ്റുകൾ തുടങ്ങാൻ സന്നദ്ധതയും പരിജ്ഞാനവുമുള്ള ആളുകളെ കണ്ടെത്തി വായ്പയും സാങ്കേതിക സഹായങ്ങളും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

12. വനിതാസംരഭകർക്ക് സഹായവും പ്രോത്സാഹനവും നൽകാനുള്ള പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കണം.

13. ജില്ല കേന്ദ്രീകരിച്ചുള്ള ഒരു വിപണന ശൃംഖല സഹകരണ അടിസ്ഥാനത്തിൽ രൂപീകരിക്കണം.

14. വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ. കല്ലടയാറ്റിൽ പേപ്പർമിൽ അണക്കെട്ടിലെ ജലം ഉപയോഗിപ്പെടുത്തി ചെറിയ അളവിലെങ്കിലും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള സാധ്യതയുണ്ട്.. ഇതു പരിശോധിക്കണം.

വ്യവസായ രംഗത്ത് ഇപ്പോൾ ഒന്നും അവകാശപ്പെടാനില്ലാത്ത നമ്മുടെ പഞ്ചായത്തിൽ ഒരു വ്യവസായ സംസ്കാരം ബോധപൂർവ്വം രൂപപ്പെടുത്തേണ്ടിയിരിക്കുന്നു. ഇതിലേക്കു താഴെപ്പറയുന്ന കാര്യങ്ങൾ പഞ്ചായത്ത് മുൻകൈയ്യോടെ ചെയ്യണം.

1. പഞ്ചായത്തിന്റെ മുൻകൈയ്യോടെ വിദഗ്ധന്മാരെയും വ്യവസായ കുതുകികളെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ഒരു വ്യവസായ സെമിനാർ സംഘടിപ്പിക്കണം.

2. വ്യവസായങ്ങൾ തുടങ്ങുന്നതിനു താല്പര്യമുള്ളവരുടെ ലിസ്റ്റ് പരസ്യത്തിലുടെ ശേഖരിക്കുകയും അതിൽ നിന്ന് വ്യവസായ സംരംഭകരെ വാർത്തെടുക്കുന്നതിന് ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ സഹായത്തോടെ പരിശീലനം നൽകുകയും വേണം

3. വ്യവസായം തുടങ്ങാനാഗ്രഹിക്കുന്നവരെ കണ്ടെത്തി അവർക്ക് ഇക്കാര്യത്തിലുള്ള ആശങ്ക അകറ്റുന്നതിന്, വിജയകരമായി വ്യവസായം നടത്തുന്നവരുമായി ആശയവിനിമയം നടത്താനും കാര്യങ്ങൾ നേരിൽ മനസ്സിലാക്കാനും പഠനയാത്രകൾ സംഘടിപ്പിക്കണം.

4. ചെറുകിടവ്യവസായസംരംഭകർക്ക് വായ്പാ സാങ്കേതിക സഹായം എന്നിവ താമസം വിനാ ലഭ്യമാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ സംവിധാനമുണ്ടാക്കണം.

IV-4

വിദ്യാഭ്യാസം

ഒരു കാലത്ത് കാട്ടു പത്തനാപുരം എന്നു വിളിക്കപ്പെട്ടിരുന്ന പത്തനാപുരം താലൂക്കിന്റെ കിഴക്കൻ മേഖലയിലാണ് പിറവന്തൂർ പഞ്ചായത്തിന്റെ സ്ഥാനം. ഇതിന്റെ ഏറിയ ഭാഗവും മലമ്പ്രദേശങ്ങൾ തന്നെയാണ്. ചില നൂറ്റാണ്ടുകളുടെ പഴക്കം അവകാശപ്പെടാവുന്ന ജനവാസകേന്ദ്രമായി ഈ പഞ്ചായത്തിന്റെ കുറെ ഭാഗങ്ങൾ മാത്രമേ ഉള്ളു. മധ്യ തിരുവിതാംകൂർ പ്രദേശങ്ങളിൽ നിന്നും ചാലിയക്കര തോട്ടത്തിലോ അന്നു പ്രവർത്തിച്ചിരുന്ന അഭ്ര കമ്പനിയിലോ തൊഴിൽ ലഭ്യത കണ്ടുകൊണ്ടും കൃഷിയിടങ്ങൾ തേടിയും കുടിയേറിപ്പാർത്തവരാണ് ഇവിടുത്തെ ജനങ്ങളിലധികവും. ഇവിടെ സ്ഥിരതാമസമാക്കിയവരിൽ വലിയ ഭൂവുടമകൾ ചുരുക്കമായിരുന്നു. ഭൂമിയുടെ ഏറിയ ഭാഗവും ഇവിടുത്തുകാരല്ലാത്ത ജന്മിമാരുടെ വകയായിരുന്നു. കാടു തെളിച്ച് കൃഷി ചെയ്തും തോട്ടത്തിലും മറ്റും കൃഷിചെയ്തും നിത്യവൃത്തി കഴിച്ചവരാണധികവും. വന്യ മൃഗങ്ങളോടും, മലമ്പനിയോടും മല്ലിടേണ്ടി വരുന്ന. അവർക്ക് വിദ്യാഭ്യാസത്തെപ്പറ്റി ചിന്തിക്കാൻ കഴിയുമായിരുന്നില്ല. പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള സൗകര്യം പോലും ഉണ്ടായിരുന്നില്ല. പുനലൂരേ, പത്തനാപുരത്തോ കുട്ടികളെ അയച്ച് പഠിപ്പിക്കുന്നകാര്യം ആലോചിക്കുവാനേ കഴിയുമായിരുന്നില്ല.

അങ്ങനെയിരിക്കെയാണ് 1914 ൽ പിറവന്തൂർ പഞ്ചായത്ത് പ്രദേശത്തെ ഒന്നാമത്തെ പ്രൈമറി സ്കൂൾ ആരംഭിച്ചത്. കളത്താറടി കുടംബത്തിലെ കാരണവരായിരുന്ന പത്മനാഭൻ ചാന്നാർ എന്ന മാന്യ വ്യക്തിയാണ് സ്ഥാപകൻ. ഇതാണ് ഇന്നത്തെ ഗവ. മോഡൽ യു.പി. സ്കൂൾ. രണ്ടാമതൊരു സ്കൂൾ തുടങ്ങിയത് പുന്നലയിലാണ്. 1925 ൽ എയ്ഡഡ് ആയിത്തീർന്ന ഈ സ്കൂളിന്റെ മാനേജർ കല്പക വിലാസത്ത് ശ്രീമാൻ. ബാവാ സാഹിബ് അവർകൾ ആയിരുന്നു. സ്കൂളിന്റെ ആദ്യത്തെ അദ്ധ്യാപകനും ആ സ്കൂൾ പളളിത്തെക്കാവിൽ വച്ചാരംഭിച്ചതും 1922-ൽ കൊച്ചയ്യത്ത് ശ്രീമാൻ. മൈയ്തീൻ കുഞ്ഞ് അവർകൾ ആയിരുന്നു. ഇതാണ് ഇന്നത്തെ പുന്നല വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ. വലിയകാവിൽ ശ്രീമാൻ. കുഞ്ഞാത്തൻ ആരംഭിച്ച പയൽസ്കൂളും ഇത്തരുണത്തിൽ സ്മരണീയമാണ്. വലിയകാവിൽ ഇപ്പോഴുള്ള ഗവ. ഹൈസ്കൂളായി വളർന്നത് ഈ സ്കൂളാണ്.

വനമധ്യത്തിൽ അങ്ങിങ്ങായി പാർത്തിരുന്ന വളരെ ആളുകൾക്ക് ഈ പളളിക്കൂടങ്ങൾ പ്രയോജനപ്പെടുത്താൻ കഴിയുമായിരുന്നില്ല. വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെപ്പറ്റി ചിന്തിക്കാൻ കഴിയാതെ പോയതോ ഗതാഗത സൗകര്യങ്ങളുടെ അഭാവമോ ഒക്കെയായിരിക്കാം കാരണങ്ങൾ. ഇവിടെ പ്രൈമറി വിദ്യഭ്യാസം പൂർത്തിയാക്കിയവരിൽ ത്തന്നെ ഭൂരിഭാഗവും പഠിത്തം അവിടം കൊണ്ട് അവസാനിപ്പിക്കേണ്ടി വന്നു. പിന്നീട് പോകേണ്ടിയിരുന്നത് പുനലൂരോ പത്തനാപുരത്തോ ആയിരുന്നു. യാത്ര ചെയ്യാൻ വാഹനസൗകര്യങ്ങൾ ലഭ്യമല്ലാതിരുന്ന അക്കാലത്ത് വിദ്യാഭ്യാസം ചെയ്യാൻ അത്ര ദൂരം നടക്കുന്ന സാഹസത്തിന് അധികം ആരും മുതിർന്നില്ല. ഫീസ് കൊടുക്കാനുള്ള കഴിവുകേടും ഒരു കാരണമാണ്. എന്തായാലും ചില തലമുറകൾ ഒട്ടും തന്നെ പഠിക്കാത്തവരോ പ്രൈമറി തലം വരെ മാത്രം പഠിച്ചവരോ ആയിത്തീർന്നു.

കാലക്രമത്തിൽ കൂടുതൽ സ്കൂളുകൾ ആരംഭിക്കുകയും കുട്ടികളെ സ്കൂളിൽ അയയ്ക്കുന്ന കാര്യത്തിൽ നല്ല പങ്ക് മാതാപിതാക്കളും താല്പര്യം കാണിക്കുകയും ചെയ്തു. സാമാന്യ വിദ്യാഭ്യാസ സൗകര്യങ്ങളുടെ കാര്യത്തിൽ പഞ്ചായത്ത് ഇപ്പോൾ പിന്നിലല്ല. നിലവിലുളള പ്രശ്നങ്ങളും പ്രയാസങ്ങളും പിന്നാലെ രേഖപ്പെടുത്തിയിട്ടുണ്ട്.

ഇവിടെ ഇപ്പോൾ അങ്കണവാടികളുടെ എണ്ണം. 35. കുടിപ്പളളിക്കൂടങ്ങൾ അങ്ങിങ്ങായി ഉണ്ട്. L. P. S, U.P.S, H.S., എന്നിവയോട് ചേർന്നുളളതും 3. അൺ-എയ്ഡഡ് ഉൾപ്പടെ 14. യു. പി. എസ് ഹൈസ്കൂളിനോട് ബന്ധപ്പെട്ടുളള രണ്ടെണ്ണം ചേർത്ത് 7. ഹൈസ്കൂളുകൾ-3. വിദ്യാർത്ഥികൾ -L.P. 1710, U.P 1563, H.S. 1223 -ആകെ 4496. ഇവരിൽ SC/ST വിഭാഗത്തിൽപെട്ടവർ 1081. ആൺ, പെൺ തിരിച്ചുളള പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.

പ്രശ്നങ്ങൾ (വിവരണപ്പട്ടിക -അനുബന്ധം)

1. സ്കൂളുകൾക്ക് ചുറ്റുമതിലും കളിസ്ഥലവും ഇല്ല എന്നത് പൊതു പ്രശ്നമാണ്.
2. മതിയായ ക്ളാസ്സ് മുറികളില്ലാത്ത സ്കൂളുകളുണ്ട്. പിറവന്തൂർ മോഡൽ U.P.S. 14 ഡിവിഷനുകൾ ഉളള സ്കൂളിന് 10 ക്ളാസ്സ് മുറികളേയുള്ളു.
3. ബഞ്ച്. ഡെസ്ക്, മേശ, കസേര, അലമാര എന്നിവ ആവശ്യമുളള പല സ്കൂളുകളും ഉണ്ട്.
4. മൂത്രപ്പുര, കക്കൂസ് സൗകര്യങ്ങൾ കൂടുതലായി ആവശ്യമുണ്ട്.

5. ആധുനിക അക്കാദമിക് സൗകര്യങ്ങളിൽപ്പെടുന്ന ഫിലിം പ്രൊജക്റ്റർ, സ്ലൈഡ് പ്രൊജക്റ്റർ, വി.സി. ആർ/വി.സി.പി, കമ്പൂട്ടർ എന്നിവ ഒരിടത്തുമില്ല. റേഡിയോയും ടേപ്പ് റിക്കാർഡറും 8 സ്കൂളുകളിൽ ഇല്ല.
6. പുന്നല സ്കൂളിനുവേണ്ടി പണികഴിപ്പിച്ചിട്ടുള്ള പുതിയ കെട്ടിടം ഇതുവരെ ഡിപ്പാർട്ടുമെന്റ് ഏറ്റെടുത്തിട്ടില്ലാത്തതിനാൽ മെയിന്റനൻസ് നടത്താൻ കഴിയുന്നില്ല.
7. സാങ്കേതികവും തൊഴിലധിഷ്ഠിതവുമായ പരിശീലനം നേടാൻ സഹായിക്കുന്ന പുന്നല.വി. എച്ച്. എസ് അല്ലാതെ മറ്റൊന്ന് ഈ പഞ്ചായത്തിലില്ല.
8. ചെമ്പനരുവി എൽ.പി. എസ് അപ്ഗ്രേഡു ചെയ്യണം. ഉപരിപഠനത്തിനായി നാലാം ക്ലാസ് കഴിഞ്ഞ കുട്ടികൾക്കായി ഏറ്റവും അടുത്ത സ്കൂൾ 12 കി.മീ. അകലെയുള്ള വലിയകാവ് ഹൈസ്കൂളാണ്.വന്യമൃഗങ്ങളുള്ള വനമാണ് ഈ ദൂരമത്രയും. കാട്ടു പന്നിയുടെ ആക്രമണം മൂലം ഒരു കുട്ടി മരിച്ചത് ഈ അടുത്ത കാലത്താണ്. ഇതുപോലെ തന്നെയാണ് കടശ്ശേരി വാർഡിന്റെയും സ്ഥിതി. അവിടുത്തെ കുട്ടികളുടെ ഏക ആശ്രയം പുന്നല ഹൈസ്കൂളാണ്. ഇവിടെ ഒരു എൽ.പി. എസ് ആവശ്യമാണ്. കമുകുംചേരി യു.പി. എസ് . എലിക്കാട്ടൂർ എൽ.പി. എസ്. എന്നിവ അപ്ഗ്രേഡ് ചെയ്യണം. വന്മളയിൽ പുതുതായി ഒരു ഹൈസ്കൂൾ സ്ഥാപിക്കണം. കറവൂർ വന്മള വാർഡിൽ നിന്നുള്ള കുട്ടികൾ പുനലൂരും കമുകുചേരി, എലിക്കാട്ടൂർ, ചേകം വാർഡുകളിൽ നിന്നുള്ളവർ പത്തനാപുരത്തുമാണ് ഹൈസ്കൂൾ പഠനം നടത്തുന്നത്. S.N. U.P. സ്കൂളിന് എൽ.പി.എസ് ആരംഭിക്കണം. കടയ്ക്കാമൺ കോളനിയിൽ L.P.S ആരംഭിക്കണം.
9. വലിയകാവ് ഹൈസ്കൂളിന് ആ പേരല്ലാതെ ഒരു സ്കൂളിനാവശ്യമായ ഭൗതികമോ അക്കാദമിക്കോ ആയ സൗകര്യങ്ങൾ ഒന്നും തന്നെയില്ല..
10. എസ്.എസ്.എൽ.സി വിജയശതമാനം ഒട്ടും തൃപ്തികരമല്ല. ക്രമേണയുള്ള നേരിയ പുരോഗതിയുണ്ടാകുന്നെങ്കിലും താരതമ്യേന വളരെ പിന്നിലാണ്. പൊതുവെയുള്ള വിദ്യാഭ്യാസ നിലവാരം മോശമാണ്.

പരിഹാര നിർദ്ദേശങ്ങൾ

1. എല്ലാ സകൂളുകളിലും മാതൃസംഗമവും (പുന്നലയൊഴികെ) അദ്ധ്യാപക രക്ഷാകർതൃസമിതിയും നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. ഭൗതിക സൗകര്യങ്ങളുടെ പോരായ്മ നികത്താൻ അവയുടെ സഹകരണം നേടണം. പ്രശ്നങ്ങൾ മുൻഗണനാ ക്രമത്തിൽ പരിഹരിക്കണം. മാപ്പുകൾ, ഗ്ലോബുകൾ, ചാർട്ടുകൾ മുതലായ പഠനോപകരണങ്ങൾ എല്ലാ സ്കൂളുകളിലും ആവശ്യത്തിനുണ്ടെന്ന് ഉറപ്പു വരുത്തണം.
2. പഠനോപകരങ്ങൾ പ്രയോജനപ്പെടുത്തുന്ന രീതി, അച്ചടക്കം, അദ്ധ്യാപനം, കുട്ടികളുടെ പഠനനിലവാരം എന്നിങ്ങനെയുള്ള കാര്യങ്ങൾ പരിശോധിക്കാനും വിലയിരുത്താനും പരിഹാരനിർദ്ദേശങ്ങൾ നല്കാനും ചുമതലയുള്ള ഒരു സമിതി പഞ്ചായത്തു തലത്തിൽ ഉണ്ടാകണം.
3. നിലവിലുള്ള സ്കൂളുകൾ അപ്ഗ്രേഡ് ചെയ്തും പുതിയവ തുടങ്ങിയും കൂടുതൽ വിദ്യാഭ്യാസ സൗകര്യങ്ങൾ ഉണ്ടാക്കണം. അമിതമായ ദൂരം കുട്ടികളുടെ സ്കൂളിൽ പോക്കിനെയും പഠനനിലവാരത്തെയും ദോഷകരമായി ബാധിക്കും.
4. പഞ്ചായത്തിൽ കറവൂർ, എലിക്കാട്ടൂർ, ചാച്ചിപ്പുന്ന എന്നീ വാർഡുകൾ കേന്ദ്രമാക്കി തൊഴിലധിഷ്ഠിത വിദ്യാലയങ്ങൾ തുടങ്ങണം. ഇന്നാട്ടിലെ യുവതീയുവാക്കൾക്ക് ഇവിടെത്തന്നെ തൊഴിൽ ചെയ്യാനുതകും വിധമുള്ള പരിശീലനമാണ് നൽകേണ്ടത്. ആശാരിപ്പണി, കൊല്ലപ്പണി, മേസൺപണി, മോട്ടോർ മെക്കാനിസം, പ്ലംബിംഗ്, ടിവി, റേഡിയോ മെക്കാനിസം, വസ്ത്ര നിർമ്മാണം, തേനീച്ച വളർത്തൽ, കൂൺ കൃഷി, എന്നിവയിലെല്ലാം ഈ നാട്ടിൽത്തന്നെ ധാരാളം തൊഴിൽ സാദ്ധ്യതകളുണ്ട്. പദ്ധതിക്കാലത്ത് ഇവിടെത്തുടങ്ങാനുദ്ദേശിക്കുന്ന വ്യവസായങ്ങൾക്ക് (ഉദാ. റബ്ബർ അടിസ്ഥാനമാക്കിയുള്ളത്) ആവശ്യമായിവരുന്ന തൊഴിലാളികൾക്ക് അതിനാവശ്യമായ പരിശീലനം നൽകണം.
5. കായിക കലാരംഗങ്ങളിൽ മികവുകാട്ടുന്ന കുട്ടികൾക്ക് ആവശ്യമായ പ്രോത്സാഹനം നൽകണം. സ്കൂളുകളിൽ കായിക പരിശീലനത്തിനാവശ്യമായ ഉപകരണങ്ങൾ നൽകുകയും അദ്ധ്യാപകരെ നിയമിക്കുകയും വേണം.
6. കുട്ടികളെ മുടക്കം കൂടാതെ സ്കൂളിലയയ്ക്കാൻ രക്ഷാകർത്താക്കളെ ബോധവൽക്കരിക്കണം.
7. അർഹതയുള്ള കുട്ടികൾക്ക് പുസ്തകം, നോട്ടുബുക്ക് മുതലായവ സൗജന്യമായി കൊടുക്കണം.
8. ഉച്ചഭക്ഷണവിതരണം മുടക്കം കൂടാതെ നടത്തണം. ഹൈസ്കൂൾ തലത്തിലും വ്യാപിപ്പിക്കണം. എല്ലാ കുട്ടികൾക്കും, ഉച്ചഭക്ഷണം നൽകുകയും സ്കൂളിൽ നിന്നുള്ള ഉച്ചഭക്ഷണം തന്നെ കഴിക്കണമെന്ന കാര്യം നിർബന്ധിതമാക്കുകയും വേണം.

ഇന്ത്യ സ്വതന്ത്രയായതിനുശേഷം വിദ്യഭ്യാസരംഗത്ത് പരിഷ്കാരങ്ങൾ പലതും വന്നു.; എങ്കിലും നാടിന്റെ ആവശ്യങ്ങൾക്കുതകുന്ന സ്വന്തം രാജ്യത്തോടും തൊഴിലിനോടും കൂർ പുലർത്തുന്ന സമ്പൂർണ്ണമായ വ്യകതിത്വവികസനത്തിനും സഹായകമായ തനതായ ഒരു വിദ്യാഭ്യാസ നയത്തിനു രൂപം കൊടുക്കുവാൻ സാധിച്ചിട്ടില്ല എന്നതും സത്യമായ കാര്യമാണ്. പാഠ്യപദ്ധതി തയ്യാറാക്കലു മുതൽ പാളിച്ചകൾ സംഭവിച്ചിട്ടുണ്ട്. പഠനത്തിന് അനുകൂലമായ എല്ലാ സാഹചര്യങ്ങളും വേണ്ടുവോളം ലഭ്യമാകുന്ന

വരും ഭൗതികവും മാനസികവുമായ കഴിവുകളിവ് ഏറെ പിന്നോക്കം നിൽക്കുന്നവരുമായ എല്ലാ വിഭാഗം വിദ്യാർത്ഥികളും ഒരേ കാര്യം തന്നെ പഠിക്കേണ്ടിയിരിക്കുന്നു. വിദ്യാർത്ഥികളും ഒരേ കാര്യം തന്നെ പഠിക്കേണ്ടി വരുന്നു. ബഹുഭൂരിപക്ഷം വിദ്യാർത്ഥികളും ഈ രംഗത്ത് പുറംതള്ളപ്പെടുന്നു എന്നതിന്റെ പോരായ്മ കാരണം പറഞ്ഞത് കാലാകാലങ്ങളിൽ വിദ്യഭ്യാസരംഗത്ത് വരുത്തിയിട്ടുള്ള വെട്ടിത്തിരുത്തലുകൾ വലിയ ദോഷം ചെയ്തുകൊണ്ടിരിക്കുന്നു. തൊഴിലിൽ പരിചയമോ തൊഴിലിനോടാഭിമുഖ്യമുള്ള മനോഭാവമോ കുട്ടികളിൽ വളർത്തിക്കൊണ്ടു വരുവാൻ കഴിഞ്ഞിട്ടില്ല. ഉന്നത തലങ്ങളിൽ ഇരുന്നുകൊണ്ട് അനുഭവ സമ്പത്തുള്ളവരുടെ അഭിപ്രായങ്ങൾ ആരായാതെയും പ്രാദേശികമായ പ്രശ്നങ്ങളും പ്രത്യകതകളും കണക്കിലെടുക്കാതെയും ചില വ്യക്തികൾ രൂപം കൊടുക്കുന്ന പദ്ധതികളാണ് സ്കൂളുകളിൽ നടപ്പാക്കേണ്ടി വരുന്നത്.

ഗ്രാമത്തിന്റെ ഹൃദയതേതുടിപ്പുകൾ തൊട്ടറിഞ്ഞ് മാനസികവും ശാരീരികവും ഭൗതികവുമായി വളർച്ച പ്രാപിക്കുന്നു. പഠിത്തത്തിനൊരു ഉദ്ദേശമുണ്ടെന്ന് മനസ്സിലാകുന്ന ഭാവി സുരക്ഷിതമാണെന്നുള്ള ശുഭ പ്രതീക്ഷ വളർത്തുന്ന ഒരു തലമുറയെ വാർത്തെടുക്കാൻ ജനകീയ പദ്ധതിക്ക് കഴിയും, കഴിയണം. നാടിൻരെ ഭാവി നമ്മുടെ കുട്ടികളിലൂടെ ശോഭനമാക്കാൻ വിദ്യഭ്യാസരംഗത്ത് എത്ര പണം മുടക്കുന്നതും അധ്വാനിക്കുന്തും അധികമായിപ്പോവില്ല.

പദ്ധതിക്കാലത്ത് പിറവന്തൂർ പഞ്ചായത്തിൽ വിദ്യാഭ്യാസ പുരോഗതിയുടെ കാര്യത്തിൽ ഒരു കുതിച്ചു ചാട്ടെ തന്നെ നടത്താൻ കഴിയുമാറാകട്ടെ.

പിറവന്തൂർ പഞ്ചായത്ത് – സ്കൂളുകൾ വാർഡു തിരിച്ച്

വാർഡു നമ്പർ	വാർഡിന്റെ പേര്	കുടി പള്ളിക്കുടം	അങ്കന വാടി	നഴ്സറി	L.P				U.P			H.S		
					G.	A	U.	A	G.	A.	U.A	G	A	U.A
I	ചേകം		4	1	1	–	1		–	1	–	–	1	–
II	പിറവന്തൂർ		3	–	–	–	–		1	–	–	–	–	–
III	എലിക്കാട്ടൂർ	1	2	1	1	–	1		–	–	–	–	–	–
IV	ചാച്ചിപ്പുന്ന	1	3	1	–	–	1		–	–				
V	പുന്നല		4	2			1					1		
VI	കറവൂർ	1	2		1									
VII	വന്മള		3	1					1			1		
VIII	കിഴക്കേമുറി		2											
IX	കമുകുംചേരി		2											
X	ചെമ്പനരുവി		2					1						
Xi	മുക്കടവ്		2				1							
XII	കടശ്ശേരി		2											
XIII	പെരുന്തോയിൽ		4								1		1	

G= ഗവൺമെന്റ്
A= പ്രൈവറ്റ് എയ്ഡഡ്
U.A= അൺ എയ്ഡഡ്
L.P 6
attached 3
unaided 5

HS-3
attached VHS 1

UP 5
attached 2

വിവിധ വിദ്യാലയങ്ങൾ-സ്കൂളുകളുടെ ഉദ്ദേശസ്ഥിതി.



126

സ്കൂളുകൾ- വിദ്യാർഥികൾ

വാർഡു നമ്പർ	സ്കൂളിന്റെ പേര്		ആകെ കുട്ടികൾ ആൺ	ആകെ കുട്ടികൾ പെൺ	ആകെ കുട്ടികൾ ആകെ	S/C ആൺ	S/C പെൺ	S/C ആകെ	S/T ആൺ	S/T പെൺ	S/T ആകെ	
I	G.L.P.S		50	54	104	25	26	51				
	S.N.U.P.S		100	49	149	36	17	53				
	G.D.H.S		202	189	391	54	59	113				
	S.N.L.P.S		7	9	16							
II	G.Model U.P.S	L.P	139	108	247	49	40	89				
		U.P	82	96	178	21	27	48				
III	G.L.P.S		37	45	82	12	15	27				
	Tiny Tots L.P		22	26	48							
IV	Salem M.T.L.P.S		87	59	146	7	7	14				
V	G.H.S (V.H.S.S)	L.P	141	126	267	38	25	63				
		U.P	221	205	426	44	44	88				0+1=1
		H.S	234	255	489	30	36	66				
		V.H.S	43	53	96	5	2	7				
VI	G.L.P.S Karoor		109	105	214	26	28	54				S.T 1+0=1
VII	St.Marys U.P.S		109	100	209	26	26	52				
IX	New L.P.S		69	62	131	8	5	13				
	Panchayath U.P.S		81	81	162	15	9	24				
X	St.Pauls M.S.C L.P.S Vanmala		73	82	155	14	29	43				13+3=16
XI	G.L.P.S		52	61	113	28	31	59				
XII	G.H.S	L.P	59	47	106	19	16	35				4+1=5
		U.P	96	75	171	23	23	46				
		H.S	129	118	247	30	31	61				
	P.N.K.M	U.P.S	142	126	268	44	36	80				2+2=4
VII	St.Marys	L.P.S	46	35	81	1	1	2				
V	L.P.S	TOTAL										

പട്ടിക-3

സ്കൂളിന്റെ പേരു	മൊത്തം സ്കൂൾ U.P/ L.P ആയിട്ടുള്ളതിന്റെ	സ്കൂളിന്റെ ഇടമസ്ഥത				കുട്ടികളുടെ എണ്ണം			അധ്യാപകരുടെ എണ്ണം				ഓഫീസ് ഫർണിച്ചർ ഉണ്ടോ ഇല്ലയോ എങ്കിൽ എത്ര വേണം		ഓഫീസ് ഫർണിച്ചർ ഉണ്ടോ ഇല്ലയോ എങ്കിൽ എത്ര വേണം	മറ്റ് കുറിപ്പുകൾ, ചൂടു മണിക്ക്, കുടിവെള്ളം ഫർണിച്ചർ നിലവിൽ ഉണ്ടെങ്കിൽ വേണ്ടവ സംബന്ധിച്ച്
		സർക്കാർ	എയ്ഡഡ്	അൺ എയ്ഡഡ്	അംഗീകാരം ഇല്ലാത്തത്	ആൺ	പെൺ	ആകെ	ജോലിയിൽ പ്രവേശിച്ചവർ	ജോലിയിൽ പ്രവേശിക്കാത്തവർ	ഡെപ്യൂട്ടേഷനിൽ പോയവർ	പ്രവേശിച്ചിട്ടില്ലാത്തവർ				
1	2	3	4	5	6	7	8	9	10	11	12	13	14 A	14 C	15	16	17
GLPS ചേകാ0	L.P	✓				50	54	104	5	4	1	1		- 50	—		ചൂടു മണിക്കില്ല.
S.N.U.P.S ചിറവെന്തൂർ	U.P		✓			100	49	149	8	8	-	-		- 80	- 25		〃
G.D.H.S ചിറവെന്തൂർ	H.S		✓			202	189	391	20	20	-	-	3	- 50	1 - 50		〃
S.N.L.P.S	L.P				✓	7	9	16	2	2	-	-		-	-		
G.U.P.S ചിറ:	U.P	✓				221	204	425	22	18	4	2		-	-		〃
G.L.P.S മുക്കിക്കാട്ടുക	L.P	✓				37	45	82	4	3	1	-		- 70	- 10	- 10	〃
Tiny Tots 〃	L.P				✓	22	26	48	6	6	-	-	സ്വന്തം സ്ഥലമില്ല				
Salem.M.T.L.P.S	L.P				✓	87	59	146	5	5	-	-	1	- 50	- 40		
G.H.S. Punnala	U.H.S.S	✓				639	639	1278	33	31	2	-	3	- 00	- 75		
G.L.P.S. Karavoor	L.P	✓				109	105	214	6	5	1	-	—	- 33	- 10		ചൂടു മണിൻ ഫർണിച്ചർ
St. Mary's U.P.S	U.P		✓			109	100	209	9	9	-	-	2	-	1 —	- 5	
〃 L.P.S	L.P				✓	46	35	81	6	6	-	-					
New.L.P.S ഇരുമ്പ് ചേർ	L.P	✓				69	62	131	4	4	-	-		- 50			
Panchayat U.P.S	U.P		✓			81	81	162	8	6	2	-					
M.S.C.L.P.S ചെമ്പനരുവി	L.P		✓			73	82	155	5	5	-	-	1	- 50	- 50		
G.L.P.S വൽമല	L.P	✓				52	61	113	4	4	-	-		- 48	- - 38		
G.H.S വഴിക്കാവ്	H.S	✓				284	240	524	22	22	-	-	3	- 00	1 - 50	- 50	
P.N.K.M.U.P.S	U.P		✓			142	126	268	11	11	-	-	1	- 50	- 75		
						2330	2166	4496	180	169	11						

പട്ടിക-4 — സ്കൂളുകളുടെ ഭൗതികസൗകര്യങ്ങളുടെ വിവരം

സ്കൂളിന്റെ പേര്	കുട്ടികളുടെ എണ്ണം	കെട്ടിടങ്ങൾ ഉണ്ടെങ്കിൽ			മുറികളുടെ എണ്ണം			ഓഫീസ്	ലൈബ്രറി	കമ്പ്യൂട്ടർ ലാബ്	ചുറ്റുമതിൽ	കുടിവെള്ളം	ടോയ്ലറ്റ്	ഉപയോഗയോഗ്യമായ ടോയ്ലറ്റുകൾ	ഉപയോഗയോഗ്യമായ മൂത്രപ്പുരകൾ	പാചകപ്പുര	കുടിവെള്ളം	ടോയ്ലറ്റ്	പാചകപ്പുര	ഇന്നി ആവശ്യമായവയുടെ എണ്ണം				
		സ്വന്തം	വാടകയ്ക്ക്	താൽക്കാലികം	ക്ലാസ്	ഓഫീസ്	സ്റ്റാഫ് റൂം														ക്ലാസ്	ടോയ്ലറ്റ്	ചുറ്റുമതിൽ	കുടിവെള്ളം	പാചകപ്പുര
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20	21	22	23	24	25
G.L.P.S ചേകം	4	1	ഇല്ല	ഇല്ല	5	ഇല്ല	ഇല്ല	ഇല്ല	ഇല്ല	1	5	1	1	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	4	1	2	2	1
S.N.U.P.S ചിറ്റൊണ്ടൻ	4	1	1	ഉള്ള	3	1	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	2	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	5	10	4	4	3
G.D.H.S ചിറ്റൊണ്ടൻ	10	3	ഇല്ല	ഇല്ല	13	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	2	25	1	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	—	—	—	—	—
Model U.P.S, ചിറ്റൊണ്ടൻ	14	2	ഇല്ല	ഇല്ല	10	ഇല്ല	ഇല്ല	4	ഉണ്ട്	2	20	1	2	1	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	15	10	4	14	അലമാര
G.L.P.S ചെമ്പിക്കുടി	4	ഇല്ല	1	ഇല്ല	5	4	ഇല്ല	ഇല്ല	ഇല്ല	1	5	1	ഇല്ല	1	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	2	4	—	4	അലമാര 2
Tiny Pots ചെമ്പിക്കുടി	4	1	ഇല്ല	ഇല്ല	8	ഇല്ല	ഇല്ല	ഇല്ല	ഇല്ല	1	10	-	2	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	—	—	—	—	—
Salem M.P.LP.S ചാലിശ്ശേരി	4	1	ഇല്ല	ഇല്ല	4	ഇല്ല	ഇല്ല	2	ഉണ്ട്	2	25	1	2	1	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	7	7	1	1	—
G.H.S ചൂണ്ടൽ	31	5	ഇല്ല	ഇല്ല	21	5	ഇല്ല	ഇല്ല	ഇല്ല	2	—	1	2	2	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	30	5	10	5	—
G.L.P.S കുന്നേക്കാട്	6	ഇല്ല	1	ഇല്ല	1	4	ഇല്ല	2	ഉണ്ട്	ഇല്ല	—	2	1	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	20	25	3	10	അലമാര
St. Mary's U.P.S ചിറ്റൊണ്ടൻ	6	3	ഇല്ല	ഇല്ല	9	ഇല്ല	ഇല്ല	ഇല്ല	-	2	15	ഇല്ല	1	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	—	—	—	—	—
" " L.P.S	6	2	ഇല്ല	ഇല്ല	6	ഇല്ല	ഇല്ല	ഇല്ല	—	2	15	ഇല്ല	1	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	—	—	—	—	—
New L.P.S കുന്നുംചേരി	4	1	ഇല്ല	ഇല്ല	4	ഇല്ല	ഇല്ല	ഇല്ല	ഇല്ല	1	-	2	1	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	-	—	—	—	—
Panchayat U.P.S	5	2	ഇല്ല	ഇല്ല	5	3	ഇല്ല	ഇല്ല	ഇല്ല	2	10	ഇല്ല	2	1	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്		12	10	—	—
M.S.C. L.P.S ചെമ്പനാഞ്ചേരി	5	1	1	ഇല്ല	6	2	ഇല്ല	ഇല്ല	—	1	20	ഇല്ല	1	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	—	—	—	—	—
G.L.P.S വന്നേരി	4	1	ഇല്ല	ഇല്ല	6	ഇല്ല	ഇല്ല	ഇല്ല	ഇല്ല	1	20	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	—	—	—	—	—
P.N.K.M U.P.S കുന്നേൽ	8	1	ഇല്ല	ഇല്ല	12	ഇല്ല	ഇല്ല	ഇല്ല	ഇല്ല	1	25	1	1	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	10	—	—	—	—
G.H.S വടിയംകുഴി	14	ഇല്ല	6	ഇല്ല	ഇല്ല	15	ഇല്ല	15	ഉണ്ട്	1	5	3	1	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	20	25	10	15	അലമാര 3

അങ്കണവാടികളുടെ പട്ടിക-5

ആകെ വിദ്യാർത്ഥികൾ നിലവാരം . S.S.L.C ഫലം% . ഗ്രാഫുകൾ .

നമ്പർ	സ്കൂൾ	ഓഡിറ്റോറിയം	ലൈബ്രറി/വായനശാല	ചുറ്റുമതിൽ/കമ്പിവേലി	ഓഫീസ്	ടോയ്ലറ്റ് ആൺകുട്ടികൾ	ടോയ്ലറ്റ് പെൺകുട്ടികൾ	V.C.R / V.C.D	ഇൻവെർട്ടർ/ജനറേറ്റർ	ഉച്ചഭക്ഷണം പാചകപ്പുര	കുടിവെള്ളം	കിണർ	കുഴൽക്കിണർ/പൈപ്പ്	കമ്പ്യൂട്ടർ	ലാപ്ടോപ്	P.T.A.	ആകെ കുട്ടികൾ	80% ഹാജർ	30-40	40-50	50-60	60-ന് മുകളിൽ	10-11	11-12	12-13	13-14	14-15	15-16	അഡ്മിഷൻ	പാസ്സായവർ	ഫുൾ A+	പെൺകുട്ടികൾ	ആൺകുട്ടികൾ	ഭിന്നശേഷി	ന്യൂനപക്ഷം	SC	ST	
1	G.L.P.S ചേകം	✓	✗	✓	✓	✓	✗	✗	✗	✗	✗	✗	4	4	195	5	✓	✓	49 (3-A)	24	8	4	7	6															
2	S.N.U.P.S. ചിറ	✓	✓	✓	✓	✗	✗	✗	✗	✗	✗	✗	6	6	193	✗	✓	✓	119	32	30	43	59	37															
3	G.D.H.S "	✓	✓	✓	✓	✗	✗	✗	✗	✗	✗	✗	10	10	193	—	✓	✓	391	26	95	165	78	27	28	24	37	39	42.5	1	103	6	3	—	—	—	—		
4	G.Model U.P.S	✗	✗	✓	✗	✗	✗	✗	✗	✗	✗	✗	14	10	192	✗	✓	✓	301 (3-A)	32	66	72	78	53															
5	G.L.P.S ചെട്ടിക്കുന്ന്	✓	✓	✗	✓	✓	✗	✗	✗	✗	✗	✗	4	4	194	✗	✓	✓													21	—	—	—	—	—		
6	G.H.S. ചുങ്കൽ	✓	✓	✓	✓	✓	✗	✗	✗	✗	✗	✓	31	30	180	20	✗	✓	1182	334	270	205	198	87	20	22	23	24	28	2	250	77	3	—	—	—	—		
7	G.L.P.S കറുപ്പ്	✓	✗	✓	✓	✓	✗	✗	✗	✗	✗	✗	10	8	192	✗	✗	✗	120	17	30	36	25	18															
8	St.Mary's U.P.S. ചിറ	✓	✓	✓	✓	✗	✗	✓	✗	✗	✗	✗	6	9	194	✗	✓	✓	257	25	60	55	30	39						4	52	5	—	—	—	—		
9	New.L.P.S കുടിക്കടച്ചിറ	✓	✗	✗	✓	✓	✗	✗	✗	✗	✗	✗	4	4	195	✗	✓	✓	131	11	10	20	40	50															
10	Panchayat.U.P.S	✓	✓	✓	✓	✗	✗	✗	✗	✗	✗	✗	6	6	194	✗	✓	✓	162	12	60	30	20	40						1	24	✗	✗	2					
11	M.S.C.L.P.S ചെമ്പനരുവി	✓	✓	✓	✓	✓	✗	✓	✓	✗	✗	✗	4	7	194	✗	✓	✓	92	7	19	21	24	23						-	43								
12	G.L.P.S വെണ്ണല	✗	Film ✗	✓	✓	✓	✗	✓	✗	✗	✗	✗	4	5	193	2	✓	✓	65	13	18	10	10	7															
13	P.N.K.M. U.P.S കാവുംപുറം	✓	✓	✓	✗	✗	✗	✗	✗	✗	✗	✗	10	10	192	✗	✓	✓	268	27	55	80	45	60						4	78	7	4						
14	G.H.S വെള്ളിക്കുഴി	✗	✗	✗	✗	✗	✗	✗	✗	✗	✗	✗		10	194	✗	✓	✓												-	186	15							

കുട്ടികൾ

		LP			UP				HS		
ആകെ	ആൺ	പെൺ	%	ആകെ	ആൺ	പെൺ	%	ആകെ	ആൺ	പെൺ	%
1710	891	819	47.90	1563	831	732	46.83	1223	608	615	50.28

SC/ST

LP			UP			HS		
ആകെ	SC/ST	%	ആകെ	SC/ST	%	ആകെ	SC/ST	%
1710	450	26.31	1563	391	25.01	1223	240	19.62

അവാർഡുകൾ

സ്കൂൾ	ഇനം	പങ്കെടുത്തവർ	
		ആൺ	പെൺ
G.D.H.S ചിറവെങ്കുർ	വോളിബോൾ ഫിക്സ്ചർ	7	7
P.N.K.M. കിഴുർ	200 M ഫിക്സ്. 100 M " LONG JUMP "	1 1 1	— — —
ശാലോം മാർത്തോമ്മ L.P.S. ചാത്തിന്നൂർ	ഉപന്യാസം "	1	—

IV-5 കുടിവെള്ളവും പൊതുജനാരോഗ്യവും

ആരോഗ്യകരമായ ജീവിതത്തിന് ശുദ്ധമായ കുടിവെള്ളം അത്യന്താപേക്ഷിതമാണ്. ഈ പഞ്ചായത്തിലെ 90% ജനങ്ങളും കുടിവെള്ളത്തിനായി കിണറുകളെയാണ് ആശ്രയിക്കുന്നത്. ഭൂമിശാസ്ത്രപരമായി പല പ്രത്യേകതകളുമുള്ള ഒരു പഞ്ചായത്താണ് ഇത്. ഒട്ടുമിക്ക പ്രദേശങ്ങളും ഉയരം കൂടിയ മലകളും പാറകളും നിറഞ്ഞതും, വനപ്രദേശങ്ങളാൽ ചുറ്റപ്പെട്ടതുമാണ്. ഇവിടത്തെ എല്ലാ വാർഡുകളിലും രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളുണ്ട്. ഈ പഞ്ചായത്തിൽ 24 പൊതു കിണറുകളും 2490 സ്വകാര്യ കിണറുകളുമാണുള്ളത്. വേനൽക്കാലത്ത് വെള്ളം വറ്റുന്നവയുമാണ്. അപ്പോൾകുടിവെള്ളത്തിനുവേണ്ടി കിലോമീറ്ററുകൾ സഞ്ചരിക്കേണ്ടി വരുന്നു. കടയ്ക്കാമൺ ഡിപ്പോയിൽ ഇപ്പോൾ നിലവിലുള്ളതും കോളനിക്കുമാത്രം വിതരണം നടത്തുന്നതുമായ "ബോർ വെല്ലിൽ" നിന്നും 1, 2, 7, 8 എന്നീ വാർഡുകളിലെ ആവശ്യത്തിന് പൈപ്പുകളിട്ട് ജലവിതരണം നടത്താവുന്നതാണ്. പഞ്ചായത്തിലെ കുരിയോട്ടു മലയിലുള്ള ജലസ്രോതസ് ഉപയോഗപ്പെടുത്തിയോ കല്ലടയാറ്റിലെ ജലം ഉപയോഗിച്ചോ ഒരു ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കിയാൽ 2,'3, 7, 11 എന്നീ വാർഡുകളിൽ അനുഭവപ്പെടുന്ന കുടിവെള്ള ക്ഷാമം പരിഹരിക്കാൻ കഴിയും.

ശുദ്ധജല സ്രോതസ്സുകൾ

പട്ടിക 1

കിണറുകൾ

പൊതുകിണറുകൾ	സ്വകാര്യകിണറുകൾ	കുഴൽകിണറുകൾ	ആകെകിണറുകൾ
24	2490		

കുടിവെള്ള ക്ഷാമപ്രദേശങ്ങളും പരിഹാരമാർഗ്ഗനിർദ്ദേശങ്ങളും (പട്ടിക 2)

വാർഡ്	പ്രശ്നമേഖല	നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗങ്ങൾ
1	പുത്തൻകട ജംഗ്ഷൻ, പാവുമ്പാജംഗ്ഷൻ	കടയ്ക്കാമൺ ഡിപ്പോയിലുള്ള ബോർവെല്ലിൽ നിന്നും പൈപ്പ്ലൈൻ ദീർഘിപ്പിക്കുക
2	പുലിച്ചാണിമുരുപ്പ്, ആനന്ദക്കുന്ന് പൊന്നാറ്റിൻകര, കൈലാസ്കുന്ന്	പുതിയ കിണർകുഴിക്കുക. ജലം ഇല്ലാത്തവ ആഴം കൂട്ടുക, അഞ്ചുപറപ്പടി കുളത്തിലെജലം ഉപയോഗപ്പെടുത്തുക
3	ലക്ഷംവീട്, മൂന്നാ മല	കിണർ, കുഴൽകിണർ എന്നിവ നിർമ്മിക്കുക. കുര്യോട്ടുമലയിലെ ജലസ്രോതസ്സ് യഥായോഗ്യം ഉപയോഗപ്പെടുത്തുക.
4	ലക്ഷംവീട്, കുമ്പനാട്, പിറമല റോഡ്ഭാഗം, വടക്കേക്കര, വട്ടമൺ	കിണറുകൾകുഴിക്കുക, മുഹമ്മദുഹുസൈന്റെ നിലത്തിൽ കുളം നിർമ്മിച്ച് വാട്ടർ ടാങ്കെട്ടി പൈപ്പ് ലൈൻ സ്ഥാപിക്കുക
5	തച്ചക്കോട് മൈക്കാമൈൻ	ചതുപ്പുനിലംവാങ്ങി, ടാങ്ക്നിർമ്മിച്ച് പൈപ്പുലൈൻസ്ഥാപിക്കുക
6	തലപ്പനാം കുളം, മൂർത്തിക്കോണം പടയണിപ്പാറ, കാരിക്കുഴി, വെള്ളാന്റയം, കീഴയം, കുട്ടിമാനൂർ, ഓർത്തഡോക്സ് പള്ളിപരിസരങ്ങൾ	കിണറുകളും കുഴൽക്കിണറുകളും നിർമ്മിക്കുക.
7	പൈമാനന്തൂർ തെക്കേക്കര	കടയ്ക്കാമൺ ബോർവെല്ലിൽ നിന്നും ജലം ലഭ്യമാക്കുക. കിണറുകളും കുഴൽകിണറുകളും നിർമ്മിക്കുക

8	കടയ്ക്കാമൺ, മുളവങ്കുളം, ബഥേൽഭാഗം തെറ്റിയോട്	കടയ്ക്കാമൺഡിപ്പോ ബോർവെല്ലിൽ നിന്നും പൈപ്പ്ലൈൻ ദീർഘിപ്പിക്കുക. കുഴൽക്കിണർസ്ഥാപിക്കുക
9	ചെന്നിലമൺ, അടയറ പച്ചയിൽ, പാങ്ങോട്	കിണർ, കുഴൽക്കിണർ എന്നിവ നിർമ്മിക്കുക
10	ഒരേക്കർ കോളനിമുതൽ നിരവേൽഭാഗം വരെ, കടമ്പുപാറ	കിണർ, കുഴൽകിണർ സ്ഥാപിക്കുക.
11	ചീവോട് കിഴക്ക്, ആയിരവില്ലിക്കര	കിണർകുഴിക്കുക. വെള്ളം വറ്റുന്ന കിണറുകൾ ആഴംകൂട്ടുക. കുരിയോട്ടുമലയിലുള്ള ജല സ്രോതസ്സ് ഉപയോഗപ്പെടുത്തുക
12	തച്ചക്കോട്, ഉയർന്ന പ്രദേശങ്ങൾ	കുഴൽകിണർ നിർമ്മിക്കുക, കിണർകുഴിക്കുക
13	പെരുന്തോയിൽ, മാങ്കോൺ, കമ്പിലൈൻ ചണ്ണയ്ക്കാമണ്ണ്, മഹാദേവർമണ്ണ്.	കിണർ, കുഴൽക്കിണർ എന്നിവ നിർമ്മിക്കുക

ചെറുകിട ശുദ്ധജല പദ്ധതികൾ

ചെറുകിട പദ്ധതികൾ നടപ്പിലാക്കാവുന്ന പല സാഹചര്യങ്ങളും ഈ പഞ്ചായത്തിലുണ്ട്. പഞ്ചായത്തിന്റെ തെക്കും വടക്കും ഭാഗങ്ങളിലായി വന്മളത്തോട്, കടയ്ക്കാമൺ തോട് എന്നീ രണ്ട് വലിയ തോടുകൾ ഒഴുകുന്നുണ്ട്. ഈ തോടുകൾക്കു സമീപമുള്ള ഉയർന്ന പ്രദേശങ്ങളിൽ ടാങ്കുകൾ നിർമ്മിച്ച് തോട്ടിൽ നിന്നും ജലശേഖരണം നടത്തി പൈപ്പുകൾ വഴി ജലവിതരണം നടത്തി 1, 2, 7, 8 എന്നീ വാർഡുകളിലെ ശുദ്ധജല ക്ഷാമം പരിഹരിക്കാവുന്നതാണ്. 2-ാം വാർഡിലെ അഞ്ചുപറപ്പടിയിലുള്ള കുളം, നാലാം വാർഡിലെ മുഹമ്മദ് ഹുസൈൻ എന്ന വ്യക്തി നൽകാൻ തയ്യാറുള്ള കുളം എന്നിവ ആഴം കൂട്ടി ടാങ്കുകൾ നിർമ്മിച്ച് ജലശേഖരണം നടത്താവുന്നതാണ്. പാറപ്രദേശങ്ങലിൽ അവിടവിടെ ഊറ്റുകുഴികൾ കാണപ്പെടുന്നുണ്ട്. വേനൽക്കാലത്ത് അവയിലെ വെള്ളം കൈവരികൾ കെട്ടി ശേഖരിച്ച് വിതരണം നടത്താം.

പഞ്ചായത്തുതല പദ്ധതി

കടയ്ക്കാമൺ ഡിപ്പോയിൽ ഇപ്പോൾ നിലവിലുള്ളതും കോളനിക്കുമാത്രം വിതരണം ചെയ്യുന്നതുമായ ബോർവെല്ലിൽ നിന്നും 1, 2, 7, 8 എന്നീ വാർഡുകളിലെ ആവശ്യത്തിന് പൈപ്പുലൈൻ നിർമ്മിച്ച് ജലവിതരണം നടത്താവുന്നതാണ്. പഞ്ചായത്തിലെ കുര്യോട്ടുമലയിൽ ഒരു ടാങ്ക് നിർമ്മിച്ച് അവിടെയുള്ള ജലസ്രോതസ്സ് ഉപയോഗിച്ചോ അല്ലെങ്കിൽ അടുത്തുള്ള കല്ലടയാറിൽ നിന്നും ജലശേഖരണം നടത്തിയോ ഒരു ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കിയാൽ 2, 3, 7, 11 എന്നീ വാർഡുകളിൽ അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം പൂർണ്ണമായും പരിഹരിക്കാൻ കഴിയും.

പ്രാവർത്തികമാക്കാവുന്ന നിർദ്ദേശങ്ങൾ

1. ഉയർന്ന സ്ഥലങ്ങളിലുള്ള നീർകുഴികൾക്കു വരമ്പിട്ടു ജലം സംഭരിക്കുക.
2. നിലവിലുള്ള തോടുകളിൽ അങ്ങിങ്ങായി ചെറിയ ബണ്ടുകളിടുക.
3. വരളുന്ന നീർച്ചാലുകൾ മഴവെള്ള സംഭരണത്തിന് ഉപയോഗപ്പെടുത്തുക.

ആരോഗ്യം

ഈ പഞ്ചായത്തിലെ ആരോഗ്യരംഗം വളരെ പരിതാപകരമായ അവസ്ഥയിലാണ്. വിവിധ വാർഡുകളിൽ 7 മുതൽ 28 കി. മി. വരെ യാത്രചെയ്ത്, പത്തനാപുരം, പുനലൂർ തുടങ്ങിയ സ്ഥലങ്ങളിലുള്ള ചികിത്സാസ്ഥാപനങ്ങളിൽ വിദഗ്ധ ചികിത്സക്കായി എത്തേണ്ടതുണ്ട്. യാത്രാ സൗകര്യങ്ങളില്ലാത്ത പ്രദേശങ്ങളാണ് പലതും. ആയതിനാൽ പ്രാകൃതമായ നാട്ടു ചികിത്സാ സമ്പ്രദായങ്ങളും മന്ത്രതന്ത്രങ്ങളും നടത്തുന്ന അവസ്ഥ പലഭാഗങ്ങളിലും നിലനിൽക്കുന്നു. ഒന്നാം വാർഡിൽ ഒരു പാരമ്പര്യ വിഷ ചികിത്സാ കേന്ദ്രമുണ്ട്.

1988 ൽ അനുവദിച്ച ഒരു പി. എച്ച് സെന്ററും ഒരു ഗവ. ഹോമിയോ ഡിസ്പൻസറിയുമാണ് ഈ പഞ്ചായത്തിലുള്ളത്. ഇവിടെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യങ്ങൾ ഇല്ല. പി. എച്ച് സെന്ററിൽ തുടർച്ചയായി ഡോക്ടർ കാണുന്നില്ല. മരുന്നുകൾ ആവശ്യത്തിന് ലഭ്യമല്ല. പ്രതിരോധ കുത്തിവയ്പുകൾ നടത്തുന്നുണ്ടെങ്കിലും ബോധവൽക്കരണത്തിന്റെ അഭാവം മൂലം അതിന്റെ മുഴുവൻ പ്രയോജനവും ലഭ്യമാകുന്നില്ല.

പഞ്ചായത്തിലെ സർക്കാർ ആരോഗ്യ കേന്ദ്രങ്ങൾ

ഈ സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിൽ മുഴുവൻ സമയ ഡോക്ടറുടെ സേവനം ലഭ്യമാകുന്നില്ല. ഗ്രാമസഭകളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ്. ഈ പഞ്ചായത്തിൽ കിടക്കകളുള്ള ഒരു ആശുപത്രി സ്ഥാപച്ച് ഒരു സമഗ്രമായ ആരോഗ്യ പരിപാലനം ഉണ്ടാക്കുക എന്നുള്ളത്. നിലവിലുള്ള ആരോ

ഗ്യ സ്ഥാപനങ്ങൾക്ക് സ്വന്തമായികെട്ടിടങ്ങൾ ഉണ്ടാക്കുകയും, ഡോക്ടറുടെ മുഴുവൻസമയ സാന്നിദ്ധ്യവും മരുന്നുകളുടെ ലഭ്യതയും ഉണ്ടായി ഈ സ്ഥാപനങ്ങളോട് ജനങ്ങൾക്കുള്ള വിമുഖത മാറ്റിയെടുക്കേണ്ടതാണ്.

നമ്പർ	സ്ഥാപനങ്ങൾ	സ്ഥാപിച്ച വർഷം	സ്വന്തം വാടക	ജീവനക്കാരുടെ എണ്ണം
1	പി. എച്ച്.സെന്റർ അലിമുക്ക്, പിറവന്തൂർ	1988	വാടക	7
2	ഗവ. ഹോമിയോ ഡിസ്പൻസറി ചാച്ചിപുന്ന		വാടക	3

കക്കൂസ്

കക്കൂസുകളുടെ അഭാവം പരിസര മലിനീകരണത്തിന് ഒരു പ്രധാന പങ്കുവഹിക്കുന്നു. ഈ പഞ്ചായത്തിൽ 2601 കക്കൂസുകൾ ആവശ്യമാണെന്ന് ഐ, ആർ. ഡി. പി സർവ്വേയിൽ കാണുന്നു. എന്നാൽ വിവിധ പദ്ധതികളിലായി 99 കക്കൂസുകൾ മാത്രമാണ് നിർമ്മിച്ചിട്ടുള്ളത്. 2502 കുടുംബങ്ങൾക്കും നിലവിൽ കക്കൂസുകളില്ല. ഇതിനാൽ കൃമി, വിരശല്യം, വയറിളക്കം, തുടങ്ങിയ രോഗങ്ങൾ ഇവിടെ സാധാരണമാണ്. സാമ്പത്തികപരാധീനതയുള്ള കുടുംബങ്ങൾക്ക് സഹായം നൽകിയും ലക്ഷം വീടുകളിലും കോളനികളിലും പൊതു - കക്കൂസുകൾ നിർമ്മിച്ചും പരിഹാരം കാണേണ്ടതാണ്

പരിസരശുചീകരണം

പഞ്ചായത്തിന്റെ ചിലഭാഗങ്ങളിൽ ശുചീകരണ പ്രവർത്തനം അത്യന്താപേക്ഷിതമാണ്. അലിമുക്ക് ജംഗ്ഷൻ, പുന്നല ജംഗ്ഷൻ എന്നിവിടങ്ങളിൽ കടകളുടെ മുമ്പിലൂടെയുള്ള ഓടകളിൽമാലിന്യങ്ങളും ചപ്പുചവറുകളും അടിഞ്ഞുകൂടി ദുർഗന്ധം വമിക്കുന്നതായി കാണുന്നു. ഓടകൾ വൃത്തിയാക്കാനും മാലിന്യങ്ങൾ തുടർച്ചയായി നീക്കം ചെയ്യാനുമുള്ള ഏർപ്പാടുകൾ ഉണ്ടാകണം. റോഡരുകിൽ മത്സ്യക്കച്ചവടം നടത്തുന്നത് തടയേണ്ടതാണ്.

ഈ പഞ്ചായത്തു പ്രദേശങ്ങളിൽ പൊതുവേ കൊതുകുകൾ പെരുകുകയാണ്. ചപ്പുചവറുകൾ, അടുക്കളയിലെ അവശിഷ്ടങ്ങൾ, പ്ലാസ്റ്റിക്ക് കവറുകൾ തുടങ്ങിയവ പൊതുനിരത്തുകളിലേക്കും വീട്ടുപരിസരങ്ങലിലേക്കും വലിച്ചെറിയുന്ന പ്രവണത ബോധവൽക്കരണത്തിലൂടെ മാറ്റിയെടുക്കാൻ കഴിയും. ചപ്പുചവറുകളും മറ്റും കമ്പോസ്റ്റു കുഴികളിൽ നിക്ഷേപിക്കുക, വീടിനടുത്ത് മലിനജലം കെട്ടിനിൽക്കുന്നത് ഒഴുക്കിക്കളയുക, ഡി. ഡി. റ്റി തുടങ്ങിയ കീടനാശിനികൾ ഉപയോഗിക്കുക എന്നിങ്ങനെയുള്ള കൊതുക് പെരുകുന്നതിനെ തടയാനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതാണ്.

ഈ പഞ്ചായത്തിലെ വ്യാപകമായി റബ്ബർ കൃഷിയുണ്ട്. റബ്ബർ ഷീറ്റ് അടിക്കുന്ന പ്രദേശങ്ങളിൽ ആസിഡ് കലർന്ന ജലം ഒഴുകി പരിസരം ദുർഗന്ധ പൂരിതമാവുകയും കൊതുകുകൾ വർദ്ധിക്കുകയും ചെയ്യുന്നുണ്ട്. ശ്വാസകോശ സംബന്ധമായ രോഗങ്ങൾക്കും ഇതുകാരണമാകുന്നു. ടാങ്കുകൾ നിർമ്മിച്ച് ഈ മലിനജലം ഒഴുക്കി മാറ്റാനുള്ള സംവിധാനം ഉണ്ടാക്കണം.

പഞ്ചായത്തുതലത്തിൽ പ്രാവർത്തികമാക്കാവുന്ന നിർദ്ദേശങ്ങൾ

പൊതുസ്മശാനം

കോളനികൾ, ലക്ഷം വീടുകൾ എന്നിവയിൽ താമസിക്കുന്നവർക്കും സ്വന്തമായി ഭൂമിയില്ലാത്തവർക്കും ജഡം മറവുചെയ്യുന്നതിന് യാതൊരു സൗകര്യങ്ങളും ഇവിടെയില്ല. പഞ്ചായത്തിൽ നിന്നും അനുയോജ്യമായ സ്ഥലം കണ്ടെത്തി ഒരു പൊതുശ്മശാനം അനുവദിക്കേണ്ടതാണ്.

വയോജന ആരോഗ്യകേന്ദ്രം

അവശരും, ആശ്രിതരുമായ ജനങ്ങളുടെ മാനസികവും ആരോഗ്യപരവുമായ മേന്മക്കുവേണ്ടി ഒരു വയോജന ആരോഗ്യകേന്ദ്രം സ്ഥാപിക്കേണ്ടതാണ്. പ്രത്യേകപരിശീലനം നേടിയവരെ ഉപയോഗിച്ച് പ്രായമായ വരുടെ ശാരീരികവും മാനസികവുമായ ഉന്മേഷം ഉയർത്തിക്കൊണ്ടു വരുവാൻ ആവശ്യമായ കാര്യങ്ങൾ ഈ കേന്ദ്രത്തിൽ നടത്താം.

ഹെൽത്ത് കാർഡ് സംവിധാനം

പഞ്ചായത്തിലെ എല്ലാ വ്യക്തികൾക്കും ഹെൽത്ത് കാർഡ് നൽകുന്ന ഒരു പദ്ധതി ഏർപ്പെടുത്തേണ്ടതാണ്. പ്രത്യേകിച്ച് എയിഡ്സ് എന്ന മാരകരോഗത്തെ സംബന്ധിച്ച ശരിയായ ധാരണ ജനങ്ങളിലുണ്ടാക്കാനും അതു പകരുന്നത് തടയാനും ഈ സമ്പ്രദായം സഹായിക്കുന്നതാണ്. രോഗചികിത്സക്കായി എത്തുന്ന വ്യക്തിയുടെ മുൻകാല ആരോഗ്യ നില, രക്ത ഗ്രൂപ്പ്, അലർജിയുണ്ടാക്കുന്ന പ്രധാന മരുന്നുകൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ഹെൽത്ത് കാർഡിൽ രേഖപ്പെടുത്തുകയും ഇവയുടെ പ്രാധാന്യം ജനങ്ങളെ ബോദ്ധ്യപ്പെടുത്തുകയും ചെയ്യണം.

(ശേഷം 71-ാം പേജിൽ)

പട്ടിക -4

പഞ്ചായത്തിലെ ആരോഗ്യരംഗവും വാർഡ്തല സ്ഥിതിവിവരങ്ങളും					
വാർഡ് നമ്പർ	സ്ഥാപനങ്ങൾ		കാണപ്പെടുന്ന പ്രധാന രോഗങ്ങൾ	പ്രവർത്തനത്തെക്കുറിച്ചുള്ള വിലയിരുത്തൽ	നിർദ്ദേശങ്ങൾ
	പൊതുസ്ഥാപനങ്ങൾ	സ്വകാര്യ സ്ഥാപനങ്ങൾ			
1	ഒന്നും ഇല്ല	ഇല്ല	പനി, നേത്രരോഗം, മഞ്ഞപ്പിത്തം		
2	ഒരു പി. എച്ച്. സെന്റർവേണം	ഇല്ല ഒരുപ്രൈവറ്റ് ആശുപത്രി പ്രവർത്തിക്കുന്നു	പനി, നേത്രരോഗം, മഞ്ഞപ്പിത്തം വിഷപ്പനി		കിടക്കകളുള്ള ഒരു ആശുപത്രിവേണം എല്ലാദിവസങ്ങളിലും ഡോക്ടരുടെ സേവനം ലഭ്യമാണം.
3	ഇല്ല	ഇല്ല	ആസ്തമ, വിഷപ്പനി, പൊങ്ങൻപനി ചെങ്കണ്ണ്, ത്വക്രോഗങ്ങൾ		ഒരു ആയൂർവ്വേദ ആശുപത്രിയോ, പി. എച്ച് സെന്ററോസ്ഥാപിക്കണം
4	ഒരു ഗവ. ഹോമിയോ ഡിസ്പൻസറി ഉണ്ട്	ഇല്ല	മലേറിയ, ചെങ്കണ്ണ്, മഞ്ഞപ്പിത്തം ത്വക് രോഗങ്ങൾ	കിടത്തിചികിത്സിക്കാനുള്ള സൗകര്യങ്ങളില്ല.	ഹോമിയോ ആശുപത്രിയ്ക്ക് സ്ഥലവും കെട്ടിടവും ഉണ്ടാക്കി കിടത്തി ചികിത്സിക്കാനുള്ള സൗകര്യം നൽകുക
5	സ്ഥാപനങ്ങളൊന്നുമില്ല	ഒരു ആയൂർവ്വേദ സ്ഥാപനം	ചെങ്കണ്ണ്, ത്വക് രോഗങ്ങൾ, മലമ്പനി		വാർഡിൽ ഒരു ആയൂർവ്വേദ ആശുപത്രി സ്ഥാപിക്കുക. അവിമുക്ക് പി. എച്ച്. സി ഒരുആശുപത്രിയാക്കിമാറ്റുക.
6	ഇല്ല	ഇല്ല	പനി, ഛർദ്ദി, അതിസാരം		അലിമുക്ക് പി. എച്ച് സെന്റ് ർ മെച്ചപ്പെടുത്തുക. പഞ്ചയത്തുതലത്തൽ ഒരാശുപത്രിസ്ഥാപിക്കുക
7	പി. എച്ച് സെന്റർ ഉണ്ട്	ഒരു ആയൂർവ്വേദ സ്ഥാപനം	ചെങ്കണ്ണ്, കോളറ, മലേറിയ, പനി ചിക്കൻപോക്സ്	അടുത്തുള്ള അലിമുക്ക് പി.എച്ച്.സി. യിൽ ഡോക്ടറോ, മരുന്നുകളോ സാധാരണയായി കാണാറില്ല	പഞ്ചായത്തുതലത്തിലുള്ള ഒരാശുപത്രിയാക്കി അതിനെ ഉയർത്തുക
8	ഇല്ല	ഇല്ല	മലേറിയ. ചെങ്കണ്ണ്, കോളറ		അലിമുക്ക് പി.എച്ച് സെന്ററിൽ മുഴുവൻസമയം ഡോക്ടറെനിയമിക്കുക, മരുന്നുകൾ വാങ്ങാൻ സാമ്പത്തിക സഹായം നൽകുക

9	ഇല്ല	ഇല്ല	ചെങ്കണ്ണ്, വിഷപ്പനി, അതിസാരം		പൊതുജനങ്ങൾ സംഭാവന നൽകാൻ തയ്യാറാണെന്ന് നേരത്തെ അധികൃതരെ അറിയിച്ചിട്ടുള്ള സ്ഥലത്ത് ഒരു ആയൂർവ്വേദ ആശുപത്രി സ്ഥാപിക്കുക
10	ഇല്ല	ഇല്ല	പനി മഞ്ഞപ്പിത്തം, വയറിളക്കം, അഞ്ചാംപനി, എലിപ്പനി, ത്വക് രോഗങ്ങൾ		ചികിത്സാ സൗകര്യത്തിന് 25 കി.മീ ദൂരം യാത്രചെയ്യണം. ഒരു പി.എച്ച്. സെന്ററോ ആയൂർവേദ ആശുപത്രിയോ അനുവദിക്കണം.
11	ഇല്ല	ഇല്ല	പനി, മഞ്ഞപ്പിത്തം, അതിസാരം		അലിമുക്കിനടുത്തുള്ള പഞ്ചായത്തുവക സ്ഥലത്ത് ഒരു ആശുപത്രി സ്ഥാപിക്കുക. പി. എച്ച്. സെന്റർ വികസിപ്പിക്കുക
12	ഇല്ല	ഇല്ല	ചെങ്കണ്ണ്, മഞ്ഞപ്പിത്തം, മലേറിയ ത്വക്ക് രോഗങ്ങൾ		കൊതുക് നിർമ്മാർജ്ജന നടപടികൾ സ്വീകരിക്കുക. അലിമുക്ക് പി.എച്ച് സെന്റർ ഒരു ആശുപത്രിയാക്കുക
13	ഇല്ല	ഇല്ല	ത്വക് രോഗങ്ങൾ, കൊതുക് പരത്തുന്ന രോഗങ്ങൾ		കൊതുകുനിവാരണമാർഗ്ഗം സ്വീകരിക്കുക, ഒരു പി.എച്ച സെന്റർ സ്ഥാപിക്കുക

പാരമ്പര്യ വൈദ്യമേഖല (89-ാം പേജിന്റെ തുടർച്ച)

ഈ പഞ്ചായത്തിൽ പാരമ്പര്യമായി ആയൂർവ്വേദ ചികിത്സ നടത്തുന്ന വൈദ്യന്മാരുണ്ട്. ഔഷധ സസ്യങ്ങൾ ലഭ്യമായ വന പ്രദേശങ്ങളും മലകളും ഉണ്ട്. ഈ പാരമ്പര്യ വൈദ്യന്മാരെ സംഘടിപ്പിച്ച് ഒരു "ഔഷധ സസ്യ സൊസൈറ്റി" രൂപീകരിക്കാവുന്നതാണ്. ഈ സ്ഥാപനം വഴി ഔഷധ സസ്യകൃഷി നടത്തുകയും ഒരു ആയൂർവ്വേദ ഔഷധ നിർമ്മാണ സ്ഥാപനമാക്കി ഇതിനെ ഉയർത്തുകയും ചെയ്യാവുന്നതാണ്.

പുകവലി, മുറുക്ക്, മദ്യപാനം, വ്യാജ മദ്യനിർമ്മാണം എന്നിവ ബോധവൽക്കരണത്തിൽ കൂടിയുംസന്നദ്ധ സംഘടനകൾവഴിയും നിയന്ത്രിക്കേണ്ടതാണ്.

പഞ്ചായത്തും, ആരോഗ്യ സ്ഥാപനങ്ങളും സന്നദ്ധ സംഘടനകളും കൂടിച്ചേർന്ന് ശുചീകരണ പ്രവർത്തനങ്ങളും, രോഗപ്രതിരോധ പ്രവർത്തനങ്ങളും, ബോധവൽക്കരണവും നടത്തി ആരോഗ്യമുള്ള, ശേഷിയും ശേമുഷിയുമുള്ള ഒരു ജനതയെ വാർത്തെടുക്കുന്ന യജ്ഞത്തിന് നമ്മുടെ മുഴുവൻ സമയവും വിനിയോഗിക്കാം.

IV 6 ഗതാഗതം, ഊർജ്ജം മാർക്കറ്റ്

ഗതാഗതം

മലയോര ഗ്രാമമായ ഈ പഞ്ചായത്തിലെ പ്രധാന ഗതാഗത മാധ്യമം റോഡുകളാണ്. 300 കി.മീ. ദൂരം റോഡുകൾ ഇപ്പോൾ പഞ്ചായത്തിലുണ്ട്. എങ്കിലും ഇപ്പോൾ കൂടുതൽ റോഡുകൾക്കുവേണ്ടിയും അതുവഴിയുള്ള പുരോഗതിക്കും ദാഹിക്കുന്ന ഒരു ഗ്രാമമാണ് ഇത്. കായംകുളം പുനലൂർ റോഡിന്റെ ഭാഗം പത്തനാപുരം പുന്നല കറവൂർ റോഡ്, അലിമുക്ക് കറവൂർറോഡ്, അലിമുക്ക്പുന്നല റോഡ് തുടങ്ങി ഏതാനും റോഡുകൾ മാത്രമാണ് ആദ്യകാലത്തുണ്ടായിരുന്നത്. അന്നിവിടെ ജനസംഖ്യയും കുറവായിരുന്നു. ജനവാസം വർദ്ധിച്ചതോടെ പുതിയ നടപ്പാതകളും നാട്ടുവഴികളും ഉണ്ടാവുകയും ഇവ പിന്നീട് ഇടവഴികളായും റോഡുകളായും മാറുകയുമാണ് ഉണ്ടായത്. പഞ്ചായത്തിന്റെ തെക്കേ അതിർത്തിയിലൂടെ ഒഴുകുന്ന കല്ലടയാറ്റിലൂടെ പഴയകാലത്ത് ചരക്കുഗതാഗതം നടന്നിരുന്നെങ്കിലും ഇപ്പോഴതില്ല. ആധുനിക ഗതാഗത സൗകര്യങ്ങളില്ലാതിരുന്ന പഴയ കാലത്ത് തലച്ചുമടായും പൊതിമാടുകൾ മുഖേനയും ചരക്കുഗതാഗതം നടത്തിയിരുന്നു. ഇതുമായി ബന്ധപ്പെട്ട് പാതയോരങ്ങളിൽ സ്ഥാപിതമായിരുന്ന ചുമചടുതാങ്ങികൾ ഇന്നു കാണാനില്ല. ആളുകൾ കാൽനടയായിട്ടാണ് സഞ്ചരിച്ചിരുന്നത്. അവർക്ക് വിശ്രമിക്കാനായി അവിടവിടെയുണ്ടായിരുന്ന കളത്തട്ടുകളും വഴിയമ്പലങ്ങളും ഇപ്പോഴില്ല. കല്ലടയാറുകടന്ന് മറ്റുപ്രദേശങ്ങളിലേക്ക് പോകാനുള്ള മൂന്നുകടത്തുകൾ പെരുന്തോട്ടം, തത്യൻതോപ്പ്, കൊറ്റിലംപാട്ട് എന്നീ മൂന്നു സ്ഥലങ്ങളിൽ ഇപ്പോഴുമുണ്ട്. പഞ്ചായത്ത് അധീനതയിലുള്ള ഈ കടത്തുകളിൽ യാത്ര സൗജന്യമണ്.

റോഡുകൾ

മുമ്പുണ്ടായിരുന്ന നാട്ടുവഴികളും ഇടവഴികളുമാണ് പിന്നീട് ഗ്രാമീണ റോഡുകളായി മാറിയത്. കുപടുംബങ്ങൾ വിഭജിച്ച് ഭൂമി തുണ്ടുവൽക്കരണത്തിന് വിധേയമായപ്പോൾ കൂടുതൽ കൂടുതൽവഴികളും റോഡുകളും ഉണ്ടായി. വികസനമെന്നാൽ റോഡുകളുടെ നിർമ്മാണം മാത്രമാണെന്ന വികലമായ ധാരണയും നിലവിൽ വന്നു. ഭരണചരിത്രംനോക്കിയാൽ പൊതു ഫണ്ടിന്റെ ഭൂരിഭാഗവും ഈ ഇനത്തിൽ ചെലവഴിച്ചിട്ടുള്ളതായി കാണുന്നത് ഇതുകൊണ്ടാവാം. ഈ ഗ്രാമ പഞ്ചായത്തിലൂടെ റയിൽവേ ഇല്ല. നിർദ്ദിഷ്ടമായ ശബരി റയിൽപാത ഇതുവഴികടന്നുപോകുമെന്നാണ് അറിയുന്നത്. ഈ പഞ്ചായത്തിൽ PWD വക 32 കി.മി. റോഡും സ്റ്റേറ്റ്ഫാമിങ്ങ് കോർപ്പറേഷന്റെ അധീനതയിലുള്ള 9 കി.മി റോഡും കല്ലട ഇറഗേഷൻ പ്രോജക്ടിന്റെ 6 കി.മി കനാൽ റോഡും പഞ്ചായത്തുവക 231 കി.മി റോഡും ഉൾപ്പെടെ 300കി.മി റോഡ് നിലവിലുണ്ട്. ഇവയിൽ PWD യുടെ 2കി.മി ഒഴിച്ചുള്ള റോഡ് ടാർചെയ്തതാണ്. SFCK,KIP, വക റോഡുകളും ടാർചെയ്തവയാണ്. ഏന്നാൽ എലിക്കാട്ടൂർ കണ്ണങ്കര (1ഒന്നര കി.മി) റോഡൊഴിച്ചുള്ള പഞ്ചായത്തുറോഡുകളൊന്നും ടാർചെയ്തവയല്ല.

പഞ്ചായത്തിലെ വാർഡ് തിരിച്ചുള്ള റോഡുകളുടെ നീളം തരം ഇവ വ്യക്തമാക്കുന്ന ഒന്നാം പട്ടിക താഴെചേർക്കുന്നു. അതുപോലെ തന്നെ ഈ പഞ്ചായത്തിൽ നിലവിലുള്ള റോഡുകളുടെ വിവരങ്ങൾ കാണിക്കുന്ന പട്ടിക രണ്ടിൽ ചേർത്തിട്ടുണ്ട്.

പഞ്ചായത്ത് തലസ്ഥാനമായ അലിമുക്കിൽ നിന്നും കറവൂർ ചെമ്പനരുവി ഭാഗത്തേക്ക് ബസുകൾ ഇരുപതോളം ട്രിപ്പുകൾ നടത്തുന്നുണ്ട്. കൂടാതെ അഞ്ചുകാറുകൾ ഇരുപത്തൊന്ന് ജീപ്പുകൾ എന്നിവയും സമാന്തരസർവ്വീസ് നടത്തുന്നു. ഇതിനും പുറമേ പതിമൂന്ന് ഓട്ടോറിക്ഷകളും ഉണ്ട്. കളത്താറടി ജംഗ്ഷനിൽ പതിമൂന്ന് ഓട്ടോറിക്ഷകൾ സർവ്വീസ് നടത്തുന്നുണ്ട്. പുന്നല ജംഗ്ഷനിൽ നിന്നും നാൽപ്പത്തു ജീപ്പുകളും രണ്ടു കാറുകളും മൂന്ന് ഓട്ടോറിക്ഷകളും സർവ്വീസ് നടത്തുന്നു. നാലാം വാർഡിലെ ചാച്ചിപ്പുന്നയിൽ രണ്ടു ജീപ്പുകളും ഒരു കാറും സർവ്വീസ് നടത്തുന്നുണ്ട്. എന്നാൽ ഇവടങ്ങളിൽ ഒന്നും തന്നെ ഓട്ടോ, ടാക്സി, ജീപ്പു സ്റ്റാൻഡുകളില്ല.

റോഡുകളുടെ മൊത്തം നീളം തൃപ്തികരമാണെന്ന് പ്രഥമദൃഷ്ടിയാ തോന്നുമെങ്കിലും ഇനിയും ധാരാളം റോഡുകൾ ഉണ്ടാകേണ്ടിയിരിക്കുന്നു. നിലവിലുളളവയുടെ ഗുണനിലവാരം മോശമാണ്. പലതും സഞ്ചാരയോഗ്യമല്ല. നല്ലനിലയിൽ മെയിന്റനൻസ് നടത്താത്തതും ഓടകൾ അടയുന്നതും റോഡുകളുടെ ശോചനീയവസ്ഥക്കു മുഖ്യകാരണങ്ങളാണ്. മതിയായ ഫണ്ട് പഞ്ചായത്തിനു ലഭിക്കാത്തതു മറ്റൊരു പ്രധാന കാരണമാണ്. അനുവദിക്കപ്പെടുന്ന തുക മുഴുവനായും പ്രയോജനപ്രദമായി വിനിയോഗിക്കപ്പെടുന്നില്ല.

പഞ്ചായത്തിന്റെ എല്ലാഭാഗങ്ങളിലും ഏത്തിച്ചേരാൻ മതിയായ റോഡുകൾ ഇപ്പോഴില്ല. അതുകൊണ്ടുതചെന്ന വിവിധ വാർഡുകളിലെ ഗ്രാമ സഭകളിൽനിന്നും പുതിയ ധാരാളം റോഡുകൾക്കുള്ള ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. കാലത്തിനനുസരിച്ച് ഗുണമേന്മയുള്ള റോഡുകൾ മികതച്ച യാത്രാസൗകര്യങ്ങൾ ഇവ അനുപേക്ഷണീയമാണ്. പ്രധാന റോഡുകൾ പോലും വലിയ വളവുകളും ധാരാളം കയറ്റിയിറക്കങ്ങളും ഉള്ളവയും മതിയായ

വിതിയില്ലാത്തവയും ആയതിനാൽ വാഹനാപകടങ്ങൾ അടിക്കടി ഉണ്ടാകുന്നു. റോഡുകൾക്ക് നടപ്പാതയില്ലാത്തതും ഒരു പ്രശ്നമാണ്. റോഡുകൾ കൂടുതലും പതയാത്രപോലും സുഗമമല്ലാത്തവിധം കുഴികൾ നിറഞ്ഞവയാണ്.

പ്രശ്നങ്ങളും നിർദ്ദേശങ്ങളും.

ഗ്രാമ സഭകളിൽനിന്ന് ഉയർന്ന് വന്ന പ്രശ്നങ്ങളും നിർദ്ദേശങ്ങളും ഇങ്ങനെ സംഗ്രഹിക്കാം.

1 താഴെപ്പറയുന്ന പുതിയ റോഡുകൾ നിർമ്മിക്കണം.

a) മലങ്കാവിൽ നിന്നും സോഷ്യൽ ഫോറസ്റ്ററിവരെ (വാർഡ് 2)
b) പിറവന്തൂർ ജംഗ്ഷനിൽ നിന്നും പുലച്ചാണി മുക്കുവരെ (വാർഡ് 2)
പൂവണ്ണം മൂട്ടിൽനിന്നും പുല്ലിച്ചാണി മുരുപ്പിലേക്കുള്ള റോഡിൽ വയലിൽ സൈഡ് കെട്ടണം (2)
c) വട്ടവിളപടി ചെരാണിക്കൽ ഏലാവരെ (വാർഡ് 3)
d) മുന്നാമല നിന്നും പന്തിരുവേലിൽ പടിവഴി വട്ടക്കോട്ടുവരെ (വാർഡ് 11)
e) കരിമ്പാലൂർ മുതൽ യൂക്കാലിപ്റ്റസ് കൂപ്പുവരെ (വാർഡ് 4)
f) കരിമ്പാലൂർ മുതൽ ക്ലുവോട്ടുവരെ (വാർഡ് 4)
g) പിറമല മുതൽ ഇഞ്ചിക്കുഴി വഴി കനാൽ വരെ (വാർഡ് 4)
h) കല്ലാമുട്ടം മുതൽ ആശാരികൂപ്പുവഴി മുത്തുക്കുഴി വരെ(വാർഡ് 4)
i) പരലോട്ടുവയൽമുതൽ ഫോറസ്റ്റുവരെ (വാർഡ് 4)
j) അമ്പലം ജംഗ്ഷനിൽ നിന്നും വയലിൽക്കൂടി കാരിക്കുഴി വരെ (വാർഡ് 6)
k) കാലായിൽ പുരയിടത്തിന് പടിഞ്ഞാറുനിന്നും തലപ്പനം കുളത്തേക്ക്. (വാർഡ് 6)
l) കറവൂർ ക്ഷേത്രം മുതൽ പള്ളത്ര വരെ (വാർഡ് 6)
m) ഉച്ചിക്കോടുമുതൽ കണ്ണങ്കര പടിവരെ (ഒന്നര കി.മി, വാർഡ് 9)
n) ശ്രീലക്ഷ്മി പടിമുതൽ റൈസ് മിൽ ജംഗ്ഷൻ വരെ (500 മീറ്റർ, വാർഡ് 9)
o) ചണ്ടേലിപടിമുതൽ റൈസ്മിൽ ജംഗഷൻ വരെ (വാർഡ് 9)
p) അരവിന്ദാക്ഷൻ പടി മുതൽ എലിക്കാട്ടൂർ റോഡ് വരെ (വാർഡ് 9)
q) പൂവണ്ണംമുട് ബങ്കളാംകുന്നു വഴി ചീയോട് (വാർഡ് 11)
r) ആയിരവില്ലി റോഡിൽ നിന്നും വയലരികിലൂടെ മുക്കടവു വരെ (വാർഡ് 11)
s) ചാമ്പലം കോട്ടുനിന്നും വയലിനു പടിഞ്ഞാറെക്കരയിലേക്ക് വരെ (വാർഡ് 11)
t) നല്ലകുളം റോഡിൽ നിന്നും തെക്കോട്ട് ബാലൻപിള്ളയുടെ മുതൽ 500 മീ (വാർഡ് 11)
u) പൂവണ്ണംമുട്ടുൽ തെന്നന്തോലി വഴി ചീയോഡ് റോഡ് വരെ 800 മീ (വാർഡ് 11)
v) ചെറുപ്പാണ്ട മുതൽ മലമുക്ക് വരെ 800 മീ (വാർഡ് 11)
w) പുന്നല കറവൂർ റോഡിൽ ഇടത്തറക്കാവ് മുതൽ തെക്കോട് (വാർഡ് 12)
x) ചാങ്ങപ്പാറ മുതൽ തലപ്പാക്കെട്ടു വഴി അച്ചൻകോവിൽ റോഡ് വരെ (വാർഡ് 13)
y) പുന്നല കറവൂർ റോഡിൽ നിന്നും മൂർത്തികോണിൽ നിന്ന് കനാൽ വരെ പുതിയ റോഡ് (വാർഡ് 6)
z) അലിമുക്കിനു സമീപം (കറവൂർ റോഡ്) പള്ളിപ്പടി മുതൽ ഫോറസ്റ്റ് അതിർത്തിവരെ 400 മീ (വാർഡ് 7)

2) കടയ്ക്കാമൺ പാലം പുതുക്കിപ്പണിയണമെന്ന ആവശ്യം ഒന്നാം വാർഡിൽനിന്നും ഉയർന്നുവന്നിട്ടുണ്ട്. അതുപോലെ തെന്ന കമുകും ചേരി കാവിൽകടവ് പാലംപണി പൂർത്തീകരിക്കണമെന്ന ആവശ്യം പല വാർഡുകളിൽ നിന്നും വന്നിട്ടുണ്ട്. ഈ പാലത്തിൻരെ നിർമ്മാണം പിറവന്തൂർപഞ്ചായത്തിന്റെ പൊതുവായ വികസനത്തിന്റെ ഭാഗമാണ്.

മറ്റ് ആവശ്യമായ പാലങ്ങൾ താഴെപറയുന്നു.

a) ആറാം വാർഡിൽ കീഴയം ഭാഗത്ത് പാലം വേണം.
b) ഏഴാംവാർഡിൽ പത്തുപറ കടവിൽ നടപ്പാലം വേണം.
c) അഞ്ചാം വാർഡിലെ പള്ളിപ്പടി ബൗണ്ടറി റോഡിലെ പാലം പുതുക്കിപണിയണം

3) പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ ചപ്പാത്തുകളും കലുങ്കുകളും വേണമെന്ന ആവശ്യം ഉന്നയിച്ചിട്ടുണ്ട്.

a) രണ്ടാം വാർഡിലെ തകർന്നുപോയ ചപ്പാത്തുകൾ പുതുക്കണം
b) മൂന്നാം വാർഡിൽ ഇരപ്പാൻ തോട്ടിലെ കലുങ്കിന് അറ്റകുറ്റപണികൾ ചെയ്യണം.
c) നാലാം വാർഡിൽ കടച്ചിറ പാരൂർ റോഡിൽ കീരീക്കൽ ഭാഗത്തും പത്തനാപുരം പുന്നല റോഡിൽ കുരിയോട്ടുഭാഗത്തും ചപ്പാത്തുകൾ പണിയണം
d) പത്താം വാർഡിലെ പാറയിൽപടിക്കലുള്ള ചപ്പാത്തിനു പകരം കലുംങ്ക് പണിയണം
e) ഭൂതത്താൻ നടമാക്കുളം വഴിയിൽ തോടിനു കുറുകേ ചപ്പാത്തുണ്ടാക്കണം.

f) കൂട്ടുമുക്ക് ചെമ്പനരുവി മുളന്തറ പടി റോഡിലെ രണ്ടു പാലങ്ങളും അപകടസ്ഥിതിയിലാണ്. ഇവനന്നാക്കണം.

g) കൂട്ടുമുക്ക് കടമ്പുപാറ റോഡിൽ സ്കൂളിന്റെ പടി കുറിശിന്മുട്ട് ഇടത്തിട്ടപടി, കൊച്ചമ്പലപ്പടി, കടമ്പുപാറ, മൂഴി, എന്നിവിടങ്ങളിൽ കലുംങ്കുകൾ പണിയണം.

h) വടക്കോട്ടുജംഗ്ഷനിൽ കലുങ്ക് പുതുക്കിപ്പണിയണം.

4) വയലുകളിലൂടെയുള്ള ചില റോഡുകൾ ഉയർത്താനും സൈഡ്കെട്ടി ബലപ്പെടുത്താനുമുള്ള നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്.

a) നാലാം വാർഡിലെ പരലോട്ടുറോഡ്

b) രവിമംഗലം വഴങ്ങോട്ടുറോഡ് വയൽഭാഗം കോൺക്രീറ്റ് ചെയ്യണം. (വാർഡ് 4)

c) ഇടമുളയ്ക്കൽ ആയിരവല്ലി റോഡിലും നല്ലകുളം കുരിയോട്ടുമല റോഡിലും കൈപ്പട കെട്ടണം (വാർഡ് 11)

d) മുക്കടവുജംഗ്ഷനു സമീപം സ്കൂളിനടുത്ത് ആറ്റരുക് കല്ലുകെട്ടി ബലപ്പെടുത്തണം. (വാർഡ് 11)

e) കൊല്ലിമാനൂർ വയലിൽപടി റോഡിൽ വയലിന്റെ ഭാഗം (വാർഡ് 5)

f) നാരങ്ങാപ്പുറം മാങ്കുന്നിൽ ചേകം റോഡിന്റെ ആരംഭസ്ഥാനമായ നാരങ്ങാപുരത്ത് വയലിന്റെ ഇരുവശവും കരിങ്കൽകെട്ടി ഉയർത്തി റോഡ് ബലപ്പെടുത്തണം.

5) എല്ലാ റോഡുകളെ സംബന്ധിച്ചും മെയിന്റനൻസ് ഒരു പൊതു ആവശ്യമാണ്. അതുപോലെതന്നെ പലറോഡുകളും ടാർചെയ്യണമെന്നും ആവശ്യപ്പട്ടിട്ടുണ്ട്. ധാരാളം റോഡുകൾ ഗതാഗതയോഗ്യമാക്കേണ്ടതുണ്ട് എന്ന ആവശ്യവും നിലനിൽക്കുന്നു. എല്ലാ റോഓഡുകൾക്കും ഓടകൾ വേണമെന്ന ആവശ്യവും ശ്രദ്ധേയമാണ്.

6) അലിമുക്ക് പുന്നല റോഡ് നന്നാക്കി റീടാർ ചെയ്ത് ഗതാഗത യോഗ്യമാക്കണം

7) മൂന്നാം വാർഡിലെ നാലുസെന്റുകോളനിയിലേക്കുള്ള റോഡുമദ്ധ്യേയുള്ള കിണർ ഒഴിവാക്കി റോഡിന് തടസം മാറ്റണം.

8) പുന്നല കടശ്ശേരി റോഡിൽ കനാൽ ഭാഗത്ത് സൈഡ് ഭിത്തി ഉയർത്തിക്കെട്ടണം

9) കടശ്ശേരി വാർഡിലെ വേളായിക്കോട് കേന്ദ്രമായി പ്രവർത്തിക്കുന്ന അരുൺ അലങ്കാർ എന്ന സന്നദ്ധസംഘടന മുൻകൈയെടുത്ത് ഗതാഗതയോഗ്യമാക്കിയ പൂങ്കുളഞ്ഞി വേളായിക്കോടുവഴി ചാച്ചിപുന്ന എത്തുന്ന റോഡ് പഞ്ചായത്ത് ഏറ്റെടുക്കണം.

ഗതാഗത സൗകര്യങ്ങളുടെ കാര്യത്തിൽ ഉയർന്നുവരുന്ന ആവശ്യങ്ങളും നിർദ്ദേശങ്ങളും താഴെക്കൊടുത്തിരിക്കുന്നു.

1) പുനലൂർ, പത്തനാപുരം എന്നീ സ്ഥലങ്ങളിൽ നിന്നും ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് കൂടുതൽ യാത്രാസൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത എല്ലാഗ്രാസഭകളിൽനിന്നും ഉയർന്നുവന്നിട്ടുണ്ട്. പ്രത്യേകിച്ചും പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശങ്ങളിലേക്ക് കൂടുതൽ ബസ് സർവ്വീസ് ഏർപ്പെടുത്തേണ്ടതാണ്. ഇതു മായി ബന്ധപ്പെട്ട ചില പ്രത്യേക ആവശ്യങ്ങൾ താഴെപ്പറയുന്നു.

a) വെട്ടിത്തിട്ട, മുന്നാമല, എലിക്കാട്ടൂർ ബസ്സർവ്വീസ് വേണം

b) പുന്നല ജംഗ്ഷനിലെ ഗതാഗത കുരുക്കിന് പരിഹാരംകാണണം.

c) പടയണിപ്പാറയിൽ സ്റ്റേബസ് അനുവദിക്കണം.

d) കമുകുംചേരി, ചെമ്പനരുവി, അച്ചൻകോവിൽ, തുടങ്ങിയസ്ഥലങ്ങളിലേക്കുള്ള നിർത്തിവച്ച വസ് സർവ്വീസുകൾ പുനരാരംഭിക്കണം.

e) അലിമുക്ക്, പെരുന്തോയിൽ, ചണ്ണയ്ക്കമൺ, പുന്നല, ചാച്ചിപ്പുന്ന, കടയ്ക്കാമൺ, മുതലായസ്ഥലങ്ങളിൽ വെയിറ്റിങ്ങ്ഷെഡ് ഉണ്ടാക്കണം.

f) പുനലൂർ മുക്കടവ് എലിക്കാട്ടൂർ കമുകുംചേരി കിഴക്കേമുറി ചേകം നടുക്കുന്ന് പത്തനാപുരംടൗൺൾ ചാച്ചിപ്പുന്ന പുന്നല കറവൂർ അലിമുക്ക് പുനലൂർ സർക്കുലർ സർവ്വീസ് (KSRTC) യുടെചുമതലയിൽ ആരംഭിക്കണം. ഈ സർവ്വീസ് പഞ്ചായത്തിന്റെ ഒമ്പതു വാർഡുകളിലൂടെ ഉള്ളതായിരിക്കും.

ഊർജ്ജം

സമീപ സ്ഥപഞ്ചായത്ത് അതിർത്തിയായ കടയ്ക്കമൺ വരേയും പുനലൂർ പഞ്ചായത്തിന്റെ (ഇപ്പോൾ മുനിസിപ്പാലിറ്റി) അതിർത്തിയായ മുക്കടവുവരേയും വൈദ്യുതി എത്തിക്കഴിഞ്ഞതിനു ശേഷവും അതിനിടയിലുള്ള ഈ പഞ്ചായത്തിൽ ഏറെനാൾ വൈദ്യുതി എത്താതെ കിടന്നു. ഇപ്പോൾ ഈ പഞ്ചായത്തിലും വൈദ്യുതി എത്തിയിട്ടുണ്ടെങ്കിലും വൈദ്യുതപ്രകാശത്തിന്റെ വെള്ളി രേഖകൾ എത്താത്ത ഗ്രാമമേഖലകളും വാർഡും ഇപ്പോഴുമുണ്ട്. (പത്താംവാർഡായ ചെമ്പനരുവിയിൽ വൈദ്യുതി എത്തിച്ചിട്ടില്ല) ഇപ്പോൾ 3741 വൈദ്യുതി ഉപഭോക്താക്കളുള്ള ഈ പഞ്ചായത്തിൽ ഒരു ജൂനിയർ എൻഞ്ചിനിയറുടെ ഓഫീസ് തന്നെ ആരംഭിച്ചത്

അടുത്തകാലത്തു മാത്രമാണ്. വോൾട്ടേജ് ക്ഷാമം ഇവിടെ ഒരു വലിയ പ്രശ്നമാണ്. സന്ധ്യയായാൽ പ്രകാശത്തിന് മണ്ണെണ്ണ വിളക്കിനെ ആശ്രയിക്കേണ്ട ഗതികേട് പല ഉപഭോക്താക്കൾക്കും ഉണ്ട്. വൈദ്യുതി ലോഡ് ഷെഡിംഗും സൃഷ്ടിക്കുന്ന ഗുരുതരാവസ്ഥ ചെറുതല്ല. ചെറുകിട വ്യവസായങ്ങളെ ഇത് സാരമായി ബാധിക്കുന്നു. അപേക്ഷിച്ചിട്ട് ഏറെനാളായെങ്കിലും കണക്ഷൻ കിട്ടാത്ത 565 പേർ ഇപ്പോഴും അവശേഷിക്കുന്നു. 1994 മാർച്ചിൽ അപേക്ഷിച്ചവർക്കും കണക്ഷൻകിട്ടാതെ കിടക്കുകയാണ്. വൈദ്യുതി കണക്ഷൻ നൽകുന്നതിൽ ബോഡ് വരുത്തിയ ചില നിയന്ത്രണങ്ങളാണ് ഇതിനു കാരണം.

ഈ പഞ്ചായത്തിലാകെ 672 ബൾബുകളും 67 ട്യൂബ് ലൈറ്റുകളും, ഒരു മെർക്കുറി വേപ്പർലാമ്പും ഉൾപ്പെടെ 740 തെരുവുവിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. പലയിടങ്ങളിലും ഈ ലൈറ്റുകൾ കത്തുന്നില്ല. (ഉദ്ദേശം 90%) എന്നിരുന്നാലും 740 ബൾബിന്റെ കണക്കനുസരിച്ച് 10190 രൂപ പ്രതിമാസം പഞ്ചായത്തിൽ നിന്ന് വൈദ്യുതി ചാർജ്ജായി അടയ്ക്കുന്നുണ്ട്. പെരുന്തോയിലിലേക്ക് അനുവദിച്ച LT ട്രാൻസ് ഫോർമർ ഇതുവരേയും സ്ഥാപിച്ചിട്ടില്ല. വച്ചളയിലേത് ചാർജ്ജ് ചെയ്തിട്ടില്ല.

പഞ്ചായത്ത പരിധിയിൽ വൈദ്യുതി വിതരണം നടത്തുന്ന LTട്രാൻസുഫോർമറുകളുടെ വിവരം

1. കല്ലാമുട്ടം
2. മേടക്കട
3. എലിക്കാട്ടൂർ
4. കടയ്ക്കാമൺ
5. ചിയോട്
6. പിറവന്തൂർ
7. അലിമുക്ക്
8. വെട്ടിത്തിട്ട
9. പുന്നല
10. കണിയാം പടിക്കൽ
11. പടയണിപ്പാറ
12. കടശ്ശേരി
13. കമുകുംചേരി
14. ചിയോട് II
15. ചാച്ചിപ്പുന്ന
16. കുരിയോട്ടുമല
17. മാളിയേക്കൽ
18. വന്മള (ചാർജ്ജുചെയ്യില്ല)
19. ചെറുപ്പാണ്ടറ
20. ചണ്ണയ്ക്കാമൺ
21. കറവൂർ
22. പെരുന്തോയിൽ (കൊടുത്തില്ല)

പ്രശ്നങ്ങൾ

1 ഈ പഞ്ചായത്തിൽ മുഴുവൻ ഭാഗത്തും വൈദ്യുതി ലഭ്യമായിട്ടുള്ള ഒരു വാർഡുമില്ല. പത്താം വാർഡിൽ വൈദ്യുതി എത്തിയിട്ടേയില്ല.

2 കടയ്ക്കാമൺ പാലേരി ചെമ്പ്രാമൺ തച്ചക്കുളം എന്നീ ഹരിജൻ കോളനികളിൽ ഭാഗീകമായി വൈദ്യുതികരിച്ചിട്ടിണ്ട്. എങ്കിലും വെള്ളം തെറ്റി മുള്ളുമല ഗിരിജൻകോളനികൾ വൈദ്യുതീകരിച്ചിട്ടില്ല. (വൈദ്യുതി ഇല്ലാത്ത പ്രദേശങ്ങളുടെ വിശദവിവരം പട്ടിക ഒന്നിൽ കാണുക)

3 തെരുവുവിളക്കുകളുടെ കാര്യത്തിൽ പഞ്ചായത്തുവളരെ പിന്നിലാണ്. ആകെ 740 വിളക്കുകളുണ്ടെങ്കിനും അതിൽ കത്തുന്നവ ചുരുക്കമാണ്.

4 അപേക്ഷകർക്ക് വൈദ്യുതി ലഭിക്കാത്ത അവസ്ഥയുണ്ട്

6. വിസ്തൃതിയ ഈ പഞ്ചത്തിൽ KSEBയുടെ ഒരോഫീസ് മാത്രമേയുള്ളു. അതുകൊണ്ട് ആവശ്യങ്ങളുമായി ബന്ധപ്പെടടവരെ സമീപിക്കാൻ പ്രയാസമാണ്.

5 ട്രാൻസ്ഫോർമറുകളുടെ അപര്യാപ്തതകൊണ്ടുള്ള വോൾട്ടേജ് ക്ഷാമം വളരെ പ്രയാസമുണ്ടാക്കുന്ന പ്രശ്നമാണ്.

7. പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ മിനി വൈദ്യുതോല്പാദനത്തിനുള്ള പദ്ധതികൾക്കുള്ള സാദ്ധ്യത ചൂഷണം ചെയ്ത് വൈദ്യുതി ദൗർലഭ്യം പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. (ഇത് സംബന്ധമായി വിശദമായി പിന്നാലെ പ്രതിപാദിച്ചിട്ടുണ്ട്.

8 പ്രധാന കവലകളിൽ ട്യൂബുലൈറ്റുകൾ സ്ഥാപിച്ചിട്ടില്ല.

ആവശ്യങ്ങളും നിർദ്ദേശങ്ങളും.

1 പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും വൈദ്യുതി എത്തിച്ചേർന്നിട്ടില്ലാത്ത ഭാഗങ്ങളിലും അത് എത്തിക്കണം.

2 പത്താം വാർഡിലും ഗിരിജൻ കോളനികളിലും അടിയന്തിരമായി വൈദ്യുതി എത്തിക്കണം.

3 കൂടുതൽ തെരുവുവിളക്കുകൾ അനുവദിക്കണം. എല്ലാ വിളക്കുകളും കൃത്യമായി തെളിയിക്കാൻ ശ്രദ്ധിക്കണം. തെരുവു വിളക്കുകൾ ആവശ്യമായ പ്രദേശങ്ങൾ

1) മലങ്കാവ് മുട്ടവിളപ്പടി, ചേമ്പും കണ്ടം, പുലിച്ചാണി മുരുപ്പ്, കരിമ്പലം കോട് ഭാഗങ്ങളിലെ റോഡുകൾ (രണ്ടാം വാർഡ്)

2) കണ്ണങ്കര മുതൽ കരിമ്പാലൂർവരെ (നാലാം വാർഡ്)
3) തച്ചക്കോട്, നായിൻ കരിമ്പ്, നെല്ലിമുരുപ്പ് ഭാഗങ്ങൾ (അഞ്ചാം വാർഡ്)
4) തലയ്ക്കൽ മുതൽ പഞ്ചവടി വരെ (ആറാം വാർഡ്)
5) മുഹൂത്തിക്കോൺ മുതൽ കറവൂർ വരെ (ആറാം വാർഡ്)
6) അലിമുക്കു മുതൽ ആനക്കുളം വരെ (ഏഴാം വാർഡ്)
7) വന്മള മുതൽ പത്തുപറവരെ (ഏഴാം വാർഡ്)
8) വെട്ടിത്തിട്ടപ്ലാന്റേഷൻ വഴിയുള്ള റോഡ് (ഏഴാം വാർഡ്)
9) മന്ദിരം മുതൽ വഴിയേല ജംഗ്ഷൻ വരേയും (ഒമ്പതാം വാർഡ്)
പോസ്റ്റോഫീസ് മുതൽ കൊച്ചുകുട്ടിക്കടവുവരെയും
10) പൂവണ്ണമൂട് ചീയോട് (വയൽവഴി) (പതിനൊന്നാം വാർഡ്)
11) ട്യൂബുലൈറ്റുകൾ ഇല്ലാത്ത കവലകളിൽ ഏല്ലാം അത് സ്ഥാപിക്കണം. എല്ലാ ട്യൂബുകളും രാത്രിമുഴുവൻ കത്തിക്കണം.

എട്ടാം വാർഡിൽ ഇതിനായി നിർദ്ദേശിച്ചിട്ടുള്ള സ്ഥലങ്ങൾ
തോട്ടുപടിക്കൽ, നാരങ്ങ പുറം ജംഗ്ഷൻ തര്യൻ തോപ്പുകടവ്, കരയോഗമന്ദിരഭാഗം, കൂടൽജംഗ്ഷൻ, ഉദിയമ്പുഴ പാലത്തിനു സമീപം, പുളിച്ചിമാംകടവ്, ചേകം എൽ.പി,എസ്സ് ഭാഗം, തോപ്പും വിള ജംഗ്ഷൻ, കൊല്ലാല ജംഗ്ഷൻ, കോളനി ജംഗ്ഷൻ, കടയ്ക്കാമൺ ജംഗ്ഷൻ, ചേകം ക്ഷേത്രം, പിച്ചമൈതീൻ കലുങ്ക്, പാലമൂടടിൽ പടി, പാണുവേലിപ്പടി.

4. വിവിധ ഭാഗങ്ങളിലായി പുതിയ ട്രാൻസ്ഫോമറുകളുടെ ആവശ്യം ഉന്നയിച്ചിട്ടുണ്ട്.
നിർദ്ദേശിച്ച സ്ഥലങ്ങൾ
1. മൂന്നാം വാർഡിലെ മലമുക്ക്
2. ആറാം വാർഡിലെ കുരമ്പനാകുഴി.
3. ചേകം LPS ഭാഗം
4. ഒമ്പതാംവാർഡിലെ വാരിക്കോലിൽ ജംഗ്ഷൻ
5. നല്ലകുളം (പതിനൊന്ന്)

5. വൈദ്യുതി സാധാരണ രീതിയിൽ എത്തിക്കാൻ പ്രയാസമുള്ള ഭാഗങ്ങളിൽ സൗരോർജ്ജം ഉപയോഗിച്ചുള്ള വൈദ്യുതി കൊടുക്കാൻ വേണ്ട കാര്യങ്ങൾ ചെയ്യണം. ഇത് സംബന്ധമായ നിർദ്ദേശങ്ങൾ ഒന്ന്, മൂന്ന്, പത്ത്, പതിനൊന്ന്, എന്നീ വാർഡുകളിൽ നിന്ന് ഉണ്ടായിട്ടുണ്ട്.

6. പലയിടങ്ങളിലും ഇപ്പോഴുള്ള തടിപോസ്റ്റുകൾ മാറ്റി കോൺക്രീറ്റ് പോസ്റ്റുകൾ സ്ഥാപിക്കണം. കേടായ ട്രാൻസുഫോർമറുകളെ സംബന്ധിച്ചുള്ള പരാതികൾക്കു പരിഹാരം കാണണം.
a) എലിക്കാട്ടൂർ അമ്പലം മുതൽ ചീയോടുവരെയുള്ള പോസ്റ്റുകൾ
b) കടച്ചിറ പാരൂർ റോഡിലെ ട്രാൻസ്ഫോർമർ
c) മുടക്കൻ മൂലയിലെ ട്രാൻസ്ഫോർമർ (ചാർജ്ജ് ചെയ്തിട്ടില്ല)
d) പെരുന്തോയിൽ അനുവദിച്ച ട്രാൻസ്ഫോർമർ (സ്ഥാപിച്ചിട്ടില്ല)
e) ഒമ്പതാം വാർഡിലെ തടിപോസ്റ്റുകൾ

പെതുനിർദ്ദേശങ്ങൾ
മുമ്പു സൂചിപ്പിച്ച പ്രകാരം ഈ പഞ്ചായത്തിൽ സ്ഥാപിക്കാൻ കഴിയുന്ന ചില മിനിവൈദ്യുത പദ്ധതികൾ താഴെപറയുന്നു. (ഗ്രാമസഭ റിപ്പോർട്ടുകൾ)
1. ചെരുപ്പിട്ടകാവിൽ നിന്നും ചെമ്പനരുവിവഴി അച്ചൻകോവിലാറ്റിൽ ചേരുന്ന തോട്ടിൽ (ചെമ്പനരുവി വാർഡ്)
2. കറവൂർ വാർഡിൽ കരിപ്പാൻ തോട്ടിൽ കീഴയം ഭാഗം.
3. പെരുന്തോയിൽ വാർഡിൽ ചാങ്ങപ്പാറയ്ക്കടുത്ത് കുടപ്പാറയിൽ
4. ഏഴാം വാർഡിൽ മുക്കടവു പാലത്തിനു മുകൾഭാഗത്ത്
5. പുന്നലയ്ക്കും കടശ്ശേരിക്കും മദ്ധ്യേ കടയ്ക്കാമൺ തോട്ടിലുള്ള വെള്ളച്ചാട്ടത്തിൽ

പഞ്ചായത്തിലെ ഭൂരിഭാഗം വീടുകളിലും പാചകത്തിനുപയോഗിക്കുന്നതു വിറകാണ്. പുകയില്ലാത്ത അടുപ്പുകൾ വിരളമായേ ഉള്ളു. പാചകവാതകം മണ്ണെണ്ണ ഇവ ഉപയോഗിക്കുന്നവർ അഞ്ചുശതമാനത്തിൽ കൂറവാണ്.

വൈദ്യുതി എത്താത്ത മേഘലകൾ

(വാർഡ്തിരിച്ച്)

(ഗ്രാമസഭാ റിപ്പോർട്ടുകളിൽ നിന്ന്)

വാർഡ് നമ്പർ	വൈദ്യുതി എത്താത്ത സ്ഥലങ്ങൾ
1	ചെറുകര, കാങ്കാമൺ, പന്തലോട്, പൂവാലിക്കുഴി, അത്തിയ്ക്കൽ
2	മലങ്കാവ്മുട്ടവിളപടി, ചേമ്പുംകണ്ടം, പുലിച്ചാണി മൂരുപ്പ്, കരിമ്പലംകോട്, മലങ്കാവ്, എന്നിവിടങ്ങളിൽ
3	വട്ടവിള പടിമുതൽ ചിറാണിക്കൽ വരെ നാലു സെന്റുകോളനി, ലക്ഷംവീട് കോളനി,
4	പരലോട്, മുക്കോട്ടുമണ്ണ്, മരുതിമൂട്, പുന്നിലത്തുമൺ മുതൽ പൊറന്തക്കുഴി വരെ, പിറമല ക്ലാവോട്ടുഭാഗത്ത് വൈദ്യുതി എത്താത്ത വീടുകൾ ഉണ്ട്. പുന്നല പത്താപുരം മെയിൻ റോഡിൽ കരിമ്പാലൂർ മുതൽ കണ്ണങ്കരവരെയുള്ള ഭാഗം
5	മൈക്കണ്ണായിൽ, വഴങ്ങോട്, പാമ്പിരിക്കോണം, നെല്ലിമുരിപ്പ് കനാൽ ഭാഗം,
6	കീഴയം, എലിയറഭാഗം, അഞ്ചക്കർ ഭാഗം
7	ആനകുളം മുതൽ എഴുവത്തൂർ വരെ അലിമുക്ക് പള്ളിമേലതിൽ ഭാഗം
8	പാണുവേലിപടിമുതൽ തെങ്ങുവിള പടിവരെ മടത്തുംപടിക്കൽ തോട്ടുംപടിവരെയുള്ള ഭാഗം
9	വരിക്കൈരെ ഭാഗം, മൂടുവേലിൽ ഭാഗം, മറ്റത്ത് അമ്പലത്തിനു കഴക്കു ഭാഗം
10	വാർഡ് മുഴുവൻ വൈദ്യുതിയില്ല
11	നല്ലംകുളം, തെക്കേക്കര, ബംഗ്ലാമുരുപ്പ്, ചാമ്പലംകോട്ട് പടിഞ്ഞാറേക്കര
12	ഉമ്മന്നൂർ, ഇലപ്പക്കോട്, കടശ്ശേരിമുതൽ ചെളിക്കുഴിവരെ, പാടംകുറിഞ്ഞി മുതൽ,വെള്ളം തെറ്റിവരെ, തച്ചകോടുമുതൽ പാറപ്പടി നായ്ക്കരിച്ച് വരെ, ഇടത്തറക്കാവു മുതൽ തേങ്കടം വരെ.
13	ഭൂരിഭാഗം പ്രദേശത്തും വൈദ്യുതിയില്ല

മാർക്കറ്റ്

. പുനലൂർ പത്തനാപുരം മാർക്കറ്റുകളെ ആശ്രയിച്ചു കഴിഞ്ഞിരുന്ന ഈ ഗ്രാമ വാസികൾ അവരുടെ ക്രയ വിക്രയങ്ങൾക്ക് അറുപതുകളുടെ ആദ്യപകുതിയിൽ പഞ്ചായത്തുവക മാർക്കറ്റ് ആരംഭിച്ചെങ്കിലും താമസിയാതെതന്നെ അതിന്റെ പ്രവർത്തനം നിലച്ചുപോകുകയുണ്ടായി. ഗ്രാമവാസികൾ ഇപ്പോവും അവരുടെ ഉല്പന്നങ്ങൾ പുനലൂർ പത്തനാപുരം മാർക്കറ്റുളിലാണ് എത്തിക്കുന്നത്. ഉല്പന്നങ്ങൾക്ക് കിട്ടുന്ന വിലയിൽ വാഹനക്കൂലി ചുമട്ടുകൂലി ഇനങ്ങളിൽ നല്ലതുക ചിലവാക്കേണ്ടി വരുന്നു.ഈ ദുസ്ഥിതിക്ക് ഒരു മാറ്റം വരുത്തേണ്ടത് അത്യാവശ്യമാണ്. ഇതിലേക്ക് അലിമുക്ക് പഞ്ചായത്ത് മാർക്കറ്റിന്റെ പ്രവർത്തനം പുനരുജ്ജീവിപ്പക്കുകയും വിപുലപ്പെടുത്തുയും ചെയ്യേണ്ടതാണ്. നാമമാത്രമായി ചാച്ചിപ്പുന്നയിൽ പ്രവർത്തിക്കുന്ന മാർക്കറ്റിന്റെ സ്ഥിതിയും മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. അഞ്ച്, ആറ്, ഒമ്പത്, പത്ത്, പന്ത്രണ്ട്, വാർഡുകളിൽ ചന്ത ആരംഭിക്കണമെന്ന നിർദ്ദേശം പരിഗണനാർഹമാണ്. ഇവിടങ്ങളിലെ ചന്ത ദിവസങ്ങൾ അലിമുക്ക് ചന്തദിവസത്തിന്റെ തലേദിവസമായിരിക്കന്നത് പ്രയോജനകരമാണ്.

പട്ടിക ഒന്ന്

പഞ്ചായത്തിലെ റോഡുകളുടെ നീളം വാർഡ്തിരിച്ച്

വാർഡ്നമ്പരും പേരും	ടാർചെയ്ത റോഡ് (KM)	മെറ്റൽ റോഡ് (KM)	മൺ റോഡ് (KM)
1. ചേകം	3 PWD	-	7.475
2. പിറവന്തൂർ	6	-	10.074
3. എലിക്കാട്ടൂർ	5	-	20.050
4. ചാച്ചിപ്പുന്ന	8	-	32.250
5. പുന്നല	4	-	40.460
6. കറവൂർ	6	-	17.800
7. വന്മള	3	-	18.100
8. കിഴക്കേമുറി	1	-	12.360
9. കമുകുംചേരി	7	-	32.480
10. ചെമ്പനരുവി	9+12	-	9.300
11. മുക്കടവ്	3.51	-	12.300
12. കടശ്ശേരി	-	-	3.900
13. പെരുംന്തോയിൽ	15	-	1.500
ആകെ	**82.51**	-	**217.49**

(12. Km SFCK റോഡ്)

നിലവിലുള്ള റോഡുകൾ

ഗ്രാമസഭാ റിപ്പോർട്ടുകൾ വാർഡിലെ മെമ്പർമാർ പ്രധാന പ്രവർത്തകർ എന്നിവരിൽ നിന്നും ശേഖരിച്ച വിവരങ്ങൾ
ഗ്രാമ സഭകളിൽനിന്നും ശേഖരിച്ച വിവരങ്ങൾ ക്രമനമ്പർ അനുസരിച്ച്

വാർഡ്	ക്രമനമ്പർ	റോഡിന്റെ പേര്	ദൂരം കി.മീ	വീതി. മീ	മെറ്റൽ			ഓട		കലുങ്ക്			ജനപങ്കാളിത്തംഒരു വർഷത്തിൽ		
					ടാർ ചെയ്തത്	ചെയ്തത്	ചെയ്യാനുള്ളത്	ഉള്ളത്	വേണ്ടത്	ഉള്ളത്	വേണ്ടത്	പ്രവൃത്തിയുള്ളത്	ശ്രമദാനം	ധനസഹായം	ആകെ
1	2	3	4	5	6	7	8	9	10	11	12	13	14	15	16
വാർഡ് ഒന്ന്. ചേകം	1	GDHS- കാവുവിളപടിറോഡ്	600	5											
	2	പ്രഭാബിൽഡിംഗ് മുതൽ മുത്തിപ്പാ ഏല	400	3											
	3	ജയെഹൗസ് മുതൽ തടിയിലഴിത്തു രത്നാകരൻ വീടുവരെ	470	5											
	4	ഉരുപ്പാറ ജംഗ്ഷൻ മുതൽ നിധിവിലാസംനാരായണന്റെ വീടുവരെ	140	2.5											
	5	മേടക്കട - പുത്തൻകട	360	6											
	6	വലിയവിള ജംഗ്ഷൻ - കിഴക്ക് അത്തിക്കൽ ഏല	260	4											
	7	വലിയവിള ജംഗ്ഷൻ - കിഴക്ക് മൂലംകോട് ഏല	100	3											
	8	വലിയവിള ജംഗ്ഷൻ - പടിഞ്ഞാറ് അത്തിക്കൽ ഏല	390	4.5											
	9	ഷണ്മുഖവിലാസംപടി മുതൽ ഭൂതത്താൻ നട വരെ	470												
	10	മായാവിലാസം പ്രഭാകരൻ പിള്ളയുടെ വീടുമതൽ അത്തിക്കൽ ഏല വരെ	250	3											
	11	തലവടി പടി നെട്ടയം ഏല	125	3											
	12	ശശിവിലാസം നെട്ടയംവരെ	125	3											
	13	Plot No.1- കടയ്ക്കാമൺ തോട് വരെ	600	6											
	14	Plot No.56 to വടക്കോട്ട് കടയ്ക്കാമൺ തോട് വരെ	410	4											
	15	" 4 To യൂക്കാലി ഗ്രൂപ്പ്	300	4											
	16	ചേകം LPസ്കൂൾ Olp to ക്രാന്താമൺ ഏല	125	3											
	17	SNUPS പടിമുതൽ മൂലം കോട് ഏല	250	4											
	18	മാളിയേക്കൽ എസ്റ്റേറ്റൽ നിന്നും ക്രാന്താമൺ	800	4											
	19	പാങ്ങോട് ജംഗഷൻകണ്ണംകര ഏല റോഡ്	800	3.5											

1	2	3	4	5	6	7	8	9	10	11	12	13	14	15	16	17
വാർഡ്. രണ്ട് പിറവന്തൂർ	1	ചേമ്പുംകണ്ടം-ചിയോടു റോഡ്	1.220	7m												
	2	പൂവണ്ണംമൂട്-അഞ്ചുപറ പടി	565	3.50												
	3	ചേമ്പംകണ്ടം റോഡിൽ നിന്നും പുലിച്ചാണി മുരുപ്പൽ റോഡ്	572	350												
	4	അഞ്ചുപറപടി ആയംകണ്ടം വാലുതുണ്ടിൽ റോഡ്	369	3.5												
	5	അഞ്ചുപറ - പന്ത്രണ്ടിൽ പടി റോഡ്	420	3.5												
	6	തെന്നംതോയിൽ പടി - ചിയോടുറോഡ്	100	4												
	7	ചിയോടു - ലക്ഷംവീട് കോളനി റോഡ്	103	3												
	8	കുളത്താരട് കിഴക്കേപ്പെടി ആയംകണ്ടം റോഡ്	450	4												
	7	ശാസ്താംപടിക്കൽ-തച്ചക്കുളം ചീയോട്	5.50	3.200												
	10	ഏരുതൻകുടിപ്പട ഇടത്തിട്ട-മൂന്നാം മല റോഡ്	1.200	4												
	11	തച്ചക്കുളം-ഈട്ടിവിളപടി റോഡ്	750	4												
	12	തച്ചക്കുളം-കോണംമൂല പടിഞ്ഞാറേ ജംഗ്ഷൻ റോഡ്	250	3												
	13	തച്ചക്കുളം-കൂപ്പിൽപടിറോഡ്	800	4												
	14	ഏരുതൻകുടി-ആനന്ദക്കുന്ന്	350	3												
	15	മേടക്കട-കാവുവിളപ്പടി	250	4												
	16	ഗവ.യു.പി.എസ്സ്-മലങ്കാവ് റോഡ്	750	3												
	17	മുട്ടവിളപടി-മലങ്കാവ് കോണമൂലപ്പടി റോഡ് ചെമ്പുംകണ്ടം റോഡ്	775	3												
	18	കരിമ്പലം കോട്-സോഷ്യൽ ഫോറസ്റ്ററി ജംഗ്ഷൻറോഡ്	300	3												
	19	പൂവണ്ണം മൂട്-ആനക്കുളം റോഡ്	300	3												

1	2	3	4	5	6	7	8	9	10	11	12	13	14	15	16	17
വാർഡ് മൂന്ന്. എലിക്കാട്ടൂർ	1	ചാരുവിള Jn.-മൂന്നാം മല റോഡ്	2	4												
	2	ചീയോട്-മൂന്നാംമലറോഡ്	2	4												
	3	കോട്ടായ്ക്കോണം-ചീയോട് റോഡ്	3	5												
	4	ഇഞ്ചക്കുഴി-പള്ളിപടിക്കൽ റോഡ്	.800	3												
	5	കൊഴുർ ഏല - ആറ്റുകടവു റോഡ്	1	3												
	6	പാവുമ്പ-എലിക്കാട്ടൂർ റോഡ്	2	6												
	7	കുപ്പൽപടി-മൂന്നാം മല റോഡ്	2.200	400												
	8	വയലിൽപടി-കോട്ടായ്ക്കണം പള്ളിമുക്ക് റോഡ്	.800	4												
	9	എലിക്കാട്ടൂർ-ഇഞ്ചക്കഴിറോഡ്	.600	3												
	10	മൂന്നാംമല-ആറുകടവ് റോഡ്	1.500	4.5												
	11	ചാരുവിളപടി-മുന്നാംമലറോഡ്	1.00	4												
	12	ഇഞ്ചക്കുഴി-കണ്ണംകര റോഡ്	.400	5												
	13	മുല്ലശേരിപടി-മൂന്നാം നല	.750	5												
	14	മലമുക്ക്-കമ്പപ്പാറ റോഡ്	1	3.5												
	15	തളയ്ക്കൽപടി-കൊല്ലൂർ മുക്കു റോഡ്	1	3.5												
	16	എലിക്കാട്ടൂർ ക്ഷേത്രം-മൂന്നാം മല റോഡ്	1													
	17	എലിക്കാട്ടൂർ-കമ്പപ്പാറ-പെരുംതോട്ടത്തു കടവ്	1	3												
	18	ചിയോട് പടി മുതൽ വെഞ്ചെമ്പ്പടി വരെ	-	-				മെറ്റലിംഗ് വേണം								
വാർഡ് നാല് ചാച്ചിപ്പുന്ന	1	ചാച്ചിപ്പുന്ന- ഒറ്റയാനക്കുഴി	2	6m												
	2	ഒറ്റയാനക്കഴിമുതൽ ആയിരത്തിമണ്ണ്വേളായിക്കോട്റോഡ്	2.400	4m												
	3	കമ്പനാടുപടി-ആയിരത്തിമണ്ണ് വേളായിക്കോട്	1.600	3m												
	4	എഴിപ്പുരപടി-ക്ലാവോട്വയൽ വരെയുള്ള റോഡ്	.600	3m												
	5	കണ്ണങ്കരമുതൽ മുക്കോട്ടു മണ്ണാഫോറസ്റ്റ് വരെയുള്ള റോപ്പ്	500m	4m												

1	2	3	4	5	6	7	8	9	10	11	12	13	14	15	16	17
വാർഡ് നാല് ചാച്ചിപ്പുന്ന	6	കുഴിവര Jn.- വട്ടാം പൊയ്ക	1.500	3												
	7	മരുതിമൂടു Jn.മുതൽ കടയ്ക്കാമൺഫോറസ്റ്റ്-മുക്കോട് റോഡ്	2.500	4												
	8	കടച്ചിറ-താഴത്തുപടി മുതൽ വരയോടു ഫോറസ്റ്റ്റോഡ്	1Km	4												
	9	പുന്തലത്തുമണ്ണു-പെരുന്തക്കുഴി	2	4												
	10	കടച്ചിപ്പടി വാരൂർ ഫോറസ്റ്റ്	800	6												
	11	ചാച്ചിപ്പുന്ന-പുളിതേൻകുന്ന് പിറമല കനാൽവരെയുള്ള റോഡ്	1.300	4												
	12	കുരിമ്പാലൂർ-കുണ്ടംകുളം ഫോറസ്റ്റ് റോഡ്	.500	4												
	13	കുണ്ടംകുളം-പരലോട് റോഡുവരെ	.500	4												
	14	പുള്ളിവേലിൽ പടി-പതിമൂന്നേക്കർ ജംഗ്ഷൻ	1.00	4												
	15	പുന്നലത്തുമൺ-കടയ്ക്കാമൺ തോഡ്, ആനക്കുളംറോഡ്	3.80	4												
	16	ചിച്ചിപ്പുന്ന, -പുന്നവിള ജംഗ്ഷൻ മുതൽ ഫോറസ്റ്റുവരെ	2	4												
	17	ചിച്ചിപ്പുന്ന മാർത്തോമ പള്ളിപടി മുതൽ കൊങ്കണംകോട്	1.500	4												
	18	തച്ചക്കോടുപടി, -നായ്കരിമ്പ്-കൊങ്കണംകോട് റോഡ്	1.500	4												
	19	ചാച്ചിപുന്ന ചന്ത ജംഗ്ഷൻ-ഇഞ്ചൂർ തോടുവരെ	.500	3												
	20	കുണ്ടംകുളം- വരലോട് ഫോറസ്റ്റുവരെ	.500	3												
	21	പുന്നലത്തുമൺ ജം.ഗ് മുതൽ തെക്കോട്ട് കുണ്ടംകുളം വരെ	1.250	4											✎	
	22	കരിയോട്ടുപടിമുതൽ ഫോറസ്റ്റുവരെയുള്ള റോഡ്	.500	4												
	23	പുന്നവിള മുതൽ ഫോറസ്റ്റുവരെ	2Km													
	24	ചിറയത്തുപടി പലരോട്	..													
	25	കണ്ണങ്കര കുറ്റിക്കാട്, ഏലാവഴി ഫോറസ്റ്റ്	..													
	26	മരുതിമൂട്-കൊക്കോട്	..													
	27	തീയറ്റൻ ജംഗ്ഷൻ.-മുരുപ്പേൽ	..													

1	2	3	4	5	6	7	8	9	10	11	12	13	14	15	16	17
വാർഡ്:5 പുന്നല	1	പുന്നല മുസ്ലീം പള്ളി- കടയ്ക്കാമൺ റോഡ്	2.400	6												
	2	പിറവന്തൂർ,- പുന്നല,- കടയ്ക്കാമൺ	2.400	3												
	3	മുകളുവിള -കടശ്ശേരി	3200	3												
	4	കടശ്ശേരി -ഇരുചിറ റോഡ്	4.800	3												
	5	പുന്നല -പന്നിക്കുഴി റോഡ്	1.500	3												
	6	പുന്നന്തുമൺ - പെരുന്നത്തുകുഴി	1.00	3												
	7	പുങ്കുളഞ്ഞി- ചിതൽവെട്ടിറോഡ്	2	3												
	8	പുങ്കുളഞ്ഞി -ഫോറസ്റ്റ് ബൗണ്ടറി റോഡ്	2	3												
	9	പുത്തൻവിള ജംഗ്ഷൻ - കടയ്ക്കാമൺ ഫോറസ്റ്റ്റോഡ്	2.60	3												
	10	രവിമംഗലം ജംഗ്ഷൻ - പിറവന്തൂർ ഫോറസ്റ്റ് റോഡ്	1.500	4												
	11	കിഴക്കേവെള്ളംതെറ്റി,പടിഞ്ഞാറെ വെള്ളം തെറ്റി -റോഡ്	3.00	4												
	12	ഗുരുമന്ദിരം ജം.ഗ്.- പുളിമൂട്	.600	4												
	13	കടയ്ക്കാമൺ ഫോറസ്റ്റ് - പുന്ന ലക്ഷ്വീട് കോളനി	.250	3												
	14	മാംവിള ജം.ഗ്- പാലേരിറോഡ്	.450	3												
	15	പുന്നല- പിറവന്തൂർ റോഡ് 6/2 മൈ:നിന്നും കാലായിപടിവരെയുള്ള റോഡ്	2.00	6												
	16	മുകളിലഴികം-ചെമ്പ്രമൺറോഡ്	1.500	5												
	17	രവിമംഗലം- പടി വഴങ്ങോട് ഏലാ റോഡ്	1.500	5												
	18	ഇടക്കട ജംഗ്ഷൻ -തിരുനിലം റോഡ്	.700	5												
	19	മംഗലത്തുംപടി- ലക്ഷവീട് കോളനി	.400	3												
	20	പാലേരി- മൈകണ്ണാറോഡ്	.400	3												
	21	മരുതിമൂട് -കുളത്രമൺ ഏലാറോഡ്	1.160	6												
	22	മാംവിളജംഗ്ഷൻ -മൈക്കണ്ണാൽ റോഡ്	.600	5												
	23	പത്തനാപുരം- പുന്നല പോസ്റ്റ്ജംഗ്ഷൻ Via ആനക്കുളം പളാന്റേഷൻ	2	3												
	24	വയലിറക്കത്ത് ജംഗ്ഷൻ- കൊല്ലിമാനൂർ റോഡ്	2	4												
	25	പള്ളിപടി- ബൗണ്ടരി റോഡ്	1	6												
	26	മുമ്മുല-കൊട്ടാരം റോഡ്	.50 0	4												

1	2	3	4	5	6	7	8	9	10	11	12	13	14	15	16	17
വാർഡ് ആറ് കറവൂർ	1	കറവൂർ -തലയ്ക്കൽ -പഞ്ചവടിറോഡ്	3.5	5												
	2	കാരിക്കുഴി-എടേക്കർനിലംവരെ	.800	4												
	3	മാസ്റ്റർ പടി- മുദുപറനിലം	1	4												
	4	വലുതുണ്ട് ആറുകലകോൽ	1.300	5												
	5	തലപ്പനംകുളം -കുരമ്പനാംകുഴി	500	4												
	6	കുറുന്തമൺ പാലം- സന്യാസികോൺ	2	8												
	7	കുറുന്തമൺപാലം-പൂകങ്കോണം വയൽ	300	4												
	8	ആലുവിളപടി -വിളക്കാട് ഏല	300	8												
	9	പടയണിപ്പാറ- അലിമുക്ക്	4	6												
	10	വഴങ്ങോട്ട്- പുന്നല ഏല	1	8												
	11	മൂർത്തിക്കോൺ -മെയിൻ റോഡിൽനിന്നും കനാൽ റോഡിലേക്കുള്ള റോഡ്	500	6												
	12	പുള്ളികണ്ണാൽ ഭാഗത്തുനിന്നും വഴങ്ങോട്ട് വയൽ വരെ	600	6												
	13	പടയണി പാറമുതൽ കറവൂർ ക്ഷേത്രം വരെ	2	8												
വാർഡ് ഏഴ് വണ്ടല	1	അലിമുക്ക്- എഴുവത്തൂർറോഡ്	3.200	3												
	2	പൂച്ചെടിക്കാട്- മുടക്കൻ മൂല	2	5												
	3	മുക്കട -മുടക്കൻ മൂലറോഡ്	1.600	6												
	4	അലിമുക്ക് -കറവൂർ ചാറൽസ് പടിവരെ	.300	4												
	5	പളാവരമൂക്ക് -ഫോറസ്റ്റ് ബൗണ്ടറി റോഡ്	.300	4												
	6	വെട്ടിത്തിട്ട മുടക്കൻ മൂല-പ്ലാന്റേഷൻവഴി ചാറൽസ്പുരം	3	4												
	7	കുറിയന്നൂർ പടി -വിളക്കുവട്ടം ആറ്റുകടവ്	2.500	5												
	8	വെട്ടിത്തിട്ട ചാമ്പലംകോട്ട വഴി പ്ലാന്റേഷൻ റോഡ്	1.500	5												
	9	ചാൾസ് പടി കുട്ടിമാനൂർ വഴി കറവൂർ റോഡ്	1	4												
	10	കൈതക്കോട്- പ്ലാന്റേഷൻ റോഡ്	2	6												
	11	വള്ളിയയ്യം- കോയിത്തററോഡ്	7	3												

1	2	3	4	5	6	7	8	9	10	11	12	13	14	15	16	17
വാർഡ് 8 കിഴക്കേ മുറി	1	കൂടൽമുക്ക്- വാഴത്തോപ്പ്റോഡ്	3.3	6.8												
	2	കടയ്ക്കാമൺ -ചേകം LPS	.75	5												
	3	തോപ്പുവിളപ്പടി -കൊല്ലാല മാളക്കുഴി റോഡ്	1.1	5												
	4	കടയ്ക്കാമൺ -പുളിച്ചിമാം- കടവ് -ചേകം	.75	4												
	5	പൊതുപ്പറമ്പിൽ- മുളവക്കുളം പാണുവേലിപ്പടി	1.1	4												
	6	കൊല്ലംപറമ്പിൽ-- മുളവക്കുളം	.25	3.5												
	7	മൂലമണ്ണിൽപടി -പൂന്തോട്ടംപടി	.25	3.5												
	8	ഇടിക്കനേത്തുപടി പീച്ച മൈതിൻ പടി	.60	3.5												
	9	പാണുവേലിൽ -പുതുപറമ്പിൽ പടി	.70	3												
	10	പുളിമൂട്ടിൽ പടി- തരിയൻ തോപ്പുകടവ്	.20	4												
	11	മാക്കുളം കുരിശും പടി- ഓർത്തഡോക്സ് പള്ളി പടി	.25	3												
	12	സിംഹളസദനം- മാങ്കുന്നേൽപടി	.70	3												
	13	മാളിയേക്കൽപടി-തെറ്റിയോട് കൊല്ലം പറമ്പിൽ റോഡ്	.80	2.5												
	14	ചേകം കാവ് ഷാനിഭവൻ	.26	3.5												
	15	ഉദയൻപൂഴ -മൂലമണ്ണിൽറോഡ്	.20	2.5												
	16	കൊല്ലാല,- മൂലമണ്ണിൽ	.25	2												
	17	നാരങ്ങാപ്പും -സിംഹളപുരം	.40	2												
വാർഡ് 9 കമ്മുകുംചേരി	1	മാതേന്റയ്യത്തുപടി -കൊച്ചു വീട്ടിൽ കടവ്	400	5												
	2	ചരുവിളപടി -കുറുംമ്പത്ത് ഏലാ റോഡ്	.800	5												
	3	കളത്തുറ പാറ പടി - മഞ്ഞക്കുഴി പടി	1.1	5												
	4	പുത്തൻപുരമുക്ക്-കളീലുവിളപടി	.500	4												
	5	ചരുവിളപടി-ആലുവിള പടിറോഡ്	.300	4												
	6	വരിക്കോട് ജംഗ്ഷൻ- കൊട്ടറ ഏല	2	6												
	7	വിളയിൽ Jn- മറ്റത്തുക്ഷേത്രം വഴി ആറ്റുകടവ്	2	5												
	8	വാവുമ്പകൊട്ടറ ഏലറോഡ്	2	5												
	9	കൊറ്റിലംപാട്ടുകടവ്വലിയവിള- കൊട്ടറ	1.700	6												

സഞ്ചാരയോഗ്യമല്ല

നടവരമ്പ്

1	2	3	4	5	6	7	8	9	10	11	12	13	14	15	16	17
വാർഡ് 9 കമുകുംചേരി	10	പുത്തൻപുര- മാത്തക്കൊടി-മണിമന്ദിരം	.700	5												
	11	തൈശ്ശേരിപ്പടി- കൊച്ചു മഞ്ഞക്കഴി	2	4.5												
	12	കണ്ണങ്കരപടി -ആനകുളം ഏല	.900	3												
	13	ചാങ്ങൽപടി ശിവങ്കരകടവ്	.400	4												
	14	കൊറ്റിലംപാട്ട് Jn- നിലമേൽ ഏലാ റോഡ്	2.5	5												
	15	റൈസ്മിൽ ജംഗ്ഷൻ -- മംഗലത്ത്പടി	1.500	4												
	16	കൊച്ചുവിള ജംഗ്ഷൻ - വട്ടക്കാണം റോഡ്	.500	3												
	17	നിലമേൽ ഏലാജംഗ്ഷൻ-മാക്കുളം എസ്റ്റേറ്റ് ബൗണ്ടറി റോഡ്	1.5	4												
	18	അടയറ ഏല- പുവൻപടിക്കൽ റോഡ്	.400	4												
	19	കമുകുംചേരി UPS Jn.- തെകോൽകടവ്	.150	5												
	20	കളിയിലുവിള വടക്കാണം വഴി വലിയവിള Jn റോഡ്-	1.5	5												
	21	കളീലുപടി -വട്ടക്കാണ ഏല	.420	3												
	22	മച്ചുവിളപടി-തോണിക്കുഴിപടി റോഡ്	.600	5												
	23	കുഴിനടത്തിൽ പടി - പനയറക്കുഴിക്കടവ്	1	6												
	24	തെക്കേവിളപടി പണ്ടേനിപടി	.430	4												
	25	കണ്ണങ്കര Jn. -ആനകുളം ഏല	1	3												
	26	കമുകുംചേരി UPSമുതൽ ആറ്റുകടവുവരെ	.900	3												
	27	പാങ്ങോട്ട് കൊറ്റിലം കാട്ടു കടവ് -കൊഴുതോലിൽ ഏല	.700	3.5												
	28	കൊറ്റിലം കാട്ടുപടിമുതൽ ചിറമുടിപടിവരെ	1	3												
	29	പാങ്ങോട് Jn- ഉരുളി പാററോഡ്	.500	4												
	30	കാവുവിള Jn- ചിറമുടി പടി	1.300	4												
	31	ചീനിവിള Jn -വട്ടക്കാണ ഏല	1	4												
	32	മലനട Jn- അലക്സാണ്ടർ പടി	1.50	5												
	33	കണ്ണങ്കര പടി- കുച്ചിക്കോട്ടുപടി														

1	2	3	4	5	6	7	8	9	10	11	12	13	14	15	16	17
വാർഡ് പത്ത്. ചെന്തേനരുവി	1	ചെമ്പനരുവി -തേക്കുവിള ഫോറസ്റ്റ് ബൗണ്ടറി	2	4												
	2	ഇട്ടിമൂട്ടിൽപടി-തെക്ക് ഫോറസ്റ്റ് വരെ	1	4												
	3	പുങ്കുളത്തി --ആയിരത്തിമൺ റോഡ്	2	6												
	4	തെക്കേവിളപടി -തെക്കേവനം അതിർത്തി	2	6												
	5	കടമ്പുപാറ -മെഴിക്കൽപടി	1.800	3												
	6	ചെരിപ്പിട്ടകാവ് -കോളനി (ഗിരിജൻ) റോഡ്	1	4												
	7	കോട്ടക്കയം- ചെരിപ്പട്ടകാവ്	3.500	6												
	8	ചെരിപ്പിട്ടകാവ് തുററോഡ്	8	6												
	9	ചെരിപ്പിട്ടകാവ് -ചെമ്പനരുവി														
	10	കൂട്ടുമുക്ക് -കടമ്പപാറ														
	11	കടമ്പുപാറ -തുറ														
	12	കടമ്പുപാര- മുളന്തറപടി														
	13	ഒരേക്കർ കോളനി - ചെന്തേനരുവി														
	14	കുരിശുംമൂട് Jn- ഒരേക്കർ കോളനി														
വാർഡ് പതിനൊന്ന്. മുക്കടവ്	1	മുക്കടവ്- വട്ടക്കോട്	3	8												
	2	വട്ടക്കോട്- മൂന്നാമല	2.200	5												
	3	ചെറുപ്പാണ്ടറതാഴെചെറുപ്പാണ്ടറ	.600	3												
	4	മുക്കടവ്- ഡയറിഫാം റോഡ്	.800	4												
	5	വെട്ടിത്തിട്ട- മൂന്നാംമല	3	8												
	6	ചീയോട് -ആയിരംവല്ലി	1.500	4												
	7	അലിമുക്ക് -ആയിരവല്ലി	.200	6												
	8	ആയിരവല്ലി നല്ലംകുളം ഏല	.400	3												
	9	പുവണ്ണംമൂട്- ചീയോട്	.600	3												
	10	ചിയോട് - കോഞ്ഞിൽറോഡ്	1	6												
	11	കോഴൂർപടി -ബഹലോഫാം റോഡ്	1.50	4												

1	2	3	4	5	6	7	8	9	10	11	12	13	14	15	16	17
വാർഡ് പന്ത്രണ്ട് കടശ്ശേരി	1	പുന്നല -പൂങ്കുളത്തി (കനാൽഭാഗത്തുനിന്നും കടശ്ശേരി)	2	4												
	2	ചാച്ചിപ്പുന്ന -പുങ്കുളഞ്ഞി റോഡിൽ നിന്നും പുങ്കുളഞ്ഞി ജംഗ്ഷൻ വേളായിക്കോട്ടുവഴി കടശ്ശേരി	1.900	3.5												
	3	കടശ്ശേരി -വെള്ളംതെറ്റി														
	4	കടശ്ശേരി- ഏലപ്പക്കോട്														
	5	കടശ്ശേരി --പൂങ്കുളത്തി														
	6	കടശ്ശേരി- കുമരംകുടി														
	7	കടശ്ശേരി -ഉമ്മന്നൂർ														
	8	കടശ്ശേരി -ചൈതക്കോട്														
	9	ചാച്ചിപ്പുന്ന ജംഗ്ഷൻ മുതൽ കൊങ്കണക്കോടുവരെ														
	10	ചാച്ചിപ്പുന്നസാമിൽ വടി-പാറ തോട്														
	11	കടശ്ശേരി- മൂക്കലാം പാടെ ചെളിക്കുളി റോഡ്														
	12	പുങ്കുളഞ്ഞി ആയിരത്തി മൺ റോഡ്														
	13	മരുതിമുട്- പടിഞ്ഞാറെവെള്ളം തെറ്റി വഴി കിഴക്കേവെള്ളം തെറ്റിവരെ	1	5												
	14	ഇരുട്ടിയറ-കണിയാൻമേട്റോഡ്	.550	5												
വാർഡ് പതിമൂന്ന്. പെരുന്നോയിൽ	1	മഹാദേവർ മൺ ജംഗ്ഷൻ-അമ്പലംവരെയുള്ള റോഡ്	.500													
	2	മഹാദേവർമൺജംഗ്ഷൻ മുതൽ ചണ്ണയക്കാമൺവരെയുള്ളറോഡ്	1													
	3	കിഴക്കേ വെള്ളംതെറ്റി റോഡ് (ഗിരിജൻ കോളനിയിലേക്ക്)														

IV_7 പാർപ്പിടവും സാമൂഹ്യ ക്ഷേമവും

വിദ്യാഭ്യാസപരമായും സാംസ്കാരികമായും പിന്നിൽ നിൽക്കുന്ന ഒരു പഞ്ചായത്താണ് പിറവന്തൂർ. മലകളും വനപ്രദേശങ്ങളും ഉൾപ്പെട്ട ഒരു പിന്നോക്ക മേഖലയാണിത്.

ഈ പഞ്ചായത്തിലെ 13 വാർഡുകളിലുമായി 7984 വീടുകൾ ഉണ്ട്. ടെറസുവീടുകൾ വളരെ കുറവാണ്. ഓടിട്ട വീടുകളാണ് അധികവും. കൂലിപ്പണിഎടുത്ത് ഉപജീവനം നടത്തുന്നവർ ഓലമേഞ്ഞവീടുകളിലും ഓലലഭ്യമാകാത്ത കിഴക്കൻ പ്രദേശങ്ങളിൽ പുൽമേഞ്ഞകുടിലുകളിലും നിവസിക്കുന്നു. വീടില്ലാത്ത കുടുംബങ്ങളും ഈ പഞ്ചായത്തിൽ ഉണ്ട്.

വാർഡ്	കെട്ടിടങ്ങളുടെ എണ്ണം	ഒന്നിൽ കൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ എണ്ണം	മേൽപുരയുടെ സ്വഭാവം ഒരു നിലയുള്ള കെട്ടിചങ്ങൾ			
			കോൺക്രീറ്റ്	ഓട്	ഓല	മറ്റുള്ളവ
I	1626	8	120	580	890	28
II	780	9	135	400	216	20
III	642	6	108	335	175	19
IV	920	25	381	400	93	21
V	969	6	135	450	360	18
VI	839	6	152	435	231	15
VII	899	9	164	465	240	21
VIII	538	7	141	182	195	13
IX	709	8	186	257	243	15
X	801	10	216	304	254	17
XI	764	7	130	395	212	20
XII	614	4	78	200	325	7
XIII	889	5	150	340	373	21
Total	10389	110	2090	4742	3807	235

റോഡ് പുറമ്പോക്കുകളിലും കനാൽ പുറമ്പോക്കുകളിലും കുടിലുകൾ നിർമ്മിച്ച് ആളുകൾ താമസിക്കുന്നുണ്ട്. ഇവരെ മാറ്റിപാർപ്പിക്കുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1 സ്വന്തമായി സ്ഥലമില്ലാത്തവർക്ക് 5 സെന്റ് സ്ഥലവും വീടും അനുവദിച്ചു നൽകുക.

2 നിർമ്മിക്കുന്ന വീട് ഈടായി സ്വീകരിച്ച് വായ്പ ലഭ്യമാക്കാൻ വേണ്ട നടപടി കൈക്കെള്ളുക.

3 പ്ലോട്ട് അടിസ്ഥാനത്തിൽ വീടുകൾ നിർമ്മിച്ച് തവണവ്യവസ്ഥയിൽ നൽകുക.

4 ബാങ്കുൾ മുഖേന കുറഞ്ഞപലിശ നിരക്കിലും ലളിതമായ വ്യവസ്ഥയിലും ഭവനനിർമ്മാണ വായ്പ ലഭിക്കാൻ വേണ്ട നടപടി സ്വീകരിക്കുക.

5 സാമൂഹിക സംഘടനകൾ, വ്യക്തികൾ എന്നിവരിൽനിന്നും ഭവന രഹിതർക്ക് സഹായം ലഭ്യമാക്കുക.

വയൽനികത്തി കെട്ടിടം വയ്ക്കുന്ന പ്രവണത പഞ്ചായത്തിൽ അങ്ങിങ്ങായികാണുന്നുണ്ട്. ജലസ്രോതസുകൾക്ക് തടസ്സം വരുത്തി കാർഷികമേഘലയ്ക്ക് ദോഷം ചെയ്യുന്ന ഈ പ്രവർത്തനങ്ങൾക്ക് വിരാമമിടേണ്ടതാണ്.

ഈ പഞ്ചായത്തിൽ 2385 കുടുംബങ്ങൾ സ്വന്തമായി വീടില്ലാത്തവരായുണ്ട്. (IRDP. സർവ്വേ). സർക്കാർ ഏജൻസികൾ മുഖാന്തിരം ലഭ്യമായ വീടുകളുടെ എണ്ണം തുലോം കുറവാണ്. ഭവനനിർമ്മാണ സഹായം ദുർബലവിഭാഗക്കാർക്ക് മാത്രം ഒതുക്കി നിർത്തുന്നു. ഇടത്തരം വിഭാഗക്കാർക്കും വീടു നിർമ്മാണത്തിനോ പുതുക്കിപ്പണിയുന്നതിനോ വായ്പകളും സഹായങ്ങളും നൽകേണ്ടതാണ്.

പാർപ്പിടപ്രശ്നം ഒരടിയന്തിര പ്രശ്നമായി കണക്കിലെടുത്ത് ആത്മാർത്ഥതയോടെ നടപ്പിലാക്കി സാധാരണക്കാരുടേയും താഴ്ന്ന വരുമാനക്കാരുടേയും പാർപ്പിട പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടതാണ്.

ഈ പഞ്ചായത്തിൽ 2385 കുടുംബങ്ങൾ സ്വന്തമായി വീടില്ലാത്തവരാണെന്നിരിക്കെ വിവിധപദ്ധതികൾ പ്രകാരം ലഭ്യമായ വീടുകളുടെ എണ്ണം തുലോം കുറവാണെന്നു കണക്കുകൾ കാണിക്കുന്നു.

വാർഡ്	വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം	അനുവദിച്ച വീടുകൾ 95 96	പൂർത്തീകരിച്ച വീടുകൾ	പൂർത്തീകരിക്കാത്തവ	ഇനി അനുവദിക്കേണ്ട വീടുകൾ
1	448	42	42		406
2	195	35	35		160
3	135	21	21		114
4	150	11	11		139
5	350	16	16		334
6	240	16	16	NILL	224
7	165	10	10		155
8	150	29	29		121
9	230	26	26		204
10	152	4	4		148
11	110	1	1		109
12	275	4	4		271
13	പുതിയവാർഡ്				
ആകെ	2600	215	215		2385

ആയതിനാൽ വിവിധ സർക്കാർ ഏജൻസികൾ വഴി ദുർബല വിഭാഗങ്ങൾക്കുനൽകുന്ന സഹായങ്ങളും വായ്പകളും വർദ്ധിപ്പിക്കേണ്ടതാണ്. കെട്ടിട നിർമ്മാണ സാമഗ്രികളുടെ അമിതമായ വിലവർദ്ധനവും കൂലിനിരക്കിലെ ക്രമാതീതമായ ഉയർച്ചയും കാരണം ഇപ്പോൾ ലഭിക്കുന്ന സഹായത്തുകകൊണ്ട് വീടുനിർമ്മിക്കാനും പണി പൂർത്തിയാക്കാനും കഴിയാത്ത അവസ്ഥയാണ്.

കെട്ടിട നിർമ്മാണ സാമഗ്രികളായ സിമന്റിന്റേയും കമ്പിയുടേയും ഓടിന്റേയും മരത്തിന്റേയും മറ്റും നിത്യേനയുള്ള വിലവർദ്ധനവും ഗതാഗതചിലവുകളുടേയും മറ്റും വർദ്ധനവും സാധാരണക്കാരന്റെ വീട് എന്ന സ്വപ്നം സ്വപ്നമായിത്തന്നെ അവശേഷിക്കുന്ന സ്ഥിതിയുണ്ടാക്കുന്നു.

തൊഴിലാളികളുടെ കൂലിനിരക്ക് മുമ്പെങ്ങുമില്ലാത്തവിധം വർദ്ധിച്ചിരിക്കുകയാണ്. വിദഗ്ദ്ധതൊഴിലാളികൾക്ക് 100 രൂപ മുതൽ 150 രൂപവരേയും അവിദഗ്ദ്ധ തൊഴിലാളിക്ക് 90 രൂപ മുതൽ 100 രൂപാ വരേയും കൂലിനൽകേണ്ടിവരുന്നു. സ്ത്രീ തെഴിലാളികൾക്ക് പുരുഷന്മാരേക്കാൾ കുറഞ്ഞവേതന നിരക്കാണ് ഉള്ളത്. തുല്യജോലിക്ക് തുല്യവേതനം എന്ന തത്വം അംഗീകരിക്കപ്പെടേണ്ടതാണ്.

സാമഗ്രിഅകളുടെ വിലക്കയറ്റവും വർദ്ധിച്ച കൂലിനിരക്കും കാരണം ഭവന നിർമ്മാണത്തിന് സർക്കാർ നൽകുന്ന വായ്പകളുടേയും, ഗ്രാന്റുകളുടെയും പരിധി വർദ്ധിപ്പിക്കേണ്ടതും അവ ലഭ്യമാക്കാനുള്ള സാമ്പത്തികവും സാങ്കതികവുമായ ബുദ്ധിമുട്ടുകൾ ഒഴിവാക്കേണ്ടതുമാണ്.

വരൾച്ച, വെള്ളപ്പൊക്കം, ചുഴലിക്കാറ്റ്, ഉരുൾപൊട്ടൽ തുടങ്ങിയ പ്രകൃതിക്ഷോഭങ്ങൾ ഈ പഞ്ചായത്തിൽ അനുഭവപ്പെടാറുണ്ട്. അവമൂലം വീട്, കൃഷിവിളകൾ തുടങ്ങിയവ നഷ്ടപ്പെട്ടവർക്കുള്ള ആനുകൂല്യം നൽകുന്നത് വളരെ കുറവാണ്. മതിയായ നഷ്ടപരിഹാരം നൽകാൻ ശ്രമിക്കേണ്ടതാണ്.

ഈ പഞ്ചായത്തിൽ 3 ഹരിജൻകോളനികൾ 5 ലക്ഷംവീട്കോളനികൾ, ഒരു നാലുസെന്റുകോളനി, അംഗീകൃത 20 ഹാബിറ്റാറ്റുകൾ എന്നിവയിലെല്ലാം കൂടി 1589 പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നു. അതിനു പുറമേ വെള്ളംതെറ്റി മലമ്പണ്ടാരക്കോളനി, മുള്ളുമല മലമ്പണ്ടാരക്കോളനി, ഇടകലർന്ന് ജീവിക്കുന്ന കുടുംബങ്ങൾ എന്നിവയിലായി 84 പട്ടികവർഗ്ഗ കുടുംബങ്ങളും താമസിക്കുന്നു. പട്ടികവർഗ്ഗക്കാരിൽ 50% കുടുംബങ്ങൾക്കു മാത്രമേ വീടുകൾ നിർമ്മിച്ചു നൽകിയിട്ടുള്ളു. ഇവരിൽ പലരും ഈ വീടുകളിൽ താമസിക്കുന്നില്ല.

പഞ്ചായത്തിലെ സങ്കീർണ്ണമായ പാർപ്പിടപ്രശ്നംപരിഹരിക്കാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്..

1 കെട്ടിടനിർമ്മാണ സാമഗ്രികളുടെ വിതരണത്തിൽ സിവിൽസപ്ലൈസ് ഡിപ്പാർട്ടുമെന്റ് ഇടപെടുക
2 നിർമാണചെലവുകൾ 5 ലക്ഷംരൂപായ്ക്കു മുകളിൽ വരുന്ന വീടുകൾക്ക് കർശനമായ പരിധിയേർപ്പെടുത്തണം.
3 സർക്കാർ ലഭ്യമാക്കുന്ന ഭവനവായ്പകൾക്കും ഗ്രാന്റുകൾക്കും ഉള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ ഇല്ലാതാക്കുക.
4 സർക്കാർ ഏജൻസികൾ വഴി വിതരണം ചെയ്യുന്ന വായ്പകളുടേയും ഗ്രാന്റുകളുടേയും രേഖകൾ പഞ്ചായത്തുതലത്തിൽ സൂക്ഷിക്കുക.
5 ചിലവുകുറഞ്ഞവീടുകൾക്ക് പ്രചാരം നൽകുക
6 ഭവനവായ്പകളുടെ തുക വർദ്ധിപ്പിക്കുക, ഗ്രാന്റുകളുടേയും തുക വർദ്ധിപ്പിക്കണം.
7 ദുർബല വിഭാഗക്കാർക്കു നൽകുന്ന ഭവനനിർമ്മാണവായ്പകൾ ഗ്രാന്റായി മാറ്റുക

ഭവനരഹിതരുടെ പ്രശ്നം പരിഹരിക്കണമെങ്കിൽ അവർക്ക് പ്രാഥമികമായും ഭൂമിലഭിക്കേണ്ടതുണ്ട്. പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലുള്ള മിച്ചഭൂമി സർക്കാർ പുറംമ്പോക്കുഭൂമി, പഞ്ചായത്ത് ലീസ് ഭൂമി എന്നിവ ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്. ഭൂരഹിതർക്ക് 5 സെന്റ് ഭൂമിവീതം സൗജന്യമായി നൽകുകയും അവിടങ്ങളിൽ എൽ.ഐ.സി തുടങ്ങിയ കേന്ദ്രപൊതു സ്ഥാപനങ്ങളിലൂടെ ഏറ്റവും ചുരുങ്ങിയ പലിശയ്ക്കുള്ള വായ്പ ലഭ്യമാക്കുകയും വീടിന്റെ നിർമ്മാണം നിർമ്മിതികേന്ദ്രം തുടങ്ങിയ ഏജൻസികളേക്കൊണ്ട് നടത്തിക്കുകയും ചെയ്യുക. ഇതിനായി ഗുണഭോക്താക്കൾ സന്നദ്ധ യുവജനസംഘടനകൾ എന്നിവയിലൂടെ മനുഷ്യാധ്വാനം പരമാവധി ഉപയോഗപ്പെടുത്തുവാൻ കഴിയണം. 5 വർഷംകൊണ്ട് നമ്മുടെ പഞ്ചായത്തിൽ പാർപ്പിട പ്രശ്നം പരമാവധി പരിഹരിക്കാൻ കഴിയുമാറാകട്ടെ.

സാമൂഹ്യക്ഷേമം.

സാമൂഹ്യ ക്ഷേമരംഗത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള ദാരിദ്ര്യനിർമ്മാർജ്ജനപദ്ധതിയും സംഘടിത അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള പദ്ധതികളുമാണ് നിലവിലുള്ളത്.

പൂർണ്ണമായും കേന്ദ്രസംസ്ഥാന ഗവൺമെന്റുകൾ ചുമതലയിലുള്ള ദാരിദ്രനിർമ്മാർജ്ജന പദ്ധതിയും തൊഴിലാളി തൊഴിലുടമ സഹകരണത്തോടെ ക്ഷേമനിധിബോർഡുകൾ വഴി നടപ്പാക്കപ്പെടുന്നവയുമായി ഇതിനെ രണ്ടായി തിരിക്കാം.

പട്ടികജാതി വർഗ്ഗവികസനത്തിനും ഉന്നമനത്തിനുമായി പട്ടികജാതിവർഗ്ഗവികസന കോർപ്പറേഷനും വനിതകളുടെ പുരോഗതിക്കായി വനിതാ വികസനകോർപ്പറേഷനും പ്രവർത്തിക്കുന്നുണ്ട്.

നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തത പ്രകടമാണ്. പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ, അർഹതപ്പെട്ടവർക്ക് ലഭിക്കായ്ക, ബോധവൽക്കരണക്കുറവ്, ആവശ്യത്തിനും സമയത്തിനും കിട്ടായ്ക, ഉപയോഗപ്പെടുത്തുമ്പോഴുള്ള സാങ്കേതിക തടസ്സങ്ങൾ എന്നിവ എടുത്ത് പറയേണ്ടതാണ്.

പട്ടികജാതി വർഗ്ഗ വികസന കോർപ്പറേഷൻ, വനിതാ വികസനകോർപ്പറേഷൻ എന്നിവയുടെ ആസ്ഥാനം പഞ്ചായത്തിൽനിന്നും വളരെ അകലെ സ്ഥിതിചെയ്യുന്നതിനാൽ ഭൂരിപക്ഷം പേർക്കും ഈ വഴിയുള്ള ആനുകൂല്യങ്ങൾ ലഭിക്കാറില്ല. യാഥാർത്ഥത്തിൽ പൊതുരംഗത്തു പ്രവർത്തിക്കുന്ന സ്ത്രീകൾക്കുപോലും ഇതേക്കുറിച്ചൊന്നും വ്യക്തമായ ധാരണയില്ല.

സാമൂഹ്യക്ഷേമരംഗത്ത് പഞ്ചായത്തിൽ സഹായം നൽകിക്കൊണ്ടിരിക്കുന്നത് ബ്ലോക്ക്ഡവലപ്പ്മെന്റ് ആഫീസിനു കീഴിലുള്ള വി. ഇ. ഒ സർക്കിളുകൾ വഴിയാണ്. പ്രസ്തുത പദ്ധതികളെ പ്രതിപാദിക്കുന്ന കണക്കുകളും നിർദ്ദേശങ്ങളും താഴെചേർക്കുന്നു.

ദാരിദ്ര്യ രേഖക്കു താഴെയുള്ളവരുടെ വിവരം
(IRDP സർവ്വേ പ്രകാരം)
പട്ടിക മൂന്ന്

വാർഡ് നമ്പർ	സർവ്വേ പ്രകാരം കണ്ടത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം	ഇതിൽ SC/ST കുടുംബങ്ങൾ	നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ	ഇതിൽ SC/ST വിഭാഗം	സഹായം ലഭിച്ചതുവഴി ദാരിദ്രരേഖയ്ക്കു മുകളിൽ എത്തിയ കുടുംബങ്ങൾ	ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവരുൾപ്പെടെ)
1	2	3	4	5	6	7
1	448	155	280	110	20	428
2	197	44	102	56	8	189
3	136	35	78	19	5	131
4	328	57	28	12	7	321
5	415	67	59	34	11	404
6	494	80	31	17	5	489
7	214	63	24	10	4	210
8	152	19	77	12	7	145
9	251	15	71	21	10	241
10	276	35	24	14	6	270
11	143	13	22	7	2	141
12	321	65	29	20	8	313
13	പുതിയവാർഡ്					
ആകെ	3375	648	825	338	93	3282

പഞ്ചായത്തിലെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്ക് മുൻപന്തിയിൽ നിൽക്കുന്നത് അങ്കണവാടികളാണ്. 13 വാർഡുകളിലായി 36 അങ്കണവാടികളുള്ളതിൽ ഒരെണ്ണം (No.17) ഒഴികെ ബാക്കി 35 എണ്ണവും പ്രവർത്തിക്കുന്നണ്ട്. ഈ അങ്കണവാടികളുടെ പ്രവർത്തനം കാര്യക്ഷമമാണെങ്കിലും സ്ഥലം, കെട്ടിടം, കളിപ്പാട്ടങ്ങൾ തുടങ്ങിയവയുടെ അഭാവം പല അങ്കണവാടികളുടേയും നടത്തിപ്പിനേ പ്രതികൂലമായി ബാധിക്കുന്നു. പ്രാഥമികസൗകര്യക്കുറവുകളും അൺ എയിഡഡ് നഴ്സറി സ്കൂളുകൾ വ്യാപകമായതും അങ്കണവാടികളുടെ പ്രവർത്തലത്തെ ദോഷകരമായി ബാധിക്കുന്നുണ്ട്.

അങ്കണവാടികളിൽ വർക്കർ, ഹെൽപ്പർ എന്നരണ്ടു തസ്തികകളാണുള്ളത്. രാവിലെ 9 മണിമുതൽ വൈകിട്ട് മൂന്നരമണിവരെ ജോലിചെയ്യുന്ന ഇവരുടെ ശമ്പളം വളരെ തുച്ഛമാണ്. നാടിന്റെ വരും തലമുറകളെ വാർത്തെടുക്കുന്ന പ്രവർത്തനങ്ങൾക്കായി നിയോഗിക്കപ്പെട്ട ഇവരുടെ ഇന്നത്തെസ്ഥിതി മെച്ചമാക്കേണ്ടതുണ്ട്.

വാർഡ് നമ്പർ	അംഗൻവാടികളുടെ എണ്ണം	അംഗൻവാടി നമ്പർ	കുടികളുടെ എണ്ണം	കെട്ടിടം ഉള്ളത്	കെട്ടിടം ഇല്ലാത്തത്	സ്ഥലം ഉള്ളത്	സ്ഥലം ഇല്ലാത്തത്	കളിപ്പാട്ടം ഉള്ളത്	കളിപ്പാട്ടം ഇല്ലാത്തത്	സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തത്
1	4	1,2,3,4	260	1	3	3	1	-	4	1
2	3	5,6,7	181	2	1	2	1	-	3	-
3	2	8,9	107	2	-	2	-	-	2	-
4	3	10,11,12	182	3	-	3	-	-	3	-
5	4	13,14,15,16	219	1	3	1	3	-	4	-
6	2	18,19	108	1	1	1	-	-	2	1
7	3	22,23,24	152	1	2	1	2	-	3	-
8	2	25,26	104	-	2	-	2	-	2	-
9	2	27,28	146	2	-	2	-	-	2	-
10	2	30,31	210	2	-	2	-	-	2	-
11	2	32,33	93	2	-	2	-	-	2	-
12	2	20,36	109	2	-	2	-	-	2	-
13	4	21,29,34,35	169	2	2	3	1	1	3	1
ആകെ	35		2040	21	13	25	10	1	34	4

അങ്കണവാടികളുടെ സ്ഥിതിമെച്ചപ്പെടുത്താൻ വേണ്ട നിർദ്ദേശങ്ങൾ.

- സ്വന്തമായി സ്ഥലമില്ലാത്തവർക്ക് പഞ്ചായത്തിലെ മിച്ചഭൂമിയോ വ്യക്തികളിൽനിന്നും ഭൂമിസംഭാവനയായി സ്വീകരിച്ചോ കെട്ടിടം പണിയാൻ നൽകുക.
- സ്വന്തമായികെട്ടിടമില്ലാത്തവർക്ക് പഞ്ചായത്തിൽനിന്നോ JRY ഫണ്ട് ഉപയോഗിച്ചോ കെട്ടിടം നിർമ്മിച്ചു നൽകുക.
- എല്ലാ അങ്കണവാടികൾക്കും, പഠനോപകരണങ്ങൾ, കളിപ്പാട്ടങ്ങൾ ഇവ കിട്ടത്തക്കവിധം ആവശ്യമായ ഫണ്ട് ലഭ്യമാക്കുക.
- എല്ലാഅങ്കണവാടി വർക്കർമാരേയും ഹെൽപ്പർമരേയും സ്ഥിരപ്പെടുത്തി സർക്കാർ ജീവനക്കാരായി അംഗീകരിച്ച് സേവന വേതന വ്യവസ്ഥകൾ ഉയർത്തുക.
- കൂടുതൽ പൊതുപ്രവർത്തനത്തിന് വർക്കർമാരേയും ഹെൽപ്പർമാരേയും ബോധവൽക്കരണം നടത്തുക.
- കുട്ടികളുടെ ബാഹുല്യം അനുഭവപ്പെടുന്ന സ്ഥലങ്ങളിലും ഇപ്പോൾ അങ്കണവാടികൾ നിലവിലില്ലാത്ത സ്ഥലങ്ങളിലും പുതിയ അങ്കണവാടികൾ ആരംഭിക്കുക.

പൊതുവിതരണം.

റേഷൻഷോപ്പുകൾ കഴഞ്ഞാൽ പഞ്ചായത്തിലെ 7ാം വാർഡിലുള്ള ഒരു മാവേലിസ്റ്റോറാണ് പൊതുവിതരണരംഗത്തുള്ള ഏകസ്ഥാപനം. ഇതിന്റെ പ്രവർത്തനം ഭംഗിയായി നടക്കുന്നണ്ടെങ്കിലും പലപ്പോഴും അവശ്യസാധനങ്ങളുടെ അഭാവം അനുഭവപ്പെടുന്നു. ഓണക്കാലത്ത് തീ വിലയിൽനിന്ന് സാധാരണക്കാരന് കുറച്ചെങ്കിലും ആശ്വാസം നൽകുന്നതിന് ഈ സ്ഥാപനം സഹായമായിട്ടുണ്ട്.

റേഷൻകടകളിലെ വിതരണ സമ്പ്രദായത്തോട് സാധാരണക്കാരന് വളരെ അസംതൃപ്തമായ മനോഭാവമാണുള്ളത്. വൈദ്യുതിക്ഷാമവും വൈദ്യുതിയുടെ അഭാവവും ഈ പഞ്ചായത്തിലുണ്ട്. റേഷൻ കടകളിൽകൂടിയുള്ള മണ്ണെണ്ണ വിതരണത്തിലുള്ള കാലതാമസവും വിഹിതത്തിലുണ്ടാകുന്ന കുറവും ജനങ്ങളെ വളരെയധികം ബുദ്ധിമുട്ടിക്കുന്നു. റേഷൻ കടകളുടെ പൂർണ്ണമായ ഉത്തരവാദിത്വം പഞ്ചായത്തിൽ നിക്ഷിപ്തമാക്കേണ്ടതാണ്.

റേഷൻകാർഡുകളുമായി ബന്ധപ്പെട്ടഅപാകതകൾ പഞ്ചായത്തുതലത്തിൽ അപേക്ഷകൾ സ്വീകരിച്ച് പരിഹാരം കാണണം.

ഉപഭോക്തൃമേഖലയെ കാര്യക്ഷമമാക്കാനും കുറ്റമറ്റതാക്കാനും ജനങ്ങളെ ബോധവൽക്കരിക്കാനും പഞ്ചായത്തുതലത്തിൽ ഒരു ഉപഭോക്തൃ സംരക്ഷണ സമിതിക്ക് രൂപംകൊടുക്കേണ്ടതാണ്.



IV-8 സംസ്കാരം

കിഴക്കു സഹ്യാദ്രിസാനുക്കളേയും അച്ചൻകോവിലാറിനേയും തെക്കുകല്ലടയാറിനേയും വടക്കുംപടിഞ്ഞാറും ചെറുവനപ്രദേശങ്ങളേയും തൊട്ടുരുമ്മി സ്ഥിതിചെയ്യുന്ന പ്രകൃതിമനോഹരമായ ഒരു മലംപ്രദേശഗ്രാമം -അതാണ് പിറവന്തൂർ ഗ്രാമപഞ്ചായത്ത്. പിറവന്തൂർ, പുന്നല വില്ലേജുകളും പിടവൂർ വില്ലേജിന്റെ ഭാഗങ്ങളും ഇതിൽപെടും. പിറവന്തൂർ എന്ന പേരു വന്നത് "കൂറ" അഥവാ ഉൽക്ക "വന്ത" നാടായതുകൊണ്ടാണെന്നാണ് പണ്ഡിതമതം. ഇപ്പോൾ പതിമൂന്നു വാർഡുകളായി ഈ പഞ്ചായത്ത് പ്രദേശം വിഭജിക്കപ്പെട്ടിരിക്കുന്നു. തെന്മല, ആര്യങ്കാവ്, വിളക്കുടി, പത്തനാപുരം ഗ്രാമപഞ്ചായത്തുകളും പുനലൂർ മുനിസിപ്പാലിറ്റിയുമാണ് ഇതിനോടു ചേർന്നുകിടക്കുന്ന പ്രദേശങ്ങൾ.

ഈ പഞ്ചായത്തിന്റെ കിഴക്കൻ മലയോരപ്രദേശങ്ങളിൽ മുമ്പൊരു കാലഘട്ടത്തിൽ ജനവാസമുണ്ടായിരുന്നതായും എന്നാൽ അതു ക്രമേണ ഇനിയും കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടില്ലാത്ത കാരണങ്ങളാൽ മണ്ണടിഞ്ഞുപോയിട്ടുള്ളതായും കാണാൻ കഴയും. ഇക്കാര്യം വ്യക്തമാക്കുന്ന തെളിവുകൾ ആ പ്രദേശങ്ങളിൽനിന്നും ലഭിച്ചിട്ടുണ്ട്. കുമരംകുടി, മഹാദേവർമൺ, തെന്മലപഞ്ചാത്തിന്റെഭാഗമായ ചാലിയക്കര തുടങ്ങിയ സ്ഥലങ്ങളിലെ മണ്ണിനടിയിൽനിന്നും ലഭിച്ചിട്ടുള്ള ക്ഷേത്രങ്ങളുടേയും മറ്റും ഭൗതികാവശിഷ്ടങ്ങളും പഞ്ചായത്തിന്റെ പലഭാഗങ്ങളിൽ നിന്നും ലഭിച്ചിച്ചുള്ള 'നന്നങ്ങാടി'കളും ഈ നിഗമനത്തിലേക്ക് വെളിച്ചം വീശുന്നവയാണ്. കുമരം കുടിയിലും മഹാദേവർ മണ്ണിലും പുരാതന ക്ഷേത്രങ്ങളുടെ അവശിഷ്ടങ്ങൾ കണ്ടെടുത്തിട്ടുള്ളവയാണ്. മഹാദേവർമണ്ണിലെ ഇപ്പോഴത്തെ ക്ഷേത്രം ഇപ്രകാരംകണ്ടെടുത്ത പുരാതനക്ഷേത്രാവശിഷ്ഠങ്ങളുടെ സ്ഥാനത്ത് പുതുക്കിപണിതെടുത്ത ശിവക്ഷേത്രമാണ്. ചാലിയക്കരയിൽ ഒരുക്ഷത്രസമുച്ചയത്തിന്റെതന്നെ അവശിഷ്ടങ്ങളാണ് കണ്ടുകിട്ടിയിട്ടുള്ളത്. ഒപ്പം പുരാതനകാലത്തെ നാണയങ്ങളെന്നത് വിശ്വസിക്കപ്പെടാവുന്ന സാധനങ്ങളും കിട്ടിയിട്ടുള്ളതായി പഴമക്കാർപറയുന്നു.

ഈ പശ്ചാത്തലത്തിൽ അറിയപ്പെട്ട ചരിത്രം വച്ചുനോക്കിയാൽ ഇവിടെ പിന്നീടൊരുജനപഥം രൂപംകൊണ്ടതിന് കാലപ്പഴക്കം കുറവാണെന്നു കാണാം. കൂടുതൽ ഭാഗവും മലകളും കാടുകളുമായിക്കിടന്നിരുന്ന ഈ പ്രദേശത്ത് മറ്റു പല സ്ഥലങ്ങളിൽ നിന്നുമായി വന്നുചേർന്നവ്യത്യസ്ഥ സംസ്കാരപൈതൃകം പേറിയിരുന്ന ജനങ്ങൾ ഒത്തുകൂടിയപ്പോൾ അവരിൽനിന്നും ഇന്നാട്ടിന്റേതായ ഒരു സംസ്കാരം രൂപപ്പെട്ടുവരുവാൻ സ്വാഭാവികമായും കുറേസമയം എടുക്കുമല്ലോ. മാത്രവുമല്ല ജനങ്ങളിൽ ഭൂരിഭാഗവും പിന്നോക്കവിഭാഗത്തിലും പട്ടികജാതി പട്ടികവർഗ്ഗത്തിലും പെട്ടവരായിരുന്നതിനാലും ഒരു പുതിയ സംസ്കൃതിയുടെ ആവിർഭാവത്തിന് സമയം വേണ്ടിവന്നു: വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ, യാത്രാസൗകര്യങ്ങളുടെ അപര്യാപ്തത, അജ്ഞതയിൽകുരുത്ത അന്ധവിശ്വാസങ്ങൾ വൈദ്യുതിപോലെയുള്ള ആധുനിക സൗകര്യങ്ങുടെ അഭാവം തുടങ്ങിയ കാരണങ്ങളും സാംസ്കാരികമായ പിന്നോക്കാവസ്ഥയ്ക്കു ആക്കം കൂട്ടിയിട്ടുള്ളതായി അനുമാനിക്കാം.

ഭൂവുടമകളായ ജന്മിമാരുടെ കുടിയാന്മാരും അവരുടെ അടിയാന്മാരായ കൃഷിത്തൊഴിലാളികളും അടങ്ങിയതായിരുന്നു ആദ്യകാലത്തെ സമൂഹം എന്നു കാണാം. അതുകൊണ്ടുതന്നെ കൃഷിയെനിയന്ത്രിക്കുന്ന പ്രകൃതിശക്തികളായ സൂര്യൻ, ചന്ദ്രൻ, മഴ തുടങ്ങിയവയും ഭീദിതമായ മലകളും പുഴകളും കേന്ദികരിച്ചുള്ള വിശ്വാസങ്ങളും അന്ധവിശ്വാസങ്ങളും അവരുടെ സംസ്കാരത്തിന്റെ ഭാഗമായി നിലകൊണ്ടു. മലദൈവങ്ങളിലുള്ള വിശ്വാസം, പൊങ്കാലതുടങ്ങിയ കർമ്മങ്ങൾ, മലതുള്ളൽ, ഭജനപ്പാട്ട് തുടങ്ങിയവയിലുള്ള വിശ്വാസം തുടങ്ങിയവയൊക്കെ അവരുടെ വിശ്വാസത്തിന്റെ ഭാഗമായി മാറി. കഴുഞ്ഞ 80 വർഷങ്ങൾക്കു മുമ്പുള്ള സ്ഥിതിയാണ് ഇവിടെ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്. ജാതീയവും, സാമൂഹികവുമായുള്ള പിന്നോക്കാവസ്ഥ അടിമത്തത്തോളം എത്തിച്ച ഒരു സമൂഹത്തിന്റെ കഥയാണ് ആ കാലഘട്ടത്തിന് പറയാനുള്ളത് എന്നു ചുരുക്കം.

എന്നാൽ തുടർന്ന് വിദ്യാഭ്യാസത്തിന്റെ പുത്തൻ വെളിച്ചം പതുക്കെ കടന്നുവന്നതൊടെ സ്ഥിതി മാറാൻ തുടങ്ങി. കലാ കായിക രംഗങ്ങളിൽ ചില പുത്തൻ നാമ്പുകൾ പൊട്ടിമുളയ്ക്കാൻ തുടങ്ങി. വൈദ്യവൃത്തി, ക്ഷുരകവൃത്തി, വസ്ത്രമലക്ക്, കാർഷികവൃത്തി തുടങ്ങി വിവിധകുലത്തൊഴിലുകളിൽ ഏർപ്പെട്ട ആളുകളും ഏത്തിച്ചേർന്നതോടെ (പലരേയും കൊണ്ടുവന്നു കുടിയിരുത്തിയതായാണ് പഴമക്കാർ പറയുന്നത്) സാംസ്കാരിക രംഗത്ത് ചലനങ്ങൾ ദൃശ്യമായി തുടങ്ങി. അയിത്താചാരങ്ങൾ വഴിമാറിക്കൊരുത്തതോടെ ഇതിന് ആക്കം കൂടി എന്നു കാണാം.

നാടൻ കലാരൂപങ്ങൾ എന്ന നിലയിൽ കൃഷ്ണലീല, സീതകളി, യഹോവാനാടകം തുടങ്ങിയ കലാരൂപങ്ങളും മലതുള്ളൽ തുമ്പിതുള്ളൽ, പാക്കനാർകളി, കോൽകളി, പുലികളി, പടയണി തുടങ്ങിയവയും പ്രത്യക്ഷമായി. വിവിധമതവിശ്വാസികൾ അവരുടെ ആരാധനാലയങ്ങളിൽ കാലാകാലങ്ങളിൽ നടത്തിവന്നിരുന്ന ആഘോഷങ്ങളിൽ എല്ലാവരും ഒരുപോലെ സഹകരിച്ചു. അത്തരം ഉത്സവാഘോഷങ്ങൾ എന്നും ജനങ്ങൾ ആത്മഹർഷത്തോടെ

എതിരേറ്റിരുന്നതായിക്കാണാം. മതമൈത്രിയുടേതായ ഒരന്തരീക്ഷം ഇവിടെ നിലനിന്നിരുന്നു എന്നതിന്റെ സൂചനയായി ഇതിനെക്കാണാം.

മുൻപറഞ്ഞകാരണങ്ങളാലാകാം ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ അലകൾ ഈ ഗ്രാമത്തിൽ അതിശക്തമായി ആഞ്ഞടിക്കാതെ പോയത്. എങ്കിലും ഈ ഗ്രാമത്തിൽനിന്നും കുറേയുവാക്കൾ സ്വാതന്ത്ര്യസമര പ്രക്ഷോഭങ്ങളിൽ പങ്കാളികളാവുകയുണ്ടായി എന്നത് ചരിത്രവസ്തുതയാണ്. അവരെപ്പറ്റിയുള്ള വിശദമായ പരാമർശം ആ മുഖ അദ്ധ്യായത്തിൽ സൂചിപ്പിച്ചിരുന്നത് കാണുക.

ഏതു ജനസമൂഹങ്ങളുടേയും സംസ്കൃതിയുടെ പരിപോഷകടഘങ്ങളിൽ പ്രഥമഗണനീയമായിരുന്നിട്ടുള്ളത് വിദ്യാഭ്യാസ രംഗംതന്നെയാണ്. ഏതാണ്ട് എട്ടുപതിറ്റാണ്ടുകൾക്കുമുൻപ് ഒരു സ്വകാര്യവ്യക്തി മുൻകൈയെടുത്ത് സ്ഥാപിക്കുകയും പിന്നീട് സർക്കാരിലേക്ക് കൈമാറുകയും ചെയ്ത പിറവന്തൂർ ജംഗ്ഷനിലെ പ്രൈമറിസ്കൂൾ ആയിരുന്നു ആദ്യത്തെ ഗ്രാമവിദ്യാലയം. ഇപ്പോൾ ഇത് ഗവ:മോഡൽ യു.പി.സ്കൂൾ ആയി പ്രവർത്തിച്ചുവരുന്നു. പുന്നലയിൽ പിന്നീട് പ്രവർത്തനം തുടങ്ങിയ സ്വകാര്യ പ്രൈമറിസ്കൂളും മുക്കാൽനൂറ്റാണ്ടു പിന്നിട്ടുകഴിഞ്ഞിരിക്കുന്നു. ഇപ്പോൾ ഇത് ഗവ:ഹൈസ്കൂൾ ആയി (VHSS ഉൾപ്പെടെ) പ്രവർത്തിക്കുന്നുണ്ട്. മുൻപറഞ്ഞരണ്ടു സ്കൂളുകൾ ഉൾപ്പെടെ ഈ പഞ്ചായത്തിൽ മൂന്നുഹൈസ്കൂളുകളും അഞ്ചു യു.പി സ്കൂളുകളും ഏഴ് എൽ.പി സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്. പ്രീ പ്രൈമറി രംഗത്തു പ്രവർത്തിക്കുന്ന ഏതാനും സ്വകാര്യസ്ഥാപനങ്ങൾ കൂടാതെയാണിത്.

ഇവകൂടാതെ അനൗപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങളായി കണക്കാക്കപ്പെടുന്ന ഗ്രന്ഥാലയങ്ങളും വായനശാലകളും പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ ഏതാണ്ട് അരനൂറ്റാണ്ടുകാലത്തെപഴക്കമുള്ളവയാണ് അലിമുക്ക് പബ്ലിക് ലൈബ്രറിയും പുന്നല പബ്ലിക് ലൈബ്രറിയും. ഇതിൽ ആദ്യത്തേത് ഇപ്പോൾ പഞ്ചായത്തുവക ലൈബ്രറിയായി തീർന്നിരിക്കുന്നു. ഇവരണ്ടിലും വായനശാലകളുമുണ്ട്, ഇവയ്ക്ക് രണ്ടിനും സ്വന്തമായി സ്ഥലവും കെട്ടിടവുമുണ്ട്. ഈ പഞ്ചായത്തിൽ ഇപ്പോൾ പത്തുഗ്രന്ഥാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അവയുടെ വിശദവിവരങ്ങൾ പട്ടിക ഒന്നിൽകൊടുക്കുന്നു.

ഗ്രന്ഥാലയങ്ങളും വായനശാലകളും

പട്ടിക-1

വാർഡ് നമ്പർ	ഗ്രന്ഥാലയങ്ങൾ			വായനശാലകൾ		സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടോ	നാടക സംഘങ്ങളുടെ വിവരം
	പഞ്ചാ: വക	പബ്ലിക് ലൈബ്രറി	മറ്റുള്ളവ	പഞ്ചാ:വക	മറ്റുള്ളവ		
1						ഇല്ല	
2			2		1	ഇല്ല	പ്രപഞ്ചം തീയറ്റേഴ്സ് ഇപ്പോഴില്ല.
3		1			1	ഉണ്ട്	
4						ഇല്ല	
5		1				ഉണ്ട്.	പി.പി.എസി. പുന്നല
6						ഇല്ല	
7	1			1		ഉണ്ട്	
8						ഇല്ല	
9		1				ഇല്ല	
10		1			1	ഇല്ല	ശ്രുതിലയാ തീയറ്റേഴ്സ് ശ്രുതിലയാ മിമിക്സ് ട്രൂപ്പ്
11							
12							
13		2				ഇല്ല	
ആകെ	1	7	2	1	3		

ഇവകൂടാതെ കറവൂർ കേന്ദ്രമായി ദേശാഭിവൃദ്ധിനി എന്നപേരിൽ ഒരു ലൈബ്രറിയും പിറവന്തൂർ ജംഗ്ഷനിൽ വൈ.എം.എ ലൈബ്രറിയും പ്രവർത്തിച്ചിരുന്നു എങ്കിലും രണ്ടും ഇപ്പോൾ നിലവിലില്ല. ഇവയിൽ കറവൂരിലേത് ഏറ്റവും പഴക്കമുള്ള ഗ്രന്ഥാലയമായിരുന്നു. അതുനിന്നിരുന്ന സ്ഥലവും കെട്ടിടവുമാണ് പിന്നീട് എൽ.പി.സ്കൂൾതുടങ്ങുന്നതിനായി വിട്ടുകൊടുത്തത് ഒരു പക്ഷെ ഇതായിരിക്കാം ഈ ഗ്രാമ പഞ്ചായത്തിലെ ആദ്യത്തെ ഗ്രന്ഥാലയം. സമീപപ്രദേശമായ ചാലിയക്കരയിലെ റബ്ബർ എസ്റ്റേറ്റിൽ ഉദ്യോഗാർത്ഥംവന്ന വദ്യാസമ്പന്നർ നേതൃത്വം നൽകി സ്ഥാപിച്ചതായിരുന്നു ഈ ലൈബ്രറി.

സാംസ്കാരിക മുന്നേറ്റത്തിനം ആക്കം കൂട്ടുന്ന മറ്റുഘടകങ്ങളാണല്ലോ അമച്വർ കലാസമിതികളും, കായിക സമിതികളും നാടകസംഘങ്ങളും വനിതാസംഘടനകളും മറ്റും. ഈ രംഗത്ത് കറേ സമിതികൾ ജനിക്കുകയും മരിക്കുകയും ചെയ്തിട്ടുണ്ട്. ശാസ്താംപടിക്കൽ കേന്ദ്രമായി രൂപം കൊണ്ട പ്രപഞ്ചം തീയറ്റേഴ്സ്, അലിമുക്കിൽ പ്രവർത്തിച്ചിരുന്ന നെഹ്റുജി ആർട്സ്ക്ലബ് അഥവാ എൻ.എ.സി എന്നിവ ഇപ്പോൾ നിലവിലില്ലെങ്കിലും ധാരാളം നാടകങ്ങൾ അവതരിപ്പിച്ചിട്ടുള്ള സമിതികളാണ്. ഇപ്പോൾ പ്രവർത്തന രംഗത്ത് നിൽക്കുന്ന നാടകസംഘങ്ങൾ ചെമ്പനരുവിയിലെ ശ്രുതിലയാ തീയറ്റേഴ്സ്, ശ്രുതിലയാ മിമിക്സ് ട്രൂപ്പ്, വന്മളയിലെ സ്വരാജ്ക്ലബിന്റെ നാടകസംഘം, പുന്നല പി.പി.എ.സിഎന്നിവയാണ്. അടുത്തകാലത്തു രൂപംകൊണ്ടവയടക്കം കലാസാംസ്കാരികകായികരംഗത്ത് സജീവയായി പ്രവർത്തിച്ചുകൊണ്ട് അൻപതുസംഘടനകൾ ഇപ്പോൾരംഗത്തുണ്ട്. എട്ടാം വാർഡിൽ ഒഴികെ മറ്റെല്ലാവാർഡുകളിലും മുന്നിൽകുറയാതെ കലാകായിക സംഘടനകൾപ്രവർത്തിച്ചുവരുന്നുണ്ട്. വിശദവിവരങ്ങൾ പട്ടിക രണ്ടിൽ

ഒന്നും രണ്ടും ദിവസങ്ങളിലൊതുങ്ങുന്ന കലാകായിക മേളകൾ വർഷം തോറും കഴ്ചവയ്ക്കുന്ന സംഘടനകളാണ് അധികവും. എന്നാൽ കഴിഞ്ഞ ഇരുപതിൽപരം വർഷങ്ങളായി ഒരാഴ്ചനീണ്ടുനിൽക്കുന്ന കലാകായികമേളകളും സമ്മേളനങ്ങളും മറ്റും സംഘടിപ്പിച്ചുവരുന്ന ഒരു ശ്രദ്ധേയമായ സാംസ്കാരികപ്രസ്ഥാനമാണ് ശാസ്താംപടിക്കൽ കേന്ദ്രമായി പ്രവർത്തിച്ചുവരുന്ന 'ചൈതന്യ' ആർട്സ് ആന്റ് സ്പോർട്സ്ക്ലബ്ബ് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. കായികകലാ പ്രതിഭകളെ വളർത്തിയെടുക്കുന്നതിൽ വിലപ്പെട്ടസംഭാവനകൾ നൽകാൻ ഈ ക്ലബ്ബിനു കഴിഞ്ഞിട്ടുണ്ട്. അമച്വർ പ്രഫഷണൽ നാടകരംഗങ്ങളിൽ മാത്രമല്ല സനിമ, ടിവി, സീരിയൽ രംഗങ്ങളിലും വ്യക്തിമുദ്രപതിപ്പിച്ചിട്ടുള്ള ശ്രി. യതികുമാർ (പ്രഭ) പ്രഫഷണൽനാടരംഗത്ത് ശോഭിച്ച ശ്രീ.പിറവന്തൂർ വിനോദ് എന്നിവർ ഈ ക്ലബിന്റെ സംഭാവനകളാണ്.

ഈ പഞ്ചായത്തിലെ സാഹിത്യരംഗത്ത് അറിയപ്പെടുന്ന ചിലവ്യക്തികളിൽ കേരളാകൗമുദി ദിനപ്പത്രത്തിലെ ചീഫ്സബ്എഡിറ്ററും പത്രപ്രവർത്തകനും എഴുത്തുകാനുമായ ശ്രീ.പി. ശശിധരൻ, "പ്രപഞ്ചത്തന്റെ രൂപവും ഭാവവും" എന്ന വൈജ്ഞാനിക ഗ്രന്ഥത്തിന്റേയും "രക്തംകുടിക്കുന്ന യക്ഷി"എന്ന അപസർപ്പക നോവലിന്റേയും കർത്താവായ ശ്രീ.കെ.എൻ.ആർ.എലിക്കാട്ടൂർ (ഇദ്ദേഹം കേരളാ യുക്തിവാദി സംഘത്തിന്റെ സംസ്ഥാനവൈസ്പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്) 'കൊടുങ്കാറ്റിനുശേഷം' എന്ന നോവലിന്റെ കർത്താവായ ശ്രി. പിറവന്തൂർ അനിരുദ്ധൻ, 'വെള്ളത്തിനാലും ആത്മാവിനാലും' എന്ന ബൈബിൾ അവലംബകൃതിയുടെ കർത്താവായ ശ്രീ. വയലിൽ ജോർജ്ജുകുട്ടി, അനുകാലികങ്ങളിൽ കവിതകളും ലേഖനങ്ങളും എഴുതി പ്രസിദ്ധിയാർജ്ജിച്ചിട്ടുള്ള പത്രപ്രവർത്തകൻകൂടിയായ ശ്രീ. പിറവന്തൂർ ബി.കലേശൻ പത്രപ്രവർത്തകനും പത്രം ഉടമയുമായ ശ്രി.വി.തോമസ് എലിക്കാട്ടൂർ എന്നിവരുൾപ്പെടുന്നു.

സാഹിത്യ അക്കാഡമിയുടെ 'തുഞ്ചൻ സ്മാരക അവാർഡ്' തുടങ്ങിയ പുരസ്കാരങ്ങൾ നേടിയ, അനേകം സാഹിത്യ നിരൂപണ ഗ്രന്ഥങ്ങളുടെ കർത്താവായ പ്രശസ്തനായ സാഹിത്യകാരൻ ഡോ:പ്രസന്നരാജൻ കറവൂർ സ്വദേശിയാണ്. അദ്ദേഹത്തിന്റെ കൃതികളിൽ പ്രധാനമായവ ലീലാകാവ്യം വീണ്ടും പരിശോധിക്കുമ്പോൾ, മലയാളകവിതയിലെ കലിയും, ചിരിയും, തേനും വയമ്പും തുടങ്ങിയവയാണ്.

നാല്പതുകളുടെ അവസാനം വരെ സ്വാതന്ത്ര്യസമരപ്രസ്ഥാനം നയിച്ച കോൺഗ്രസ് സംഘടനമാത്രമേ ഇവിടെ പ്രവർത്തിച്ചിരുന്നുള്ള. അൻപതുകളിലാണ് കമ്മ്യൂണിസ്റ്റുപ്രസ്ഥാനം ഈ പഞ്ചായത്തിൽ വേരോടിത്തുടങ്ങിയത്. മറ്റു രാഷ്ട്രീയപ്രസ്ഥാനങ്ങൾ പിന്നീടുമാത്രമാണ് ഉവിടെ പ്രവർത്തനം ആരംഭിച്ചത്. ഇപ്പോളീപ്രദേശത്ത് കോൺഗ്രസ്. ബി.ജെ.പി, കേരളാകോൺഗ്രസ്, ജനതാദൾ, സി.പി.ഐ, സി.പി.എം, മുസ്ലീംലീഗ്, എൻ.ഡി.പി, ആർ.എസ്സ്.പി, പി.ഡി.പി, സി.എം.പി, ജെ.എസ്സ്.എസ്സ്, എന്നീ രാഷ്ട്രീയപാർട്ടികളും അവയുടെ യുവജനതൊഴിലാളിപ്രസ്ഥാനങ്ങളും പ്രവർത്തിക്കുന്നൂണ്ട്.

മതസൗഹാർദ്ദത്തിനു പേരുകേട്ട ഒരു ഗ്രാമമാണിത്. ഇവിടെ രാഷ്ട്രീയസംഘട്ടനങ്ങളോ സാമുദായിക സംഘട്ടനങ്ങളോ ഉണ്ടാകാറില്ല എന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

കായികരംഗം

കായിക രംഗങ്ങളിൽ പിന്നോക്കം നിൽക്കുന്ന ഒരുപ്രദേശമാണിതെന്നുപറയാം എങ്കിലും താലൂക്ക് ജില്ലാ സംസ്ഥാനതലങ്ങളിൽ അറിയപ്പെടുന്ന താരങ്ങൾ ഇവിടെയുണ്ട്. അൻപതുകളുടെ ആദ്യം മാരത്തോൺ ഓട്ടത്തിൽ പങ്കെടുത്ത് ഒന്നാം സ്ഥാനം നേടിയ ശ്രീ.പി.ഒ.ജോസഫ് (കടയ്ക്കാമൺ) ഒന്നാം വാർഡിൽ താമസിക്കുന്നുണ്ട്. പിറവന്തൂർ വാർഡിലെ ശ്രീ. ഡി.സോമരാജൻ കായികമത്സരങ്ങളിൽ വൻ നേട്ടങ്ങൾകൈവരിച്ചിട്ടുള്ള ഒരു കായികതാരമാണ്. ഇദ്ദേഹം ജില്ലാസംസ്ഥാനതലങ്ങളിൽ നേട്ടംകൈവരിച്ചതുകൂടാതെ കട്ടക് നാഷണൽഗയിംസിലും പങ്കെടുത്തിട്ടുണ്ട്. കറവൂർ 'യുവദീപ്തി'യുടെ ഒരു പ്രശസ്തമായ ഫുട്ബോൾടീം പ്രവർത്തിച്ചുവരുന്നുണ്ട്. വിവിധ വാർഡുകളിലായി മറ്റ് ചിലരും ഈ രംഗത്ത് മികവു കാട്ടിയിട്ടുണ്ട്. പുതിയ തലമുറയെ കായികരംഗത്തേക്ക് ആകർഷിക്കാൻ വേണ്ട പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പാക്കേണ്ടിയിരിക്കുന്നു.

പ്രശ്നങ്ങൾ

കലാ-സാംസ്കാരിക- കായികരംഗത്തെ സംബന്ധിച്ചിടത്തോളം ഉയർന്നുവന്ന പ്രശ്നങ്ങൾ താഴെപറയുന്നവയാണ്.

✡ ആകെയുള്ള 13 വാർഡുകളിൽ അഞ്ചെണ്ണത്തിലും ഗ്രന്ഥാലയങ്ങളോ വായനശാലകളോ ഇല്ല. 1,6,8,11,12 എന്നീ നമ്പർ വാർഡുകളാണവ. ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 10 ഗ്രന്ഥാലയങ്ങളിൽ മൂന്നെണ്ണത്തിനു മാത്രമേ സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ളു. ബാക്കി ഏഴെണ്ണത്തിനും സ്ഥലവും കെട്ടിടവും ഇല്ല. വൈദ്യുതിയുമില്ല. ഈ ഏഴെണ്ണത്തിലും സജീവമായ പ്രവർത്തനവും ഇല്ലാത്തസ്ഥിതിയാണ്

✡ സാംസ്കാരിക സംഘടനകൾ ധാരാളമായി ഉണ്ടാവുകയും താമസം വിനാ ഇല്ലാതാകുകയും ചെയ്യുന്ന പ്രവണത നിലനിൽക്കുന്നു. സാമ്പത്തികപരാധീനതയാണ് ഇതിനു പ്രധാന കാരണം. ആകെയുള്ള 50 സംഘടനകളിൽ മൂന്നോ നാലോ ഒഴികെ ബാക്കിയെല്ലാം വാർഷികാഘോഷങ്ങളിലോ ഓണാഘോഷങ്ങളിലോഒതുങ്ങുന്നപ്രവർത്തനം മാത്രമേ കാഴ്ചവയ്ക്കാൻ കഴിയുന്നുള്ളു. ഇവയ്ക്കെല്ലാം ജനങ്ങൾ നൽകുന്ന തുഛമായ സംഭാവനകളല്ലാതെ മറ്റുയാതൊരുവിധ പ്രോത്സാഹനങ്ങളും ലഭിക്കുന്നില്ല.

✡ സാംസ്കാരിക സംഘടനകൾക്കൊന്നും തന്നെ സ്വന്തമായ സ്ഥലമോ കെട്ടിടമോ ഇല്ലാത്ത സ്ഥിതിയാണ്. മിക്കവയും വാടകകെട്ടിടങ്ങളിലാണ് ഓഫീസുപോലും പ്രവർത്തിപ്പിക്കുന്നത്. കുറേയധികം സംഘടനകൾക്ക് ഓഫീസുപോലുമില്ല.

✡ കായികതാരങ്ങൾക്ക് പരിശീലനത്തിനുള്ള കളിസ്ഥലങ്ങളോ കലാകേന്ദ്രങ്ങളോ ഇല്ല. ശാസ്ത്രീയമായ പരിശീലനം പരിശീലകരുടേയും പരിശീലനഉപകരണങ്ങളുടേയും അഭാവത്തിൽ ലഭ്യമാകാതെപോകുന്നു.

✡ പത്തുവയസിനു താഴെയുള്ള കുട്ടികളെ സംബന്ധിച്ചിടത്തോളം യാതൊരു പ്രോത്സാഹനവും ലഭ്യമാകാത്ത സ്ഥിതിയാണുള്ളത്.

✡ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ തിങ്ങി വസിക്കുന്ന പ്രദേശങ്ങളിലും കോളനികളിലും സാംസ്കാരികപ്രവർത്തനങ്ങൾ തുലോം കുറവാണ് എന്നുകാണാം. അവിടങ്ങളിൽ ഈ രംഗത്ത് പ്രത്യേക പ്രോത്സാഹന പദ്ധതികൾ ഉണ്ടായേ മതിയാകു.

✡ കമുകുംചേരി വാർഡിലെ (9ാം വാർഡ്) യു.പി.സ്കൂളിനോടനുബന്ധിച്ചുള്ള കളിസ്ഥല നിർമ്മാണം പൂർത്തീകരിക്കാതെകിടക്കുന്നു.

✡ കറവൂർ വാർഡിൽ പഞ്ചായത്തിനുവേണ്ടി വനം വകുപ്പിൽ നിന്നും അനുവദിച്ച രണ്ടു ഹെക്ടർസ്ഥലം പഞ്ചായത്ത് ഏറ്റെടുത്തിട്ടില്ല.

✡ റ്റി.പി.ഐ. റിക്രിയേഷൻ ക്ലബ്, മുക്കടവ്വക കളിസ്ഥലം, ആ ഭാഗത്തു മറ്റു കളിസ്ഥലത്തിന്റെ അഭാവത്തിൽ പെതുജനങ്ങൾക്കുകൂടി ലഭ്യമാക്കണം.

✡ മുക്കടവ് വാർഡിലെ (11-ാം വാർഡ്) ആരാധനാകേന്ദ്രമായ ആളുകേറാമലക്കാവിന് സ്വന്തമായി സ്ഥലമില്ലാത്തതിനാൽ ഉത്സവനടത്തിപ്പിനും പടയണിപോലെയുള്ള മറ്റു ചടങ്ങുകൾക്കും പഞ്ചായത്തുവക സ്ഥലം ലഭ്യമാക്കണം.

✡ പിറവന്തൂർ ഗവൺമെന്റ് യു.പി.സ്കൂളിന് ഫോറസ്റ്റുവക സ്ഥലം അനുവദിച്ചത് പഞ്ചായത്ത് ഏറ്റെടുക്കണം.

✡ പഞ്ചായത്തുവകയായി പഞ്ചായത്തു തലസ്ഥാനമായ അലിമുക്കിനു സമീപം ഒരു നീന്തൽക്കുളം സ്ഥാപിക്കണം.

✡ കായിക രംഗത്ത് അന്യം നിന്നുപോയ നാടൻ കലകളേയും നാടൻകളികളേയും നാടൻ കലാരൂപങ്ങളേയും പുനരുജ്ജീവിപ്പിക്കണം

✡ എല്ലാറ്റിനുമുപരി പഞ്ചായത്തിന് ഒരു സാംസ്കാരികനയവും അതുനടപ്പാക്കാൻസഹായിക്കുന്നതും ക്ലബുകൾക്ക് പ്രാധിനിധ്യമുള്ളതുമായ ഒരു പഞ്ചായത്തുതല കർമ്മസമിതിയും രൂപീകരിക്കുകയും പ്രഖ്യാപിക്കുകയും

വേണ്മെന്ന ആവശ്യം എല്ലാ വാർഡുകളിൽനിന്നും ഉയർന്നുവന്നിട്ടുണ്ട്.

✡ പഠനനിലവാരം പിന്നോക്കം പെയ്ക്കൊണ്ടിരിക്കുന്ന ഗ്രാമവിദ്യാലയങ്ങളുടെ ദിശമാറ്റിവിടാൻ കഴിയണം. വിദ്യാലയങ്ങളിൽ ഫലപ്രദമായി പ്രവർത്തിക്കുന്ന ഗ്രന്ഥാലയങ്ങളും ഉണ്ടാകണം

പരിഹാരങ്ങളും
നിർദ്ദേശങ്ങളും.

1 വായനശാലകളില്ലാത്ത അഞ്ചുവാർഡുകളിലും (1,6,8,11,12 നമ്പർ വാർഡുകൾ) അവിടുത്തെ സന്നദ്ധ സംഘടനകളുടെ മേൽനോട്ടത്തിൽ ഗ്രന്ഥാലയങ്ങളും വായനശാലകളും ആരംഭിക്കുക. വൈദ്യുതിയില്ലാത്ത വായനശാലകളിൽ വൈദ്യുതിഎത്തിക്കാൻ വേണ്ടസഹായങ്ങൾ ചെയ്യുക. വായനശാലകൾക്ക് ആനുകാലിക പ്രസിദ്ധീകരണങ്ങളുംവർത്തമാനപത്രങ്ങളും ലഭ്യമാക്കുക.

2. കലാ സാംസ്കാരിക കായിക സംഘടനകളെ സാമ്പത്തികസഹായം നൽകി പ്രോൽസാഹിപ്പിക്കുക

3 ഗ്രാമപഞ്ചായത്ത് കേന്ദ്രമാക്കി നടന്നുവരുന്ന സ്റ്റേഡിയം പണിപൂർത്തീകരിക്കുക. അവിടെ ശാസ്ത്രീയമായ കായിക പരിശീലനം ലഭിക്കുവാൻ പരിശീലകരേയും കായിക ഉപകരണങ്ങളും അനുവദിച്ചുകൊടുക്കുക.

4 വായനശാലകളോടനുബന്ധിച്ച് കലാകേന്ദ്രങ്ങൾ തുറക്കാൻ വേണ്ടസഹായം ചെയ്യുക. ആവിടെ കലാകാരന്മാർക്ക് പരിശീലകരെ നിയോഗിച്ച് പരിശീലനം ലഭ്യമാക്കിക്കൊടുക്കുക.

5 കളിസ്ഥലങ്ങൾ ഇല്ലാത്ത എല്ലാ സാംസ്കാരിക സംഘടനകൾക്കും കളിസ്ഥലം ലഭ്യമാക്കാൻ വേണ്ട സഹായങ്ങൾ നൽകുക. മിക്ക ക്ലബുകളും അവർ ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഫോറസ്റ്റുവകസ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് കളിസ്ഥലമായി ലഭ്യമാക്കിക്കൊടുക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ഉദാ:- 1 വാലുതുണ്ടിൽ ജംഗ്ഷനു സമീപമുള്ള രണ്ടുഹെക്ടർവരുന്ന സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് കളിസ്ഥലമാക്കണം

2 വഴങ്ങോട് ഭാഗത്ത് ഫോറസ്റ്റിനോടുചേർന്നുകിടക്കുന്നതും കളിസ്ഥലമായി ഉപയോഗിച്ചുവരുന്നതുമായ സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് കളിസ്ഥലമാക്കണം

3 കറവൂർ ജംഗ്ഷനുസമീപം ഫോറസ്റ്റുചെക്കുപോസ്റ്റിനു കിഴക്കുവശത്തായി സ്ഥിതിചെയ്യുന്നതും കളിസ്ഥലമായി ഉപയോഗിച്ചുവരുന്നതുമായ സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് കളിസ്ഥലമാക്കണം.

ഇതിന്റെ പ്രായോഗികത പരിശോധിച്ച് കഴിയുന്നിടത്തെല്ലാം കളിസ്ഥലങ്ങൾ ലഭ്യമാക്കാൻ വേണ്ട സഹായങ്ങൾ ചെയ്യുക.

6 സ്വന്തമായി കെട്ടിടസൗകര്യങ്ങൾ ഇല്ലാത്ത രജിസ്റ്റർ ചെയ്ത സംഘടനകൾക്ക് കെട്ടിടം ലഭ്യമാക്കാൻ വേണ്ട ഗ്രാന്റുകളും മറ്റു സാമ്പത്തിക സഹായങ്ങളും അനുവദിച്ചു കൊടുക്കുക.

7. പത്തുവയസിന് താഴെയുള്ള കുട്ടികൾക്കുവേണ്ടി 'കുട്ടികളുടെ പാർക്ക്' അനുവദിക്കുക. അവിടെ കുഞ്ഞുങ്ങളുടെ കായികകലാ ബുദ്ധിവികാസപരിശീലനങ്ങൾക്കുവേണ്ടസൗകര്യങ്ങളും ഉപകരണങ്ങളും ലഭ്യമാക്കി സൗജന്യ പ്രവേശനം അനുവദിക്കുക

8 പട്ടികജാതി പട്ടികവർഗ്ഗവിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്നപ്രദേശങ്ങളിലും കോളനികളിലും കലാകായിക സാംസ്കാരിക പ്രവർത്തനങ്ങൾക്ക് മുൻഗണനനൽകി സഹായങ്ങൾ ലഭ്യമാക്കുകയും മുൻകൈയെടുത്ത് പഞ്ചായത്തുതന്നെ നേരിട്ട് നടപ്പിലാക്കുകയും ചെയ്യുക

9 പഞ്ചായത്ത് ബ്ലോക്ക് ജില്ലാ സംസ്ഥാനതലങ്ങളിൽ നടക്കുന്ന മത്സരങ്ങളിൽ മികച്ച നേട്ടം കൈവരിക്കുന്ന സംഘടനകളേയും വ്യക്തികളേയും അവാർഡുകളും സാമ്പത്തിക സഹായങ്ങളും മറ്റ് പ്രോത്സാഹനങ്ങളും നൽകി ആദരിക്കുക. ജനകീയ പങ്കാളിത്തത്തോടെ ഈ പരിപാടി നടപ്പിലാക്കാവുന്നതാണ്.

10 കമുകുംചേരി വാർഡിലെ (9-ാം വാർഡ്) യു.പി.സ്കൂളിനോട് അനുബന്ധിച്ചുള്ള കളിസ്ഥലത്തിന്റെ പണി പൂർത്തീകരിക്കുക.

11 കലാസാംസ്കാരിക സംഘടനകൾക്കും കായിക സമിതികൾക്കും പഞ്ചായത്തിൽ നിന്നും ഗ്രാന്റ് അനുവദിക്കുക.

12 കിഴക്കൻമലയോര വാർഡായ ചെമ്പനരുവി വാർഡിലെ (10-ാം വാർഡ്) വായനശാലയ്ക്ക് റവന്യൂ ഡി:സബ്സെന്ററിനോട് ചേർന്നുകിടക്കുന്ന തരിശുഭൂമിയിൽനിന്നും സ്ഥലം ലഭ്യമാക്കിക്കൊടുക്കുക.

13 പിറവന്തൂർ യു.പി.എസ്സിന് ഫോറസ്റ്റുവക സ്ഥലം അനുവദിച്ചത് പഞ്ചായത്ത് ഏറ്റെടുക്കണം.

14 പഞ്ചായത്തു തലത്തിൽ അലിമുക്കിനു സമീപം ഒരു നീന്തൽകുളം സ്ഥാപിക്കുക

15 പഞ്ചായത്തുതല സാംസ്കാരിക നയം രൂപീകരിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുക. അതു നടപ്പിലാക്കനെന്നതിനായി ഒരു പഞ്ചാത്തുതല കർമ്മസമിതി രൂപീകരിക്കുകയും വേണം

16 സാക്ഷരതാ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിച്ച് സജീവമാക്കുക. ജനവിദ്യാ കേന്ദ്രങ്ങൾ സജീവമാക്കുകവഴി ഇത് സാദ്ധ്യമാക്കാവുന്നതാണ്.

17 കുറവൂർ വാർഡിൽ പഞ്ചായത്ത് കളിസ്ഥലത്തിനായി വാലുതുണ്ടിൽ ജംഗ്ഷനു സമീപമുള്ള രണ്ടു ഹെക്ടർ സ്ഥലം വനം വകുപ്പിൽനിന്നും അനുവദിച്ചത് അടിയന്തിരമായി പഞ്ചായത്ത് ഏറ്റെടുക്കണം. ടി സ്ഥലം 1983 ൽ സംസ്ഥാന ഗവ:അനുവദിച്ച് ഉത്തരവായതിനുശേഷം കൈമാറ്റത്തിനുള്ള നടപടിക്രമങ്ങളിൽ ഉണ്ടായ കാലതാമസവും സ്ഥലം ഏറ്റെടുക്കാൻ പഞ്ചായത്ത് ശുഷ്കാന്തി കാണിക്കാതിരുന്നതുമാണ് പ്രധാന പ്രശ്നം. ഇതിനിടയിൽ കേന്ദ്ര ഗവ:വനസംരക്ഷണ നിയമം നിലവിൽ വന്നതിനേതുടർന്ന് വനം വകുപ്പിൽനിന്നും നടപടികൾ നടത്താതെയുമിരിക്കുകയാണ്.എന്നാൽ ഈ നിയമം നിലവിൽവരുന്നതിന് വർഷങ്ങൾക്കു മുമ്പു തന്നെ സംസ്ഥാന ഗവ:സ്ഥലം അനുവദിച്ച് ഉത്തരവായതിനാൽ സ്ഥലം വിട്ടുകിട്ടുന്നതിന് നിയമതടസം ഉണ്ടാകാനിടയില്ല.

ഉപസംഹാരം

ഒരു കാര്യം കൂടി, നമ്മുടെ ഇഷ്ടാനിഷ്ടങ്ങൾക്കു കാത്തുനിൽക്കാതെ സാംസ്കാരിക പൈതൃകങ്ങളെ അവഗണിച്ചുകൊണ്ട് ഒരു പുത്തൻ സംസ്കാരപാത വാമൊഴിയും വരമൊഴിയും കീഴടക്കി ഛായാമൊഴിയെന്ന പുതിയ പാതയിലൂടെ സമ്പത്ത് കേന്ദ്രീകരിച്ചിരിക്കുന്നവർ സൃഷ്ടിക്കുകയും വളർത്തുകയും ചെയ്യുന്ന നമ്മുടെ നാടിന് ചേരാത്ത വൈദേശികചുവയുള്ള ജീർണ്ണ സംസ്കാരത്തിന്റെ ചൂടുള്ള കാറ്റ് വീശിത്തുടങ്ങിയിരിക്കുന്നു. സാധാരണക്കാരനേയും അവന്റെ ആസ്വാദന നിലവാരത്തേയും അമ്പരപ്പിക്കുന്ന ഈ ജീർണ്ണ സംസ്കാരത്തിന്റെ അത്യാപത്തിൽനിന്നും എങ്ങനെ രക്ഷപെടാമെന്ന് നാം ഗൗരവപൂർവ്വം ചിന്തിച്ചുതുടങ്ങേണ്ടിയിരിക്കുന്നു. പുത്തൻ വിനിമയ മാർഗ്ഗങ്ങളിലൂടെ വരുന്ന അറിവും (Information)വ്യാഖ്യാനവും (Interpretation) നിലപാടും (Attitude) എല്ലാം ഒരേകേന്ദ്രങ്ങളിൽനിന്നും അടിച്ചേൽപിക്കപ്പെട്ടവയാണ്. ഇതിൽനിന്നും രക്ഷനേടാൻ നാം നമ്മുടെ സംസ്കാരത്തിന്റെ അടിത്തറ കണ്ടെത്തേണ്ടിയിരിക്കുന്നു. അതിന് ധാരാളം പുസ്തകങ്ങൾ വായിക്കേണ്ടിയിരിക്കുന്നു. നല്ല പുസ്തകങ്ങൾ ലഭ്യമാക്കേണ്ടിവരുന്നു. ഗ്രന്ഥശാലകളുടെ ആവശ്യകതയിലേക്കാണ് ഇത് വിരൽചൂണ്ടുന്നത്. മൺമറഞ്ഞുപോയ ജനകീയ കലാരൂപങ്ങൾ പുനരുജ്ജീവിപ്പിക്കണം. നമ്മുടെ വിദ്യാലയങ്ങൾ ഗവ: സംവിധാനത്തിലൂടെ വൈകുന്നേരങ്ങളിലും ഒഴിവുദിവസങ്ങളിലും പ്രവർത്തിക്കുന്ന സാംസ്കാരിക കേന്ദ്രങ്ങളായി മാറണം. അവിടങ്ങളിൽ നമ്മുടെ തനതു സംസ്കാരത്തിന്റെ വിനിമയ പ്രവർത്തനങ്ങൾ നടക്കണം. നമ്മുടെ സംസ്കാരത്തിനു നേരെ വെല്ലുവിളി ഉയർത്തുന്ന ഇന്നത്തെ ടി.വി ചാനലുകളെ അവഗണിച്ചുകൊണ്ട് ജനകീയാഭിമുഖ്യവും പങ്കാളിത്വവുമുള്ള സമാന്തരചാനലുകൾ ഉണ്ടാകേണ്ടതുണ്ട്. നല്ലസിനിമയെന്തെന്ന് ജനങ്ങൾ അറിയണം. അതിനായി ജനകീയ ഫിലിംസൊസൈറ്റികൾക്ക് രൂപം നൽകണം. അവിടെ നല്ല സിനിമകൾ കാണിക്കുകയും ചർച്ചചെയ്യപ്പെടുകയും വേണം. കലാസ്വാദനത്തിനുള്ള നാട്ടുകൂട്ടങ്ങൾ അഥവാ കൂട്ടായ്മയുടെ വേരുകൾ നാട്ടിൻപുറങ്ങളിലും പട്ടണങ്ങളിലും ഉണ്ടാകണം. ജീവിതഗന്ധിയായ നാടകങ്ങളും തെരുവുനാടകങ്ങളും മറ്റ് കലാരൂപങ്ങളും ധാരാളമായി അവതരിപ്പിക്കപ്പെടണം. ജീവിതമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന ഈ കലാരൂപങ്ങളിലൂടെ നമുക്ക് നമ്മേത്തന്നെതിരിച്ചറിയാനും നമ്മുടെ ജീവിതത്തെ രൂപപ്പെടുത്തിയെടുക്കാനും കഴിയണം. ഗ്രാമീണ നാടകശാലകൾ ഉയർന്നുവന്നേ മതിയാകൂ. നാടെമ്പാടും സാംസ്കാരിക പ്രചാരകസംഘങ്ങൾ രൂപീകരിച്ച് യുവാക്കൾ മുന്നോട്ടിറങ്ങി പുതിയ ആസ്വാദന സംഘങ്ങൾക്ക് രൂപം നൽകണം. ഒപ്പം നാടൻ കളികളും നാടൻകലാരൂപങ്ങലും പുനരുജ്ജീവിപ്പിക്കുന്നതിലൂടെ ആരോഗ്യപരമായൊരു കായിക സംസ്കാരം രൂപം കൊള്ളണം. ജനകീയ പങ്കാളിത്തത്തോടെയുള്ള ഇത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വംകൊടുക്കാൻ നമുക്ക് തയ്യാറെടുക്കാം.

"ചോരകുടിക്കും ചെറുകൈയുകളേ
പേറുകവന്നീ പന്തങ്ങൾ....."

ആരാധനാലയങ്ങൾ

വാർഡ് നമ്പർ	ഹിന്ദു ആരാധനാലയങ്ങൾ (എണ്ണം)	ക്രിസ്ത്യൻ ആരാധനാലയങ്ങൾ (എണ്ണം)	മുസ്ലീം ആരാധനാലയങ്ങൾ (എണ്ണം)	മറ്റുള്ളവ	ആകെ
1	..	3	..	..	3
2	4	2	1	..	7
3	3	4	..	..	7
4	4	5	1	..	10
5	3	1	1	..	5
6	5	5	..	..	10
7	2	7	1	..	10
8	1	4	..	..	5
9	1	..	..	..	1
10	3	2	1	..	6
11	2	1	..	..	3
12	2	1	1	..	4
13	3	1	..	..	4
ആകെ	33	36	6	..	75

	പ്രാചീന കലാരൂപങ്ങൾ
1.	കോൽകളി അഥവാ കമ്പടികളി
2.	മലതുള്ളൽ
3.	പാക്കനാർ കളി
4.	കുറവർകളി
5.	കുത്തിയോട്ടം
6.	അർബനമുട്ട്
7.	പുലികളി
8.	ഞാറ്റുപാട്ട്
9.	കരടികളി
10.	തിരുവാതിര
11.	ഭജനപാപാട്ട്
12.	പുരാണ പാരായണം

ഉണ്ടായിരുന്നതും

ഇപ്പോൾ നിലവിലില്ലാത്തതുമയ കലാസാംസ്കാരിക സംഘടനകൾ

ക്രമ നമ്പർ	പേരും വിലാസവും	വാർഡ് നമ്പർ
1	മംഗളം കലാസമിതി, കടയ്ക്കാമൺ	1
2	അനശ്വര ബാലജനസഖ്യം&റേഡിയോക്ലബ്, കടയ്ക്കാമൺ	1
3	പുത്തൻകട യുവജനസംഘടന, പുത്തൻകടജംഗ്ഷൻ	1
4	ആനന്ദ ആർട്ട്സ് & സ്പോട്ട്സ് ക്ലബ്, ചീവോട്	2
5	വിന്നേഴ്സ് ആർട്ട്സ് & സ്പോട്ട്സ് ക്ലബ്, പൂവണ്ണംമൂട്	2
6	സാംജോസ് ആർട്ട്സ് & സ്പോട്ട്സ് ക്ലബ്, കരിമ്പാലൂർ	4
7	യൂണിവേഴ്സൽ ആർട്ട്സ് & സ്പോട്ട്സ് ക്ലബ്, മരുതിമൂട്	4
8	സെഞ്ചറി ആർട്ട്സ് & സ്പോട്ട്സ് ക്ലബ്, ചാച്ചിപ്പുന്ന	4
9	വന്മള പൗരസമിതി, വന്മള	7
10	അലിമുക്ക് സുഹൃത്വേദി, അലിമുക്ക്	7
11	കൈരളീ ആർട്ട്സ് & സ്പോട്ട്സ് ക്ലബ്, പെരുന്തോയിൽ	13

കലാകായികസംഘടനകൾ

ചട്ടിക-2

ക്രമ നമ്പർ	പേരും മേൽവിലാസവും	വാർഡ്	സ്വന്തമായി	സ്വന്തമായി സ്ഥലമുണ്ട്	നാടക സ്ഥലവും	കളിസ്ഥലവും കെട്ടിടവും ഉണ്ടോ?	നിലവിലുള്ള കലാ സാംസ്കാരികസ്ഥാപനങ്ങൾ. ഗ്രന്ഥ ശാലയുണ്ടോ?	പൊതു T.V. സംഘങ്ങൾ ഉണ്ടോ?	നടത്തിയതും നടത്തിവരുന്നതും സാമൂഹ്യസേവനങ്ങൾ /മറ്റെന്തിലും ഏർപ്പെടുന്നുണ്ടോ?	വരുത്തുന്നുണ്ടോ?	പ്രവർത്തനങ്ങൾ	
1	Y.S.K.S. യുവജന സാംസ്കാരിക കലാസമിതി,	1	ഇല്ല		ഇല്ല		ഇല്ല		ഇല്ല	ഇല്ല	വീടുകളിലേയ്ക്ക് സഹായം നൽകിവരുന്നു,	കടയ്ക്കാവൂർ
							10 വീടുകൾ					
2	ദീപം ആർട്സ് & സ്പോർട്സ് ക്ലബ്, പാമ്പുവാ ജംഗ്ഷൻ, പിറവന്തൂർ				1						വ്യാജവാറ്റിനെതിരെ പ്രവർത്തിച്ചിട്ടുണ്ട്. റോഡ് കൈയ്യേറ്റങ്ങൾ പ്രവർത്തനങ്ങൾചെ	
3	പ്രോഗ്രസ്സീവ് ആർട്സ് ക്ലബ്, ചേകം				1							
						യേസ്						
4	ചൈതന്യാ ആർട്സ് & സ്പോർട്സ് ക്ലബ്, ശാസ്താം പടിക്കൽ, പിറവന്തൂർ				2						കേരളോത്സവം, പ്രകൃത്യാലം, മറ്റു സഹായങ്ങൾ ചെയ്തിട്ടുണ്ട്.	
5	പുലയ്ക്കുടിപ്പട്ട് പൗരസമിതി, പിറവന്തൂർ					2					വടകവലി മേള വർഷം തോറും നടത്തുന്നു.	
6	കലാഭാരതി ആർട്സ് & സ്പോർട്സ് ക്ലബ്, പ്രപഞ്ചം തീയ					2		ഉണ്ട് വാർഡിൽ ഗണ യോഗ്യമാക്കൽ ശുചീകരണം ഗ്ലാസ് ഇപ്പോഴില്ല		പുകൈക്കുടി തോന്നൽ സഹായം, റോഡ് ഗതാ		താഴുപ്പാപ്പുടി, പിറവന്തൂർ
7	വിജയാ ആർട്സ് & സ്പോർട്സ് ക്ലബ്, അച്ചക്കുളം, പിറവന്തൂർ				2						തുടങ്ങിവച്ച ചെയ്തിട്ടുണ്ട്.	
8	യംഹാർമോണിസ് ക്ലബ്, അച്ചക്കുളം					2						
9	നേതാജി ആർട്സ് & സ്പോർട്സ് ക്ലബ്, ചീവോട്,പിറവന്തൂർ.					2						
10	സാരഥി ആർട്സ് & സ്പോർട്സ് ക്ലബ്, എലിക്കാട്ടൂർ, പിറവന്തൂർ.					3						
11	നവമി ആർട്സ് & സ്പോർട്സ് ക്ലബ്, എലിക്കാട്ടൂർ, പിറവന്തൂർ.					3						
12	കർച്ചനൽ ആർട്സ് & സ്പോർട്സ് ക്ലബ്, മുന്നാമല, പിറവന്തൂർ.					3						
13	ഫ്രീഡംസ് ആർട്സ് & സ്പോർട്സ് ക്ലബ്, ചാച്ചിപ്പുന്ന, പുന്നല					4						
14	ചൊപ്പുഷ്പം ആർട്സ് & സ്പോർട്സ് ക്ലബ്, ചാച്ചിപ്പുന്ന, പുന്നല					4						
15	ശ്രീദേവിനി ആർട്സ് & സ്പോർട്സ് ക്ലബ്, പിറവല. പുന്നല					4						
16	ശ്രീദേവൂട്ടി ആർട്സ് & സ്പോർട്സ് ക്ലബ്, കരിമ്പാലൂർ, പുന്നല					4						
17	ഗ്രേഷ്സ് ആർട്സ് & സ്പോർട്സ് ക്ലബ്, പുന്നല					5		ആലോം വാർഡിൽ യുവജനവായന ശാലയുടെ നാടകസംഘം			1-ാം വാർഡിൽ നാടകസംഘം യുവജന വായനശാലയുടെ നാടക സംഘം.	
18	ഗാന്ധിജി ആർട്സ് & സ്പോർട്സ് ക്ലബ്, പുന്നല					5						
19	പ്യാർ ആർട്സ് & സ്പോർട്സ് ക്ലബ്, പുന്നല					5						
20	യുവജനവേദി, പുന്നല					5						
21	പുലരി ആർട്സ് ക്ലബ്, പുന്നല					5						
22	യുവദീപ്തി ആർട്സ് & സ്പോർട്സ് ക്ലബ്, കറവൂർ.					6					ഫുട്ബോൾ മത്സരങ്ങൾ.	
23	യുവചേതന ആർട്സ് & സ്പോർട്സ് ക്ലബ്, കറവൂർ.					6						
24	സാഹസ്സിക ആർട്സ് & സ്പോർട്സ് ക്ലബ്, പടയണിപ്പാറ.					6						
25	ഫൈറ്റിസ്റ്റാർ ആർട്സ് & സ്പോർട്സ് ക്ലബ്, വടമോട്.					6						
26	സ്വരാജ് ആർട്സ് & സ്പോർട്സ് ക്ലബ്, വന്നള					7		7-ാം വാർഡിൽ സാംസ്കാരിക നിലയം (പഞ്ചാ വക)			7-ാം വാർഡിൽ പഞ്ചായത്ത് സാംസ്കാരി കനിലയം (പ്രവർത്തനം നിർജ്ജീവാവസ്ഥയിൽ)	
27	ഗാന്ധിജി ആർട്സ് & സ്പോർട്സ് ക്ലബ്, വെട്ടിക്കോട്ട					7						
28	ഫിഗിൽസ് ആർട്സ് & സ്പോർട്സ് ക്ലബ്,											

	പത്തപ്രാ.	7		
29	സംഘാടൻ ആർട്സ് & സ്പോർട്സ് ക്ലബ്, പ്രാവ.	7		
30	നവധാര ആർട്സ് & സ്പോർട്സ് ക്ലബ്, കരുകുംചേരി	9		ഒമ്പതു ക്ലബുകളും റോഡ്, സ്കൂൾ ശുചിമുറികളും, സാക്ഷരതാപ്രവർത്തനം, പ്രാപുസ്തകവിതരണംപുരോഗതി സഹായം നൽകി.
31	യുവശക്തി ആർട്സ് & സ്പോർട്സ് ക്ലബ്, കരുകുംചേരി	9		
32	സാഹ്യ ആർട്സ് & സ്പോർട്സ് ക്ലബ്, കിരാലൂർ.	9		
33	ആനന്ദ ആർട്സ് & സ്പോർട്സ് ക്ലബ്, മണിമംഗലം	9		
34	പ്രഭാത ആർട്സ് & സ്പോർട്സ് ക്ലബ്, മുണ്ടായക്കൽ.	9		
35	അക്ഷരാ ബാലജനസഖ്യം, പാണ്ടോളി മഠം.	9		
36	ശ്രുതിലയ ആർട്സ് & സ്പോർട്സ് ക്ലബ്, പോത്തന്നൂർ.	10		
37	നേതാ ആർട്സ് & സ്പോർട്സ് ക്ലബ്, ആയിരംവില്ലിക്കര.	11		
38	അക്ഷരാ ബാലജനസഖ്യം, പോസ്റ്റാഫീസ്.	11		
39	ഐക്യാ ആർട്സ് ക്ലബ്, നല്ലംകുളം.	11		
40	ചിന്താ ആർട്സ് ക്ലബ്, അണയ്ക്കൽ, മുക്കാടവ്	11		
41	TPI റിക്രിയേഷൻ ക്ലബ്, മുക്കാടവ്.	11		റോഡ് അറ്റകുറ്റപ്പണി പലപ്രാവശ്യം ചെയ്തിട്ടുണ്ട്.
42	സഹോദയ ആർട്സ് & സ്പോർട്സ് ക്ലബ്, കടമ്പൂർ.	12		
43	നിള ആർട്സ് & സ്പോർട്സ് ക്ലബ്, കടമ്പൂർ.	12		
44	അമൃത അലുമാർ ആർട്സ് & സ്പോർട്സ് ക്ലബ്, വെള്ളാംക്കാട്	12		റോഡ് നിർമ്മാണം ശ്രമദാനം വഴി നടത്തി.
45	യുവതരംഗം ആർട്സ് & സ്പോർട്സ് ക്ലബ്, ചെമ്പാരത്ത്.	12		റോഡ് അറ്റകുറ്റപ്പണി ചെയ്തു.
46	പ്രഭാത ആർട്സ് & സ്പോർട്സ് ക്ലബ്, പൊറോവർക്കൽ	13		
47	പ്രതീക്ഷ ആർട്സ് & സ്പോർട്സ് ക്ലബ്, കുറിശ്ശേരി.	13	13-ാം വാർഡിൽ ശ്രുതിലയ തീയേറ്റേഴ്സ് ശ്രുതിലയ മിമിക്സ് ട്രൂപ്പ്	13-ാം വാർഡിൽ നാടകസംഘം. ശ്രുതിലയ തീയേറ്റേഴ്സ്, ശ്രുതിലയ മിമിക്സ് ട്രൂപ്പ്
48	കേളി ആർട്സ് & സ്പോർട്സ് ക്ലബ്, പൊടുന്നാമ്പിൽ	13		
49	യുവതരംഗി ആർട്സ് & സ്പോർട്സ് ക്ലബ്, ചണ്ണയ്ക്കാരൻ.	13		
50	SFCK റിക്രിയേഷൻ ക്ലബ്, കുന്നം കുടി			

വനിത

IV-9

അച്ചൻകോവിൽ കല്ലടയാറുകളോടും വനപ്രദേശത്തോടും തൊട്ടുരുമ്മിക്കിടക്കുന്ന ഈ മലമ്പ്രദേശ ഗ്രാമത്തിന്റെ ചരിത്രത്തിന്റെ ഏടുകൾ പരിശോധിച്ചാൽ കഴിഞ്ഞ എട്ടുപതിറ്റാണ്ടുകൾക്കു മുൻപ് വിദ്യാഭ്യാസത്തിന്റെ ഒരു തരിവെളിച്ചംപോലും ഇല്ലാതിരുന്ന ഒരു കാലഘട്ടം നമുക്ക് കാണാം. തുടർന്ന് സ്ഥാപിക്കപ്പെട്ട ഒന്നോ രണ്ടോ ഗ്രാമവിദ്യാലയങ്ങൾ എല്ലാജനങ്ങൾക്കും പ്രയോജനപ്പെടുത്തുവാൻ കഴിയാതെ പോയതായും കാണാവുന്നതാണ്. പിന്നീട് പല വാർഡുകളിലുമായി വിദ്യാലയങ്ങൾ ഉയർന്നുവന്നെങ്കിലും അന്നത്തെ സാമൂഹ്യ പശ്ചാത്തലം സ്ത്രീകളെ വിദ്യാഭ്യാസത്തിൽനിന്നും മറ്റെല്ലാ സാമൂഹ്യ ചലനങ്ങളിൽ നിന്നും മാറ്റി നിർത്തിയ ചരിത്രമാണ് നമുക്കുള്ളത്. അതുകൊണ്ടുതന്നെ അവർ അവഗണിക്കപ്പെട്ടു. "വീടുകളുടെ ഇടുങ്ങിയ മതിൽക്കെട്ടുകൾക്കുള്ളിൽ കേവലം കുടുംബ പരിചരണക്കാരായി ഗ്രാമങ്ങളിൽ ഒതുങ്ങിക്കഴിയുകയായിരുന്നു

എന്നാൽ ക്രമേണ സ്ഥിതിമാറുകയും വിദ്യാഭ്യാസം കുറേക്കൂടി സാർവ്വത്രികമാകുകയും ചെയ്തതോടെ സ്ത്രീകൾ ധാരാളമായി വിദ്യാഭ്യാസം ചെയ്യുകയും സാമൂഹ്യ സാംസ്കാരിക വിദ്യാഭ്യാസ രംഗങ്ങളിലേക്ക് കടന്നുവരികയും ചെയ്യുന്ന സ്ഥിതിയുണ്ടായി. സമൂഹത്തിൽ നിലനിന്നിരുന്ന കെട്ടുകല്യാണം തുടങ്ങിയുള്ള ഒട്ടനവധി അനാചാരങ്ങളും ഇല്ലാതായതോടെ സ്ത്രീകൾ വിവിധ തൊഴിൽ രംഗങ്ങളിൽ കടന്നുവരാൻ തുടങ്ങിയതായി കാണുന്നു. എങ്കിലും എല്ലാ രംഗത്തും സ്ത്രീകളുടെ പങ്കാളിത്തവും മുന്നേറ്റവും ഈ ഗ്രാമത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും പിന്നോക്കം നില്ക്കുന്നതായിട്ടാണ് കാണാൻ കഴിയുന്നത്. 1991 ലെ സെൻസസ് പ്രകാരം പിറവന്തൂർ ഗ്രാമപഞ്ചായത്തിലെ സ്ത്രീകളുടെ അംഗസംഖ്യ 18034 ആണ്. അവരിൽ 6 വയസ്സിനു താഴെയുള്ള പെൺകുട്ടികളുടെ എണ്ണം 2037 ആയിരുന്നു. പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങളും മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെടുന്നവരും കൂടുതലുള്ള ഈ പ്രദേശത്ത് 1991 ൽ 3314 സ്ത്രീകളും പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട വരാണെന്നു കാണാം. ജനസംഖ്യയിലുള്ള ഈ എണ്ണം കാണിക്കുന്നത് അവർക്ക് സമൂഹത്തിൽ അർഹമായ സ്ഥാനം ഇനിയും ലഭിക്കേണ്ടിയിരിക്കുന്നു എന്ന വസ്തുതയാണ്.

പ്രാഥമികതലം മുതൽ ഹൈസ്കൂൾതലംവരെയുള്ള വിദ്യാഭ്യാസത്തിനുമാത്രമേ ഇപ്പോഴും ഇവിടെ സൗകര്യങ്ങൾ ഉള്ളു. എങ്കിലും വളരെയധികം പെൺകുട്ടികൾ വിദൂരസ്ഥലങ്ങളിൽ നിന്നാണെങ്കിലും ഉന്നത വിദ്യാഭ്യാസം നേടിയവരായുണ്ട്. ഇവരിൽ ഡോക്ടർമാർ, ഗസറ്റഡ് ഓഫീസർമാർ അദ്ധ്യാപകർ മറ്റുവിവിധ ഡിപ്പാർട്ടുമെന്റിൽ പണിയെടുക്കുന്ന ജീവനക്കാർ എന്നിവർ ഉൾപ്പെടുന്നു. ഇവിടെ സർക്കാർ മേഖലയിൽ പണിയെടുക്കുന്ന സ്ത്രീകളിൽ ഭൂരിപക്ഷവും അദ്ധ്യാപികമാരാണ്.

മറ്റുതൊഴിൽ മേഖലകളിലും ഇപ്പോൾ സ്ത്രീകൾ ധാരാളമായി പണിയെടുക്കുന്നുണ്ട്. തൊഴിൽ മേഖലയിലെ സ്ത്രീകളുടെ പങ്കാളിത്തം സൂചിപ്പിക്കുന്ന പട്ടികതാഴെക്കൊടുത്തിരിക്കുന്നു.

തൊഴിൽമേഖല	സ്ത്രീകളുടെഎണ്ണം	പുരുഷന്മാരുടെ എണ്ണം
കർഷകതൊഴിലാളി	1003	3095
മൃഗസംരക്ഷണം	–	–
ഫോറസ്റ്റ്	–	–
പ്ലാന്റേഷൻ പ്രവർത്തനം	220	662
കച്ചവടം, ചെറുകിടവ്യവസായം	51	528
ഗൃഹോപകരണങ്ങളുടെ നിർമ്മാണം	21	89
തൊഴിൽ രഹിതർ	15104	8438
മറ്റുള്ളവ		

ഈ പഞ്ചായത്തിൽ ജോലിചെയ്യുന്ന ആകെയുള്ള 169 അദ്ധ്യാകരിൽ 116 പേരും സ്ത്രീകളാണ്. എങ്കിലും തൊഴിൽ മേഖലയിൽ പൊതുവേ സ്ത്രീകൾക്കെതിരായി ക്രൂരമായ അവഗണന നിലനില്ക്കുന്നു. എന്നുള്ളതാണ് മുകളിലത്തെ പട്ടിക വ്യക്തമാക്കുന്നത്. സ്ത്രീ വിമോചന പ്രസ്ഥാനത്തിന്റെ അലകൾ ഈ ഗ്രാമത്തിൽ അലയടിച്ച് തുടങ്ങിയിട്ടുണ്ട്. അതുവഴി അവർ ഉണർന്നെണീറ്റാലല്ലാതെ, ഒന്നിച്ചു പൊരുതിയാലല്ലാതെ ഇതിൽനിന്നും മോചനം ഉണ്ടാകുമെന്നു കാണുവാൻ നിർവ്വാഹമില്ല. ചെറുകിട വ്യവസായങ്ങൾ, കോഴിവളർത്തൽ, അടുക്കളത്തോട്ടം, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം തുടങ്ങിയവക്ക് പ്രാധാന്യമുള്ള സ്വയംതൊഴിൽ സംരംഭങ്ങൾ എന്നിവയിൽ സ്ത്രീകളെ കേന്ദ്രീകരിക്കുവാനുള്ള ഒരു തീവ്രയത്ന പരിപാടി അത്യാവശ്യമാണ്.

ഈ ഗ്രാമത്തെ സംബന്ധിച്ചിടത്തോളം ഇന്ത്യൻ സ്വാതന്ത്ര്യ സമര പ്രക്ഷോഭങ്ങളിൽ സ്ത്രീകൾ പങ്കാളിത്തം വഹിച്ചതായി അറിവില്ല. അതിനുകാരണം മേൽ സൂചിപ്പിച്ചതുപോലെ സ്ത്രീകളെ വീടുകൾക്കുള്ളിൽ തളച്ചിട്ടിരുന്ന അന്നത്തെ സാമൂഹ്യ രീതിതന്നെയാകാനാണ് സാദ്ധ്യത. എന്നാൽ ഇന്നു പൊതുരംഗത്ത് ധാരാളം സ്ത്രീകൾ വന്നുകൊണ്ടിരിക്കുന്ന പ്രവണതയുണ്ട്. മഹിളാസംഘങ്ങൾ രാഷ്ട്രീയപാർട്ടികളുടെ ആഭിമുഖ്യം ഉള്ളവയും ഇല്ലാത്തവയുമായി ധാരാളം പ്രവർത്തിക്കാൻ തുടങ്ങിയിട്ടുണ്ട്. ജനാധിപത്യ മഹിളാ അസോസിയേഷൻ ഈ പഞ്ചായത്തിൽ സ്ത്രീകളെ സാമൂഹ്യമായി ഉയർത്തിക്കൊണ്ടു വരുന്നതിൽ നേതൃത്വപരമായ പങ്കുവഹിക്കുന്നുണ്ട്. മറ്റു സംഘടനകളും പ്രവർത്തനങ്ങളിൽ ഒട്ടും പിന്നിലല്ല. ഈ ദൃശ പ്രസ്ഥാനങ്ങളിലും മറ്റു രാഷ്ട്രീയപാർട്ടികളിലുമായി കുറെയധികം സ്ത്രീകൾ താലൂക്ക്-ജില്ലാതലങ്ങളിൽ പ്രവർത്തിക്കുന്നവരായുണ്ട്. ഈ ഗ്രാമത്തിന്റെ ഭരണസമിതിയിലും 5 വനിതകൾ പ്രവർത്തിക്കുന്നുണ്ട്. ഈ ഗ്രാമത്തിലെ 36 അംഗൻവാടികളും നയിക്കുന്നത് രണ്ടുപേർവീതമുള്ള വനിതാപ്രവർത്തകരാണ്. സമീപഭാവിയിൽ നടന്ന സാക്ഷരതാ പ്രവർത്തനത്തിലും ഇപ്പോൾ നടന്നുവരുന്ന ജനകീയാസൂത്രണ പ്രസ്ഥാനത്തിലും വനിതാ പ്രാതിനിധ്യം ഉണ്ടായിട്ടുണ്ട്. ഈ പഞ്ചായത്തിന്റെ വിവിധ മേഖലകളിലായി താഴെപറയുന്ന 9 മഹിളാ സമാജങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

വാർഡ് നമ്പർ		മഹിളാസമാജങ്ങളുടെ എണ്ണം
ചേകം	1	2
പിറവന്തൂർ	2	1
ചാച്ചിപ്പുന്ന	4	1
കമുകുംചേരി	9	2
മുക്കടവ്	11	1
കടശ്ശേരി	12	1

വനിതകളുടേതുമാത്രമായി 3 പാലുല്പന്ന യൂണിറ്റുകളും (കടയ്ക്കാമൺ 1, വെട്ടിത്തിട്ട 1, വാഴത്തോപ്പ് 1) ചാച്ചിപ്പുന്നയിൽ കറിപൗഡർ ഉല്പാദിപ്പിക്കുന്ന ഒരു യൂണിറ്റും പ്രവർത്തിക്കുന്നുണ്ട്. ഈ ഗ്രാമത്തിലെ അഞ്ഞൂറിലധികം വീടുകളിൽ സ്ത്രീകളാണ് കുടുംബനാഥകൾ. സ്കൂൾ വിദ്യാർത്ഥികളിൽ പക്ഷേ പെൺകുട്ടികളുടെ സ്ഥിതി തുലോം പിന്നോക്കമായിട്ടാണ് കാണുന്നത്. ഉന്നത വിദ്യാഭ്യാസ രംഗത്തും ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം സ്ഥിതി ഇതുതന്നെ. പെൺകുട്ടികളിൽ എം.എ, എം. എസ്. സി, ബി എഡ് തലം വരെ പോയിട്ടുള്ളവർ ഈ പഞ്ചായത്തിൽ ഉണ്ട്.

സ്ത്രീ പീഢനകേസുകൾ പൊതുവേ കുറവുള്ള ഒരു പ്രദേശമാണിത്. എന്നാൽ അത്തരം കേസുകൾ വിരളമായിട്ടെങ്കിലും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. പ്രായം കൂടിയ സ്ത്രീകളിലുള്ള നിരക്ഷരത നീക്കംചെയ്യുന്നതിന് സാംസ്കാരിക ബോധം വളർത്തുന്നതിനും സാക്ഷരതാ പ്രവർത്തനങ്ങൾ വളരെ സഹായിമായിത്തീർന്നിട്ടുണ്ട്.

വനിതാ മേഖല നേരിടുന്ന പ്രശ്നങ്ങൾ

എല്ലാ രംഗങ്ങളിലുമുള്ള സ്ത്രീകളോടുള്ള അവഗണന കഴിഞ്ഞാൽ ഏറ്റവും വലിയ പ്രശ്നമായി വരുന്നത് തൊഴിലില്ലായ്മ തന്നെയാണ്. ഉള്ളതൊഴിൽ മേഖലയിൽത്തന്നെ കൂലിനിരക്കിലുള്ള വിവേചനവും പ്രശ്നമായി നിലനില്ക്കുന്നു. കൂലി നിലവാരം കാണിക്കുന്ന ഒരു പട്ടിക താഴെ കൊടുത്തിരിക്കുന്നു.

തൊഴിൽ മേഖല	സ്ത്രീകൾ (കൂലി രൂ.)	പുരുഷന്മാർ (കൂലി രൂ)
കർഷക തൊഴിലാളി	50–60	90–100
നിർമ്മാണതൊഴിലാളി	75–80	110–125
ചുമട്ടുതൊഴിലാളി	75–80	110–125

സ്ത്രീകൾ മാത്രം പണിയെടുക്കുന്ന ചില മേഖലകളിൽ നാമമാത്രമായ കൂലിമാത്രം ലഭിക്കുന്ന ഒരു സ്ഥിതിയുമുണ്ട്. ഉദാഹരണമായി കടയ്ക്കാമൺ അബേദ്ക്കർ കോളനിയിൽ ഖാദിബോർഡിൻകീഴിലുള്ള വസ്ത്രനിർമ്മാണശാല, പ്രൈവറ്റ് സ്ഥാപനങ്ങളിൽ ദിവസക്കൂലിക്ക്പണിയെടുക്കുന്ന പെൺകുട്ടികൾ തുടങ്ങിയവർ തുല്യജോലിക്കു തുല്യകൂലിഎന്ന ജനാധിപത്യസങ്കല്പം എത്രയോ അകലെനില്ക്കുന്നു എന്ന് ഇതിൽനിന്നു മനസ്സിലാക്കാം. ഈ പഞ്ചായത്തിന്റെ കിഴക്കൻ മേഖലകളിലുള്ള തോട്ടം തൊഴിലാളികളായ സ്ത്രീകൾക്ക് തൊഴിൽ നിയമങ്ങളുടെ അജ്ഞത മൂലം പല അവകാശങ്ങളും ലഭ്യമാകാതെ പോകുന്ന സ്ഥിതിയുണ്ട്.

സ്ത്രീകളുടെ സാമൂഹ്യരംഗത്തെ പിന്നോക്കാവസ്ഥയ്ക്ക് പുരുഷന്മാരുടെ കൂടി പിൻതുണയും ബോധപൂർവ്വമായ ഇടപെടലുകൊണ്ടു മാത്രമേ മാറ്റങ്ങൾ ഉണ്ടാക്കാൻ സാധിക്കുകയുള്ളു. തുല്യജോലിക്കു തുല്യവേതനമെന്ന സങ്കല്പത്തിലേക്ക് നമ്മുടെ സമൂഹം എത്തിച്ചേർന്നേ മതിയാകൂ. ഇതൊക്കെയാണെങ്കിലും ജോലികൾ ഏറ്റെടുക്കാനുള്ള വിമുഖത സ്ത്രീകളുടെ ഭാഗത്തും വലിയ പോരായ്മതന്നെയാണ്. അവരെ ഉത്തരവാദിത്വമുള്ള ജോലികൾ ഏല്പിക്കാൻ പുരുഷന്മാരുടെ ഭാഗത്തുനിന്നും താല്പര്യം ഉണ്ടാകാറില്ല എന്നതും ഒരു വസ്തുതതന്നെയാണ്. സ്ത്രീകളുടെ ഇടയിലെ ആത്മവിശ്വാസ കുറവ് മറ്റൊരു പ്രധാന പ്രശ്നമായി അവശേഷിക്കുന്നു. ജനസഖ്യയിൽ മുന്നോക്കം നില്ക്കുന്ന സ്ത്രീകൾക്ക് പുരുഷന്മാർക്കുള്ള എല്ലാ അധികാരാവകാശങ്ങളും ലഭിക്കണമെന്നത് കേവലനീതി മാത്രമാണ് സ്വയം തിരിച്ചറിയുകയും സംഘടിത ശക്തിയിലൂടെ അവകാശങ്ങൽ നേടിയെടുക്കുകയും ചെയ്യുക എന്ന ജനാധിപത്യ മാർഗ്ഗംതന്നെയാണ് ഇതിനൊരു പരിഹാരമായിട്ടുള്ളത്. ഇതിനായി സ്ത്രീകൾക്കു പരിശീലനങ്ങളും ബോധവൽക്കരണപരിപാടികളും സംഘടിപ്പിക്കേണ്ടതായിട്ടുണ്ട്. ഇക്കാര്യത്തിൽ രാഷ്ട്രീയ സാംസ്കാരിക സംഘടനകൾക്ക് വലിയ ഉത്തരവാദിത്വമാണുള്ളത്. സ്ത്രീകളുടേതുമാത്രമായ സംഘടനകളും മറ്റു സംരഭങ്ങളും ഉണ്ടാക്കേണ്ടിയിരിക്കുന്നു. അയൽകൂട്ടങ്ങളും മാതൃസംഗമങ്ങളും സംഘടിപ്പിക്കേണ്ടതുണ്ട്. പഞ്ചായത്തുതലത്തിൽ ഒരു കേന്ദ്രീയ വനിതാ സമിതി ഉണ്ടാക്കേണ്ടത് വളരെ പ്രാധാന്യമർഹിക്കുന്നു. ചെറുകിട വ്യവസായ രംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം കൂടുതൽ ഉണ്ടാകുന്നതുവഴി തൊഴില്ല്ലായ്മക്ക് ഒരു പരിധിവരെ പരിഹാരം കാണാവുന്നതാണ്.

തൊഴിൽ നിയമങ്ങളിൽ വേണ്ടത്ര പരിജ്ഞാനമില്ലാത്തതിനാൽ അതിനുവേണ്ട പരിശീലന സൗകര്യങ്ങൾ ഉണ്ടാക്കേണ്ടതാണ്.

അങ്കണവാടി അദ്ധ്യാപകർ ന്യായമായ കൂലികിട്ടാതെ വിഷമിക്കുന്നു.

വിദ്യാലയങ്ങളിൽ പാഠ്യേതര മേഖലകളിൽ പെൺകുട്ടികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കണം.

അന്ധവിശ്വാസങ്ങളും അനാചാരങ്ങളും സ്ത്രീകൾക്കിടയിൽ കൂടുതലാണ്.

പരിഹാരങ്ങളും നിർദ്ദേശങ്ങളും

ഈ പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകത കണക്കിലെടുത്ത് ആടുവളർത്തലും പശുവളർത്തലും ഒരു തൊളിലാക്കി മാറ്റാവുന്നതാണ്. ആയതിന് സഹായകമായ പാലുല്പാദക സഹകരണ സംഘങ്ങൾ ഉണ്ടാക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ ഇപ്രകാരമുല്ള ഒരു യൂണിറ്റുമാത്രമാണ് ഈ ഗ്രാമത്തിലുള്ളത്. കൂടുതൽ യൂണിറ്റുകൾ ആരംഭിച്ച് പ്രവർത്തനക്ഷമമാക്കേണ്ടതുണ്ട്.

പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളവർക്ക് അസംസ്കൃത സാധനങ്ങൽ ലഭ്യമാക്കാൻ കഴിഞ്ഞാൽ ആരംഗത്തെ സ്ത്രീകളുടെ തൊഴിലില്ലായ്മ ഒരു പരിധിവരെ പരിഹരിക്കാവുന്നതാണ്.(ഉദ. കുട്ട, വട്ടി എന്നിവയുടെ നിർമ്മാണം

സ്വയം തൊഴിൽ രംഗത്ത് സ്ത്രീകളുടെ സംരംഭങ്ങൾക്ക് മുൻഗണന നൽകി സാമ്പത്തിക സഹായം അനുവദിക്കേണ്ടതാണ്. സ്വയംതൊഴിൽ കണ്ടെത്താൻ മുന്നോട്ടുവരുന്ന (വനിതാ ഗ്രൂപ്പുകൾക്ക്) സ്ത്രീകളെ ഉദാരമായ സഹായം നൽകി പ്രോത്സാഹിപ്പിക്കാൻ കഴിഞ്ഞാൽ ഇത്തരം രംഗത്തേയ്ക്കു കടന്നുവരുവാനുള്ള അവരുടെ വിമുഖത ഒരു പരിധിവരെ ഒഴിവാക്കാം.
(ഉദാഹണമായി സോപ്പു നിർമ്മാണം, തീപ്പെട്ടിനിർമ്മാണം, മെഴുകുതിരി നിർമ്മാണം തുടങ്ങിയവ)

തുല്യജോലിക്കു തുല്യവേതനം ഉറപ്പാക്കണം. തൊഴിലവസരങ്ങൾ തൊഴിൽനിയമങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ എന്നിവ വ്യക്തമായി സ്ത്രീകൾക്ക് അറിയുവാനുള്ള സംവിധാനം ഉറപ്പുവരുത്തുക.

വിധവാപെൻഷൻ, അഗതിപെൻഷൻ വാർദ്ധക്യകാല പെൻഷൻ മുതലായവ അർഹരായ മുഴുവൻ സ്ത്രീകൾക്കും ലഭിക്കത്തക്ക സംവിധാനം ഉണ്ടാക്കുക. ക്ഷയം, അർബുധം തുടങ്ങിയ രോഗങ്ങൾ ചികിത്സയ്ക്ക് ആശ്വാസമായി നൽകുന്ന സാമ്പത്തിക സഹായം തളർവാതം (പാരാലിസിസ്) ബാധിച്ചവർക്കുകൂടി ലഭിക്കത്തക്കവിധം നടപടികൾ ഉണ്ടാക്കുക.

അങ്കണവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും അവിടെ പ്രവർത്തിക്കുന്ന സ്ത്രീകളുടെ വേതന വ്യവസ്ഥകൾ പരിഷ്കരിക്കുകയും ചെയ്യുക.

സ്കൂളുകളിൽ പാഠ്യേതര മേഖലകളിൽ പെൺകുട്ടികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക

സ്ത്രീ പീഠന കേസുകളുണ്ടായാൽ അവരെ പരസ്യവിചാരണയിൽ നിന്നൊഴിവാക്കി അവർ സ്വമേധയാ നൽകുന്ന മൊഴി തെളിവായി അംഗീകരിക്കുന്ന നിയമങ്ങൾ ഉണ്ടാക്കേണ്ടതാണ്.

വായനശാലകളിലും, ക്ലബ്ബുകളിലും മറ്റു സാംസ്കാരിക രംഗങ്ങലിലും ഔദ്യോഗികരംഗങ്ങൾ.ഉൾപ്പെടെ സ്ത്രീകളുടെ പങ്കാളിത്തം പരമാവധിയുണ്ടാക്കാൻ ശ്രദ്ധിക്കുക.

മദ്യപാനം എന്ന സാമൂഹ്യ വിപത്തിന്റെ കെടുതികൾ അകാരണമായി അനുഭവിക്കേണ്ടിവരുന്നത് സമൂഹത്തിൽ സ്ത്രീകളാണ്. ആയതിനാൽ സമ്പൂർണ്ണ മദ്യനിരോധനമെന്ന ലക്ഷ്യത്തിലേയ്ക്ക് നമ്മുടെ സമൂഹം ഉയരണമെന്ന കാഴ്ചപ്പാടാണ് എല്ലാ വാർഡുകളിൽ നിന്നും ഉയർന്നുവന്നിട്ടുള്ളത്. ആയതിനാൽ ആ ലക്ഷ്യത്തിലേയ്ക്ക് നീങ്ങാനുള്ള നടപടികൾ സ്വീകരിക്കേണ്ടത് അത്യാവശ്യമാണ്.

സ്ത്രീധന നിരോധന നിയമം കർക്കശമായി നടപ്പാക്കണം. ആയതിന് സമൂഹമനസാക്ഷിയെ ഉണർത്തുവാനുള്ള ബോധവൽക്കരണ പരിപാടികൾ നടപ്പാക്കണം.

സ്ത്രീകളെ സ്വയം ബോധവൽക്കരിക്കുന്നതിനുള്ള പ്രചാരണ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടിയാൽ മുകളിൽ സൂചിപ്പിച്ച പ്രവർത്തനങ്ങൾ പ്രാബല്യത്തിലെത്തിക്കാൻ കഴിഞ്ഞാൽ നമ്മുടെ ഗ്രാമത്തിലെ സ്ത്രീകലെ ഒരു പരിധിവരെ അവരുടെ പിന്നോക്കാവസ്ഥയിൽനിന്നും മുന്നേറാൻ സഹായിക്കുന്നതാണ്.

സ്ത്രീകളുടെ സാമ്പത്തിക സ്വാശ്രയത്തിനു ഊന്നൽ കൊടുത്തുകൊണ്ടുള്ള വികസന സമീപനത്തിലൂടെമാത്രമേ സ്ത്രീകൾ ഇന്നനുഭവിക്കുന്ന നാനാതരത്തിലുള്ള പിന്നോക്കാവസ്ഥയ്ക്കു പരിഹാരം കാണാൻ കഴിയൂ.

IV-10 സഹകരണ മേഖല

"സഹകരണം പരാജയപ്പെട്ടു
പക്ഷേ അത് വിജയിക്കുക തന്നെവേണം"
എ. ഡി. ഗോർവാലെ

1904 ൽ പാസ്സാക്കിയ കോ-ഓപ്പറേറ്റീവ് ആക്ട് മൂലം ഭാരതത്തിൽ സഹകരണ പ്രസ്ഥാനങ്ങൾ ആരംഭിച്ചു. കേരളത്തിൽ ആദ്യമായി തിരുവിതാംകൂർ സംസ്ഥാന സഹകരണ ബാങ്ക് സ്ഥാപിതമായി. എന്നാൽ 1919 ൽ സംസ്ഥാന സർക്കാർ സഹകരണം ഒരു വകുപ്പായി അംഗീകരിച്ചതു മുതൽ സഹകരണ സ്ഥാപനങ്ങൾ ഒരോന്നായി രൂപം കൊണ്ടു തുടങ്ങി.

പിറവന്തൂർ പഞ്ചായത്തിൽ ആദ്യമുണ്ടായ സഹകരണ സ്ഥാപനം കൊല്ലവർഷം 1102 ൽ ശ്രീ മാന്മാർ, പി. എസ്സ്. പരമേശ്വരക്കുറുപ്പ്, കൃഷ്ണൻനായർ, പണിക്കർ സാർ, മൈതീൻകുഞ്ഞ് കൊച്ചയ്യം, വേലുപ്പിള്ള തേക്കിൻകാട്, എ. മത്തായി, കല്പകവിലാസം ബാബാസാഹിബ്, പി. വർക്കി, കറുത്ത കുഞ്ഞ് സ്വാമി മുതലായവർ കൂടി രൂപീകരിച്ച പരസ്പര സഹായ സഹകരണ സംഘമാണ്. ഇടക്കാലത്ത് പ്രവർത്തന രഹിതമായതുമൂലം അമാൽഗമേഷൻ നടപടിക്ക് വിധേയമായ ഈ സംഘത്തെ ശ്രീ മാന്മാർ, എസ്. കൃഷ്ണപിള്ള സി. എ ഹമീദ് ഖാൻ, സി. ജി. ഏബ്രഹാം, യു. പി. പത്മനാഭൻ മുതലായവർ ചേർന്ന് പുതു ജീവൻ നല്കി പരിപോഷിച്ചു. ഇതാണ് ഇന്ന് പുന്നല കേന്ദ്രമായി പ്രവർത്തിക്കുന്ന പുന്നല സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ-1389

രണ്ടാമതായി ഈ പഞ്ചായത്തിൽ രൂപംകൊണ്ടത് 1106 ൽ ശ്രീമാൻപിറവന്തൂർ കൃഷ്ണപുരം വീട്ടിൽ കൃഷ്ണൻ രൂപീകരിച്ച് സ്വന്തം വീടുതന്നെ ഓഫീസാക്കി പ്രവർത്തനം തുടങ്ങിയതും പിൽക്കാലത്ത് ശ്രീ മാന്മാർ, എൻ. വിശ്വഭരൻ എസ്. സുധാകരൻ, മാത്തൻ വർഗ്ഗീസ്, കെ. കരുണാകരൻ, പി. ഒ. കേശവൻ മുതലായവരുടെ ശ്രമഫലമായി വളർച്ച പ്രാപിച്ചതുമായ പിറവന്തൂർ സഹകരണ സംഘമാണ് ഇന്ന് പിറവന്തൂർ സർവ്വീസ് സഹകരണ ബാങ്ക് നമ്പർ 1417

വിവിധ മേഖലകളിലായി 13 സഹകരണ സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ ഇന്നു പ്രവർത്തിക്കുന്നുണ്ട് (പട്ടിക 1) ഇവയുടെ എല്ലാം പ്രവർത്തനം പലകാരണങ്ങളാലും ഇന്ന് വളരെ മന്ദഗതിയിലാണ്.

പട്ടിക 1

നമ്പർ	സംഘത്തിന്റെ പേര്	ആസ്ഥാനം	പ്രവർത്തന മേഖല
1	പുന്നല സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ-1389	പുന്നല	ചാച്ചിപ്പുന്ന, പുന്നല, കടശ്ശേരി, കറവൂർ, പെരിന്തോയിൽ, ചെമ്പനരുവി എന്നീവാർഡുകൾ
2	പിറവന്തൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ-1417	പിറവന്തൂർ	എലിക്കാട്ടൂർ, കിഴക്കേമുറി, ചേകം, പിറവന്തൂർ, വന്മള, മുക്കടവ് എന്നീ വാർഡുകൾ
3	പിറവന്തൂർ ക്ഷീര സഹകരണ സംഘം	വെട്ടിത്തിട്ട	പിറവന്തൂർ, വന്മള, മുക്കടവ് എന്നീവാർഡുകൾ
4	പട്ടികജാതി സഹകരണ സംഘം ക്ലിപ്തം നമ്പർ-419	കറവൂർ	കറവൂർ, പെരിന്തോയിൽ, വന്മള എന്നീവാർഡുകൾ
5	പട്ടികജാതി സഹകരണ സംഘം ക്ലിപ്തം നമ്പർ-923	പിറവന്തൂർ	പിറവന്തൂർ, ചേകം, എലിക്കാട്ടൂർ, വന്മള, മുക്കടവ്, കമുകുംചേരി എന്നീ വാർഡുകൾ

പിറവന്തൂർ പഞ്ചായത്ത്

രൂപരേഖ (Location Sketch)

- കാർഷിക വായ്പാ സംഘങ്ങൾ
- പട്ടിക ജാതി സംഘങ്ങൾ
- ക്ഷീരസഹകരണ സംഘം
- വനിതാ കർഷക സംഘങ്ങൾ
- സ്കൂൾ സഹകരണ സംഘങ്ങൾ



	റബ്ബർ ഉല്പാദക സഹകരണ സംഘങ്ങൾ		
6	പുന്നല	പുന്നല	പുന്നല, ചാച്ചിപ്പുന്ന, കടശ്ശേരി
7	കറവൂർ	കറവൂർ	കറവൂർ, പെരിന്തോയിൽ.
8	എലിക്കാട്ടൂർ	എലിക്കാട്ടൂർ	എലിക്കാട്ടൂർ, കമുകുംചേരി
9	പിറവന്തൂർ	പിറവന്തൂർ	പിറവന്തൂർ
10	കിഴക്കേമുറി	കിഴക്കേമുറി	കിഴക്കേമുറി ചേകം

	സ്കൂൾ സഹകരണ സംഘങ്ങൾ
11	ഗവ. ഹയർസെക്കൻഡറി സ്കൂൾ, പുന്നല
12	ഗുരുദേവാ ഹൈസ്കൂൾ, പിറവന്തൂർ
13	ഗവ. യു. പി. എസ്. പിറവന്തൂർ

സഹകരണ സംഘങ്ങളുടെ ഇന്നത്തെ അവസ്ഥ

കാർഷിക മേഖലയിൽ പുന്നല സർവ്വീസ് സഹകരണ സംഘവും പിറവന്തൂർ സർവ്വീസ് സഹകരണ ബാങ്കുമാണ് ഈ പഞ്ചായത്തിലെ കർഷകർക്ക് ആശ്രയമുള്ളത്. ഇതിൽ പുന്നല സർവ്വീസ് സഹകരണ സംഘത്തിന്റെ പ്രവർത്തനം വളരെ നല്ല നിലയിൽ നടന്നിരുന്നു. സംഘത്തിന്റെ കീഴിൽ റേഷൻ ഡിപ്പോ, വളംഡിപ്പോ, തുണിക്കട, കാർഷികോപകരണങ്ങളുടെ വിൽപ്പന മുതലായവ ഉണ്ടായിരുന്നു. സംഘം ജീവനക്കാരിൽ ചിലർ നടത്തിയ പണമിടപാടുകളിൽ ഉണ്ടായ പാളിച്ച മൂലം സംഘത്തിന് ജനവിശ്വാസം നഷ്ടപ്പെടുകയും തുടർന്ന് 20 വർഷമായി പ്രവർത്തന മാന്ദ്യം സംഭവിക്കുകയും ചെയ്ത നിലയിലാണ്. മാറി മാറി വന്ന ഭരണ സമിതിയ്ക്ക് ജനവിശ്വാസം വീണ്ടെടുക്കാൻ സാധിച്ചില്ല. അതുപോലെ തന്നെ വിതരണം ചെയ്യുന്ന കാർഷിക, കാർഷികേതര വായ്പകൾ തിരിച്ചടയ്ക്കുന്ന കാര്യത്തിൽ സഹകാരികൾ വീഴ്ച വരുത്തുകയും വിതരണം ചെയ്യുന്ന വായ്പകൾ നടപടിനടത്തി മാത്രമേ തിരിച്ചു വരു എന്ന നിലയിലുമായി അതുകൊണ്ട് വായ്പാ വിതരണം ക്രമമായി നടത്താൻ സംഘം ഭാരവാഹികൾക്ക് സാധിക്കാതെയും വന്നു. 1996 ൽ നിലവിൽ വന്ന ഭരണ സമിതി മുടങ്ങിക്കിടന്ന വളം ഡിപ്പോയുടെ പ്രവർത്തനം പുനരാരംഭിച്ചു. ഈ വായ്പകൾ വിതരണം നടക്കുന്നു. ഡെഫിസിറ്റ് അടച്ചു തീർത്ത് വായ്പാ വിതരണം ത്വരിതപ്പെടുത്താനുള്ള ശ്രമത്തിലാണിപ്പോൾ പിറവന്തൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തനം നടക്കുന്നുണ്ട് എങ്കിലും വിതരണം ചെയ്ത വായ്പകൾ ഏറിയ പങ്കും കാലാവധി കഴിഞ്ഞിട്ടും തിരിച്ചടയ്ക്കപ്പെട്ടിട്ടില്ല. നിക്ഷേപങ്ങളും ചിട്ടിയുള്ളതുകൊണ്ട് പ്രവർത്തനം മുന്നോട്ട് പോകുന്നു.

പിറവന്തൂർ, കറവൂർ എന്നിവടങ്ങളിൽ പ്രവർത്തിക്കുന്ന പട്ടികജാതി സഹകരണ സംഘങ്ങളുടേയും പ്രവർത്തനം നിലച്ച മട്ടിലാണ്. ഈ രണ്ടു സ്ഥാപനങ്ങൾക്കും സ്വന്തമായി ഓഫീസ് കെട്ടിടംപോലും ഉണ്ടായിട്ടില്ല. പട്ടികജാതിക്കാർക്ക് വിതരണം ചെയ്യാൻ സർക്കാർ നല്കിയ തുക വിതരണം ചെയ്തു എങ്കിലും വർഷങ്ങൾ കഴിഞ്ഞിട്ടും തിരിച്ചടവ് നടന്നിട്ടില്ല.

ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഏക ക്ഷീര സഹകരണ സംഘം വന്മള വാർഡിൽ വെട്ടിത്തിട്ടയിലാണ് പ്രവർത്തിക്കുന്നത്. ഇവിടെ പ്രതിദിനം 270 ലിറ്ററോളം പാൽ സംഭരിക്കുന്നു. സംഭരിക്കുന്ന പാൽമുഴുവൻ തന്നെ പ്രാദേശികമായി വിതരണം നടത്തുകയും ചെയ്യുന്നു. സഹകാരികൾക്ക് പാൽ വില്പനനടത്താൻ സാധിക്കുന്നു എന്നുള്ളതല്ലാതെ സഹകരണ സ്ഥാപനങ്ങളിലൂടെ ലഭിക്കേണ്ട യാതൊരു ആനുകൂല്യവും അവർക്ക് ലഭിക്കുന്നില്ല.

റബ്ബർ ഉല്പാദക കർഷ സംഘങ്ങൽ ഈ പഞ്ചായത്തിൽ 5 എണ്ണമുണ്ട് ചാരിറ്റബിൾ ആക്റ്റ് അനുസരിച്ച് രജിസ്റ്റർ ചെയ്ത് റബ്ബർ ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്നു. ബോർഡിൽ നിന്നും ലഭിക്കുന്ന ആനുകൂല്യം അല്ലാതെ ഒരു സഹകരണ സ്ഥാപനത്തിൽ നിന്നും കർഷകർക്ക് ലഭിക്കേണ്ടയാതൊരു വിത വായ്പാ സൗകര്യങ്ങൾ ഒന്നും തന്നെ ലഭിക്കുന്നില്ല. വായ്പാ സംഘങ്ങളുടെ പട്ടിക ചേർക്കുന്നു.



പട്ടിക 2

കാർഷിക വായ്പാ സംഘങ്ങൾ

ക്രമ നമ്പർ	സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ച വർഷം	പ്രവർത്തന പരിധി	അംഗത്വം	ഓഹരി മൂലധനം (000)	കടം (000)	നിക്ഷേപം (000)	വായ്പ കാർഷി (000)	സ്ഥിരം (000)	ജീവന ക്കാർ
1	പുന്നലസർവ്വീസ്ഹക ണസംഘം ക്ലിപ്തം നമ്പർ–1389	കൊല്ലവർഷം 1102	ചാച്ചിപ്പുന്ന, പുന്നല കടശ്ശേരി, പെരുന്തോ യിൽ, കറവൂർ, ചെമ്പ നരുവി, എന്നീ വാർ ഡുകൾ	2407	330	2000	255	1418	636	2 1
2	പിറവന്തൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം–1417	1106	പിറവന്തൂർ, എലിക്കാ ട്ടൂർ, കിഴക്കേമുറി, ചേകം, വന്മള, മുക്ക ടവ്, എന്നീ വാർഡുകൾ	5439	1500	3500	1244	1872	1747	4 2

കാർഷിക മേഖല

1 ഹൃസ്വകാല മധ്യകാല വായ്പകൾ

ഏകദേശം 4000 ത്തോളം കർഷക കുടുംബങ്ങൾ അതിവസിക്കുന്ന പ്രവർത്തന മേഖലയാണ് പുന്നല സർവ്വീസ് സഹകരണ സംഘത്തിനുള്ളത്. ഇതിൽ 2400 അംഗങ്ങൾ മാത്രമാണ് സംഘത്തിൽ അംഗത്വമുള്ള ത്. ഇവർക്ക് ഹൃസ്വകാല മധ്യകാല കാർഷിക വായ്പ നല്കാൻ പ്രതിവർഷം 25 ലക്ഷത്തോളം രൂപ വേണ്ടി വരും എന്നാൽ12 ലക്ഷംരൂപ മാത്രമാണ് ടി സംഘത്തിൽ നിന്നും ഈ ഇനത്തിൽ വിതരണം ചെയ്യാൻ സാധി ച്ചത്. 5000 ത്തോളം കർഷക കുടുംബങ്ങൾ അധിവസിക്കുന്ന പ്രവർത്തന മേഖല പിറവന്തൂർ സഹകരണ ബാങ്കിനുമുണ്ട്. 5000 ത്തോളം ആളുകൾ മാത്രമാണ് അംഗത്വമെടുത്തിട്ടുള്ളത്. ഇവിടെ വിതരണം ചെയ്യാൻ 40 ലക്ഷത്തോളം രൂപ വേണ്ടി വരു. വിതരണം ചെയ്തതാകട്ടെ 19 ലക്ഷമാണ്. നിലവിലുള്ള കാർഷിക വാ യ്പാ സംവിധാനത്തിൽ മാറ്റം വരുത്തിയാൽ മാത്രമേ ആവശ്യാനുസരണം വായ്പ വിതരണം ചെയ്യുവാൻ സാധിക്കുകയുള്ളു ഈ സ്ഥാപനങ്ങളുടെ വായ്പാ വിതരണത്തിൽ പ്രധാനമായും തടസ്സമുണ്ടാക്കുന്നത് കൃ ത്യസമയത്ത് വിതരണം ചെയ്ത വായ്പ തുകയും പലിശയും തിരിച്ചടവ് വരാത്തതാണ്.

ഈ രണ്ടു സ്ഥാപനങ്ങളും ലാൻഡ് രജിസ്ട്രേഷൻ പ്രകാരം ക്രഡിറ്റ് ലിമിറ്റ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ജി ല്ലാബാങ്കിൽ നിന്നും അംഗീകാരം വാങ്ങാറുണ്ട്. എങ്കിലും അർഹരായ എല്ലാവർക്കും വായ്പ നല്കാൻ സാ ധിക്കുന്നില്ല.

പിറവന്തൂർ, കറവൂർ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന പട്ടികജാതി സഹകരണ സംഘങ്ങൾ വിതര ണം ചെയ്യുന്ന ഹൃസ്വകാല കാർഷിക വായ്പ നാമമാത്രമാണ്. പിറവന്തൂർ സംഘം 60000 രൂപയും കറവൂർ സംഘം 35000 രൂപയും മാത്രമാണ് ഇതുവരെ വിതരണം ചെയ്തത്. വിതരണം ചെയ്ത തുകകൾ ഇതുവരെ തിരിച്ചടച്ചിട്ടുമില്ല.

പട്ടി 3

പട്ടിക ജാതി സഹകരണ സംഘം

കമ നമ്പർ	സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ച വർഷം	പ്രവർത്തന പരിധി	അംഗത്വം	മൂലധനം	വായ്പ	ജീവന ക്കാർ
1	കറവൂർ പട്ടികജാതി സഹകര സംഘം ക്ലിപ്തം–419	1969	കറവൂർ, വന്മള, പെരുന്തോ യിൽ വാർഡുകൾ	410	9410	35000	2
2	പിറവന്തൂർ പട്ടികജാതി സഹകരണ സംഘം ക്ലിപിതം–923	1987	പിറവന്തൂർ, എലിക്കാട്ടൂർ ചേകം, കിഴക്കേമുറി കമുകുംചേരി, മുക്കടവ് വാർഡുകൾ	401	1920	60000	2

ദീർഘകാല കാർഷികവായ്പ

പുന്നല സർവ്വീസ് സഹകരണ സംഘം പിറവന്തൂർ സർവവീസ് സഹകരണ ബാങ്ക് ഇവ വിതരണം ചെയ്യുന്നു. ദീർഘകാല കാർഷിക വായ്പകൾ വളരെ പരിമിതമാണ്. പത്തനാപുരം താലൂക്ക് കാർഷിക ഗ്രാമ വികസന ബാങ്ക് ആണ് ഈ പഞ്ചായത്തിലെ കർഷകർക്ക് ആവശ്യമായ ദീർഘ കാല കാർഷിക വായ്പ നൽകുന്ന പ്രധാന സ്ഥാപനം ഇവിടെ നിന്നും വായ്പ ലഭിക്കുവാൻ സാങ്കേതിക ബുദ്ധിമുട്ട് ഏറെയുണ്ട്. 1995-96 വർഷത്തിൽ ഈ പഞ്ചായത്ത് പ്രദേശത്ത് 3476000 രൂപ മാത്രമാണ് ടി ബാങ്ക് വിതരണം ചെയ്തത്.

വീട് നിർമ്മാണം

വീട് നിർമ്മാണത്തിന് ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് പത്തനാപുരം താലൂക്ക് ഹൗസിംഗ് സഹകരണ സംഘവും കാർഷിക ഗ്രാമ വികസന ബാങ്കു മാണ് വായ്പ നല്കി വരുന്നത്. ഫണ്ടിന്റെ അപര്യാപ്തത മൂലം കാർഷിക വികസന ബാങ്കിൽ നിന്നും പെട്ടെന്ന് തുക ലഭ്യമല്ല. ഈ വർഷം ഈ പഞ്ചായത്ത് പ്രദേശത്തേക്ക് ഗ്രഹ നിർമ്മാണത്തിന് 22 ലക്ഷം രൂപയാണ് ടി ബാങ്ക് വിതരണം ചെയ്തത്. ഹൗസിംഗ് സൊസൈറ്റി ആണെങ്കിൽ വായ്പ തുക മൂന്ന് തവണകളായി മാത്രമേ വിതരണം ചെയ്യുകയുള്ളു. ആയത് ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന രീതിയാണ്.

വ്യവസായം

ചെറുകിട വ്യവസായങ്ങൾ ആരംഭിക്കാൻ പുന്നല സർവ്വീസ് സഹകരണ സംഘവും പിറവന്തൂർ സർവ്വീസ് സഹകരണ ബാങ്കും കാർഷികേതര വായ്പകൾ നല്കുന്നുണ്ട്. പക്ഷേ അവ വളരെ പരിമിതമാണ്. ഈ രണ്ടു സ്ഥാപനങ്ങളും 95-96 വർഷത്തിൽ വിതരണം ചെയ്തത് യഥാക്രമം 6 ലക്ഷം രൂപയും 7 ലക്ഷം രൂപയുമാണ് ഈ ആവശ്യത്തിന് കാർഷിക വികസന ബാങ്ക് വിതരണം ചെയ്തത് ഈ പഞ്ചായത്ത് പ്രദേശത്തേക്ക് 6 ലക്ഷം രൂപയാണ്.

ക്ഷീരോല്പാദനം

കാർഷിക മേഖലയായ ഈ പഞ്ചായത്തിൽ ഉല്പാദനം വർദ്ധിപ്പിക്കാവുന്ന ഒരു മേഖല ക്ഷീരോല്പാദനമാണ്. പക്ഷേ അതിന്റെ വികസനത്തിനുവേണ്ടി കർഷകരെ പ്രോത്സാഹിപ്പിക്കുവാൻ കാര്യമായ ഒരു സംവിധാനവും ഇന്ന് നിലവിലില്ല.

വിവിധ മേഖലകളിൽ നടപ്പിലാക്കേണ്ട പദ്ധതികൾ

1. ഈ പഞ്ചായത്തിലെ കാർഷിക വായ്പാ സ്ഥാപനങ്ങൾ പുന്നല സർവ്വീസ് സഹകരണ സംഘവും പിറവന്തൂർ സർവ്വീസ് സഹകരണ ബാങ്കുമാണ്. ഇവരണ്ടുമിപ്പോൾ സാമ്പത്തിക ബുദ്ധിമുട്ടിലാണ് പ്രവർത്തിക്കുന്നത്. പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ സർക്കാർ മൂലധനം പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനത്തിന്റെ 50% എങ്കിലും ആക്കി ഉയർത്തണം.
2. കാർഷിക വായ്പാ വിതരണത്തിന് ജില്ലാ ബാങ്ക് ആവശ്യാനുസരണം തുക അനുവദിക്കണം.
3. സ്വകാര്യ ചിട്ടി ഇടപാടുകൾ ഇന്ന് നിലവിലില്ലാത്തതിനാൽ ചിട്ടി നിയമ വ്യവസ്ഥകൾ ലഘൂകരിച്ച് സംഘങ്ങൾക്ക് ചിട്ടി നടത്താൻ കൂടുതൽ സൗകര്യങ്ങൾ ഉണ്ടാക്കുക.
4. നിക്ഷേപ സമാഹരണം നടത്തി പ്രവർത്തന മൂലധനം വർദ്ധിപ്പിച്ച് ആ തുക ലാഭകരമായ വിതത്തിൽ വിനിയോഗിക്കുക (ഉദ: സ്വർണ്ണ പണ്ഡപണയ വായ്പ, കൺസ്യൂമർ വായ്പ മുതലായവ.
5. ഓരോ കർഷകനും ഒരു വർഷത്തേക്ക് ആവശ്യമായ കാർഷിക വായ്പ വർഷാരംഭത്തിന് മുൻപുതന്നെ പാസ്സാക്കി കർഷകർക്ക് ക്രഡിറ്റ് കാർഡ് സമ്പ്രദായം നടപ്പിലാക്കുക.
6. സഹകരണ സ്ഥാപനങ്ങൾ കർഷകരെ സംബന്ധിച്ച പൂർണ്ണ വിവരങ്ങളോടു കൂടിയ ലാൻഡ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും അതനുസരിച്ച് ഒരോ വർഷത്തേക്കും ആവശ്യമായ തുക തിട്ടപ്പെടുത്തുകയും ചെയ്യുക.
7. സർക്കാരിൽ നിന്നും അനുവദിച്ചു കിട്ടുന്ന പലിശ സബ്സിഡി യഥാക്കാലം വായ്പകാർക്ക് ലഭിക്കുന്നതിന് അടിയന്തിര നടപടികൾ സർക്കാർ തലത്തിലും ബാങ്ക് തലത്തിലും ചെയ്യേണ്ടതാണ്.
8. വ്യക്തികൾക്ക് അനുവദിക്കുന്ന കാർഷിക വായ്പയുടെ പരിധി ആവശ്യം കണക്കിലെടുത്ത് ഉയർത്തേണ്ടതാണ്.
9. കാർഷികോല്പന്നങ്ങൾക്ക് വിലയിടിവ് വരുമ്പോൾ അവ സെക്യൂരിറ്റി ആയി വാങ്ങിക്കൊണ്ട് "കീലോൺ" അനുവദിച്ചു കൊടുക്കുവാൻ സംവിധാനം ഉണ്ടാക്കണം.
10. സാമ്പത്തിക ബുദ്ധിമുട്ട് ഉള്ള സംഘങ്ങൾക്ക് പ്രവർത്തനം മെച്ചപ്പെടുത്താൻ ആവശ്യമായ തുക ദീർഘ കാല വായ്പയായി പലിശയില്ലാതെ നൽകുക.
11. പഞ്ചായത്തിന്റെ തനതു ഫണ്ടും ഗ്രാന്റുകളും സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കേണ്ടതും അതുമൂലം ബാങ്കുകളുടെ പ്രവർത്തനത്തെ സഹായിക്കുകയും പഞ്ചായത്തിന് വികസന വായ്പകൾ സഹകരണ സ്ഥാപ

നത്തിൽ നിന്നും ലഭ്യമാക്കാനും കഴിയും.

12. കർഷിക വിഭവങ്ങൾ സംഭരിക്കാനും വിതരണം ചെയ്യാനുമുള്ള സംവിധാനങ്ങൾ കൂടി കാർഷിക സഹകരണ സംഘങ്ങലിൽ ആരംഭിക്കേണ്ടത് നല്ലതാണ്.

13. പട്ടികജാതി സഹകരണ സംഘങ്ങൾക്ക് കാർഷികവായ്പ വിതരണത്തിന് കൂടുതൽ തുക അനുവദിക്കേണ്ടതാണ്.

14. ദീർഘകാല വായ്പ നല്കിവരുന്ന കാർഷിക ഗ്രാമ വികസന ബാങ്കുകളുടെ വായ്പാ വിതരണ സംവിധാനം ലളിതവല്ക്കരിക്കുക.

15. വീട് നിർമ്മാണത്തിന് വായ്പ നല്കുന്ന താലൂക്ക് ഹൗസിംഗ് സൊസൈറ്റിക്കും കാർഷിക ഗ്രാമവികസന ബാങ്കിനും ആവശ്യാനുസരണം ഫണ്ട് അനുവദിക്കുകയും വായ്പാ സംവിധാനങ്ങൾ ലളിതവല്കരിക്കുകയും ചെയ്യുക.

16. ചെറുകിട വ്യവസായങ്ങൾക്ക് വായ്പ നല്കാൻ കാർഷിക വായ്പാ സംഘങ്ങൾക്ക് അനുവദിക്കുന്ന കാർഷികേതര വായ്പാ ഫണ്ട് വർദ്ധിപ്പിക്കുക.

17. സ്കൂൾ സഹകരണ സംഘങ്ങൾക്ക് സർക്കാർ നല്കുന്ന പ്രവർത്തന മൂലധനം വർദ്ധിപ്പിക്കുകയും അതുപയോഗിച്ച് കുട്ടികൾക്ക് ആവശ്യമുള്ള പാഠ്യോപകരണങ്ങൾ കൂടി വിതരണം ചെയ്യാവുന്ന ഓരോ സ്റ്റോർ സ്കൂളിൽ തന്നെ പ്രവർത്തിപ്പിക്കുകയും ചെയ്യുക.

18. റബ്ബർ സംഘങ്ങളെ സംയോജിപ്പിച്ച് പഞ്ചായത്ത് തലത്തിലൊരു ക്രഡിറ്റ് സഹകരണ സംഘം രൂപീകരിക്കുകയും അതിലൂടെ റബ്ബർ കർഷകർക്ക് കാർഷികോപകരണങ്ങൾ, വളം, ഇവ വിതരണം നടത്തുകയും റബ്ബർപാൽ ഇവ ശേഖരിച്ച് വിപണനം നടത്തുന്നതിനുവേണ്ട സംവിധാനമുണ്ടാക്കുകയും ചെയ്യുക.

19. ക്ഷീരോല്പാദനത്തിനു മുൻഗണന കൊടുക്കാവുന്ന ഒരു പഞ്ചായത്ത് ആയതിനാൽ ഈ പഞ്ചായത്തിലൊരു ക്ഷീരസഹകരണ സംഘം സ്ഥാപിക്കുകയും എല്ലാ വാർഡിലും ഓരോ ക്ഷീര സംഭരണ കേന്ദ്രങ്ങൾ തുറക്കുകയും ചെയ്യുക.

20. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വനിതാ സഹകരണ സംഘങ്ങൾ രൂപീകരിച്ച് അവയുടെ മേൽനോട്ടത്തിൽ ഗാർമെന്റ് മേക്കിംഗ്, അച്ചാർ നിർമ്മാണം, കോഴി വളർത്തൽതുടങ്ങി ഏതെങ്കിലും കുടിൽ വ്യവസായങ്ങൽ ആരംഭിക്കാൻ വേണ്ട സംവിധാനങ്ങൽ ഉണ്ടാക്കുക.

21. അസംഘടിത തൊഴിൽ മേഖലയിൽ തൊഴിൽ ചെയ്യുന്ന ധാരാളം തൊഴിലാളികൾ ഈ പഞ്ചായത്തിൽ ഉണ്ട് ഇവർക്ക് സ്ഥിരം തൊഴിൽ ലഭിക്കാൻ പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു ലേബർ കോൺട്രാക്ട് സഹകരണ സംഘം രൂപീകരിക്കേണ്ടതും പഞ്ചായത്ത് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഈ സംഘം മുഖേന നടത്താവുന്നതും മറ്റ് നിർമ്മാണ ജോലികൾ സംഘത്തിന് ഏറ്റെടുത്ത് നടത്താവുന്നണ്തുമാണ്.

22. ഈ പഞ്ചായത്തിലെ പാടശേഖരങ്ങളെ കേന്ദ്രീകരിച്ച് രൂപീകരിച്ച ഗ്രൂപ്പ് ഫാമിംഗ് സംഘങ്ങളേയും കേര സംരക്ഷണ സംഘങ്ങളേയും പ്രവർത്തന ക്ഷമമാക്കുകയും അതിലൂടെ നെൽകർഷകർക്ക് ഹെക്ടർ ഒന്നിന് 1500 രൂപ സബ്സിഡിയും മേൽത്തരം വിത്ത്, കീടനാശിനി, വളം, ഡ്രില്ലർ ഇവ ലഭ്യമാക്കുകയും തെങ്ങിന് വളവും കീടനാശിനിയും മറ്റും ലഭ്യമാക്കുകയും വേണം

മറ്റ് നിർദ്ദേശങ്ങൾ

1. നിലവിലുള്ള കാർഷിക വായ്പാ സംഘങ്ങളിൽ നിന്നും അകലകൂടുതലുള്ള ഈ പഞ്ചായത്തിലെ കിഴക്കൻ മേഖലയിലെ വാർഡുകൾ ചേർത്ത് ഒരു പുതിയ വായ്പാ സംഘം രൂപീകരിച്ച് പ്രവർത്തിക്കുന്നത് കൂടുതൽ സൗകര്യപ്രദമായിരിക്കും.

2. പട്ടിക ജാതി സഹകരണ സംഘങ്ങൾക്ക് ഓഫീസ് കെട്ടിടം ഉണ്ടാക്കുന്നതിന് സാമ്പത്തിക സഹായം അനുവദിക്കേണ്ടതാണ്.

3. പട്ടിക ജാതി സഹകരണ സംഘങ്ങൽ വഴി വിതരണം ചെയ്യുന്ന കാർഷിക വായ്പാ തുകകൾ കാർഷിക ആവശ്യത്തിനുതന്നെ വിനിയോഗിക്കാനും യഥാകാലം തിരിച്ചടയ്ക്കുന്നതിനുള്ള സംവിധാനമേർപ്പെടുത്തുക.

4. പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി വായ്പാ സംഘങ്ങളും ബാങ്കുകളും വഴി മേൽത്തരം പശുക്കളെ വാങ്ങാൻ വായ്പാ വിതരണം നല്കുക.

5. കാലിത്തൊഴുത്ത് നിർമ്മിക്കാൻ മൃഗസംരക്ഷണ വകുപ്പ് വഴി സബ്സിഡി അനുവദിക്കുക.

6. പശുക്കൾക്ക് നല്കാൻ വേണ്ടി കാലിത്തീറ്റ നിയന്ത്രിത വിലയ്ക്ക് ക്ഷീര സംഭരണ കേന്ദ്രങ്ങൾ വഴി വിൽപ്പന നടത്തുക

7. മൃഗ സംരക്ഷണ ഡിപ്പാർട്ടുമെന്റിന്റെ സേവനം കൂടുതൽ ലഭ്യമാക്കുക. ആയതിന്റെ ഭാഗമായി പിറവന്തൂർ (രണ്ടാം വാർഡ്) ൽ ഒരു മൃഗാശുപത്രി ഉണ്ടാക്കുക.

8. ഈ പഞ്ചായത്തിലെ ഏതെങ്കിലും വാർഡിൽ ഒരു മിൽക്ക് പ്ലാന്റ് സ്ഥാപിച്ചാൽ ഈ പഞ്ചായത്തിൽ സംഭരിക്കപ്പെടുന്ന പാലും അടുത്ത പഞ്ചായത്തുകളായ ആര്യങ്കാവ്, തെന്മല, എന്നിവിടങ്ങളിലെ സംഘങ്ങൾ ശേഖരിക്കുന്ന പാലും ഈ പ്ലാന്റിൽ സംസ്കരിക്കാവുന്നതാണ്. അതുമൂലം ദൂരസ്ഥലത്തുള്ള പ്ലാന്റിംലേക്ക് പാൽ കയറ്റി അയക്കുന്നത് മൂലമുള്ള വിലക്കുറവ് പരിഹരിക്കാവുന്നതാണ്.

സഹകരണ രംഗത്തെ വിവിധ മേഖലകളിലെ വളർച്ചയ്ക്കാവശ്യമായി ഈ പഞ്ചായത്തിൽ മൊത്തം 440 ലക്ഷം രൂപയുടെ മുതൽ മുടക്കു പ്രതീക്ഷിക്കുന്നു. ഇതു വഴി 360 പേർക്ക് പ്രത്യക്ഷമായും 500 പേർക്ക് പരോക്ഷമായും ജോലിയും 2000 ത്തോളം കുടുംബങ്ങൾക്ക് സാമ്പത്തിക അഭിവൃദ്ധിയും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ഗ്രാമ സ്വരാജ് എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് ഒരു വലിയ പങ്ക് സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചവഴി സാധിക്കും.

ജനകീയ ആസൂത്രണ പദ്ധതിയുടെ ഭാഗമായി പിറവന്തൂർ പഞ്ചായത്തിലെ 13 ഗ്രാമസഭകൾ ചർച്ച ചെയ്ത് സമർപ്പിച്ച റിപ്പോർട്ട് കോർ ഗ്രൂപ്പ് ക്രോഡീകരിച്ച നിർദ്ദേശങ്ങളോടെ തയ്യാറാക്കിയിട്ടുള്ളതാണ്. ഈ വികസന റിപ്പോർട്ട് മുകളിൽ നിർദ്ദേശിച്ച രൂപത്തിലും ഭാവത്തിലും സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം നടപ്പിലാക്കിയാൽ കാർഷിക രംഗത്തും തൊഴിൽ മേഖലയിലും വ്യവസായ രംഗത്തും പാർപ്പിട പ്രശ്നങ്ങളിലും മാറ്റം വരുത്തുവാൻ സാധിക്കുന്നതും സാമ്പത്തിക മേഖലയിൽ ഉയർച്ചപ്രാപിക്കുവാൻ സഹായകവുമാണ്.

ഈ വികസന റിപ്പോർട്ട് ചർച്ചകൾക്കും മുൻഗണന നിശ്ചയിക്കുന്നതിനുമായി സമർപ്പിച്ചുകൊള്ളുന്നു.



"അദ്ധ്വാനിക്കുന്നതൊഴിലാളികളുടെ
നേതൃത്വത്തിലുള്ള ഒരു സോഷ്യലിസ്റ്റു
സമുദായമായിരിക്കണം ഇൻഡ്യയുടെ ലക്ഷ്യം"

സ്വാമി വിവേകാനന്ദൻ

IV-11

പട്ടികജാതി - പട്ടികവർഗ്ഗക്ഷേമം

1991 സെൻസസ് കണക്കുകൾ പ്രകാരം പട്ടികജാതി-പട്ടിക വർഗ്ഗത്തിൽപ്പെട്ട 6688 ആളുകളാണ് പിറവന്തൂർ പഞ്ചായത്തിലുള്ളത്. ഇതിൽ 6357 പേർ പട്ടികജാതിക്കാരും 331 പേർ പട്ടികവർഗ്ഗക്കാരുമാണ്. മൊത്തം ജനസംഖ്യയുടെ 17.85% പേർ പട്ടികജാതിക്കാരും 0.93% പേർ പട്ടികവർഗ്ഗക്കാരുമാണ് . പട്ടികജാതി-പട്ടികവർഗ്ഗ ജനസംഖ്യയുടെ വാർഡ്തിരിച്ചുള്ള കണക്ക് പട്ടിക 1 ൽ കൊടുക്കുന്നു.

പട്ടികജാതി കുടുംബങ്ങൾ 1589 ആണ്. ഇതിൽ 1033 കുടുംബങ്ങൾ 30 കോളനികളിലായും 556 കുടുബങ്ങൾ മറ്റു വിഭാഗങ്ങളുമായി ഇട കലർന്നുമാണ് കഴിയുന്നത്. ഒന്നാം വാർഡിലെ കടയ്ക്കാമൺ കോളനി അംബേദ്കർ ഗ്രാമമായി ഏറ്റെടുത്ത് വികസവനപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. രണ്ടാം വാർഡിലെ തച്ചക്കുളം അഞ്ചാം വാർഡിലെ പാലേരി പടിഞ്ഞാറ്റിൻകര എന്നിവ ഐ.എച്ച്.ഡി.പി. പദ്ധതി പ്രകാരവും എടുത്തിട്ടുണ്ട്.

വിദ്യാഭ്യാസ സാമൂഹികരംഗങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർ വളരെ പിന്നിലാണ്. വിദ്യാഭ്യാസരംഗത്ത് കുറേയൊക്കെ പുരോഗതി ഉണ്ടായിട്ടുണ്ടെങ്കിലും കാലാനുസൃതമായ പുരോഗതി ഉണ്ടായിട്ടില്ലെന്നതാണ് വസ്തുത. വിദ്യാഭ്യാസരംഗത്തെ ഈ പിന്നോക്കാവസ്ഥ അതേ തോതിൽ സാമൂഹികരംഗത്തും, കൂടുതൽ ശക്തമായി സാമ്പത്തികരംഗത്തും പ്രതിഫലിക്കുന്നുണ്ട്. ദീർഘകാലം സാമൂഹ്യസാമ്പത്തികരംഗങ്ങളിൽ കടുത്ത അവഗണനക്കും ചൂഷണത്തിനും വിധേയരായിരുന്ന ഇവർക്ക് ഭൂപരിഷ്കരണത്തിലൂടെ കുടികിടപ്പവകാശവും മിച്ചഭൂമിയും ലഭിച്ചതും മറ്റും ഒരു പരിധിവരെ സാമൂഹ്യപുരോഗതി കൈവരിക്കാൻ സഹായകമായിട്ടുണ്ട്. മുൻകാലങ്ങളിൽ അനുഭവിച്ചിരുന്ന ഉച്ചനീചത്വങ്ങളിൽ നിന്നും പൂർണ്ണമായും മോചനം നേടാൻ കഴിയാത്തതിന്റെ പ്രധാന കാരണം സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥ തന്നെയാണ്. എല്ലാത്തരം സാമൂഹ്യ-പൊതുചടങ്ങുകളിലും മോശമല്ലാത്ത പരിഗണന ഈ വിഭാഗക്കാർക്ക് ലഭിക്കുന്നുണ്ട്. എന്നാൽ പൂർണ്ണമായും തുല്യതയോടുകൂടി പരിഗണിക്കുന്ന സ്ഥിതി ഉണ്ടെന്ന് പറഞ്ഞുകൂടാ.

പട്ടികജാതി പട്ടികവർഗ്ഗവിഭാഗങ്ങളുടെ ഉയർച്ചയ്ക്ക് വേണ്ടി സർക്കാർ നടപ്പാക്കി വരുന്ന പദ്ധതികൾ അവർക്കു വേണ്ടത്ര പ്രയോജനം ചെയ്യുന്നു എന്നു പറയാൻ കഴിയില്ല. അതിനു കാരണങ്ങൾ പലതാണ്. ആവശ്യങ്ങൾക്കും സാധ്യതകൾക്കും അനുസരിച്ചുള്ള പദ്ധതികളല്ല എന്നതാണ് പ്രധാനം . പദ്ധതികളെ സംബന്ധിച്ച് വേണ്ടത്ര അറിവില്ലായ്മ, പ്രയാസമേറിയ നിബന്ധനകൾ, ഇടനിലക്കാരുടെ ചൂഷണവും ഇടപെടലും. തുടങ്ങിയ നിരവധി കാര്യങ്ങൾ ചൂണ്ടിക്കാണിക്കാനാകും. സർക്കാർ സഹായങ്ങളിലൂടെ ഉണ്ടായിട്ടുള്ള നേട്ടം ഭാഗികമായിട്ടെങ്കിലും കൈവരിക്കാനായത് കോളനികൾക്കാണ്. കോളനി നിവാസികളേക്കാൾ മറ്റു വിഭാഗങ്ങളുമായി ഇടകലർന്നു കഴിയുന്ന കുടുംബങ്ങൾ സാമൂഹ്യമായും ജീവിതനിലവാരത്തിലും ഉയർന്നു നിൽക്കുന്നത് ശ്രദ്ധിക്കപ്പെടേണ്ടതാണ്. അവർക്ക് സർക്കാരിൽ നിന്നും ലഭിക്കുന്ന സഹായങ്ങൾ കൂടുതൽ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നുണ്ട്.

വിദ്യാഭ്യാസം

വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥയാണ് ഈ വിഭാഗങ്ങളുടെ മുഖ്യ പ്രശ്നമെന്ന് സൂചിപ്പിച്ചുവല്ലോ. പ്രൈമറി ക്ളാസ്സുകളിൽ മിക്കവാറും എല്ലാ കുട്ടികളെയും ചേർക്കുന്നുണ്ട്. ഇവരിൽ പത്തു ശതമാനത്തിൽ താഴെ മാത്രമാണ് എസ്.എസ്.എൽ.സി കടന്നു വരുന്നത്. സ്കൂളിൽ ചേരുന്നതിൽ 20% കുട്ടികൾ പ്രൈമറി തലത്തിൽ വച്ചും 25% കുട്ടികൾ യു. പി. തലത്തിൽ വച്ചും 30% കുട്ടികൾ ഹൈസ്കൂൾ തലത്തിൽ വച്ചും പഠിത്തം നിർത്തി പോകുന്നു. S.S.L.C യ്ക്കുമുകളിലേക്ക് 5% മേ പഠിക്കുന്നുള്ളു. പഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ നടപ്പ് അധ്യയന വർഷത്തിൽ പഠിക്കുന്ന പട്ടികജാതി പട്ടിക വർഗ്ഗ വിദ്യർത്ഥികളുടെ വിവരങ്ങൾ പട്ടിക II.-ൽ

കുട്ടികൾക്ക് വിദ്യാഭ്യാസകാര്യത്തിൽ താല്പര്യമുണ്ടാക്കാൻ കഴിയുന്ന സാഹചര്യം വീടുകളിൽ ഇല്ലെന്നത് പ്രധാന പ്രശ്നമാണ്. സാമ്പത്തിക ബുദ്ധിമുട്ടുകൾ, രക്ഷിതാവിന്റെ മദ്യപാനം, കുടുംബബാധ്യത ഏറ്റെടുക്കേണ്ടി വരുന്ന സാഹചര്യം, സ്കൂളിലേക്കുള്ള ദൂരവും യാത്രാസൗകര്യം ഇല്ലായ്മയും തുടങ്ങി നിരവധി

പട്ടിക 1 (1991 സെൻസസ്)

വാർഡ്	പട്ടികജാതി			പട്ടികവർഗ്ഗം		
	പു	സ്ത്രീ	ആകെ	പു	സ്ത്രീ	ആകെ
1	738	705	1443	3	1	4
2	236	246	482			
3	191	191	382			
4	204	225	429			
5	249	232	481	3	2	5
6	394	365	759	8	5	13
7	300	314	614	3	2	5
8	76	69	145	4	2	6
9	56	53	109			
10	351	330	681	112	114	226
11	86	94	180	2	1	3
12	320	332	652	38	31	69
ആകെ	3201	3156	6357	173	158	331

പട്ടിക 2

ക്ര.ന	സ്കൂളിന്റെ പേര്	പട്ടികജാതി			പട്ടികവർഗ്ഗം		
		പു	സ്ത്രീ	ആകെ	പു	സ്ത്രീ	ആകെ
1	ഗവ. എൽ. പി എസ്, ചേകം	25	26	51	ഇല്ല	ഇല്ല	ഇല്ല
2	എസ്.എൻ. യു.പിഎസ്, പിറവന്തൂർ	36	17	53	ഇല്ല	ഇല്ല	ഇല്ല
3	ജി. ഡി. എച്ച്. എസ്, പിറവന്തൂർ	54	59	113	ഇല്ല	ഇല്ല	ഇല്ല
4	ഗവ. യു. പി. എസ്, പിറവന്തൂർ						
	(L.P. സെക്ഷൻ)	48	39	87	1	1	2
	(U.P. സെക്ഷൻ)	21	27	48	ഇല്ല	ഇല്ല	ഇല്ല
5	ഗവ. എൽ. പി. എസ്, എലിക്കാട്ടൂർ	12	15	27	ഇല്ല	ഇല്ല	ഇല്ല
6.	ശാലോം എം.റ്റി.എൽ.പിഎസ് ചാച്ചിപ്പുന്ന	7	7	14	ഇല്ല	ഇല്ല	ഇല്ല
7.	ഗവ. വിഎച്.എസഎസ്, പുന്നല LPS	38	25	63	ഇല്ല	ഇല്ല	ഇല്ല
	യു. പി.എസ്. സെക്ഷൻ	44	43	87	ഇല്ല	1	1
	എച്ച. എസ്. സെക്ഷൻ	30	36	66	ഇല്ല	ഇല്ല	ഇല്ല
	വി.എച്ച്.എസ്.എസ്. വിഭാഗം	5	2	7	ഇല്ല	ഇല്ല	ഇല്ല
8	ഗവ. എൽ. പി. എസ് കറവൂർ	25	28	53	ഇല്ല	1	1
9.	സെന്റ് മേരീസ് യു. പി. എസ്, വെട്ടിത്തിട്ട	26	26	52	ഇല്ല	ഇല്ല	ഇല്ല
10	ന്യൂ LPS കമുകുംചേരി	8	5	13	ഇല്ല	ഇല്ല	ഇല്ല
11	പഞ്ചായത്ത് യു. പി. എസ്, കമുകുംചേരി	15	9	24	ഇല്ല	ഇല്ല	ഇല്ല
12	എം.എസ്.സി LPS ചെമ്പനരുവി	1	26	27	13	3	16
13.	ഗവ. LPS വൻമള	28	31	59	ഇല്ല	ഇല്ല	ഇല്ല
14.	ഗവ. എച്ച. എസ് മഹാദേവർമൺ LPS						
	വിഭാഗം	15	15	30	4	1	5
	യു. പി. എസ്. വിഭാഗം	23	23	46	ഇല്ല	ഇല്ല	ഇല്ല
	എച്ച്. എസ്. വിഭാഗം	30	31	61	ഇല്ല	ഇല്ല	ഇല്ല
15.	പി. എൻ. കെ.എം UPS പെരിന്തോയിൽ	42	34	76	2	2	4
16	സെന്റമേരീസ LPS (un aided)	1	1	2	ഇല്ല	ഇല്ല	ഇല്ല

കാര്യങ്ങൾ ഈ പഞ്ചായത്തിലെ പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗം വിദ്യർത്ഥികൾക്ക് പഠനം നിർത്തേണ്ടി വരുന്ന കാരണങ്ങളാണ്. ഇവ ഓരോന്നും പരിശോധിച്ച് പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തേണ്ടതുണ്ട്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ കൊടുക്കുകയും വിദ്യാഭ്യാസാനന്തരം തൊഴിൽ ഉറപ്പ് വരുത്തുകയും ചെയ്യണം. തൊഴിൽ അധിഷ്ഠിത കോഴ്സുകൾ സംഘടിപ്പിച്ചും, സ്കൂളുകൾ കേന്ദ്രീകരിച്ച് ഹോസ്റ്റലുകൾ പ്രവർത്തിപ്പിച്ചും സർക്കാർ സഹായങ്ങൾ യഥാസമയം നൽകിയും ഈ പോരായ്മ പരിഹരിക്കേണ്ടതാണ്.

തൊഴിൽ

കാർഷികമേഖലയാണ് മുഖ്യമായ തൊഴിൽ മേഖല. സ്ത്രീകൾക്ക് 40രൂപയും പുരുഷൻമാർക്ക് 80രൂപയും അതിലധികവും കൂലി ലഭിക്കുന്നു. എന്നാൽ കാർഷികമേഖലയിൽ വന്ന തകർച്ച ഈ വിഭാഗത്തിന്റെ തൊഴിൽ നഷ്ടപ്പെടുത്തുകയും, ജീവിക്കാൻ വേണ്ടി മറ്റു മേഖലകളിലേക്കു തൊഴിലിനു പോകുകയും ചെയ്യുന്നു. നിർമ്മാണ രംഗത്തും മറ്റു കരാർ രംഗത്തും തൊഴിൽ ചെയ്യുന്ന സ്ത്രീക്ക് 60 രൂപയും പുരുഷന് 100 രൂപയും കൂലി ലഭിക്കുന്നു. പുതിയ തലമുറ പൂർണ്ണമായും കാർഷിക മേഖലയിൽ നിന്നും മാറിയിട്ടുണ്ട്. കൊയ്ത്തിനും, ഞാറു നടുന്നതിനും സ്ത്രീ തൊഴിലാളികളെ കിട്ടുന്നില്ല. തൽഫലമായി ഭക്ഷ്യധാന്യ ഉത്പാദനത്തിൽ ഗണ്യമായ കുറവ് അനുഭവപ്പെടുകയാണ്. ഒരു പുതിയ കാർഷിക തൊഴിൽ സംസ്കാരം വളർത്തിക്കൊണ്ടുവരുന്നതിനാവശ്യമായ പദ്ധതികൾക്ക് രൂപം നൽകേണ്ടിയിരിക്കുന്നു.

പിറവന്തൂർ പഞ്ചായത്തിന്റെ വടക്കു കിഴക്കൻ പ്രദേശം വനപ്രദേശമാണ്. വനസമ്പത്ത് സംരക്ഷിക്കുന്നതിനും, ശേഖരിക്കുന്നതിനും വേണ്ടിയുണ്ടാകുന്ന തൊഴിലുകളിൽ ഭൂരിഭാഗവും പട്ടികജാതി പട്ടികവർഗ്ഗ തൊഴിലാളികളാണ് ചെയ്യുന്നത്. സ്ത്രീക്ക് 40രൂപയും പുരുഷന് 60രൂപയും കൂലിയായി ലഭിക്കുന്നു. ഭക്ഷ്യ എണ്ണയും ഭക്ഷ്യധാന്യങ്ങളും ഇവർക്ക് വിതരണം ചെയ്യാറുണ്ട്. ഈ രംഗത്ത് വൻതോതിൽ അഴിമതി നിലനിൽക്കുന്നുണ്ട്.

പൊതുമേഖലാസ്ഥാപനമായ സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷനിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾ പണിയെടുക്കുന്നു. പുനലൂർ പ്ലൈവുഡ് ഫാക്ടറിയിലും പട്ടികജാതി തൊഴിലാളികൾ പണിയെടുക്കുന്നു. ഇവരുടെ എണ്ണം വളരെ കുറവാണ്. സ്വകാര്യവ്യക്തികൾ നടത്തുന്ന സ്ഥാപനങ്ങളിലും സ്കൂളുകളിലും ഈ വിഭാഗക്കാർക്ക് അർഹമായ പ്രാതിനിധ്യം ലഭിക്കുന്നില്ല. സ്റ്റേറ്റ്ഫാമിംഗ്കോർപ്പറേഷനിൽ പിറവന്തൂർ പഞ്ചായത്തിൽ നിന്നുള്ള പട്ടിക ജാതി പട്ടികവർഗ്ഗക്കാർക്ക് അർഹമായ പ്രാതിനിധ്യം ലഭിക്കണമെന്നുള്ളതും ഒരു പ്രധാന ആവശ്യമാണ്.

പരമ്പരാഗത തൊഴിലായ ഈറ്റത്തൊഴിൽ ചെയ്യുന്നതിന് ഈറ്റ കിട്ടാനുള്ള പ്രയാസം വനം നിയമം മൂലം രൂക്ഷമായിരിക്കുകയാണ്. പുന്നലപാലേരി, പെരുന്തോയിൽ ഓന്തുപാറ എന്നിവിടങ്ങളിലാണ് ഈ വിഭാഗക്കാർ മുഖ്യമായും താമസിക്കുന്നത്. വനത്തിൽ നിന്ന് ഈറ്റ എടുക്കുന്നതിന് ഇക്കൂട്ടർക്ക് പാസ്സ് നൽകുന്നതിനുള്ള തീരുമാനം ഉണ്ടാകണം.

പാർപ്പിടം

പാർപ്പിട പ്രശ്നം പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. സർക്കാർ ഏജൻസികൾ വഴി 50% പേർക്ക് ഇതിനകം വീടു വച്ച് നൽകിയിട്ടുണ്ട്.കക്കൂസ്, കുളിമുറി മറ്റ് താമസസൗകര്യങ്ങൾ ഇനിയും നടപ്പായിട്ടില്ല. 40% പേർക്ക് മാത്രമേ കക്കൂസ് നിർമ്മിച്ചിട്ടുള്ളു. കോളനി പ്രദേശങ്ങൾ കുടിലിൽ നിന്നും കുറേ മുക്തി നേടിയിട്ടുണ്ടെങ്കിലും പൂർണ്ണമായിട്ടില്ല. ഒറ്റപ്പെട്ട് കഴിയുന്നവർക്ക് ആ പദ്ധതിയുടെ പ്രയോജനം ലഭച്ചിട്ടില്ലെന്ന് തന്നെ പറയാം. ഇവരിൽ പലരും സർക്കാർ ഏജൻസികളും സർവീസ് സഹകരണബാങ്കുകളും കാർഷിക വികസനബാങ്കും മറ്റും നൽകുന്ന വായ്പ എടുത്ത് കടക്കെണിയിൽപെട്ട് പോയിട്ടുണ്ട്. ഭൂമിയുടെ രേഖ ഓഫീസുകളിൽപെട്ട് പോയതിനാൽ മറ്റ് ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്ന അവസ്ഥയുണ്ട്. വീടു വയ്ക്കാൻ അനുവദിക്കുന്ന തുകയുടെ അപര്യാപ്തത മൂലം പല വീടുകളും പൂർത്തിയാക്കാതെ പോയിട്ടുണ്ട്. വീട് വയ്ക്കാൻ സ്ഥലമില്ലാത്തവർ ധാരാളമായിട്ടുണ്ട്. സർക്കാർ ഭൂമികയിൽ കൈവശക്കാരായി താമസിക്കുന്നവർക്ക് കൈവശാവകാശരേഖ ലഭിക്കാത്തതും ആനുകൂല്യം ലഭിക്കുന്നതിന് തടസ്സമായിട്ടുണ്ട്.

പല കോളനികളിലും കക്കൂസില്ല. ഒരു വീടിന് ഒരു കക്കൂസ് നിർബന്ധമായും അനുവദിച്ചുകൊടുക്കണം. ലക്ഷം വീട് കോളനിയിൽ പല സ്ഥലത്തും കക്കൂസില്ല. ഉള്ളത് പൊതു കക്കൂസാണ്.

വൈദ്യുതി

നാടന്നൂർ, തച്ചക്കോട്, ചെമ്പ്രാമൺ, തോംകോട്, അത്തിയ്ക്കൽ, കാക്രാമൺ, ചെങ്ങാലി കുന്നും പുറം, ആനകുളം, ചീയോട്, എലിക്കാട്ടൂർ 4 സെന്റ്, എലിക്കാട്ടൂർ പടിഞ്ഞാറു കര, വെട്ടിത്തിട്ട, പണ്ടകശാലമേല

തിൽ, കീഴയം, ഇഞ്ചൂർ, മുള്ളുമല ഒരേക്കർ, കടമ്പുപാറ, കടശ്ശേരി, കൈതക്കെട്ട്, ചെളിക്കുഴി, വെള്ളംതെറ്റി, വെള്ളം തെറ്റിഗിരിജൻകോളനി, പെരുന്തോയിൽ, കുര്യനയം അത്തിക്കൽ, കമുകുംചേരി എന്നിവിടങ്ങളിൽ വൈദ്യുതി എത്തിയിട്ടില്ല. മരുതിമൂട്, കടയ്ക്കാമൺ അമ്പേദ്കർഗ്രാമം, പാലേരി തച്ചക്കുളം എന്നീ കോളനികളിൽ പകുതിയിൽ കൂടുതൽ വീടുകൾക്ക് വൈദ്യുതി ലഭിക്കാനുണ്ട്. വയറിംഗ് നടത്തിയിട്ട് അപേക്ഷിച്ചിട്ടുള്ള വീടുകൾക്കും കണക്ഷൻ ലഭിക്കുവാനുണ്ട്. പിറവന്തൂർ പഞ്ചായത്തിലെ പട്ടികജാതി പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് വൈദ്യുതി വെളിച്ചം വളരെ അകലെയാണ്. ഈ സ്ഥിതിയിൽ അടിയന്തിര മാറ്റം ഉണ്ടാകേണ്ടതായിട്ടുണ്ട്.

കുടിവെള്ളം

എല്ലാ പ്രദേശങ്ങളിലും പൊതുവേ കുടി വെള്ള പ്രശ്നമുണ്ട്. ഉണക്കുകാലത്ത് വെള്ളം കിട്ടുന്നില്ല. കിണറുകൾ ഭൂരിപക്ഷം കുടുംബങ്ങൾക്കും ഇല്ല. പൊതു കിണറുകൾ മിക്കവാറും ഉപയോഗശൂന്യമാണ്. കുഴൽക്കിണറുകൾ പ്രവർത്തനക്ഷമമല്ല. ഓരോ സങ്കേതങ്ങളിലുമുള്ള സാധ്യതയ്ക്കനുസൃതമായ കുടിവെള്ള പദ്ധതികൾ അത്യാവശ്യമാണ്. കടയ്ക്കാമൺ അംബേദ്കർ ഗ്രാമത്തിലേക്ക് വാഴത്തോപ്പിലുള്ള 'ബോർവെല്ലിൽനിന്നും' വെള്ളം പമ്പുചെയ്ത് എത്തിക്കുന്നുണ്ട്. മിക്കവാറും ഈ പമ്പിംഗ് നടക്കാറില്ല. ഉള്ള സ്കീമിൽ നിന്നും എല്ലാവർക്കും വെള്ളം ലഭിക്കുന്നതുമില്ല. ഈ സ്ഥിതിയ്ക്ക് മാറ്റം ഉണ്ടാകണം.

പ്രശ്നങ്ങൾ

1 വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല. പട്ടികജാതി പട്ടികവർഗ്ഗക്കാരിൽ നിരക്ഷരത നിലനിൽക്കുന്നു. വിദ്യാർത്ഥികൾ കൊഴിഞ്ഞു പോകുന്നു.
2 കാർഷികമേഖലയിൽ തൊഴിൽ കുറഞ്ഞു വരുന്നു. കാർഷികമേഖലകളിൽ നിന്നും തൊഴിലാളികൾ ഒഴിഞ്ഞു പോകുന്നു. തൊഴിൽ സാധ്യതയും കുറയുന്നു. ജീവിതം കൂടുതൽ ദുരിതപൂർണ്ണമാകുന്നു.
3 എല്ലാവർക്കും സ്വന്തമായി വാസയോഗ്യമായ വീടില്ല. വീടു വയ്ക്കാൻ സ്ഥലമില്ല. വീടു നിർമ്മിക്കാൻ നൽകുന്ന ധനസഹായം കൊണ്ട് നിർമ്മാണം പൂർത്തിയാക്കാൻ കഴിയാതെ കിട്ടുന്ന സഹായം ദുർവിനിയോഗം ചെയ്യുന്നു. കടക്കെണിയിൽ പെട്ട് കൈവശമുള്ളതും നശിക്കുന്നു. പ്രാഥമിക ജീവിതസൗകര്യങ്ങൾ ഇല്ല.
4 കോളനികളിൽ കുടിവെള്ളം ആവശ്യത്തിനില്ല, വൈദ്യുതി ഇല്ല.
5 പൊതു ശ്മശാനം ഇല്ല.
6 കൈവശഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല.
7 ആരോഗ്യ സംരക്ഷണ സംവിധാനം മെച്ചമല്ല.
8 നിർദ്ധന കുടുംബത്തിലെ അംഗങ്ങളുടെ ചികിൽസയ്ക്കും, പെൺമക്കളുടെ വിവാഹത്തിനും സഹായം ലഭിക്കുന്നില്ല.
9 ഐ.ആർ.ഡി.പി പദ്ധതിയും മറ്റു പദ്ധതികളും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല.
10 പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനും പട്ടികജാതി പട്ടികവർഗ്ഗക്ഷേമ വകുപ്പും മറ്റു സർക്കാർ ഏജൻസികളും അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് നൽകുന്ന വായ്പകളും ധനസഹായവും ലക്ഷ്യം നേടുന്നില്ല.
11 പട്ടികജാതി-പട്ടികവർഗ്ഗത്തിന്റെ ക്ഷേമത്തിനായി നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ച അറിവ് വേണ്ടത്ര ഇല്ല.
12 ക്ഷേമ പ്രവർത്തനത്തിന് നൽകുന്ന സഹായ പദ്ധതികളുടെ വ്യവസ്ഥകൾ ലളിതമല്ല.

ഗ്രാമസഭകളിൽ നിന്ന് ഉയർന്ന് വന്നിട്ടുള്ള നിർദ്ദേശങ്ങൾ

ഗതാഗതം

1. കടയ്ക്കാമൺ അംബേദ്കർ ഗ്രാമത്തിലെ അഞ്ചു റോഡുകൾ സഞ്ചാരയോഗ്യമാക്കണം.
2. അത്തിക്കൽ കാക്രാമൺ പ്രദേശങ്ങളിലേക്ക് ലിങ്ക് റോഡുകൾ നിർമ്മിക്കുക.
3. തച്ചക്കുളം 9HDP കോളനിയിലേക്കുള്ള ചീയോട് റോഡ്, കോണുമൂലഭാഗം ലിങ്ക് റോഡ് പാറവിളഭാഗത്തേക്കുള്ള റോഡ്, കോണുമൂലഭാഗംമുതൽ മലങ്കാവ് നാലുസെന്റ് കോളനിയിലേക്കുള്ള റോഡ്, ചേമ്പുംകണ്ടം ഭാഗം മുതൽ കുണ്ടയത്ത്കാവ് പടിവരെയുള്ള റോഡ്, അഞ്ചുപറപടിമുതൽ പുലിച്ചാണിമുരുപ്പ് വഴിയുള്ള റോഡ് ഗതാഗതയോഗ്യമാക്കുക.

4. എലിക്കാട്ടൂർ നാലുസെന്റ് കോളനിയിലേക്കു വാഹനം ചെല്ലാനുള്ള സൗകര്യം ഉണ്ടാക്കണം.
5. പുന്നല പാലേരി കോളനിയിലേക്കുള്ള റോഡ് ഗതാഗതയോഗ്യമാക്കുക.
6. നാടന്നൂർ ഭാഗത്തേക്കുള്ള റോഡിന് കുറുകെ പാലം നിർമ്മിക്കുകയും റോഡ് ഗതാഗതയോഗ്യമാക്കുകയും ചെയ്യുക
7. കറവൂർ വാർഡിലെകീഴയം കോളനിയിലേക്കുള്ള റോഡ് ഗതാഗതയോഗ്യമാക്കുക.
8. വൻമള വാർഡിൽ പണ്ടകശാലമേലതിൽ കോളനിയിലേക്ക് റോഡ് നിർമ്മിക്കുക.
9. പളളിമേലതിൽ കോളനിയിലേക്ക് റോഡ് നിർമ്മിക്കുക.
10. എഴുവത്തൂർ-അലിമുക്ക് റോഡ് ഗതാഗതയോഗ്യമാക്കുക.
11. കടശ്ശേരി വാർഡിൽ കടശ്ശേരി-കൈതക്കെട്ട് റോഡ്, കടശ്ശേരി-ചെളിക്കുഴി റോഡ് ടാർ ചെയ്യണം.
12. പെരുന്തോയിൽ വാർഡിൽ ഓന്തുപാറ-സന്യാസിക്കോൺ റോഡു നിർമ്മിച്ച് ഗതാഗതയോഗ്യമാക്കുക.

വിദ്യഭ്യാസം

1. കടയ്ക്കാമൺ അംബേദ്കർ ഗ്രാമത്തിൽ പൊതുവക സ്ഥലത്ത് ഒരു പ്രൈമറിസ്കൂൾ സ്ഥാപിക്കുക.
2. പിറവന്തൂർ പഞ്ചായത്തിലെ ഹൈസ്കൂളുകൾ കേന്ദ്രീകരിച്ച് പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു വേണ്ടി ട്യൂഷൻസെന്ററുകൾ സ്ഥാപിക്കുക.
3. പുന്നല പാലേരി കോളനിയിൽ ഒരു അങ്കണവാടി സ്ഥാപിക്കുക.
4. കടശ്ശേരിയിൽ ഒരു പ്രൈമറി സ്കൂൾ സ്ഥാപിക്കുക.
5. ചെമ്പനരുവിയിൽ ഒരു യു.പി. സ്കൂൾ സ്ഥാപിക്കുക.
6. തൊടിയിൽ കണ്ടം മിച്ചഭൂമിപ്രദേശത്ത് ഒരു അങ്കണവാടി സ്ഥാപിക്കുക. വലിയകാവ് സ്കൂൾ V. H. S ആക്കുക

സംസ്കാരം, വിനോദം

1 കടയ്ക്കാമൺ അംബേദ്ക്കർ ഗ്രാമത്തിൽ ഒരു വായന ശാല സ്ഥാപിക്കുക.
2 പാലേരി 1HDP കോളനിയിൽ ഒരു വായനശാലയും റ്റി.വി. സെറ്റും സ്ഥാപിക്കുക.
3 കറവൂർ- കീഴയം ഭാഗത്ത് വായനശാലയും റ്റി.വി. സെറ്റും സ്ഥാപിക്കുക.
4. കമുകുംചേരി ചെന്നിലമൺ ഭാഗത്ത് കമ്മ്യൂണിറ്റിഹാളും റ്റി.വി. സെറ്റും സ്ഥാപിക്കുക.
5. ചെമ്പനരുവി വാർഡിൽ ഒരേക്കർ കോളനിയിലുള്ള പൊതു വക സ്ഥലത്ത്, പൊതുകളിസ്ഥലം,വായന ശാല, റ്റി.വി. കേന്ദ്രം എന്നിവ സ്ഥാപിക്കുക.

ചികിത്സ

1 പിറവന്തൂർ വാർഡിൽ തച്ചക്കുളം 1 HDP കോളനിയിൽ ഹെൽത്ത് സെന്റർ സ്ഥാപിക്കണം.
2 പുന്നലവാർഡിൽ ഒരു ഹെൽത്ത് സെന്റർ സ്ഥാപിക്കണം.
3 കടശ്ശേരിയിൽ ഒരു ഹെൽത്ത് സെന്റർ സ്ഥാപിക്കണം.
4 പെരുന്തോയിൽ വാർഡിൽ ഹെൽത്ത് സെന്റർ സ്ഥാപിക്കണം.

ചെറുകിട വ്യവസായം

1 ചാച്ചിപ്പുന്ന വാർഡിൽ ഒരു ക്രബ് റബർ ഫാക്ടറി സ്ഥാപിക്കുക.
2 പാലേരി, ഓന്തുപാറ എന്നിവിടങ്ങളിൽ പരമ്പരാഗത ഈറ്റത്തൊഴിലാളികൾക്ക് വനത്തിൽ നിന്നും ഈറ്റചൂരൽ എടുക്കുന്നതിന് വനം വകുപ്പ് പാസ്സ് അനുവദിക്കുക.
3 വൻമളപ്രദേശത്ത് പട്ടികജാതിക്കാർ നടത്തുന്ന ഒരു ബേക്കറിയുണ്ട് അതു വിപുലീകരിക്കുവാൻ സാമ്പത്തിക സഹായം നൽകണം.
4 കമുകും ചേരിയിൽ അഗർബത്തി, മെഴുകുതിരി,തീപ്പെട്ടി എന്നീ വ്യവസായ യൂണിറ്റുകൾ തുടങ്ങണം.
5 ചെമ്പനരുവിയിൽ കാലി വളർത്തലിന് സാദ്ധ്യത പരിഗണിച്ച് പാൽശേഖരണ വിതരണ സംഘം രൂപീകരിക്കണം.
6 മുള്ളുമല ഗിരിജൻ കോളനിയിലെ നിലവും പുരയിടവും സഹകരണാടിസ്ഥാനത്തിൽ കൃഷിചെയ്യണം.
7 പട്ടികജാതി പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് S.F.C.K. യിൽ തൊഴിൽ നൽകണം.

മറ്റു ചില ആവശ്യങ്ങൾ

1 കടക്കാമൺ അംബേദ്ക്കർ ഗ്രാമത്തിൽ പണികഴിപ്പിച്ചിട്ടുള്ള കമ്യൂണിറ്റിഹാൾ പൊതു ആവശ്യത്തിന് തുറന്നുകൊടുക്കുക.

2 കടക്കാമൺ അംബേദ്ക്കർ ഗ്രാമത്തിൽ കൃഷി ഡിപ്പാർട്ടുമെന്റ് വകയായി നൽകിയിട്ടുള്ള ട്രാക്ടർ പ്രവർത്തനക്ഷമമാക്കുക.

3 പിറവന്തൂർ തച്ചക്കുളം 9HDP കോളനിയിലെ ആഗ്രോ സർവ്വീസ് സെന്ററിന്റെ പുനരുദ്ധാരണപ്പണികൾ ചെയ്യുക.

4 തച്ചക്കുളത്ത് ഒരു റേഷൻകട അനുവദിക്കുക.

5 വാർഡുകളിൽ അനുവദിക്കുന്ന തുകയുടെ 15% പട്ടികജാതിക്ഷേമത്തിന ചെലവഴിക്കുക.

6 പഞ്ചായത്തിന്റെ വടക്കു കിഴക്കൻ പ്രദേശത്ത് കൃഷികൾ വന്യജീവികൾ നശിപ്പിക്കുന്നതുതടയുക. അതിനാവശ്യമായ പദ്ധതി നടപ്പിലാക്കുക. വിള നഷ്ടം സർക്കാർ നൽകുക.

7 ചെമ്പനരുവിയിലെ ഹെൽത്ത് സെന്റർ ആഴ്ചയിൽ മൂന്ന് ദിവസം പ്രവർത്തിപ്പിക്കുക. ആഴ്ചയിലൊരിക്കൽ ഡോക്ടർ എത്തി രോഗികളെ പരിശോധിക്കുക.

8 നിർധനരും ആലംബഹീനരുമായ കുട്ടികളെ സംരക്ഷിക്കാൻ കേന്ദ്രങ്ങൾ തുടങ്ങുക.

9 വിട്ടുപോയിട്ടുള്ള എല്ലാ പട്ടികജാതി പട്ടിക വർഗ്ഗക്കാരെയും 1RDP ലിസ്റ്റിൽ ഉൾപ്പെടുത്തുക.

10 നാടൻ കലാരൂപങ്ങൾ പരിപോഷിപ്പിക്കുവാൻ നടപടിയെടുക്കുക.

11 കൈവശഭൂമിയ്ക്ക് പട്ടയം നൽകുക.

അടിയന്തിരമായി പരിഗണിക്കേണ്ട ചില നിർദ്ദേശങ്ങൾ

1 കാർഷികമേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക.

2 പായ് നെയ്ത്ത്, കുട്ട, പനമ്പ് എന്നിവയുടെ നിർമ്മാണം വ്യാവസായിക അടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.

3 പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗ പെൺകുട്ടികളെ കൈത്തൊഴിൽ പരിശീലിപ്പിക്കുകയും, അവരുടെ സഹകരണ സംഘങ്ങൾ രൂപീകരിക്കുകയും എല്ലാവിധ സഹായവും നൽകുകയും ചെയ്യുക.

4 കുടി വെള്ളപ്രശ്നം പരിഹരിക്കുക.

5 സഹകരണമേഖലയിൽ ഹോളോ ബ്രിക്സ് നിർമ്മാണയൂണിറ്റ് ആരംഭിക്കുക.

6 അഭ്യസ്ത വിദ്യർക്ക് ഇന്ന് സർക്കാർ ഏജൻസികൾ നൽകി വരുന്ന വായ്പകളും സഹായധനങ്ങളും ഏകോപിപ്പിച്ച് പഞ്ചായത്ത് മുഖേന വിതരണം ചെയ്യുകയും വായ്പയുടെ മാനദണ്ഡങ്ങൾ ലഘൂകരിച്ച് മേൽ നോട്ടം ഗ്രാമപഞ്ചായത്തിനെ ഏൽപ്പിക്കുകയും ചെയ്യുക.

7 വീടു നിർമ്മാണധനസഹായം വർദ്ധിപ്പിക്കുക.

8 എല്ലാ പദ്ധതികൾക്കും ഗുണഭോക്താക്കളെ പഞ്ചായത്തുസമിതികൾ വഴി തെരഞ്ഞെടുക്കുന്നതിന് അധികാരപ്പെടുത്തുക.

9 ലക്ഷം വീട് കോളനിയിലെ ഇരട്ടവീടുകളെ ഒറ്റവീടാക്കുന്നതിന് ധന സഹായം നൽകുക.

പട്ടിക വർഗ്ഗം

പഞ്ചായത്തിലെ പട്ടികവർഗ്ഗ ജനസംഖ്യ 331 ആണ്. ഇവർ 87 കുടുംബങ്ങളിലായി കഴിയുന്നു. മൊത്തം ജനസംഖ്യയുടെ 0.93 ശതമാനമാണ് പട്ടികവർഗ്ഗക്കാർ. പട്ടിക വർഗ്ഗവിഭാഗത്തിൽ ഏറ്റവും കൂടുതൽ മലപ്പണ്ടാരം സമുദായത്തിൽ പെട്ടവരാണ്. ഇവരുടെ അംഗസംഖ്യ 291 ആണ്. പഞ്ചായത്തിലെ പട്ടികവർഗ്ഗ ജനസംഖ്യയുടെ 87.92 ശതമാനമാണിത്. ഇവർ 10-ാം വാർഡിലെ മുള്ളുമല സങ്കേതത്തിലും 13-ാം വാർഡിലെ വെള്ളം തെറ്റിസങ്കേതത്തിലുമായി താമസിക്കുന്നു. കുടുംബസമേതം വനത്തിൽ അലഞ്ഞുതിരിഞ്ഞ് വനവിഭവങ്ങൾ ശേഖരിക്കുകയും അന്തിയാവുന്നിടം വീടാക്കുകയും ചെയ്യുന്ന ജീവിത രീതിയായിരുന്നു ഇവരുടേത്. അവരെ അധിവസിപ്പിക്കുന്നതിനുവേണ്ടി സർക്കാർ സ്ഥലവും മറ്റും നൽകിയ്ട്ടുണ്ടെങ്കിലും വനത്തെ ആശ്രയിച്ചുള്ള ജീവിത ശൈലിക്കു വലിയ മാറ്റം വന്നിട്ടില്ല. വനപ്രദേശങ്ങളിൽ നല്ലൊരു പങ്ക് റബ്ബർ പ്ലാന്റേഷനായി മാറുകയും അവശേഷിക്കുന്ന വനങ്ങൾ കൂടി നശിപ്പിക്കപ്പെട്ടുക്കൊണ്ടിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ വനത്തെ ആശ്രയിച്ചു മാത്രം ഉപജീവനം കണ്ടെത്താൻ കഴിയാത്ത സ്ഥിതിയുണ്ട്. ഇതുമൂലം വളരെയധികം പേർ, പ്രത്യേകിച്ചും ഇളം തലമുറയിൽ പെട്ടവർ കാർഷികമേഖലയിലും മറ്റും ലഭിക്കുന്ന പണികൾക്കുപോകുന്നുണ്ട്. വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥയും നിരക്ഷരതയും ഇവരുടെ ഇടയിൽ ഏറ്റവും കൂടിയനിരക്കിലാണുള്ളത്. ആകെയുള്ള 331 പട്ടികവർഗ്ഗക്കാരിൽ 247 പേർ അതായത് 74.6 ശതമാനം നിരക്ഷരരാണ്. ആരോഗ്യപ്രശ്നങ്ങളും ഇവരുടെ ഇടയിൽ കൂടുതലാണ്.

ഇവരുടെ ഉന്നമനത്തിനുവേണ്ടി വിവിധ സർക്കാർ ഏജൻസികൾ നടപ്പാക്കിയിട്ടുള്ള പദ്ധതികളൊന്നും ഫലപ്രാപ്തിയിലെത്തിയിട്ടില്ല. ഈ വിഭാഗത്തിന്റെ അജ്ഞതയും താല്പര്യമില്ലായ്മയും, ഇടത്തട്ടുകാരുടെ ചൂഷണവും സർക്കാർ തലങ്ങളിലുള്ള അഴിമതിയുമെല്ലാം കാരണങ്ങളാണ്.

ഇവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പ്രധാനമായും താഴെപ്പറയുന്നവയാണ്.

1. വിദ്യാഭ്യാസ പരമായ പിന്നോക്കാവസ്ഥ, നിരക്ഷരത
2. വനവിഭവങ്ങളുടെ ലഭ്യതക്കുറവും, വരുമാനശോഷണവും
3. മറ്റു തൊഴിൽ മേഖലകൾ വേണ്ടുവോളമില്ലാത്തതും ഉള്ള തൊഴിലിൽ ഏർപ്പെടാനുള്ള വിമുഖതയും
4. ആരോഗ്യ ശുചിത്വകാര്യങ്ങളിലുള്ള അജ്ഞതയും അലസതയും
5. കാട്ടുമൃഗങ്ങളിൽ നിന്നും ഉള്ള ഭീക്ഷണി ജീവനും കൃഷിക്കും ഉണ്ടാകുന്നു.
6. ഇടത്തട്ടുകാരുടെ വിവിധ തരത്തിലുള്ള ചൂഷണം.

സാദ്ധ്യതകളും നിർദ്ദേശങ്ങളും

1. മുഴുവൻ കുട്ടികളെയും സ്കൂളിൽ എത്തിക്കുന്നതിനും തുടർന്ന് പഠനം ഉറപ്പുവരുത്തുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ സന്നദ്ധ പ്രവർത്തകരുടെ സഹായത്തോടെ സംഘടിപ്പിക്കുക. എല്ലാകുട്ടികൾക്കും പട്ടികവർഗ്ഗ വികസന വകുപ്പു ഹോസ്റ്റലുകളിൽ പ്രവേശനം കൊടുക്കുക. വെള്ളംതെറ്റി, മുള്ളുമല കോളനികളിൽ ഊർജ്ജിതസാക്ഷരതാ പ്രവർത്തനം നടത്തുക.
2. ജീവിക്കാനാവശ്യമായ വരുമാനം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ വേണം (1) വനംവകുപ്പിൽനിന്ന് വിട്ടുകൊടുത്തിട്ടുള്ള ഭൂമികളിൽ അനുയോജ്യമായ കൃഷികൾ നടത്തുന്നതിന് സാമ്പത്തിക സഹായം, ബോധവൽക്കരണം ഇവ ആവശ്യമാണ് (2) ടി ഭൂമിയിൽ റബ്ബർ കൃഷിചെയ്ത് സംരക്ഷിക്കുകയും കോളനിവാസികൾക്ക് പരിചരണത്തിലും ടാപ്പിങ്ങിലും പരിശീലനം നൽകുകയും ആവാം.
3. ഇടത്തട്ടുകാരുടെ ചൂഷണം ഇല്ലാതാക്കുന്നതിന് ആവശ്യമായ നടപടികൾ ഉണ്ടാവണം. വനവിഭവശേഖരണത്തിലും മറ്റും പട്ടികവർഗ്ഗ സഹകരണ സംഘംവഴിയുള്ള ശക്തമായ ഇടപെടലിലൂടെ ഇതിന് ഏറെക്കുറെ പരിഹാരംകാണാം.
4. കാട്ടുമൃഗങ്ങളുടെ ആക്രമണത്തിൽ നിന്നും കൃഷിക്കും, ജീവനും ഉണ്ടാകുന്ന ഭീക്ഷണി ഇല്ലാതാക്കാൻ കൃഷിയിടങ്ങൾക്കുചുറ്റും കിടങ്ങോ വൈദ്യുതകമ്പിവേലിയോ ഉണ്ടാക്കുന്ന കാര്യം പരിഗണിക്കാം.
5. ഇവരുടെ ആരോഗ്യ ശുചിത്വ കാര്യങ്ങൾ ശ്രദ്ധിക്കുന്നതിന് ആരോഗ്യ വകുപ്പിലെ ഒരു ജീവനക്കാരന് പ്രത്യേക ചുമതല നൽകണം.
6. ഫാമിംഗ് കോർപ്പറേഷന്റെ വിവിധതൊഴിലുകളിൽ ഈ പഞ്ചായത്തിലുള്ള പട്ടികവർഗ്ഗക്കാർക്ക് സംവരണം ഏർപ്പെടുത്തണം.
7. മൃഗപരിപാലനത്തിനുള്ള വിപുലമായ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തണം. വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പട്ടികവർഗ്ഗക്കാരെ ഉൾപ്പെടുത്തി സഹകരണാടിസ്ഥാനത്തിൽ ആട്, പശു വളർത്തൽ പദ്ധതികൾ ഉണ്ടാവണം.
8. തേനീച്ച വളർത്തൽ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തണം.
9. വനത്തെ പൂർണ്ണമായും ആശ്രയിച്ചു മുന്നോട്ടുപോകാൻ കഴിയാത്ത സാഹചര്യമുള്ളതിനാൽ സാമൂഹ്യമായി സാദ്ധ്യതയുള്ള മറ്റുതൊഴിലുകളിൽ ഏർപ്പെടുന്നതിനുള്ള പ്രേരണയും പ്രോത്സാഹനവും നൽകണം.
10. മദ്യപാനം, പകവലി, വെറ്റ മുറുക്ക് തുടങ്ങിയ സാമൂഹ്യ ദൂഷ്യങ്ങൾക്കെതിരേയും സമ്പാദ്യശീലം വളർത്തുന്നതിനും ആവശ്യമായ ബോധവൽക്കരണ സഹായപ്രവർത്തനങ്ങൾ വേണം.



പട്ടികജാതി സങ്കേതങ്ങൾ

നമ്പർ		വാർഡ്	സങ്കേതത്തിന്റെപേര്	കുടുംബങ്ങൾ(എണ്ണം)	
I	1	ചേകം	1. കടയ്ക്കാമൺ അംബ്ദേക്കർഗ്രാമം	362	
	2	ചേകം	2. കടയ്ക്കാമൺപുറമ്പോക്ക്	30	
	3	ചേകം	3. കാക്രാമൺ	20	
	4	ചേകം	4. അത്തിയ്ക്കൽ	15	
II	5	പിറവന്തൂർ	1. തച്ചക്കുളം ഐ. എച്ച്. ഡി. പി	125	
	6	പിറവന്തൂർ	2. ചെങ്ങാലിക്കുന്നുംപുറം	25	
	7	പിറവന്തൂർ	3. ചീവോട്ടുലക്ഷംവീട്	5	
	8	പിറവന്തൂർ	4. ആനകുളം	15	
III	9	എലിക്കാട്ടൂർ	1. എലിക്കാട്ടൂർ നാല്സെന്റ്	12	
	10	എലിക്കാട്ടൂർ	2. എലിക്കാട്ടൂർ	75	
IV	11	ചാച്ചിപ്പുന്ന	1. കർക്കിടകംതച്ചക്കോട്	23	
	12	ചാച്ചിപ്പുന്ന	2. ഇഞ്ചൂർ	10	
	13	ചാച്ചിപ്പുന്ന	3. മരുതിമൂട്	16	
V	14	പുന്നല	1. പാലേരി ഐ. എച്ച്. ഡി. പി	30	
	15	പുന്നല	2. നാടന്നൂർ, തോങ്കോട്	19	
	16	പുന്നല	3. ചെമ്പ്രാമൺ	15	
VI	17	കറവൂർ	1. കീഴയം, കുറുന്തമൺ	40	
	18	കറവൂർ	2 കീഴയം, കുറുന്തമൺ	2	പട്ടികവർഗ്ഗസങ്കേതം
VII	19	വൻമള	1. പണ്ടകശാല മേലതിൽ	20	
	20	വൻമള	2. പള്ളിമേലേതിൽ	18	
VIII	21	കിഴക്കേമുറി	1. മുളവക്കുളം	6	
IX	22	കമുകുംചേരി	1 ചെന്നിലമൺ	10	
	23	കമുകുംചേരി	2. പാങ്ങോട്ട്	13	
X	24	ചെമ്പനരുവി	1. മുള്ളുമല ഒരേക്കർ	20	
	25	ചെമ്പനരുവി	2. കടമ്പുപാറ	5	
	26	ചെമ്പനരുവി	3. മുള്ളുമല (മലപ്പണ്ടാരം)	50	പട്ടികവർഗ്ഗസങ്കേതം
XI	27	മുക്കടവ്	1. നല്ലംക്കുളം	15	
XII	28	കടശ്ശേരി	1. കടശ്ശേരി	20	
	29	കടശ്ശേരി	2. കൈതക്കെട്ട്	15	
	30	കടശ്ശേരി	3. ചെളിക്കുഴി	12	
	31	കടശ്ശേരി	4. പടിഞ്ഞാറ് വെള്ളംതെറ്റി	12	
	32	കടശ്ശേരി	5 പടിഞ്ഞാറ് വെള്ളംതെറ്റി	3	പട്ടികവർഗ്ഗസങ്കേതം
XIII	33	പെരിന്തോയിൽ	1. പെരിന്തോയിൽ	5	
	34	പെരിന്തോയിൽ	2. മാങ്കോൺ	5	
	35	പെരിന്തോയിൽ	3. കുര്യനയം	5	
	36	പെരിന്തോയിൽ	4. മഹാദേവർമൺ	10	
	37	പെരിന്തോയിൽ	5. തൊടിയിൽ കണ്ടംമിച്ചഭൂമി	5	
	38	പെരിന്തോയിൽ	6. കിഴക്കേവെള്ളംതെറ്റി	30	പട്ടികവർഗ്ഗസങ്കേതം

പിറവന്തൂർ പഞ്ചായത്ത്

ഭൂപടം (Not to scale)

① പട്ടികജാതി - പട്ടികവർഗ്ഗ കേന്ദ്രങ്ങൾ.



I ചേകം
II പിറവന്തൂർ
III തിരിക്കാട്ടൂർ
IV പാറ്റിയുണ
V പുനല
VI കറവൂർ
VII വന്തൂ
VIII കിഴക്കേത്തെരി
IX കിഴക്കേപേനി
X തെന്മലത്തുവി
XI മുക്കടവ്
XII കോട്ടവാറി
XIII തെന്മലപ്പാലിൻ

IV-12

വിഭവ സമാഹരണം

നമ്മുടെ ഗ്രാമത്തിൽ കാർഷികവും വ്യീവസായികവുമായി ഉപയോഗപ്പെടുത്താവുന്ന വിവിധ വിഭവങ്ങളുണ്ട്. അവ വിദഗ്ദ്ധവും ശാസ്ത്രീയവുമായ വിധത്തിൽ ചൂഷണം ചെയ്യാനും നേട്ടങ്ങളുണ്ടാക്കാനും ശരിയായ വിധത്തിൽ നമുക്ക് കഴിഞ്ഞിട്ടില്ല. ചുടുകട്ട നിർമ്മാണം, റബ്ബർ അധിഷ്ഠിത വ്യവസായം എന്നിവ സകാര്യ മേഖലയിൽ ചെറിയ തോതിൽ നടക്കുന്നുണ്ട്. ഫർണീച്ചർ നിർമ്മാണം, ചെയർ സീറ്റുനിർമ്മാണം, സാമിൽ തുടങ്ങിയവയും, ഫർണീച്ചറിനുള്ള കടച്ചിൽ വ്യവസായവും സ്വകാര്യ മേഖലയിൽ അങ്ങിങ്ങായുണ്ട്. സർക്കാർ ഉടമയിലുള്ള ഒരു പ്ലൈവുഡ് ഫാക്ടറിയുള്ളത് മൃതപ്രായമായിരിക്കയാണ്. അവിടെയുള്ള ജീവനക്കാർക്ക് ശബളം കൊടുത്തിട്ട് ഒരു വർഷത്തിൽ മേലെ ആയി. മൊസൈക്ക് വർക്ക്, സിമന്റ് ഇഷ്ടിക വ്യവസായം എന്നിവയും ചെറിയ തോതിൽ സ്വകാര്യമേഖലയിലുണ്ട്. സർക്കാരിന്റെ ഒരു തടി ഡിപ്പോയും ഈ പഞ്ചായത്തിലെ കടക്കാമണ്ണിൽ സ്ഥിതിചെയ്യുന്നു.

വിഭവങ്ങളാൽ സമ്പന്നമാണ് ഈ പഞ്ചായത്ത്. ഫലഭൂയിഷ്ഠമായ കൃഷി ഭൂമി കാർഷിക മേഖലക്ക് അനുഗ്രഹമാണ്. എന്നാൽ അശാസ്ത്രീയവും അനിയന്ത്രിതവുമായ രാസവളപ്രയോഗം മണ്ണിന്റെ ജീവൻ കാർന്നു തിന്നുകൊണ്ടിരിക്കുന്നു. കീടനാശിനികളുടെ അമിമായ ഉപയോഗം മൂലം പ്രാകൃതിക സംതുലിതാവസ്ഥക്കു കോട്ടം വരുത്തുന്നു എന്നു മാത്രമല്ല, ഭക്ഷ്യവിളകളിൽ മാരകമായ വിഷം കലരാനും ഇടയാകുന്നു. ഈ കീടനാശിനികളുടെ ഉപയോഗം മൂലം അമ്മമാരുടെ മുലപ്പാലിൽ പോലും രണ്ടുശതമാനം വിഷമുണ്ടെന്നാണ് ഗവേഷകർ അഭിപ്രായപ്പെടുന്നത്. ഇന്നാട്ടിലെ മുഖ്യ നാണ്യവിളയാണ് റബ്ബർ. ഏന്നാൽ റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ ഇവിടെ ഇല്ലെന്നു തന്നെ പറയാം. ഇന്നാട്ടിലെ റബ്ബർപാൽ ഗുജറാത്തിൽകൊണ്ടുപോയി അവിടെ ബലൂണുകൾ, കളിപ്പാട്ടങ്ങൾ എന്നിവ കുടിൽവ്യവസായമായി നടത്തി ഇന്നാട്ടിലെ കമ്പോളങ്ങളിൽ വിറ്റഴിക്കുന്ന ദയനീയ സ്ഥിതിയാണ് ഇന്നുള്ളത്. കുറഞ്ഞ മുതൽമുടക്കോടുകൂടി തുടങ്ങാവുന്ന അനേകം റബ്ബർ അധിഷ്ഠിത വ്യവസായങ്ങളുണ്ട്. ഇതിൽ തല്പരരായ ആളുകളെ കണ്ടെത്തി പ്രോൽസാഹനം നൽകിയാൽ ചെറുകിട വ്യവസായരംഗത്ത് ഒരു മുന്നേറ്റം തന്നെ നടത്താനുള്ള സാദ്ധ്യതയേറെയാണ്. വിദഗ്ദ്ധോപദേശത്തിന് റബ്ബർ ബോർഡിന്റെ സഹായമുണ്ടാവുകയും ചെയ്യും. വ്യവസായ സംരംഭകർക്ക് വിവിധ ഏജൻസികളിൽനിന്ന് വായ്പയും ലഭിക്കും. ഇത്തരം വായ്പാ ഏജൻസികളേയും റബ്ബർ ബോർഡിനേയും ഉൾക്കൊള്ളിച്ച് ഒന്നോ രണ്ടോ സേമിനാറുകൾ നടത്തുന്നത് നന്നായിരിക്കും. പുതിയ സംരംഭകർ മുന്നോട്ടു വരാൻ ഇത് സഹായകമാവും. കുറേപേർക്ക് തൊഴിൽ ലഭിക്കാനും ഇത് വഴിതെളിക്കും.

കശുവണ്ടി, കുരുമുളക്, ഇഞ്ചി എന്നീ നാണ്യവിളകളും ഒരളവുവരെ ഇവിടെ കൃഷിചെയ്യപ്പെടുന്നു. ഇഞ്ചി ചുക്കാക്കി മാറ്റിയും, കുരുമുളക് അരിമുളകാക്കിയും വിപണനം ചെയ്യുന്നതിനുള്ള സാങ്കേതിക വിദ്യ സ്പൈസസ് ബോർഡുമായി ബന്ധപ്പെട്ട് കർഷകരെ ബോധ്യപ്പെടുത്തിയാൽ ഇന്നുള്ളതിന്റെ ഇരട്ടി ആദായം കർഷകനു ലഭിക്കും. റബ്ബറിന്റെ കാര്യത്തിലും ഗ്രേഡ് ഷീറ്റും റബ്ബർ പാലും വിപണന സജ്ജമാക്കാൻ കഴിഞ്ഞാലുള്ള നേട്ടവും ചെറുതല്ല. അതിനുള്ള സാങ്കേതിക ഉപദേശവും കർഷകർക്ക് നൽകേണ്ടതാണ്.

സ്വന്തം ആവശ്യത്തിനെങ്കിലുമുള്ള പച്ചക്കറി (മലക്കറി) ഓരോവീട്ടിലു മുണ്ടാക്കാനുള്ള ഈ സമഗ്ര പദ്ധതിക്ക് രൂപം കൊടുത്ത്, കൃഷിഡിപ്പാർട്ടുമെന്റ് അധികാരികളുടെ സഹായവും സാങ്കേതിക ഉപദേശവും സ്വീകരിച്ച് വേണ്ടത് ചെയ്താൽ ഒരു കാർഷിക വിപ്ലവം തന്നെ ഇവിടെ നടത്താം. ഈ രംഗത്ത് അയൽ സംസ്ഥാനങ്ങളെ അമിതമായി ആശ്രയിക്കുന്ന അവസ്ഥയ്ക്ക് അറുതി വരുത്താനും കഴിയും. മടിശ്ശീല ചോരുന്നത് ഒഴിവാക്കാനും കഴിയും. മണ്ണിന്റെ ഫലഭൂയിഷ്ടി നിലനിർത്താൻ അമിമായ രാസവള പ്രയോഗം ഒഴിവാക്കേണ്ടതുമാണ്.

വികസനത്തിനും വിഭവ സമാഹരണത്തിനും, ഉദ്യോഗസ്ഥൻമാരേയും പഞ്ചായത്തു മെമ്പർമാരേയും പഴിചാരാതെ ജാതിമത കക്ഷിഭേദമന്യേ സന്നദ്ധതയും കാര്യശേഷിയുമുള്ള സാമൂഹ്യ പ്രവർത്തകർ മുന്നോട്ടിറങ്ങേണ്ടകാലം അധിക്രമിച്ചിരിക്കുന്നു. വികസനത്തിൽ ജനകീയ പങ്കാളിത്തം എന്നുള്ളത് ഒരു സംസ്കാരമായി വളരേണ്ടിയിരിക്കുന്നു. ആവശ്യം നമ്മുടേതാണെന്നു നാം ചിന്തിച്ചു തുടങ്ങേണ്ടിയിരിക്കുന്നു.

ലഭ്യമായ വിഭവങ്ങൾ

ഇന്നത്തെ സാഹചര്യത്തിൽ നമുക്കു സമാഹരിക്കാൻ സാദ്ധ്യതയുള്ള വിഭവങ്ങളുടെ മേഖലകളിലേക്ക് നമുക്കൊന്നു നോക്കാം.

<u>സംഭാവനകൾ</u>

നിർമ്മാണ പ്രവർത്തനങ്ങൾക്കുപയോഗിക്കാനായി സൻമനസും സാമ്പത്തികശേഷിയുമുള്ള വ്യക്തികളിൽ നിന്നും ഭൂമി, തടി, പാറ, പണം, എന്നിവ നമുക്ക് പരമാവതി സമാഹരിക്കാൻ യത്നം നടത്തണം. ശരാശരി ഒരു വാർഡിൽനിന്നും ഒരാണ്ടിൽ ഇത്തരത്തിൽ 2500 രൂപ സമാഹരിക്കാൻ കഴിഞ്ഞാൽ (സാദ്ധ്യത ഇതിലും ഏറെയാണ്) പദ്ധതികാലത്ത് ഈവിധത്തിൽ 162500 രൂപ സമാഹരിക്കാം

ശ്രമദാനം

നാട്ടിൽ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ മനുഷ്യാദ്ധ്വാനവും സംഭാവനയായി സ്വീകരിക്കാം. ജോലിക്കാളിനെക്കിട്ടാൻ വൈഷമ്മ്യമുള്ള കാലമാണെങ്കിലും ആണ്ടിൽ 50 പേരുടെ അദ്ധ്വാനം ഒരു വാർഡിൽ ശ്രമദാനമായി ലഭിച്ചാൽ പദ്ധതിക്കാലത്ത് ഈ വഴിക്ക് 325000 രൂപ സമാഹരിക്കാം.

വിദേശജോലിക്കാർ

നമ്മുടെ പഞ്ചായത്തിൽ 600 ൽപരം വിദേശ ജോലിക്കാരുണ്ടെന്നാണ് ഏകദേശ കണക്ക്. പദ്ധതിക്കാലത്ത് ഒരാളിൽനിന്നും 1000 രൂപ സമാഹരിക്കാൻ കഴിഞ്ഞാൽ ഈ ഇനത്തിൽ നമുക്ക് 600000 ലഭിക്കാൻ സാദ്ധ്യതയുണ്ട്.

എക്കൽ വളം

വടക്ക് അച്ചൻകോവിലാറും, തെക്ക് കല്ലടയാറും തെട്ടുരുമിയാണ് നമ്മുടെ പഞ്ചായത്ത് സ്ഥിതിചെയ്യുന്നത്. വെള്ളപൊക്കക്കാലത്ത് നദീയോരത്ത് അടിഞ്ഞുകൂടുന്നത് ടൺ കണക്കന് എക്കൽവളമാണ്. ഇത് പാഴായി പോകുകയാണ്. വളരെ പോഷകസമൃദ്ധമായ ജൈവവളമാണിത്. ഈ എക്കൽ ശേഖരിച്ച് ഉണക്കി അരിച്ച് ജൈവവളമായി വിപണനം ചെയ്യാവുന്നതാണ്. ശേഖരണം, സംസ്കരിക്കൽ, ട്രാൻസ്പോട്ടിങ്ങ്, എന്നിവയ്ക്ക് വരുന്ന ചെലവു കണക്കാക്കി നാമമാത്രമായ ലാഭം എടുത്തുകൊണ്ട് കർഷകർക്കു വിതരണം ചെയ്താൽ, രാസവള പ്രയോഗം കൊണ്ടു മരിച്ചുകൊണ്ടിരിക്കുന്ന മണ്ണിന് പുതു ജീവൻ നൽകാൻ കഴിയും. എക്കലിന്റെ ലഭ്യത, വേണ്ടിവരുന്ന ചെലവ് എന്നിവ ഇപ്പോൾ തിട്ടപ്പെടുത്താൻ കഴിയാത്തതിനാൽ ഈ വഴിക്കു ലഭിക്കാവുന്ന സാമ്പത്തിക ലാഭത്തന്റെ എസ്റ്റിമേറ്റ് എടുക്കാൻ നിർവാഹമില്ല. മണ്ണിന്റെ വീര്യം വർദ്ധിക്കുക വഴിയുണ്ടാകാവുന്ന ഉൽപാദനവർദ്ധനവാണ് ഇതിന്റെ ലാഭം എന്നു കണക്കാക്കാം. രാസവളത്തിനു വേണ്ടിയുള്ള ചെലവു കുറയ്ക്കലും. കർഷകർക്ക് ഈ ഇനത്തിൽ 5 മുതൽ 10% ശതമാനം വരെ ലാഭം പ്രതീക്ഷിക്കാം.

ഫാമിലെ ഗ്രാഫൈറ്റ് നിക്ഷേപം.

വലിയ ഒരു ഗ്രാനൈറ്റ് നിക്ഷേപം കുരിയോട്ടുമല ബഫലോ ബ്രീഡിഗ് ഫാമിലുണ്ട്. ക്രഷർ ഉപയോഗിച്ച് ഈ പാറ മെറ്റൽ ചിപ്സ്, റബിൾ, എന്നിവയാക്കിയാൽ വൻ വിപണന സാദ്ധ്യതയുണ്ട്. ഇതിനു വേണ്ട ഉപകരണങ്ങൾ ക്രഷർ, വാഹനം എന്നിവ വാങ്ങാൻ ചെറുകിട വ്യവസായ വകുപ്പിൽനിന്ന് ലോണുകളും ലഭിക്കും. പാറ റബിൾ രൂപത്തിലും വിപണനം നടത്താം. ഒരു ദിവസം കുറഞ്ഞത് 50 ലോഡ് ഉല്പന്നം വിപണനം ചെയ്യാൻ കഴിയും. ലോഡൊന്നിന് എല്ലാ ചെലവുകളും കഴിഞ്ഞ് 250 രൂപയെങ്കിലും ലാഭം പ്രതീക്ഷിക്കാം. ലോഡൊന്നിന് 100രൂപ ലാഭം കിട്ടിയാൽത്തന്നെ ദിവസവും 50 ലോഡ്വെച്ച് ആണ്ടിൽ 250 ദിവസം പണി നടന്നാൽത്തന്നെ പദ്ധതിക്കാലത്ത് (5 വർഷം കൊണ്ട്) 62,50000 രൂപ അറ്റാദായം ഉണ്ടാക്കാൻ കഴിയും. ഇതോടൊപ്പം കുറേയേറെ പേർക്ക് ജോലി നൽകാനുമാകും. ഈ രംഗത്ത് മുതലാളിമാർ നടത്തുന്ന കൊള്ളലാഭത്തെ ഒരു പരിധി വരെ നിയന്ത്രിക്കാനുമാകും. പഞ്ചായത്തുവക നിർമ്മാണ പ്രവർത്തനത്തിന് നിയന്ത്രിത വിലയ്ക്ക് ഗ്രാനൈറ്റ് ഉൽപ്പന്നങ്ങൾ നൽകാനും കഴിയും. ഇങ്ങനെയായാൽ തൊഴിൽ പ്രശ്നങ്ങളും മറ്റു സങ്കീർണ്ണതകളുംവരും എന്നു ഭയമുണ്ടെങ്കിൽ പാറപൊട്ടിച്ചെടുക്കാനുള്ള അവകാശം ടെൻഡർ ക്ഷണിച്ചു കൊടുക്കാനുമാകും. അങ്ങിനെആയാൽ ടണ്ണിന് റേറ്റു പറഞ്ഞുവേണം കൊടുക്കാൻ. അങ്ങനെയാണെങ്കിൽ പഞ്ചായത്തിന്റെ ചുമതലയിൽ വെയ്ബ്രിഡ്ജ് (Weight bridge) സ്ഥാപിക്കണം. ഒരു ലോഡ് എന്നു പറയുന്നതിന് നിശ്ചിത അളവില്ലാത്തതിനാലാണിത്.

കുറിപ്പ്. ആണ്ടുതോറും ആറ്റിൽനിന്ന് മണൽവാരാനുള്ള അവകാശം പഞ്ചായത്തിൽ നിന്ന് ലേലം ചെയ്തുകൊടുക്കാറുണ്ട്. പഞ്ചായത്തിന്റെ ഒരു വരുമാന മാർഗ്ഗമാണിതെങ്കിലും ആ ഏർപ്പാട് ഏത്രയും വേഗം അവസാനിപ്പിക്കണം. നദിക്കരയിടിയുക, ജലവിതാനം താഴുക, നദിയുടെ സ്വഭാവിക ആഴം വർദ്ധിക്കുക തുടങ്ങിയ പരിസ്ഥിതി പ്രശ്നങ്ങൾ ഇവിടെയുണ്ടാകുന്നു. നദീവിതാനം താഴുന്നതനുസരിച്ച് ഭൂഗർഭജലവിതാനവും താഴുകയും കിണറുകളിലെയും കുളങ്ങളിലെയും വെള്ളം വറ്റുകയും ചെയ്യും. ഈ ദുസ്ഥിതി ഒഴിവാക്കേണ്ടതാണ്. നിർമ്മാണ രംഗത്ത് മണലിനു പകരം ഗ്രാനൈറ്റ് പൗഡർ ഉപയോഗിക്കുന്ന രീതിയുണ്ടാകണം. കൂടുതൽ ബലവും ഇതിനാണ്. അനിയന്ത്രിതമായി മണൽവാരുന്നതുമൂലം പലയിടത്തും പാലങ്ങൾ തകരുകയും, ചിലയിടങ്ങളിൽ ഭീഷണി ഉയർന്നിരിക്കുകയും ചെയ്യുന്ന കാര്യം പ്രത്യേകം ഓർക്കേണ്ടതാണ്.

ബഫലോ ബ്രീഡിഗ് ഫാമിലെ ചാണകവും ഭക്ഷ്യാവശിഷ്ടങ്ങളും ഉപയോഗിച്ച് ഒരു വലിയ ഗോബർഗ്യാസ് പ്ലാന്റ് ഉണ്ടാക്കാവുന്നതാണ്. ഈ ഗ്യാസ് ബാരലിലാക്കി പാചകം ചെയ്യാനോ വാഹനം ഓടിക്കാനോ വിതരണം ചെയ്യാനുമുള്ള സാദ്ധ്യത വിദഗ്ദ്ധരുമായി ആലോചിച്ച് തീരുമാനിക്കേണ്ടതുമാണ്. നാടിന്റെ ഊർജ്ജാവശ്യം ഒരു പരിധിവരെ പരിഹരിക്കാൻ ഇതുമൂലം കഴിയുമെങ്കിൽ ആ വഴിക്ക് ചിന്തിക്കണം. അനല്പമായ ലാഭവും ഇതുമൂലം ഉണ്ടാകും. ഗ്യാസ് ഉല്പാദിപ്പിച്ച ശേഷമുള്ള ചാണക കുഴമ്പ് കൂടുതൽ പാകം വന്ന ജൈവവളമാണെന്നും ഓർക്കുക.

ഒരു ഹെക്ടറിൽ കൂടുതൽ റബ്ബർ കൃഷിയുള്ള വ്യക്തിയിൽ നിന്നും പഞ്ചായത്തിൽ നിന്നും സ്പെഷ്യൽ ടാക്സ് ഈടാക്കാൻ തീരുമാനമെടുക്കണം. ഒരു ഹെക്ടർ മുതൽ രണ്ടു ഹെക്ടർ വരെ റബ്ബർ കൃഷിയുള്ളവരിൽ നിന്ന് (ആദായമെടുക്കുന്ന) ഹെക്ടറിന് 500 രൂപാവച്ചും, രണ്ടുമുതൽ മുന്നു ഹെക്ടർ ഉള്ളവരിൽനിന്ന് ഹെക്ടറിന് 1000 രൂപാവച്ചും അതിനു മുകളിൽ ഉള്ളവരിൽ നിന്ന് ഹെക്ടറിന് 1500 രൂപാവച്ചും സ്പെഷ്യൽ ടാക്സ് ഈടാക്കാവുന്നതാണെന്നാണ് പല ഗ്രാമ സഭകളിൽനിന്നും കിട്ടിയ നിർദ്ദേശം. ഈ വിഷയത്തിൽ പഞ്ചായത്തു കമ്മറ്റി യുക്തമായ തീരുമാനമെടുക്കേണ്ടതാണ്. ഒരു ഹെക്ടറിനു മുകളിലുള്ളവർ ആദ്യത്തെ ഒരു ഹെക്ടറിനും നികുതി കൊടുക്കേണ്ടതാണ്.

മതിപ്പു നിർമ്മാണച്ചെലവു പത്തു ലക്ഷത്തിനു മുകളിൽ വരിന്ന കെട്ടിടം നിർമ്മിക്കുന്നവരിൽനിന്ന് യുക്തമായ സ്പെഷ്യൽ ടാക്സ് ഈടാക്കാൻ പഞ്ചായത്തു സമിതി തീരുമാനമെടുക്കണം.

പഞ്ചായത്ത് അതിർത്തിയിൽ നടക്കുന്ന വസ്തു കൈമാറ്റങ്ങൾക്ക് പ്രമാണവിലയുടെ അടിസ്ഥാനത്തിൽ സർ ചാർജ്ജ് ഈടാക്കാവുന്നതാണെന്ന് ഗ്രാമസഭകളിൽ അഭിപ്രായമുണ്ടായത് സമിതി പരിശോധിക്കണം.

ദാരിദ്ര രേഖയ്ക്കുമുകളിലുള്ള ആളുകളുടെ വിവാഹത്തിന് ഫീസ് ഈടാക്കാവുന്നതാണെന്നും ഗ്രാമസഭകളിൽനിന്നും അഭിപ്രായം വന്നിട്ടുണ്ട്.

പലരും ദേവാലയനേർച്ചയ്ക്കായി സ്വന്തം നിലയിൽ നേർച്ച വഞ്ചി സൂക്ഷിക്കാറുണ്ട്. ഇതുപോലെ ഓരോവഞ്ചിപ്പെട്ടി പഞ്ചായത്തു നിർമ്മിച്ച് വീടുകളിൽ ഏൽപ്പിക്കുക. വികസനനിധി എന്നതിനു പേരുകൊടുക്കാം. വീട്ടുകാർ അവരുടെ ചില്ലറ നിക്ഷേപങ്ങൾ ഈ പെട്ടിയിലിടാൻ പ്രേരിപ്പിക്കുക. ഈ വഞ്ചിപ്പെട്ടിയുടെ താക്കോൽ പഞ്ചാത്തിന്റെ കൈവശം ആയിരിക്കണം. ആറുമാസത്തിലോരിക്കലോ മുന്നുമാസത്തിലോരിക്കലോ പഞ്ചായത്തിൽനിന്ന് ആൾക്കാർവന്ന് (മെമ്പറായാലും കുഴപ്പമില്ല) ഈ പെട്ടി തുറന്ന് വീട്ടുടമയെ തുക ബോധ്യപ്പെടുത്തി രസീതു കൊടുക്കണം. ഒന്നിച്ചുവലിയ ഭാരമനുഭവപ്പെടാതെ ഓരോവ്യക്തിക്കും ഇത്തരത്തിൽ വികസനകർയത്തിൽ പങ്കാളിയാകാൻ കഴിയും. ഇത്തരത്തിൽ സമാഹരിക്കുന്ന ഒരു തുകയുടെ ഒരു നിശ്ചിത ശതമാനം, പഞ്ചായത്തിൽ അടയ്ക്കേണ്ട ടാക്സ് ഇനത്തിൽ വരവുവയ്ക്കാമെന്നും തീരുമാനിക്കാവുന്നതാണ്. വികസനത്തിൽ ഓരോ കുടുംബത്തേയും പങ്കാളിയാക്കാനും, പഞ്ചായത്തിന് ഇത്തരത്തിൽ നല്ലൊരു തുക സമാഹരിക്കാനും കഴിയുമെന്ന് ന്യായമായി പ്രതീക്ഷിക്കാം. ഒരു ഗ്രാമ വികസന സംസ്കാരം ജനങ്ങളിൽ വളർത്താനും ഇതുമൂലം സാധിക്കും.

നമ്മുടെ ഗ്രാമ റോഡുകളിൽ ഓടകളിൽ മഴക്കാലത്ത് ചപ്പുചവറുകൾ അടിഞ്ഞും റോഡുവക്കിലുള്ള വീട്ടുടമകൾ സ്വന്തം വീട്ടിലേക്കുള്ള വഴിയൊരുക്കാനുംവേണ്ടി ഓടകൾ അടയ്ക്കുന്നതു മൂലവും മഴക്കാലത്ത് റോഡുകൾ കുണ്ടും കുഴിയുമായി ഗതാഗതയോഗ്യമല്ലാതായിത്തീരുന്നു. ഇത്തരത്തിൽ ഓടകൾ അടയുന്നതു നിയന്ത്രിക്കാൻ തദ്ദേശവാസികളും പഞ്ചായത്തുമെമ്പറും ചേർന്നു അല്പം ശ്രദ്ധവച്ചാൽ റോഡിന്റെ മെയിന്റനൻസിനുള്ള ചെലവ് ഒരു പരിധിവരെ കുറയ്ക്കാൻ കഴിയും.

സ്ഥിരവരുമാനമുള്ള എല്ലാ ആളുകളിൽ നിന്നും, അവർക്ക് ഭാരമാകാത്തതോതിലുള്ള നികുതി പിരിക്കാനുള്ള സംവിധാനം ഉണ്ടാക്കണം.

കെട്ടിട നികുതി ചുമത്തുന്നത് തറവിസ്തീർണ്ണത്തിന്റെ മാത്രം മാനദണ്ഡത്തിലാകരുത്. കെട്ടിടത്തിന്റെ നിർമ്മാണ വസ്തുക്കളുടേയും, ആഡംബരവസ്തുക്കളുടേയും തോതുവച്ചാകണം. ഓടിട്ട കെടടിടത്തേക്കാൾ വളരെ മോശമായ നിലയിലുള്ള വാർപ്പു കെട്ടിടങ്ങളുണ്ട്. കെട്ടിടത്തിന്റെ മതിപ്പു നിർമ്മാണച്ചെലവാകണം നികുതിയുടെ മാനദണ്ഡം. ഇന്നത്തെ നികുതി അസെസ്മെന്റ് അശാസ്ത്രീയമാണ്.

നികുതി പിരിക്കുന്ന കാര്യത്തിൽ പഞ്ചായത്തു നിയോഗിക്കുന്ന ഉദ്യോഗസ്ഥന്മാരോടൊപ്പം, വാർഡ് മെമ്പറും, ഗ്രാമസഭാപ്രവർത്തകരും കൂടി സഹകരിച്ചാൽ അധികം കുടിശികയില്ലാതെ പിരിച്ചെടുക്കാൻ കഴിയും. ഇത്തരം ഒരു സംവിധാനത്തിന് കളമൊരുക്കണം.

പഞ്ചായത്ത് അതിർത്തിയിലുള്ള ധനകാര്യ സ്ഥാപനങ്ങളും ബാങ്കുകളും പഞ്ചായത്ത് അതിർത്തിയിലുള്ള ആളുകളിൽനിന്നുള്ള നിക്ഷേപത്തിന്റെ 80% ത്തിൽ കുറയാതെയുള്ള തുക പഞ്ചായത്തിനകത്തുതന്നെ വായ്പയായി വിതരണം ചെയ്യാനുള്ള സംവിധാനം ഏർപ്പാടാക്കണം. ഗ്രാമീണ കർഷകർക്ക് അവരുടെ ജീവിതഭാരങ്ങൾ

ലഘൂകരിക്കാൻ ധനകാര്യസ്ഥാപനങ്ങളെ പ്രേരിപ്പിച്ച് യുക്തമായ വായ്പകൾ നൽകാനുള്ള സംവിധാനം നൽകേണ്ടിയിരിക്കുന്നു. ഗവൺമെന്റിൽനിന്നും, റിസർവ്വ് ബാങ്കിൽനിന്നും അതിനുള്ള ഉദരമായ നിർദ്ദേശങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. എടുക്കുന്ന വായ്പകൾ പറഞ്ഞിരിക്കുന്ന കാര്യത്തിനു തന്നെ വിനിയോഗിക്കാൻ വേണ്ടനിയന്ത്രണങ്ങളും അതോടൊപ്പം ഉണ്ടാകണം. എങ്കിലേ കുടിശികവരാതെയുള്ള തിരിച്ചടവ് നടക്കുകയുള്ളു.

പിറവന്തൂർ പഞ്ചായത്ത് 95 96 ലെ വരുമാന സ്റ്റേറ്റുമെന്റ്.

St.No	Item	Demand	Collection
1	കെട്ടിട നികുതി	311492	289883
2	തൊഴിൽക്കരം	247095	141688
3	ലൈസൻസ് ഫീ	11858	11858
4	മാർക്കറ്റ്, സ്റ്റാൾ	50044	50044
5	മാംസവില്പനശാല	43085	35935
6	മണൽലേലം	75800	75800
7	വൃഷലേലം	3306	3306
8	U.R.M. (Grant)		75563
9	M.J " " "		3417
10	U.F " " "		509295
11	S.C.P " " "		580520
12	V.T.C		313090
13	J.R.Y " " "		428569
	ആകെ	**742680**	**2518968**

ടാക്സിസ്റ്റാന്റ്.

അലിമുക്ക് പുന്നല കളത്താരടി ജംഗ്ഷൻ എന്നിവിടങ്ങളിൽ ടാക്സിസ്റ്റാന്റുകൾ നിർമ്മിച്ച് വാഹനങ്ങളിൽ നിന്നും നികുതിപിരിക്കണം എന്നും ഒരു നിർദ്ദേശം ഗ്രാമസഭകളിൽനിന്നും വന്നിട്ടുണ്ട്. അതിനുള്ള സാദ്ധ്യതയും വിജയവും, നികുതി നിരക്കും പഞ്ചായത്തു സമിതിയുടെ പരിഗണനയ്ക്കുവരേണ്ടിയിരിക്കുന്നു. ടാക്സിസ്റ്റാന്റ് ഉപയോഗിക്കാതിരുന്നാലും പഞ്ചായത്ത് അതിർത്തിയിലുള്ള എല്ലാ ടാക്സി വാഹനങ്ങളും ഈ നികുതികൊടുക്കാൻ ബാദ്ധ്യസ്ഥമാകുന്ന നിയമനിർമ്മാണം നടത്തണം. പഞ്ചായത്തതിർത്തിയിലുള്ള വാഹനഉടമകളല്ലെങ്കിലും ടാക്സി സ്റ്റാന്റ് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ നികുതികൊടുക്കാൻ ബാധ്യസ്ഥരായിരിക്കത്തക്ക വിധത്തിലായിരിക്കണം നിയമനിർമ്മാണം.

ഭൂനികുതി.

ഏക്കറിന് 20 രൂപ നിരക്കിൽ സർക്കാരിൽനിന്ന് ഭൂനികുതി പിരിക്കുന്നുണ്ട്. ഇന്നത്തെ നികുതി ഘടന അശാസ്ത്രീയമാണ്. നമ്മുടെ നാട്ടിൽ വരണ്ട മോട്ടക്കുന്നുകളും ഫലഭൂയിഷ്ഠമായ സമതലപ്രദേശങ്ങളും കരനിലങ്ങളും ശുദ്ധനിലങ്ങളും ഉണ്ട്. ഇവയ്ക്കെല്ലാം ഒരേ തോതുവച്ച് നികുതിപിരിക്കുന്നത് അശാസ്ത്രീയമാണ്.

.വസ്തുവിൽനിന്നുള്ള ആദായം അസെസ്സു ചെയ്തുവേണം നികുതി പിരിക്കാൻ. സ്ഥിരമായി തരിശിടുന്ന ഭൂമികൾ പഞ്ചായത്തിന് ഏറ്റെടുക്കുവാൻ നിയമമുണ്ടാകണം. കരയേക്കാൾ താരതമ്യേന കുറഞ്ഞനികുതിയേ നിലങ്ങൾക്ക് ഈടാക്കാവു. നിലം മണ്ണിട്ടുനികത്തി കരയാക്കുന്നത് കർശനമായി നിയന്ത്രിക്കേണ്ടതാണ്. ഒഴിച്ചുകൂടാനാവാത്ത സാഹചര്യത്തിൽ ആരെങ്കിലും അങ്ങനെ ചെയ്യുന്ന പക്ഷം, നിലത്തിനും സമീപസ്ഥകരഭൂമിയുടേയും മാർക്കറ്റ് വിലയിലെ വ്യത്യാസം മണ്ണിട്ടു നികത്താനുള്ള മതിപ്പു ചിലവ് കഴിച്ചുള്ളത് പഞ്ചായത്തിൽ അടച്ച് അനുവാദം വാങ്ങിയതിനു ശേഷം മാത്രമേ നിലം നികത്താവു എന്നു വ്യവസ്ഥ ചെയ്യണം. ഭൂനികുതി പിരിക്കാനുള്ള അവകാശം പഞ്ചായത്തുകൾക്കാകത്തക്ക വിധത്തിൽ ഗവൺമെന്റ് നിയമ 'നിർമ്മാണം നടത്തേണ്ടതാണ്. "അധികാരം ജനങ്ങളിലേക്ക്" എന്ന തത്ത്വം പ്രാവർത്തികമാക്കുന്നതിലെ ഒരു നാഴികക്കല്ലായി ഇതിനെ അധികാരികൾ നോക്കിക്കണേണ്ടതാണ്.

ദേശീയ സംമ്പാദ്യ പദ്ധതി.

മുകളിൽ കൊടുത്തിരിക്കുന്ന പട്ടിക നോക്കിയാൽ, ജനജീവിത നിലവാരം ഉയർത്തുന്നതിനും, ആവശ്യം വേണ്ടവികസനപ്രവർത്തനത്തിനും മതിയായ വരുമാനം ഇന്നത്തെ നിലയിൽ പഞ്ചായത്തിൽ ഇല്ല എന്നു കാണാൻ വിഷമമില്ല. സാമ്പത്തിക വളർച്ചയ്ക്ക് ആവശ്യമായ അധിക വിഭവങ്ങൾ നാം കണ്ടെത്തിയേ മതിയാകു. അഞ്ചരവർഷം കൊണ്ട് ഡിപ്പോസിറ്റു തുക ഇരട്ടിക്കുന്ന ഇന്ദിരാ വികാസ് പത്ര, കിസാൻ വികാസ് പത്ര, എന്നീ ദേശീയ സമ്പാദ്യ പദ്ധതിയിൽ, ഒരു പഞ്ചായത്തതിർത്തിയിൽനിന്നു നിക്ഷേപിക്കപ്പെടുന്ന തുകയുടെ 25% വരെ പഞ്ചായത്തിനു തന്നെ ഗ്രാന്റായികിട്ടാൻ ഇന്നു വ്യവസ്ഥയുണ്ട്. നമ്മുടെ പഞ്ചായത്തിൽ നിന്നും ഈ പദ്ധതിയിൽ മിച്ചസമ്പാദ്യം നിക്ഷേപിക്കാൻ വ്യക്തികളെ കൂടുതലായി പ്രേരിപ്പച്ചു പ്രാവർത്തികമാക്കിയാൽ പഞ്ചായത്തിനു തദനുസസൃതമായ ഗ്രാന്റ് വർദ്ധിപ്പിച്ചുകിട്ടാൻ കഴിയും. ഇതിനുള്ള പ്രേരണ ജനങ്ങളിൽ ചെലുത്തുന്നത് നല്ലതാണ്.

വിഭവ സമാഹരണത്തിന് ആക്കം കൂട്ടാൻ സഹായകമായ ഏതാനും നിർദ്ദേശങ്ങളാണ് മുകളിൽ കൊടുത്തിരിക്കുന്നത്. സൂഷ്മവിശകലനത്തിൽ ഇതിലേറെകാര്യങ്ങളും കണ്ടെത്താൻ കഴിയുമെന്നതിൽ തർക്കമില്ല. ഇവയിൽ ഏതൊക്കെ എങ്ങനൊക്കൊ പ്രാവർത്തികമാക്കാൻ കഴിയുമെന്നത് ഗൗരവപൂർവ്വം ആലോചിച്ച് യുക്തമായവ അടിയന്തിരമായി നടപ്പാക്കണം. ഇത്തരം സംരംഭങ്ങളിൽ സജീവമായ ജനപങ്കാളിത്തം ഉറപ്പുവരുത്തണം. നാടിന്റെ വികസന പ്രവർത്തനങ്ങളിൽ താനും പങ്കാളിയാണെന്ന് ഓരോ പൗരനും ബോധമുദിക്കണം. അതിനാവശ്യമായ ജനപങ്കാളിത്തപരിപാടികൾക്കാക്കംകൂട്ടാൻ പഞ്ചായത്തുസമിതികളും, സ്റ്റാന്റിംഗ്കമ്മറ്റിയഗംഗങ്ങളും, ഉദ്യോഗസ്ഥരും കൂട്ടായി യത്നിക്കേണ്ടിയിരിക്കുന്നു. പുതിയൊരു വികസന സംസ്കാരം തന്നെ ഈ വഴിക്ക് നാട്ടിൽ വളരണം. ആവശ്യങ്ങൾ നമ്മുടേതാണ്. അതിനുള്ള പരിശ്രമവും നമ്മുടേതാകട്ടെ.

സാമാന്യമായി എസ്റ്റിമേറ്റുചെയ്യാൻ കഴിഞ്ഞ അദികവിഭവസമാഹാരത്തിന്റെ ഏകദേശപട്ടിക താഴെകൊടുക്കുന്നു. പദ്ധതിക്കാലമായ അഞ്ചുവർഷത്തേക്കുള്ള പട്ടികയാണിത്. ഇതോടൊപ്പം ഏസ്റ്റിമേറ്റുചെയ്യാൻ കഴിയാത്ത പല വിഭവസമാഹരണ മേഖലയും ഉണ്ടെന്നുള്ളത് മറക്കരുത്. അതും കൂടിയായാൽ തുക ഇതിലൊക്കെ ഏറെയാകും.

പ്രതീക്ഷിക്കുന്ന അധികവിഭവസമാഹരണ രേഖ.

No.	Item	Expected income (5 years)
1	ജനങ്ങളിൽ നിന്നും സംഭാവന (As cash and kind)	162500/-
2	ശ്രമദാനം	325000
3	വിദേശജോലിക്കാരിൽനിന്നും സംഭാവന	600000
4	കുര്യോട്ടുമല ഫാമിൽ സമ്മിശ്രകൃഷി	25000
5	"" "" പച്ചക്കറി, ഔഷധച്ചെടി, ലമൺഗ്രാസ്	50000
6	" " റബിൾ, മെറ്റൽ, ചിപ്സ്, & ഗ്രാനൈറ്റ് പൗഡർ	6550000
7	റബ്ബർതൊട്ടം സർചാർജ്ജ്	300000
8	വസ്തു കൈമാറ്റം അധികനികുതി	200000
9	ടാകസി വാഹനം അധിക നികുതി	273750
10	കെട്ടിട നികുതി (പത്തുലക്ഷത്തിനു മുകളിൽ അധികകരിക്കും)	125000
11	വിവാഹം (Spel. Tax)	125000
12	വികസന നിധി	400000
	ആകെ	**9136250**

വിവരസൂചിക – (ഭൂപടം)


പിറവന്തൂർ പഞ്ചായത്ത്
ടാക്സിസ്റ്റാന്റ്
വൈദ്യുതി
കൃഷ്യുകൃഷി
മൈക്കാ
ഗ്രാഫൈറ്റ്
XXXX ഏക്കൽവളം
ഹാർഡ്ബോഡ്
ക്വാറി (ഗ്രാനൈറ്റ്)
റോഡ്
നദി (തോട്ട്)
വിളക്കുടി
അയൽ കോവിൽക്കുടി
N
S
അച്ചൻ കോവിൽ
ചിത്തനാപുരം പഞ്ചായത്ത്
തെന്മല പഞ്ചായത്ത്
മുക്കടവ്
കല്ലടയാർ
പുനലൂർ മുനിസിപ്പാലിറ്റി
I ചേകം
II പിറവന്തൂർ
III തലവിക്കാട്ടുകര
IV പച്ചിയുണ
V പുനലൂർ
VI കറവൂർ
VII വന്മുകം
VIII കിഴക്കേത്തെരുവ്
IX കുമ്മിക്കുംചേരി
X ചെമ്പനരുവി
XI മുക്കടവ്
XII കടശ്ശേരി
XIII ചെമ്മന്തൂർ

IV-13

ടൂറിസം

പിറവന്തൂർ പഞ്ചായത്തിലിന്ന് ടൂറിസ്റ്റു കേന്ദ്രങ്ങളില്ല. ഏന്നാൽ കേരളത്തിലെ ടൂറിസ്റ്റുഭൂപടത്തിൽ സ്ഥാനം പിടിക്കാൻ പര്യാപ്തമായതും വികസിപ്പിച്ചെടുക്കാവുന്നതുമായ ചിലപ്രദേശങ്ങൾ ഉണ്ടെന്നുള്ളത് വിസ്മരിക്കാനാവില്ല. ടൂറിസം ഇന്നിന്ത്യയിൽ അതിശ്രുതം വികസിച്ചുകൊണ്ടിരിക്കുന്ന ഒരു വ്യവസായമാണ്. അതുകൊണ്ടുതന്നെ ഈ മേഖലയിൽ നാം സജീവമായി ശ്രദ്ധ കേന്ദ്രീകരിക്കേണ്ടിയിരിക്കുന്നു.

സാദ്ധ്യതകൾ.

1 മുക്കടവിൽ പ്ലൈവുഡ് ഫാക്ടറിക്കടുത്ത് പേപ്പർമിൽവക അണക്കെട്ടുള്ളത് രണ്ടടികൂടി ഉയർത്തി (ഇന്നത് നിരുപയോഗമായി കിടക്കുകയാണ്) ഒരു മിനി വൈദ്യുതോല്പാദനത്തിനുള്ള നിർദ്ദേശം നിലവിലുണ്ട്. ആയത് പ്രാവർത്തികമാക്കുന്ന പക്ഷം നല്ലൊരു റിസർവോയർ സ്ഥിരമായി അവിടെയുണ്ടാകും ഈ റിസർവോയറിൽ ഹൗസ്ബോട്ടുകൾ നിർമ്മിച്ചാൽ ടൂറിസ്റ്റുകളെ വൻതോതിൽ ആകർഷിക്കാൻ കഴിയും, വയനാട്ടിലെ പൂക്കോട്ടു തടാകത്തിലെപ്പോലെ സഞ്ചാരികൾക്കുവേണ്ടി പെഡൽബോട്ടുകളും ചെറു മോട്ടോർ ബോട്ടുകളും ഉല്ലാസയാത്രയ്ക്കുവേണ്ടി നിർമ്മിച്ചുകൊടുക്കുന്നത് അഭികാമ്യമായിരിക്കും

2 കുര്യോട്ടുമല ബഫലോബ്രീഡിംങ്ങ് ഫാമിൽ കുന്നിൻ മുകളിൽ വനം പോലെകിടക്കുന്ന ഭാഗത്ത് വൃക്ഷങ്ങൾക്കിടയിൽ ഒരു വനാന്തര ടൂറിസ്റ്റുബംഗ്ലാവ് നിർമ്മിക്കാവുന്നതാണ്. സാദ്ധ്യത (1) ൽ സൂചിപ്പിച്ച ലേക്ക് റിസോർട്ടിന് സമീപമാണിതെന്നതും പ്രത്യേകം പ്രസ്താവ്യമാണ്.

3 ചെമ്പനരുവി വാർഡിൽ ഒന്നുരണ്ടു വെള്ളച്ചാട്ടങ്ങളുള്ളതിൽനിന്ന് ചെറിയതോതിൽ വൈദ്യുതി ഉൽപാദിപ്പിക്കാനുള്ള നിർദ്ദേശവും നിലവിലുണ്ട്. പ്രകൃതിമനോഹരമായ ഈ പ്രദേശത്ത് വനാന്തര ടൂറിസ്റ്റുബംഗ്ലാവും അനുബന്ധകാര്യങ്ങളും പരിഗണനയിൽ എടുക്കാവുന്നതാണ്.

4 പാറക്കട്ടുകളും, കാടരുവികളും നിറഞ്ഞ വനപ്രദേശങ്ങൾ നമ്മുടെ പഞ്ചാത്തിൽ പലയിടങ്ങളിലുമുണ്ട്. അവിടങ്ങളിലേക്ക് വാഹന ഗതാഗതസൗകര്യം ഏർപ്പെടുത്തിയാൽ വളരെയേറെ ടൂറിസ്റ്റുകളെ ആകർഷിക്കുവാൻ കഴിയും. വിശ്വാസവും ഭക്തിയും മൂലമാണ് ശബരിമലയ്ക്ക് ആളുകൾ പോകുന്നതെങ്കിലും അവരിൽ പലർക്കും വനഭംഗി ആസ്വദിക്കുക എന്ന ലക്ഷ്യം കൂടിയുണ്ടെന്ന കാര്യം നാം മറക്കരുത്. പ്രകൃതിഭംഗിയുള്ള നമ്മുടെ വനഭാഗങ്ങളിലേക്കു പോകാൻ-വാഹനം വഴി- കഴിയുമെങ്കിൽ വളരെയേറെ ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിയും. ഇത് സാധിതമായാൽ തദനുസൃതമായ വരുമാനവും നമ്മുടെ പഞ്ചാത്തിലുണ്ടാവും. ഇതേക്കുറിച്ച് വിശദമായ പഠനവും തുടർന്നുള്ള പ്രവർത്തനങ്ങളും അനുപേക്ഷണീയമായിരിക്കുന്നു. വളരയേറെ സാമ്പത്തിക നേട്ടം വരിക്കാവുന്ന ഒരു മേഘലയാണ് ടൂറിസം എന്നബോധത്തോടുകൂടി നാം ധീരമായ ചുവടുവയ്പുകൾ നടത്തേണ്ടിയിരിക്കുന്നു. അത് നമ്മുടെ പഞ്ചാത്തിന്റെ മുഖഛായതന്നെ മാറ്റുമെന്നതിൽ തർക്കമില്ല.

IV – 14

വനം

ഏതുപ്രദേശത്തിന്റേയും കാലാവസ്ഥയും മറ്റു പരിസ്ഥിതി പ്രശ്നങ്ങളും നിയന്ത്രിക്കുന്ന പ്രധാനഘടകമാണല്ലോ വനങ്ങൾ. ഒരു വനപ്രദേശഗ്രാമമായ ഈ പഞ്ചായത്തിന്റെ സ്ഥിതി വ്യത്യസ്തമല്ല. ഈ ഗ്രാമത്തിന്റെ ആകെ വിസ്തീർണ്ണം 129.85 ച: കി.മി. ആണ്. അതിന്റെ 37% ഭാഗവും വനപ്രദേസങ്ങളുമാണ്. ഇത് 48.04 ചതുരശ്രകിലോമീറ്റർവരും. ഏതുരാജ്യത്തിന്റേയും പ്രദേശത്തിന്റേയും മൂന്നിലോന്നുഭാഗവും വനം മേഖലയായിരിക്കണമെന്ന കാഴ്ചപ്പാടുമായി തട്ടിച്ചുനോക്കിയാൽ നമ്മുടെ പഞ്ചായത്തിന്റെ മൂന്നിലോന്നിലധികം ഭാഗം വനപ്രദേശമാണെന്നുകാണാം

ഈ പഞ്ചായത്തിലെ വനപ്രദേശങ്ങളുടെ പട്ടിക താഴെക്കൊടുത്തിരിക്കുന്നു.

ക്രമനമ്പർ	വനപ്രദേശത്തിന്റെ വിവരം	വിസ്തീർണ്ണം
1	കടയ്ക്കാമൺ കോളനി മുതൽ പുന്നല റോഡുവരെയുള്ളത്	91.04 ച:ഹെക്ടർ
2	അലിമുക്ക് പടയണിപ്പാറ റോഡിനു കിഴക്കുവശം ചാലിയക്കര എസ്റ്റേറ്റിനിപ്പുറം വരെ	117.81 ച:ഹെക്ടർ
3	പുന്നലയ്ക്കും കടശ്ശേരിക്കും മദ്ധ്യേ ഉള്ളത്.(പൂങ്കുളഞ്ഞി റോഡിനു കിഴക്കു)	67.73 ച:ഹെക്ടർ
4	കറവൂർ മുതൽ ചെമ്പനരുവി വരെയും കടശ്ശേരിവാർഡിന് വടക്കു കിഴക്കുമായി ക്കിടടക്കുന്നതും ഉൾപ്പെടെ	
	ആകെ	4804.45 ച:ഹെ

കാലാവസ്ഥയുടെ തന്തുലിതാവസ്ഥ നിയന്ത്രിക്കുന്നതിലും മണ്ണിനു ജലാംശവും വളക്കൂറും നൽകുന്നതിലും സർവ്വോപരി അപൂർവ്വ സസ്യസമ്പത്തും മൃഗസമ്പത്തും കാത്തുരക്ഷിക്കുന്നതിലും വനങ്ങളുടെ പങ്ക് നിർണ്ണായകവും നിസ്തുലവുമാണ്. അന്തരീക്ഷവായുവിന്റെ ശുചീകരണത്തിന് ഹരിതവനങ്ങൾ നൽകുന്ന സംഭാവനകൾ വളരെ വലുതാണ്. മണ്ണൊലിപ്പുനിവാരണത്തിനും നിബിടവനങ്ങൾ ആവശ്യമാണ്. വനസമ്പത്തിൽനിന്നും സർക്കാരുകൾക്കുള്ള വരുമാനത്തെക്കുറിച്ച് നമുക്കെല്ലാം ബോധ്യമുള്ളതാണല്ലോ.

പശ്ചിമഘട്ട വനപ്രദേശങ്ങളിൽ പൂർണ്ണമായി ഉൾപ്പെടുത്തുന്നതാണ് നമ്മുപഞ്ചായത്തിലെ വനപ്രദേശങ്ങൾ. എന്നാൽ ഇവയിൽ ജനവാസ മേഖലകളിൽതന്നെ ഇടവനങ്ങളും കാണുന്നുണ്ട്.

നമ്മുടെ പ്രദേശത്തിന്റെ ഭൂപ്രകൃതിയുടേയും കാലാവസ്ഥയുടേയും സമൃദ്ധിയുടേയും നിയാമക ശക്തിയായിരുന്ന ഈ വനങ്ങൾ ഇന്നു മൃതപ്രായമായിക്കൊണ്ടിരിക്കുകയാണ്. ഇവിടെയുണ്ടായിരുന്ന നല്ലൊരുപങ്ക് റബ്ബർതോട്ടങ്ങളും തേക്കുപ്ലാന്റേഷനുകളും, യൂക്കാലിപ്റ്റസ് പ്ലാന്റേഷനുകളുമായി മാറിക്കഴിഞ്ഞു. യാതൊരു വിവേചനവുമില്ലാത്ത മരംവെട്ടലും മറ്റു വനനശീകരണ പ്രവർത്തനങ്ങളും നിർബാധം തുടരുകയാണ്. നമ്മുടെ പ്രദേശത്തിന് ഒട്ടും നിരക്കാത്ത യൂക്കാലിപ്റ്റസും, അക്കേഷ്യയുംപോലെയുള്ള വൃക്ഷങ്ങൾപരിസ്ഥിതി പ്രശ്നങ്ങളും ആരോഗ്യപ്രശ്നങ്ങളും സൃഷ്ടിക്കുന്നു. വനസംരക്ഷണ രംഗത്തു പ്രവത്തിക്കുന്ന ഏജൻസികളായ വനംവകുപ്പ് വനവികസനകോർപ്പറേഷൻ സാമൂഹ്യ വനവൽക്കരണ വകുപ്പ് എന്നിവയുടെ പ്രവർത്തനം തൃപ്തികരമാണെന്ന് പറഞ്ഞുകൂടാ.

എന്നാൽ ഈ പഞ്ചായത്തിലെ പ്രത്യേക സാഹചര്യം പരിഗണിക്കുമ്പോൾ ഈ പ്രദേശത്തിന്റെ വിവിധഭാഗങ്ങളിലായി സ്ഥിതിചെയ്യുന്ന ഇടവനങ്ങളിലുള്ള പന്നിമുതലായ കാട്ടുമൃഗങ്ങളുടെ ശല്യം കാർഷിക മേഖലയെ പ്രതികൂലമായി ബാധിക്കുന്ന ഒരു സ്ഥിതിവിശേഷം നിലനിൽക്കുന്നു എന്നുള്ള യാഥാർത്ഥ്യം ഇവിടെ വിസ്മരിച്ചുകൂടാ.

ഈ പ്രശ്നം പരിഹരിക്കുന്നതിനോടൊപ്പം ഈ പഞ്ചായത്തിലെ മറ്റു വനപ്രദേശങ്ങൾവനം കയ്യേറ്റക്കാരിൽനിന്നും വനനശീകരണപ്രവർത്തനങ്ങളിൽ നിന്നും മോചിപ്പിച്ച് സംരക്ഷിക്കേണ്ടതും വളരെപ്രധാനപ്പെട്ടൊരാവശ്യമാണ്. ഈ ദൃശപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ എത്രമാത്രം വിജയിപ്പിക്കാൻ കഴിയുമെന്നു പരിശോധിക്കേണ്ടതാണ്. വനസംരക്ഷണത്തിനോടൊപ്പം പ്രാധാന്യമർഹിക്കുന്നതാണ് സാമൂഹ്യവനവക്കരണ പരിപാടിയുമായി ബന്ധപ്പെട്ടപ്രവർത്തനങ്ങളും. ഇക്കാര്യവും സ്ഥലങ്ങളുടെ ലഭ്യതയനുസരിച്ച് നടപ്പിലാക്കുന്ന കാര്യവും പരിശോധാവിധേയമാക്കേണ്ടതാണ്.

ചുരുക്കത്തിൽ വനങ്ങൾ ഇന്നുനമ്മുടെ ദേശീയസമ്പത്തായികണക്കാക്കുകയും അവയെ സംരക്ഷിക്കേണ്ടത് ഓരോപൗരന്റേയും കടമയാണെന്നുള്ള ബാധം ഉണ്ടാക്കുകയും ചെയ്യേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമായിത്തീർന്നിരിക്കുന്നു. ഈ ദിശയിലേക്കുള്ള പ്രവർത്തനങ്ങൾക്കായിരിക്കണം ഇനി നമുക്ക് പ്രാധാന്യം കൊടുക്കേണ്ടത്

'മരം ഒരുവരം'

ഉപസംഹാരം

വികസനത്തെ സംബന്ധിച്ചുള്ള വികലമായ സങ്കല്പങ്ങൾ മാറിയേമതിയാകു. റോഡും, പാലവും, കുടിവെള്ളവുമായാൽ വികസനമായി എന്നധാരണയ്ക്കോരുമാറ്റം വരണം. കാർഷിക വ്യാവസായിക മേഖലകളുടെ വികസനത്തിലൂടെ മറ്റു സേവനമേഖലകൾ വികസിക്കുന്ന ഒരു പുതിയ വികസന തന്ത്രമാണ് നമുക്കാവശ്യം.

ഇതിന് ഇന്നുള്ള തടസങ്ങൾ മാറണം. വ്യാപകവും വികസനലക്ഷ്യങ്ങളെ അട്ടിമറിക്കുന്നതുമായ അഴിമതി കാലതാമസം തുടങ്ങിയവയിൽനിന്നും വികസനരംഗം വിമോചിതമാക്കിയേപറ്റു. അതിന് എല്ലാരംഗങ്ങളിലും ജനകീയ ഇടപെടലുകൾ അനിവാര്യമാണ്. ജനങ്ങൾ ജാഗരൂകരായേ മതിയാകു. അങ്ങനെ വികസനരംഗം ഊർജ്ജസ്വലമാക്കിഎടുക്കേണ്ടിയിരിക്കുന്നു.

മറ്റൊരുകാര്യം വികസനത്തിനു വേണ്ടിയുള്ള ഫണ്ടിന്റെ ലഭ്യതയാണ്. അതിന് സർക്കാരുകളേയും അർദ്ധസർക്കാർ സംവിധാനങ്ങളേയും മാത്രം ആശ്രയിക്കുന്ന സ്ഥിതിമാറണം. പുതിയ സാമ്പത്തിക മാർഗ്ഗങ്ങൾ കണ്ടെത്തണം. അതിലൊന്നായി സർക്കാരേതര ഏജൻസികളെ കണക്കാക്കാം. പ്രത്യുല്പാദന രംഗങ്ങളിൽ സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കാൻ കഴിയുന്ന ഏജൻസികൾ പലതുണ്ടല്ലോ. അതുമാത്രമല്ല ജനങ്ങളിൽനിന്നുതന്നെ സാമ്പത്തികമായും അദ്ധ്വാനത്തിലൂടെയുമുള്ള സാമ്പത്തിക സമാഹരണം ഒരളവുവരെയെങ്കിലും സാദ്ധ്യമാകണം. പഞ്ചായത്തിന് ഇതുവരെ കണ്ടെത്താൻ കഴിയാത്ത സാമ്പത്തിക സ്രോതസുകൾകൂടി കണ്ടെത്തി ഉപയോഗപ്പെടുത്തണം. 'എന്റെ കഴിവിന്റെ ഒരുഭാഗം എന്റെ നാടിനുവേണ്ടി' ഏന്ന ഒരു പുതിയ വികസനസംസ്കാരം ജനങ്ങളിൽ വളർത്തിയെടുക്കണം. പണം മാത്രമല്ല ഇവിടെ ഉദ്ദേശിക്കുന്നത്, അദ്ധ്വാനവും ബുദ്ധിശക്തിയും സംഭാവനചെയ്യാൻ നമുക്കു കഴിയും. നമുക്കു വേണ്ടുവോളമുള്ള അദ്ധ്വാനസമ്പത്ത് നാടിന്റെ വികസനത്തിനുവേണ്ടി ഉപയോഗിക്കാൻ കഴിയണം.

ഈ ദിശയിലേക്കുള്ള ഒരു പുതിയ കാൽവയ്പാണ് 'അധികാരം ജനങ്ങളിലേക്ക്'എന്ന മുദ്രവാക്യത്തിൽ തെളിഞ്ഞുകിടക്കുന്നത്. ജനകീയാസൂത്രണ പരിപാടി പദ്ധതിയുണ്ടാക്കൽ മാത്രമല്ല ഒരു പുതിയ സംസ്കാരത്തിന്റെ അടിത്തറപാകൽകൂടിയാണ്. ജനങ്ങൾ ജനങ്ങൾക്കുവേണ്ടി ഒരു പുത്തൻ വികസന പാത തുറക്കുകയാണിവിടെ. അതിനു നാം നമ്മുടെ ഇഛാശക്തികൈവിടാതെ ഉയർത്തിപ്പിടിച്ചുവിടണം.

ജനകീയാവശ്യങ്ങൾ പരാതികൾ, നിർദ്ദേശങ്ങൾ എല്ലാം ഇതാ ഇവിടെ നിരത്തിക്കഴിഞ്ഞു. ഇനി മുൻഗണനാക്രമം നിശ്ചയിച്ചുകൊണ്ട് അവ പദ്ധതികളായി മാറുകയാണു. പദ്ധതികൾ നടപ്പാക്കുബോൾ നാം ശ്രദ്ധിക്കേണ്ടൊരു കാര്യമുണ്ട്. മനോനിഷ്ഠമോ, ആത്മനിഷ്ഠമോ ആയി പ്രശ്നങ്ങളെ കാണാതെ വസ്തുനിഷ്ഠമായൊരു സമീപനമാണുണ്ടാകേണ്ടത്. തെളിവുകളുടേയും സവസ്തുതകളുടേയും പ്രായോഗികതയുടേയും അടിസ്ഥാനത്തിൽ പ്രശനങ്ങളെ സമീപിക്കുമ്പോൾ അവിടെ അഭിപ്രായ ഭിന്നതകൾ ഉണ്ടാകുന്നില്ല. വിഭവഭൂപടം, സർവേറിപ്പോർട്ടുകൾ, മറ്റു ആധികാരിക രേഖകൾ എന്നിവയിലൂന്നിയ വസ്തുനിഷ്ഠമായ ഒരടിത്തറയിലായിരിക്കണം പദ്ധതികൾ രൂപം കൊള്ളേണ്ടത്. ചരിത്ര പശ്ചാത്തലത്തിന്റെ വിശകലനവും ഇവിടെ പ്രസക്തമായ കാര്യമാണ്.

അങ്ങനെ വികസന ഉപാധികളെ പൂർണ്ണമായി ഉപയോഗപ്പെടുത്തിക്കൊണ്ട് വികസന പ്രക്രിയ അർത്ഥവത്താക്കാൻ നമുക്കു ശ്രമിക്കണം. ലഭ്യമായ എല്ലാ പ്രകൃതി വിഭവങ്ങളും ജനവിഭവങ്ങളും പ്രയോജനപ്പെടുത്തി ചരിത്രപരമായ ബന്ധങ്ങൾ കൂടി പരിശോധിച്ച് പ്രായോഗികതയുള്ള പദ്ധതികളായിരിക്കണം മുൻഗണനാക്രമം നിശ്ചയിച്ചു രൂപം കൊടുക്കേണ്ടത്. ആയതിനു വിദഗ്ദ്ധരായ എല്ലാവരുടേയും സഹകരണം ആവശ്യമാണ്. മറ്റു ഏജൻസികളിൽനിന്നുള്ള ഫണ്ട് സ്വരൂപിക്കലും പ്രധാനമാണ്. അതിനുവേണ്ട പ്രൊജക്ടുകൾക്ക് രൂപംകൊടുക്കാനും വിദഗ്ദ്ധരുടെ കർമ്മസമിതി നിരന്തരമായി പ്രവർത്തിക്കേണ്ടതുണ്ട്.

വികസനരംഗത്ത് ഒരു പുതിയ മുന്നേറ്റം നടക്കുവാൻപോകുകയാണെന്നതുതീർച്ച. ഒൻപതാം പദ്ധതിതുകയുടെ 35-40ശതമാനത്തോളം വരുന്ന തുക പഞ്ചായത്തിന് ലഭിക്കുവാൻ പോവുകയാണ്. ആസൂത്രണം താഴെത്തട്ടിൽ നിന്ന് എന്നതിലൂടെ 'അധികാരം ജനങ്ങളിലേക്ക്'എന്ന ജനാധിപത്യബോധം നൽകുന്ന നേട്ടം ഒട്ടും അപ്രധാനമല്ല. അതിനെയാണ് പുതിയ വികസനസംസ്കാരം എന്നതുകൊണ്ടുദ്ദേശിക്കുന്നത്. മറ്റുവാക്കുകളിൽ ജനാധിപത്യധാരണയുടെ രംഗത്ത് നേട്ടം ഉണ്ടാകുന്നതുകൂടാതെ വികസനരംഗത്ത് ഒരു കുതിച്ചുചാട്ടവും ഇതാണ് ജനകീയാസൂത്രണപരിപാടിയുടെ പ്രസക്തമായ നേട്ടങ്ങൾ എന്നുകാണാം. നേട്ടങ്ങൾ ഉണ്ടാക്കേണ്ടതു നമ്മളാണ്, കോട്ടങ്ങൾക്കും ഉത്തരവാദി മറ്റാരുമായിരിക്കില്ല.

അതുകൊണ്ട് നമ്മുടെ പഞ്ചാത്തിന്റെ വികസനരേഖ കൂടുതൽചർച്ചകളിലൂടെ സമ്പുഷ്ടമാക്കാനും അതിന്റെ അടിസ്ഥാനത്തിൽ രൂപം കൊള്ളുന്ന പദ്ധതിപൂർണ്ണമായി നടപ്പിലാക്കാനും പ്രതിജ്ഞാബദ്ധതയോടെ നാം തയ്യാറാകണം.

'ഞാൻ എനിക്കുവേണ്ടി മാത്രമല്ല എന്റെ നാടിനുവേണ്ടികൂടി' എന്ന വിശാലമായ കാഴ്ചപാടിലേക്ക് നമുക്ക് ഉയർന്ന് പ്രകാശഗോപുരംപോലെ ഉയർന്നുപ്രകാശിക്കുന്ന ഭാവിയിലേക്ക് പ്രത്യാശയോടെ മുന്നേറാം. ഇവിടെ യാതൊരുവിധ വിഭാഗീയതകളുടേയും മതിൽക്കട്ടുകൾ തടസമാകാതിരിക്കട്ടെ. ഒന്നിച്ച്, ഒറ്റക്കെട്ടായി, വികസനത്തിലൂടെ പുരോഗതിയിലേക്ക്, മുന്നോട്ട്..... മുന്നോട്ട്.... ചുവടുവയ്ക്കാം.

അതിന് മാർഗ്ഗദർശിയായ ഈ 'സമഗ്രവികസന രേഖ' പിറവന്തൂർപഞ്ചായത്തു വികസന സെമിനാർ മുമ്പാകെ വിശദമായ പഠനത്തിനും ചർച്ചയ്ക്കും നിർദ്ദേശത്തിനും അംഗീകാരത്തിനുമായി സവിനയം സമർപ്പിക്കുന്നു, നന്ദി.

"ഉത്തിഷ്ഠത, ജാഗ്രത"